


# ഓർമ്മപുസ്തകത്തിൽ മനസ്സുകൾ കുറിച്ചത്

കലാലയ പുസ്തകം–2010

മഹാത്മാഗാന്ധി കോളേജ്, ഇരിട്ടി

# CCNS തിരഞ്ഞെടുക്കൂ. 300ലധികം കോർപ്പറേറ്റുകൾ നിങ്ങളെ തിരഞ്ഞെടുക്കും.

**CCNS**
CMS CERTIFIED NETWORK SPECIALIST

**HSC, DIPL... ...TES & ENGINEERS**

...ക്കുള്ള അവസരമാണിത്.

MICROSOFT, REDHAT എന്നിവയുടെ ഔദ്യോഗിക പഠ...


കോഴ്സിന്റെ ഉള്ളടക്കം: Hardware, CCNA, MCSA, ... 2008 Server, RHCE, Security, Remote Infrastructure Management & Storage.

**CMSൽ നിന്ന് നേട്ടം സ്വന്തമാക്കൂ :**

**SPEED**
SKILL PROFICIENCY EXPERTISE ETIQUETTE DEVELOPMENT
നിങ്ങളുടെ സാങ്കേതിക വിജ്ഞാനവും സോഫ്റ്റ് സ്കിൽസും വികസിപ്പിച്ചെടുക്കുവാൻ അതുല്യമായ CMS ബൂട്ട് ക്യാംപ് അനുഭവിച്ചറിയൂ

**OJT**
ON JOB TRAINING
യഥാർത്ഥ ജോലി സ്ഥലത്ത് പാഠ്യ പദ്ധതി അനുസരിച്ചുള്ള പ്രായോഗിക പരിചയത്തിനൊപ്പം വേതനവും നേടൂ

**INDUSTRY INTERNSHIP**
വിദഗ്ദ്ധർക്കൊപ്പം യഥാർത്ഥ ജോലിസ്ഥലത്ത് പ്രവർത്തിച്ച് അറിവുനേടാനും തൊഴിൽ പരിചയസമ്പത്ത് സ്വന്തമാക്കാനും അവസരം.



R K SWAMY BBDO CMS 20684

Conditions apply

**CMS** ®
COMPUTER INSTITUTE
*We build careers*

**sms 'CMS <city>' to 58888** **Toll Free 1800220027** **www.cmsinstitute.co.in**

Centers open on all Sundays. **Kochi:** 4th Floor, Air India Building, Collis Estate, Ravipuram. Tel.: 6503380 / 3012708 **Kozhikode:** 2nd Floor, EPAHS Tower YMCA cross road. Tel.: 6453380 / 3043837 **Kannur:** 3rd Floor, Hadi Arcade, T K Junction, Thana. Tel.: 6450780 / 2709450 **Trivandrum**: 2nd Floor, Lakshmi Building, Vanrose Road. Tel.: 6457380 / 3075057 **FRANCHISEE ENQUIRIES SOLICITED. CALL :9790976064**

# ഓർമപുസ്തകത്തിൽ മനസ്സുകൾ കുറിച്ചത്


| | | |
|---|---|---|
| മാനേജിങ് എഡിറ്റർ | : | ഡോ. എം. ജെ. മാത്യു |
| സ്റ്റാഫ് എഡിറ്റർ | : | ബിജുമോൻ. ആർ |
| ചീഫ് സ്റ്റുഡന്റ് എഡിറ്റർ | : | അക്ഷയ് പ്രേംനാഥ് |
| കവർ പേജ് & ലേ ഔട്ട് | : | സത്യം ഗ്രാഫിക്സ്, ഇരിട്ടി |
| പ്രിന്റിംഗ് | : | പ്രിന്റിംഗ് പാർക്ക്, തലശ്ശേരി - 9388412151 |

**STATEMENT ABOUT OWNERSHIP & OTHER PARTICULARS OF**
**M.G. COLLEGE, IRITTY.**
Form IV (See Rule 8)

| | | |
|---|---|---|
| 1. Place of Publication | : | M.G. College, Iritty |
| 2. Periodicity of Publication | : | Annual |
| 3. Printers Name | : | Dr. M. J. Mathew |
| 4. Publishers Name | : | Dr. M. J. Mathew |
| Nationality | : | INDIAN |
| Address | : | Principal, M.G. College<br>Iritty. |
| 5. Editor's Name | : | Akshai Premnath |
| 6. Name and address of the individuals own the magazine | : | M.G. College, Iritty |

I, Dr. M. J. Mathew declare that the particulars given above are true to the best of knowledge and belief.

Sd/
Dr. M. J. Mathew
Principal,
M. G. College, Iritty



"ദാരിദ്ര്യമില്ലാത്ത, യുദ്ധങ്ങളില്ലാത്ത, വിപ്ലവങ്ങളില്ലാത്ത, രക്തച്ചൊരിച്ചിലില്ലാത്ത, ഒരു ഭാവി ലോകമാണ് ഞാൻ മുന്നിൽ കാണുന്നത്. അന്ന് ഈശ്വരനിലുള്ള വിശ്വാസം കൂടുതൽ ദൃഢവും അഗാധവുമായിരിക്കും. ലോകത്തിന്റെ നിലനിൽപുതന്നെ വിശാലാർത്ഥത്തിൽ മതത്തിലാണ്. അത് പിഴുതെടുക്കാനുള്ള ഏത് സംരംഭവും പരാജയപ്പെടും."




"എന്റെ അവസാനത്തെ തുള്ളി രക്തവും ഈ
രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡ
തയ്ക്കും വേണ്ടി ഉപയുക്തമാവുമെങ്കിൽ
ഞാനതിൽ സംതൃപ്തയാണ്."

*Our Manager*



**K.P. Noorudheen**

*Our Principal*



**Dr. M. J. Mathew**



# സമർപ്പണം

ഓർമ്മകളിൽ
മറഞ്ഞവർക്കും
രാജ്യത്തിന് വേണ്ടി
ജീവൻ ത്യജിച്ചവർക്കും



ഒരു പ്രസ്ഥാനത്തിന്റെ നായകൻ എന്ന നിലയിലല്ല
ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നത്
ഈ ഇന്ത്യയിലെ കോടാനുകോടി
പാവങ്ങൾക്ക് വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച
അച്ഛന്റെ, വഴിയിൽ മകനും നടക്കുമ്പോൾ
ഒരു നേരത്തെ ഭക്ഷണം കഴിക്കാൻ കഴിവില്ലാത്തവന്റെ
വയറ് നിറയെ കഴിക്കാൻ കൊടുക്കുമ്പോൾ,
പാവപ്പെട്ടവന്റെ കുടിലിൽ വിശ്രമിച്ച്
ഇന്ത്യയുടെ വികസനം സ്വപ്നം കാണുമ്പോൾ,
ഒരാൾക്കും ഇല്ലാത്ത കാഴ്ചപ്പാടുമായി -
തന്റെ രാജ്യത്തെ ലോകപ്രശസ്തിയിലേക്ക്
കൈപിടിച്ചുയർത്തുമ്പോൾ,
പ്രസരിപ്പും ചുറുചുറുക്കും കൊണ്ട്
യുവത്വത്തെ മുഴുവൻ
നെഞ്ചോട് ചേർക്കുന്ന
അങ്ങയെകുറിച്ച് ഓർക്കുമ്പോൾ,
എന്തോ, അറിയാതെ...
ഒരുതരം വികാരം ഞരമ്പുകളിൽ പാഞ്ഞുകയറും.
ഊർജ്ജസ്വലതകൊണ്ട് മുഷ്ടിചുരുട്ടിപ്പോകും.
ചിന്തകൾകൊണ്ട് മനസ്സ് സമ്പന്നമാകും.
ഞങ്ങളോരോരുത്തരും സ്നേഹിക്കുകയും
ബഹുമാനിക്കുകയും,
അങ്ങേക്കും ഇന്ത്യക്കും വേണ്ടി
പ്രാർത്ഥിക്കുകയും ചെയ്യും.

തൂലിക കടലാസുമായ്
തൊട്ടുരുമ്മുമ്പോൾ
ഉടലെടുത്ത ഇതിനുള്ളിലെ
മായാകാഴ്ചകൾക്ക്
ഈ കൂട്ടായ്മയുടെ
സുഗന്ധവും പ്രചോദനവുമുണ്ട്.




## ഉള്ളിൽ

ഫ്ളാഷ്
കവിത
ലേഖനം
പ്രണയം
കഥ
അനുഭവക്കുറിപ്പ്
അവലോകനം
വർത്താനം

# എഡിറ്റോറിയൽ

ചിതലു തിന്നു തീർക്കുന്നതും
മഷിപരക്കുന്നതുമായ,
കുറച്ച് കടലാസുകഷണങ്ങളിൽ
പലനിറങ്ങൾകൊണ്ട് അക്ഷരങ്ങൾ
എഴുതിപ്പിടിപ്പിച്ച്
കൂരിരുട്ടിലേക്ക്
അറിവിന്റെ ചൂട്ടുവെളിച്ചവുമായി
ഇറങ്ങിപ്പോയ്ക്കൊള്ളാൻ പറഞ്ഞ
'മനസ്സുകളും'
ചിന്തകൾ പോരാ..
വിചിന്തനങ്ങൾ വേണമെന്നും,
കടന്നുവരുന്ന വഴിയിലെ
എരിയുന്ന കനലുകളുടെ ശമനത്തിന്
നിന്റെ വിയർപ്പുതുള്ളിതന്നെ വേണമെന്നും
പ്രേരിപ്പിച്ച 'തൂലികയും'
ഈ ഓർമ്മ പുസ്തകത്തിൽ
ആത്മാവും ശരീരവുമാണ്.
കൊട്ടും കുരവയും
കലർപ്പുകളുമില്ലാത്ത
താളുകളിലെ
ജീവിതത്തിലേക്ക്
കൂട്ടമായി പോയ്ക്കളയാം
നമുക്ക്.

എന്ന്,
എഡിറ്റർ



Akshai Premnath


# EDITORIAL BOARD

MANAGING EDITOR



DR. M.J. MATHEW

STAFF EDITOR



BIJUMON R.

STUDENT EDITOR



AKSHAI PREMNATH

VERIFICATION



DR. MEERA
HOD HINDI



SREERAMYA
LECTURER IN ENGLISH



SUMESH A.
LECTURER IN MALAYALAM

MEMBERS




SARATH. T. DAS



ROSMI WILSON



NIDHEESH K.V.



ഈ കാണുന്നതൊക്കെയാണ്
എന്റെ ലോകം.
ഇനിയുള്ള താളുകളിൽ
'ഞാനും' 'നിങ്ങളും' കൂടി
'നമ്മളായ്' ചേർന്ന്
കലപിലകൂട്ടിയ കാൽപ്പാടുകൾ.
മറക്കാനാവാത്ത
അനുഭവങ്ങൾ നൽകി
നൊമ്പരപ്പെടുത്തിയ
ഓർമ്മകൾ.
ഈ തോളിലെ സഞ്ചിയും
ചുണ്ടിലെ കവിതകളും
കലാലയത്തിന്റെ
ജീവനാണെന്ന്
വിശ്വസിക്കുന്നവർക്ക്
പകരം തരാൻ
'എന്റെ കലാലയജീവിതം' മാത്രം.



ദോശക്കല്ലിന്റെ ശീൽക്കാരവും
ചട്ടുകത്തിന്റെ കിരികിരിപ്പും
കേൾക്കാത്തതുകൊണ്ട്
അലാറം അടിക്കുന്നതുവരെ
ഉറങ്ങാമ്പറ്റി
ഇതെന്താണാവോ അമ്മ ഉണ്ടാക്കുന്നത്?
പുട്ടോ, ഇഡ്ഡലിയോ...?
ദോശയാണെങ്കി രണ്ടെണ്ണം
കഴിക്കായിരുന്നു.
പുട്ടോ ഇഡ്ഡലിയോ ആണെങ്കി..
ജസ്റ്റ് ഒരു മൂന്നോ നാലോ...
അത്രേവേണ്ടൂ..


എന്താന്നറിയില്ല.
ഉണരുമ്പോഴെക്കും
കോളേജിന്റെ സൗന്ദര്യവും
അവിടുത്തെ നിമിഷങ്ങളും
മനസ്സിൽ പറന്നെത്തും
ചിലപ്പോൾ തോന്നും
കോളേജിൽത്തന്നെയാണോ
കിടന്നുറങ്ങിയെന്ന്...

ഇപ്പവരെ.... ഒരുമിന്റ്





കൂട്ടുകാരെല്ലാം പോയി.
രാവിലെ മുതലേയുള്ള
കളിയും ചിരിയും.
അക്കൗണ്ടൻസിയും ടാക്സും
ഒരുമാതിരി ബോറ തന്നെ.
ആരുടെയൊക്കെയോ
ടിഫിൻപൊതിയിൽ കൈയിട്ട്
ഉച്ചയ്ക്ക് വയറു നിറച്ചു.
അങ്ങു മൂലയിലിരുന്ന കാമുകിയെ
ഒളിക്കണ്ണിട്ടുനോക്കി.
ഇപ്പോ ഇങ്ങനെ ഏകനായി
മലർന്നുകിടക്കുമ്പോഴും
ഒരുതരം നിർജ്ജീവാവസ്ഥ.
ഓർമ്മിക്കുക.
ഈ ക്ലാസ്സ്മുറിയിൽ
പല മുഖങ്ങളും വന്നുപോയ്ക്കൊണ്ടിരിക്കും
എന്നാൽ എല്ലാ മനസ്സുകളിലും
മാഞ്ഞുപോകാത്ത ഓർമ്മയായിരിക്കും
ഈ ക്ലാസ് മുറി.



കറുത്തതും, വെളുത്തതും
സത്യവാക്യങ്ങളും, തോന്ന്യവാസങ്ങളും
മഹാൻമാർപറഞ്ഞത്-
ഗുരുക്കന്മാർ ഇതിലെഴുതി
ഒടുവിൽ,
ഞങ്ങളും എഴുതാൻതുടങ്ങി
ഒന്നാം ക്ലാസ്സിലെ
മുന്നിലെ ബെഞ്ചിലിരുന്ന്
അ ആ ഇ ഈ എന്ന്
എഴുതിപഠിച്ചു ഞാൻ തന്നെ
ഇതിൽ തോന്ന്യവാസങ്ങളും
എഴുതാൻ തുടങ്ങി
എന്റെ ബ്ലാക്ക് ബോർഡേ
നീ എന്തൊക്കെ സഹിക്കണം!!





പ്രിയപ്പെട്ട വിറതാങ്ങീ..
കുട്ടി നേതാക്കൻമാരുടെ
തുപ്പൽതെറിച്ചിട്ടും
സിനിമകളുടെയും
രാഷ്ട്രീയത്തിന്റെയും
സ്റ്റിക്കറുകൾ ഒട്ടിച്ചിട്ടും
അതും ഇതും കൊണ്ടൊക്കെ
കുത്തിക്കുറിച്ചിട്ടും
കുന്നോളമുള്ള പുസ്തകങ്ങളും
അധ്യാപകർ കൊണ്ടുവന്ന്
നിന്റെ മുകളിലിട്ടാലും
നീ തലകുനിക്കാറില്ല.
വിറയ്ക്കുന്നവന്റെ കൈകൾക്ക്
താങ്ങായി.
പലതും മറച്ചുവെക്കുന്ന
വിറതാങ്ങീ..
നീ ഒരു വിറതാങ്ങി തന്നെ!!



ഒഴിഞ്ഞ കസേരകൾ കണ്ട്
അമ്പരക്കരുത്
ഒരുപാട് മഹാൻമാർ പറഞ്ഞ
വാക്കുകളും വാക്യങ്ങളും
ഈ കസേരകളിൽ
പതിഞ്ഞിരിപ്പുണ്ട്
ചിലപ്പോഴൊക്കെ
ഈ സമ്മേളനമുറി
കവിഞ്ഞൊഴുകാറുണ്ട്
നിശബ്ദരായി ഇരിക്കുന്നവരും
ഒന്ന് കേൾക്കണം എന്ന് തോന്നുമ്പോൾ
ഇതിന്റെ ഉള്ളിൽ എന്തെങ്കിലും
സമ്മേളനം നടക്കുമ്പോഴല്ലാതെ
രക്ഷയില്ല...



മസാലദോശ
ചപ്പാത്തി
ബിരിയാണി
നെയ്ച്ചോർ
സപ്പീലൻ
ഇങ്ങനെ പലതും
ഇതൊന്നും കാണാൻ
കിട്ടാറില്ലെങ്കിലും
വിലവിവരപ്പട്ടികയിൽ
ഇതിനൊന്നും ഒരു കുറവുമില്ല.
കിട്ടാത്ത ബിരിയാണിക്ക്
75 രൂപയാണെങ്കിൽ
എന്റെ ദാസപ്പാ_
അഥവാ ബിരിയാണി ഉണ്ടാക്കിയാ_
അതിന്റെ പാത്രം കഴുകേണ്ടിവരുമല്ലോ..!!



ഇതാണ് മക്കളെ
സിഗ്നൽ
എത്ര വട്ടിമാരും തലമാറി
ഒരു വൃത്തം വട്ടിയും
എൻ പി സക്കീറിന്റെ ഓർമ്മക്കായ്.
ഉന്ത് തടങ്ങലാം കളിയാം
തിന്നാൻ പാറമാറും നിറയാനും
എന്തിന് പറയണ്ട,
ഒന്ന് മലപ്പുറമാകാൻ പോലും
ഇവന്റെ പെർമിഷൻ വേണം.
എന്റെ മക്കളേ-
ചെക്കും ആശ്വാസമാം
ചെക്കും ഭക്ഷ്യമാം ആണ് നീ-





നല്ല കുട്ടികളാ...കണ്ടില്ലേ...
അച്ചടക്കത്തോടെ, ഭവ്യതയോടെ,
ക്ഷമയോടെ, ശുഭകാന്തിയോടെ
വിനയത്തോടെ, സ്നേഹത്തോടെ
ആകാംക്ഷയോടെ.
നിക്കണ നിൽപ്.     കണ്ടോ....

ഇങ്ങനൊരു ക്യൂ ഒന്നും
ഇവിടെ ഉണ്ടാവാറില്ല.
പാന്റും മുണ്ടുമൊക്കെയിട്ട് വരും.
തിന്ന് മടിച്ച് നീണ്ടുനിവർന്ന്,
തടിച്ചുരുണ്ട് നടക്കും.

പഹയൻമാർ!!
നാട്ടുകാർക്കുംവീട്ടുകാർക്കും തലവേദന!
ഗുണ്ടയെന്നും മാഫിയെന്നും
ആർട്സെന്നും പറഞ്ഞ്
കാര്യങ്ങളൊക്കെ നടത്താൻ
ഇവർതന്നെ വേണം.
ഇത്രയൊക്കെ തിരക്കിനിടയിൽനിന്നും
ഇവരെ ഇവിടെയല്ലാതെ
വേറെ എവിടെപോയി തിരയാനാ...



പലമതക്കൂട്ടം.
സംസ്കാരം ഉള്ളവരും ഇല്ലാത്തവരും
ഒന്നാണിവിടെ.
ഒരു ദിശ,
ഒരു ലക്ഷ്യം,
ഒരു ഐക്യം
ഹോ! ഇതുപോലൊരു
ഭാരതമായിരുന്നെങ്കിൽ!

ആ...

ഇനിപ്പറയാം.

സൃഷ്ടിവേണോ.. സൃഷ്ടിവേണോ..

ദാ...ധാ...ഇവളെ...ധോ.. എഴുതിത്തരണേ

എന്ന് പറഞ്ഞ് പിന്നാലെ

നടക്കാൻതുടങ്ങിട്ട് കാലം കുറെയായി.

കുറച്ച് കിട്ടി

കിട്ടിയത് വെരിഫിക്കേഷനും വിട്ടു.

'കെണിഞ്ഞു!'

ഫിക്കേഷൻ കഴിഞ്ഞപ്പോൾ

മാഷുപറഞ്ഞു.

"നോ... നോ...

നോന്നനോ..."

പലതും എലിമിനേറ്റായി പോലും.

എന്നാലെന്താ

കുറച്ച് നല്ല കവിതകൾ ഉണ്ട് കേട്ടോ..

ഈ കൗമാര ഹൃദയങ്ങളിലൂടൂർന്നുവരുന്ന

വരികൾക്ക് അതിന്റേതായ

പാകപ്പിഴകൾ ഉണ്ട്.

എങ്കിലും സർഗ്ഗാത്മകതയ്ക്ക്

ഈ ഓർമ്മപ്പുസ്തകത്തിൽ

ജീവൻ നൽകുകയാണ്.

## പേരുകൾ



23 എരിയും മഴ...
24 ഇന്നിലേക്ക്
25 ഷേക്സ്പിയറെ പ്രണയിച്ച മലയാളം ടീച്ചർ
26 കൗമാരം
27 സഖി നീ എന്തിനാണ് ചിരിക്കുന്നത്?
28 മൗനദുഃഖം
29 അമ്മ
30 മോഹവും നന്ദിയും
31 തെളിഞ്ഞിടും ദീപമേ നീ അണഞ്ഞതെന്തേ?
32 നിനക്കായ് മാത്രമെൻ കൂട്ടുകാരി....
33 TENSION
INDECENT LAUGH
34 എന്തിനും ഞാൻ കൊതിക്കുന്നു.
35 ഞാൻ പാവം കറുത്തവൻ
അകലെ അകലെ
36 ഗാന്ധി
ഇരുൾപ്പരപ്പിൽ
37 എലിമിനേഷൻ
സാക്ഷി
38 प्यार की यह लम्हे
39 *Me and My Spects*
മുഹമ്മദ് ഉൽഹഖ്
40 प्यार की भीख
41 നിനക്കറിയില്ല നീ നമുക്കെന്താണെന്ന്!!
42 *നീ അറിയാതെ*
ജീവിതം



ഫർഹ
ഒന്നാം വർഷ കമ്പ്യൂട്ടർ സയൻസ്



# എങ്കിലും മഴേ...

നീ, എനിക്ക് പ്രിയപ്പെട്ടതായിരുന്നു.
ആരെക്കാളും ഒരുപാട് ഇഷ്ടപ്പെട്ടിരുന്നു.
ഇന്നും നീ തകർത്ത് പെയ്യുന്നു.
പെയ്യ്, പെയ്ത് പെയ്ത്
വയലും, കിണറും, പൊതുവഴിയുമൊക്കെ
നിറഞ്ഞൊഴുകട്ടെ.
എല്ലാവരും നിന്നെ പ്രണയിക്കുമ്പം
ഞാനും കൊതിക്കും: പക്ഷേ...
അന്ന്, ഇതുപോലൊരു
കുത്തൊഴുക്കിലാണല്ലോ, നീയെന്റെ
അനിയൻ കുട്ടനെ
കൊണ്ടുപോയതെന്നോർക്കുമ്പോൾ
കണ്ണുനിറയും.

# ഇന്നിലൂടെ



ദീപ്തി ജോസഫ്
ഒന്നാം വർഷ ബികോം.

ജീവിതം...
നഷ്ടപ്പെടലുകളുടെ കുമ്പാരമാണ്.
അല്ലെങ്കിൽ
പ്രത്യാശയ്ക്കായുള്ള കാത്തിരിപ്പാണ്.
ഉടഞ്ഞുപോയ ബന്ധങ്ങൾ
അഴിഞ്ഞുവീണ ഉടയാടകൾ
വേദനതൻ അഗാധ ഗർത്തത്തിൽ
മനുഷ്യൻ കേഴുന്നു
ഒരു തരി സ്നേഹത്തിനായ്...

സ്നേഹം...
ഷെയർമാർക്കറ്റിലെ തിരക്കിനിടയിൽ
അന്വേഷിച്ചു- സ്നേഹമുണ്ടോ?
സ്നേഹത്തിന് മാർക്കറ്റില്ലിപ്പോൾ.
ബിയർ ആണത്രേ!
വേശ്യാത്തെരുവിലേക്ക് ഒളിഞ്ഞുനോക്കി
ഇല്ല സ്നേഹത്തിന്റെ നാമ്പ്
കാമുകൻ കാമുകിയോട് പറഞ്ഞു
'പ്രിയേ ലോകത്തിലേറ്റമിഷ്ടം
നിന്നെയാണ്'
പക്ഷേ...
അതിൽ ആത്മാർത്ഥതയുടെ കലർപ്പില്ല
മർത്യൻ ഒരു ചരക്കാണത്രേ!
മർത്യൻ...
ഒരു നിമിഷം മതി എല്ലാമവസാനിപ്പിക്കാൻ
മുംബൈയിൽ എരിഞ്ഞു തീർന്ന ജീവൻ എത്ര?

അടുത്ത് ഒത്തിരിയടുത്ത്...
വള്ളിത്തോട് നാം കണ്ടതാണ്
തേക്കടിയിലെ തടാകത്തിൽ
കുമിഞ്ഞുപോയ മാനവരും
പെരുമണ്ണിലെ പിഞ്ചു ബാല്യങ്ങളും
ശപിച്ചില്ലേ നമ്മളെ
ഓർക്കുക...
ലോകം മുഴുവൻ വെളിച്ചം നൽകുന്ന
സൂര്യതേജസിനുപോലും
ഒരു പകൽ മാത്രമാണായുസ്സ്
അടുത്തത് നമ്മളാവാം
കാതോർത്തു നോക്കൂ
ഒരു മണിയടി ശബ്ദം കേൾക്കുന്നില്ലേ?
അതെ, മരണത്തിന്റെ മണിയടിയാണത്.

ഇനിയും
പ്രതീക്ഷിക്കാം നല്ല നാളേക്കായ്
മനസ്സിലെ നിലവിളിക്കായ്
നന്മയും സ്നേഹവും തെളിക്കാം
ചുവടുറപ്പിക്കൂ.. കൈകോർത്തുപിടിക്കൂ..
നാളെകൾ നമ്മുടേതാവട്ടെ..
നല്ലതാവട്ടെ..



# ഷേക്സ്പിയറെ പ്രണയിച്ച മലയാളം ടീച്ചർ



അബിൻ ജോസഫ്
രണ്ടാം വർഷ ഫിസിക്സ്

X Bയിലെ
ചെറുപ്പക്കാരിയായ
എന്റെ മലയാളം ടീച്ചർക്ക്
ഏറ്റവുമിഷ്ടം
ഷേക്സ്പിയറിനെയായിരുന്നു.

ഞങ്ങളുടെ
കൗമാരമലർവാടിയിലേക്ക്
ഒരു വസന്തംപോലെ കടന്നുവന്ന
പുതിയ ടീച്ചറുടെ
ഹൃദയം മുഴുവൻ നിറഞ്ഞുനിന്നത്
ഷേക്സ്പിയറായിരുന്നു.
ഹോ..എന്റെ ഷേക്സ്പിയറേ!

ടീച്ചറുടെ
കാല്പനിക ശോഭയാർന്ന
വാക്കുകളിലൂടെ
ഞങ്ങളുടെ മലയാളം പിരീഡിൽ
ഷേക്സ്പിയർ തിളങ്ങിനിന്നു.

റോമിയോയും ജൂലിയറ്റും
അനുരാഗത്തിന്റെ അവസാനത്തെ
പര്യായങ്ങളാവുകയും
ഞങ്ങളുടെ നോട്ടുബുക്കുകളിൽ,
വികാരതീഷ്ണമായ പ്രണയ ലേഖനങ്ങൾ
പിറവിയെടുക്കുകയും ചെയ്തു.

ഡെസ്ഡിമോണയുടെ
വിശുദ്ധ പ്രണയം
ഈയാഗോയുടെ വക്രബുദ്ധിയിൽ
ശ്വാസംമുട്ടി മരിച്ചപ്പോൾ,
ടീച്ചർക്കൊപ്പം ഞങ്ങളുടെയും
കണ്ണു നിറഞ്ഞു.

ഒഥല്ലോയോട്
കാവ്യനീതി കാണിക്കാതിരുന്നതിന്
ഷേക്സ്പിയറിനോട്
ടീച്ചർ പരിഭവിച്ചപ്പോൾ,
കൂട്ടുകാർക്കിടയിൽ നിന്നും
ഇയാഗോമാരെ കണ്ടുപിടിക്കാൻ
ഞങ്ങൾ
തമ്മിൽ തമ്മിൽ
കണ്ണുകൂർപ്പിച്ചു.

ബിർനാം വനത്തിലെ
മരച്ചില്ലകൾ മറയായിപ്പിടിച്ചു-
പാഞ്ഞടുക്കുന്ന ശത്രുസൈന്യത്തെക്കണ്ട്,
വനം കലിപൂണ്ടിളകിവരുന്നതായി,
ഒരു ഞെട്ടിത്തെറിക്കലോടെ
വിശ്വസിക്കുന്നു.
മാക്ബെത്തിന്റെ ഉൾക്കിടിലം
ഞങ്ങളുടെ ഹൃദയങ്ങളിലും മുഴങ്ങിനിൽക്കുന്നു.

ക്ലിയോപാട്രയുടെ
അവസാനിക്കാത്ത സൗന്ദര്യത്തിന്റെ
മായികവലയത്തിലകപ്പെട്ടുപോയ
മാർക്ക് ആന്റണിയിലേക്ക്
ഞങ്ങളിൽപ്പലരും
പരകായ പ്രവേശം നടത്തുകയും
പ്രണയ നൈരാശ്യങ്ങളിൽപ്പെട്ട്,
ആത്മഹത്യയെപ്പറ്റിപ്പോലും
ചിന്തിക്കുകയും ചെയ്തു.

ഒറ്റ സുഹൃത്തുക്കൾപോലും
പിന്നിൽനിന്നും കുത്തി വീഴ്ത്തുമ്പോൾ,
'ബ്രൂട്ടസേ... നീയും..' എന്നു
വികാരസാന്ദ്രമായി വിലപിക്കുവാൻ
ടീച്ചറുടെ ഷേക്സ്പിയർ
ഞങ്ങളെയും പഠിപ്പിച്ചു.

X B യിലെ
മുപ്പത്തൊൻപതു ഹൃദയങ്ങൾ മാത്രമല്ല,
ബ്ലാക്ക് ബോർഡും
ജാലകങ്ങളും ചുവരുകളും
എന്തിന്,
ചുവരിൽത്തൂങ്ങിക്കിടക്കുന്ന
ചിലന്തിക്കുഞ്ഞുങ്ങളും
ഇടയ്ക്കിടെ വന്നുപോയിക്കൊണ്ടിരുന്ന
പാറ്റകളും പ്രാണികളുംവരെ,
ഷേക്സ്പിയർ എന്ന പേരു കേട്ടാൽ
ഏതു തീവ്ര സുഷുപ്തിയിലും
വികാരപാരവശ്യങ്ങളോടെ
രണ്ടു വാക്കുച്ചരിക്കും എന്ന
സാഹചര്യം സൃഷ്ടിച്ചത്
ഞങ്ങളുടെ മലയാളം ടീച്ചറായിരുന്നു.

കലാലയ സ്മരണകളുടെ പുസ്തകത്തിലെ
ഏറ്റവും വർണശബളമായ പേജിൽ
അനുരാഗ വിവശരായ ബെഞ്ചുകളെ സാക്ഷി
യാക്കി
പെൺകുട്ടികളടക്കം
ഞങ്ങളെല്ലാവരും
ടീച്ചറെ പ്രണയിക്കുകയായിരുന്നു.

ഒരുനാൾ,
ജീവിതത്തിന്റെ ഋതുഭേദങ്ങളിലെല്ലാം
ഓർമയുടെ വസന്തം
ഇതൾ വിരിച്ചു നിൽക്കട്ടെ എന്ന്,
ഓട്ടോഗ്രാഫ് ബുക്കിലെഴുതിത്തന്ന്
പ്രിയപ്പെട്ട ടീച്ചർ
സ്കൂളിന്റെ പടിയിറങ്ങിപ്പോയി

ആ മധ്യവേനലവധിക്കാലത്ത്,
കതിർമണ്ഡപത്തിൽ
ടീച്ചറിനെ
കാത്തിരിക്കുന്നുണ്ടായിരുന്നു,
നരവീണുതുടങ്ങിയ താടിയും
കഷണ്ടിത്തലയുമായി
നാൽപത്തൊമ്പതുകാരനായ
ഒരു ഷേക്സ്പിയർ!





## കൗമാരം

ശരണ്യ ദാസ് ടി.
രണ്ടാം വർഷ ബി.കോം.




ഒഴുകുന്നിതെൻ കളിത്തോണി
അങ്കണച്ചാൽ കീറി
മഴയിൽ കുതിർന്നുകൊണ്ടലയുന്ന ലക്ഷ്യമായ്


ആഞ്ഞടിക്കുന്നു കൊടും
കാറ്റിലാ ചില്ലകൾ
ആടിത്തിമിർക്കുന്നു
ചിന്തയ്ക്കതീതമായ്

ഉയരുന്നു രോദനം
നിലവിളിക്കോലങ്ങൾ
വകവയ്ക്കുവാനോ കൂട്ടാക്കാതെ
നീങ്ങുന്നു

ഇതിനുണ്ടൊരന്ത്യം
കുറിക്കയാൽ ചെന്നതാ
കുപ്പയിൽ ചെന്നമ-
ർന്നിടും ക്ഷണം തന്നെ.


# സഖീ നീ എന്തിനാണ് ചിരിക്കുന്നത്?





ജനീഷ് പി.വി.
രണ്ടാം വർഷ ബി.കോം.

സഖീ... നീ എന്തിനാണ് ചിരിക്കുന്നത്
ചിന്തകൾ ചങ്ങലപ്പൂട്ടുകളിൽ കിടന്ന്
പിടയുന്ന ഈ വൈകിയ വേളയിലും
നിന്റെ മനസ്സിന്റെ ചൂട്,
നിന്റെ ഹൃദയത്തിന്റെ വേദനയുടെ ചൂട്
തീ ചൂളയിലെ കനലുകളെക്കാൾ വലുത്
ഇന്ന് നിന്റെ മുഖം മൊണാലിസയ്ക്ക് തുല്യം
വേദനയോ, സന്തോഷമോ തിരിച്ചറിയാൻവയ്യ!
പൊട്ടിയ കണ്ണാടിക്കുള്ളിൽ നിൻ മുഖം
നിന്നെ നോക്കുന്നു
നിന്റെ നീല നേത്രങ്ങളിൽ
അന്ന് പ്രകാശമയമായിരുന്നു
ഇന്ന് അവ നിലക്കയങ്ങളാണ്.
എന്നിട്ടും, സഖീ നീ ചിരിക്കുന്നു.
വേദനയെ കണ്ണുപൊത്തികളിക്കാൻ വിട്ടിട്ട്
നീ വീണ്ടും, വീണ്ടും, ചിരിക്കുന്നു.



അന്നു പ്രണയത്തിന്റെ പൂമൊട്ടുകൾ.
നിനക്ക് സമ്മാനിച്ച അമേച്ചർ സ്വഭാവമുള്ള കാമുകൻ
പിന്നെ എപ്പോഴാണവൻ,
കാമത്തിന്റെ കറുത്തകണ്ണട വച്ചത്?
മഴ തകർത്തുപെയ്യുന്ന സായാഹ്നത്തിൽ
എപ്പോഴാണ് അമേച്ചർ കമുകൻ
പരിശുദ്ധ പ്രേമത്തിൽ കളങ്കം പതിഞ്ഞ
കറുത്ത കൈകൾകൊണ്ട് നിന്നെ പിടിച്ചത്?
പിന്നെ എപ്പോഴാണ് സഖീ നിന്റെ ആ ശരീരം
മാലോകരുടെ കൺമുന്നിൽ എത്തിയത്?
എന്നിട്ടും സഖീ നീ ചിരിക്കുന്നു.
കണ്ണുനീർ വറ്റിയ ചിരി...

# മൗനദുഃഖം



സഫീറ കെ.വി
ഒന്നാംവർഷം കമ്പ്യൂട്ടർ സയൻസ്





അറിയുന്നില്ലേ എൻ സ്നേഹക്കടലിന്നാഴം
പിന്നെന്തിനു മൗനം ഭജിപ്പൂ നീ..
നിൻ സാമീപ്യമതൊന്നു മതി
എൻ ജീവവല്ലരി പൂത്തുലയാൻ
നിന്നോടുമിണ്ടുവാൻ നിൻസ്വരം കേൾക്കുവാൻ
കൊതിയോടെ വന്നിടുമെങ്കിലും ഞാൻ
അറിയാതെയറിയാതെ പിറകോട്ടു നീങ്ങുന്നു
ഏതോരജ്ഞാത കാരണത്താൽ
നിന്നെപ്പിരിയും ദിനങ്ങളോരോന്നിലും
അശ്രുവിൻ പേമാരി പൂക്കുന്നു മിഴികളിൽ
അറിയാതെയെങ്കിലും പ്രതീക്ഷിച്ചു പോയി ഞാൻ
നിന്നെയെൻ മനസ്സിന്റെ ചില്ലുകൂട്ടിൽ
പറയാതെ അറിയാതെ എന്നോ ഒരിക്കൽ നീ
ഒരു സ്വപ്നമായകന്നുപോയി
എങ്കിലും വെറുക്കില്ല ശപിക്കില്ല ഞാൻ
എൻ ജീവന്റെ ജീവനാം നിന്നെ
ഉഴിഞ്ഞുവെക്കാം എൻ ജീവിതം തന്നെ ഞാൻ
എന്നോ വരുമാ മധുര സംഗമത്തിനായ്

പുലർകാല രശ്മികളെനിക്കായ് തിളങ്ങുന്നു
സാഫല്യപൂർത്തിതൻ കാരണമായ്
നിന്റെയാ സ്പർശനം തട്ടിയുണർത്തിയെൻ
മനസിൻ വികാര വിചാരങ്ങളെ
സ്നേഹാതിർവരമ്പുകൾ അറ്റുവീഴുന്നു
നീർക്കുളിർ സ്നേഹസാമീപ്യത്താൽ
വീണ്ടും ജ്വലിക്കാനെരിയുന്ന കനലുപോൽ
ഇന്നെൻ മനം നീറിപ്പുകഞ്ഞിടുന്നു
ആധിയാണെനിക്കിന്ന് നിന്നെയോർത്ത്
ഒരുവേള എന്നിൽ നിന്നകലുമോ നീ

# അമ്മ







സ്നേഹ ഹരിദാസ്
ഒന്നാംവർഷ കമ്പ്യൂട്ടർ സയൻസ്

നിറദീപം തെളിച്ചുതന്നെൻ വഴികളിൽ
എന്നെ വഴിനടത്തിയെന്നമ്മേ
എനിക്കോർമ്മവെച്ച നാൾ മുതൽ
നീയെനിക്കെല്ലാമായിരുന്നു.
അകലെയാകാശത്തെ താരകത്തെ ചൂണ്ടി
നീ അച്ഛനെ കാണിച്ചു തന്നതും
എന്റെ കാൽ വഴുതിയപ്പോൾ
മിഴിനനയാതെന്നെ മാറോടണച്ചതും
പൂക്കാത്ത മാവിൻ കൊമ്പിലിരുന്ന അണ്ണാറക്കണ്ണൻ
മാങ്ങ കൊടുപ്പിച്ചതും, ഞാനെങ്ങനെ മറക്കും
പുൽമേഞ്ഞ വീടിൻ പടിവാതിലിലിരുത്തി
നാമം ജപിച്ചതോർക്കുന്നു ഞാൻ
ഒടുവിലൊരു തുലാമഴയത്ത്
പള്ളിക്കൂടം വിട്ടെത്തിയ ഞാൻ
എൻ വീടിനുമുന്നിലെയാൾക്കൂട്ടത്തിനിടയിലൂടെ
ഉള്ളിലെത്തിയപ്പോൾ
ഞാനുറങ്ങാതൊരിക്കലും ഉറങ്ങാത്ത
എന്നമ്മ ഉറങ്ങിയെന്നറിഞ്ഞു
ഒരിക്കലുമണയാത്ത എൻ ഹൃദയ-
വിളക്കിൻ തിരിയാരോ അണച്ചപോൽ
അമ്മേ വരും ജന്മത്തിലും നിൻ
പൊന്നോമനയായി വാഴുവാനാണെനിക്കാഗ്രഹം



# മോഹവും നന്ദിയും





സുകന്യ മനോഹരൻ
ബി.കോം രണ്ടാംവർഷം.



സുന്ദരമാം നീലിമയാർന്നൊരു വാനിൽ
പാറിപ്പറന്നിടുന്നു ഒരു കൂട്ടം ചെറുപക്ഷികൾ
പച്ചവിരിച്ചൊരാ ഭൂമിതൻ
അവർണ്ണനീയമാം ഭംഗിയെ
ആവോളമാസ്വദിക്കുന്നൊരീ ചെറുപക്ഷികൾ
ആഹ്ലാദത്തോടാടിപ്പാടിടുന്നു വാനിൽ
ആ ചെറുപക്ഷികൾതൻ കൂട്ടത്തെ കാണുമ്പോൾ
ഒരു ചെറുപക്ഷിയായിടാൻ വെമ്പുന്നിന്നെൻ മനസ്സ്
അവയെപ്പോൽ സ്വതന്ത്രമായ് പാറിപ്പറന്നീടാൻ
ഭൂമിതൻ ഭംഗിയെ ആസ്വദിച്ചീടുവാൻ
ആകാശവീഥിയിൽ പാറിപ്പറന്നീടാൻ
അളവറ്റൊരു വെമ്പൽ കൊള്ളുന്നിന്നെൻ മനസ്സ്
വരും ജന്മത്തിലെങ്കിലും ഒരു ചെറുപക്ഷിയായ് ജനിച്ചീടുവാ-
നുള്ളൊരു ഭാഗ്യത്തിനായ് കൊതിക്കുന്നു ഞാനിന്ന്
ഒരു ചെറുപക്ഷിയായ് ജനിച്ചീടുവാനുള്ളൊരാ കൊതിതൻ
മധ്യത്തിലാണിന്നെൻ മനസ്സെങ്കിലും ഞാനിന്നാഹ്ലാദിക്കുന്നു.
പലജന്മങ്ങൾ പുണ്യം ചെയ്തു ജീവിച്ചുമരിച്ചാൽ മാത്രം
ലഭിച്ചിടുന്നൊരാ മനുഷ്യ ജന്മം എനിക്കിന്നു ലഭിച്ചതിൽ
ഈ ജന്മം മനുഷ്യനായ് ജനിപ്പിച്ചതിനായ്
മതാപിതാക്കൾതൻ വാത്സല്യം നൽകിയതിനായ്
സഹോദരങ്ങൾതൻ സ്നേഹം നൽകിയതിനായ്
സുഹൃത്തുക്കൾതൻ സൗഹൃദമേകിയതിനായ്
എനിക്കീ ജന്മമേകിയ മഹാത്മാവിനോടിന്നു
ഞാൻ ചൊല്ലിടുന്നു നന്ദി
ചൊല്ലിയാൽ തീരുകില്ലാ കടപ്പാടെന്നറികിലും ചൊല്ലിടുന്നു ഞാൻ
മഹാത്മാവാം സ്രഷ്ടാവിനൊരായിരം നന്ദി



# തെളിഞ്ഞിടും ദീപമേ നീ അണഞ്ഞതെന്തേ?





സാബിറ ലിഖാർ
രണ്ടാംവർഷ എം.എസ്.സി. മാത്സ്

ഒരുനാൾ ദൈവസുകൃതത്താൽ തീർത്തൊരു
സ്വർഗ്ഗസമാനമാം ഭൂമിയിത്
തരുലതാദികൾ തിങ്ങിനിറഞ്ഞും
ഉറവയുടെ തെളിനീരൊഴുക്കിയും
പച്ചപ്പിൻ ദൃഷ്ടികൾ അതിശയിച്ചും

മുളങ്കീറുകളുടെ സംഗീതവും മനസ്സിനെ
കുളിർപ്പിക്കും ഇളം മഞ്ഞും, മന്ദമാരുതനും
മഴത്തുള്ളികൾ ലാളനത്തിൽ പൂത്തിരികൾ തെളിച്ചും
ഉല്ലാസത്താൽ തിമിർത്താടിയും
കളിക്കൂട്ടുകാരിലും കൂട്ടുകുടുംബത്തിലും ചേർന്നൊരു
സ്നേഹത്തിൻ തണൽ വീടുകളാൽ നിബിഡമാം
പുണ്യമാം ധരിത്രിയെ കാണാത്തതോ?

നാൾക്കുനാൾ ഉയർച്ചയുടെ പടവുകൾ കയറി
സ്നേഹ ബന്ധങ്ങൾ മതിലുകൾ തീർത്ത്
സ്വാർത്ഥതയാം ജീവിതത്തിൽ മൂല്യമേകി
കൊലയാൽ കൊള്ളയാൽ മനം ക്രൂരത തീർത്ത്
യാചകനിൽ അലിവിന്റെ നേത്രങ്ങളുണരാതെ
പണച്ചാക്കിൻ പിറകിൽ ക്രൂരമാം നോട്ടത്തിൽ
അതിമോഹത്തിൻ തേളുകൾ പാവങ്ങളെ ഞെരുക്കുന്നു

അറിവിന്റെ ജാലകങ്ങൾ ഉഷസ്സിനല്ല,
തമസ്സിനായി തുറന്നിട്ട് മാളികകളിൽ
അണുകുടുംബമാം ചെറുവെട്ടം തെളിച്ച്
മറുഭാഷയിൽ ഇറ്റിറ്റ് വീഴും
മാതൃഭാഷയിൽ സ്വപ്നച്ചിറകുകൾ
പറത്തിക്കും മനുജന്മാർ ധരിത്രിയിൽ

കഠിനമാം ചൂടിൽ മഴത്തുള്ളികൾ തലോടിയും
വർഷമാരിയിൽ കരിമേഘങ്ങൾ എത്തിനോക്കിയും
വസന്തത്തിൽ സുഗന്ധമേകും പുഷ്പങ്ങളില്ലാതെയും
കിളിനാദങ്ങളില്ലാ പുലരികളുമായുള്ള ധരിത്രിയും
അസ്വസ്ഥതയുടെ ചുടുകാറ്റുകൾ മാത്രമായ്
എന്തേ നീ മറഞ്ഞു...
വിടരാനിരുന്ന പുഷ്പമേ, നീ നോവുകൾ
തീർത്ത് മറഞ്ഞതെന്തേ?




# നിനക്കായ് മാത്രമെൻ കൂട്ടുകാരി...



സൂര്യ കെ.
ഒന്നാം വർഷ ബി.കോം.

അന്നെന്റെ വാടിയിൽ നാം നട്ട തൈയിൽ
ഇന്നാദ്യമായ് ഒരു പൂ തളിർത്തു നിൽപ്പൂ
ഒരു നൂറു സ്വപ്നത്തിൻ അടയാളമെന്നപോൽ
അവയെന്റെ മുന്നിൽ വിടർന്നു നിൽപ്പൂ
ആ സൗഹൃദ് ബന്ധത്തിൻ ആഴങ്ങളിൽ
അറിയാതെ ഞാനൊന്നലിഞ്ഞു പോയി
നീറുന്നൊരോർമ്മകൾ ബാക്കിയാക്കി
ഇന്നു നീ മാത്രമെങ്ങോ മറഞ്ഞുപോയി
അങ്ങവിടെയോ നിന്നു നീ കാണുന്നുവോ
ഈ നിറയുന്ന മിഴികളെൻ കൂട്ടുകാരീ
അങ്ങകലെ നിന്നും നീ കേൾക്കുന്നുവോ
ഞാൻ മൗനമായ് മൊഴിയുമെൻ നൊമ്പരത്തെ
പുസ്തകത്താളിൽ നാം കാത്തുവെച്ചൊരാ
പൊൻപീലിയിന്നും ഞാൻ ഓർത്തിടുന്നു
അതുപെറ്റു പെരുകുവാൻ താളുകൾക്കിടയിൽ
നാം ഒരുപിടി അരിമണികൾ കരുതിവച്ചു
എങ്ങോ കളഞ്ഞൊരാ ബാല്യവും
പൊൻപീലിയും സ്വപ്നവും പൊലിഞ്ഞുപോയി
എന്നാലുമിന്നും കാത്തിരിപ്പൂ
ഒരു ജന്മം കൂടിയെൻ കൂട്ടുകാരീ...



# TENSION



Jesmina
IInd B.Com.

The moment you are in tension
You will lose your attention
The moment you are in confusion
You will feel irritation
You spoil personal relation
Ultimately you will not get co-operation
You will be in complication
Your BP will rise without caution
And you may have to take meditation
Instead understand the situation
And try to think about the solution
Many problems will be solved by discussion
Which will work out better in your projection
Don't Think its my free suggestion
If you understand my intention
You will never come again to tension

# INDECENT LAUGH



Shahanas P
IInd BSc. C.S.



I know a boy
Has a smiling face,
Looking like a girl
is always laughing

But I don't know
for what he is laughing
The last day, his laughter was
"Indecently" loud in the room
I love him for that,
becouse he is my brother
I wish he'd laugh again
To less my mournful mood
But here all my dreams has lot, my dears
Oh! Sorrowful! What a terrible fate he has!

laughing by laughing
He became a mad boy
Yes, surely, a last-
He'll bacame a mad guy

# എന്നിട്ടും ഞാൻ കൊതിക്കുന്നു.


വിനീഷ്
രണ്ടാംവർഷ ഫിസിക്സ്



കൊതി എന്ന രണ്ടക്ഷരം എഴുതുന്ന നേരത്ത്
കൊതിക്കുന്നുവെൻ പേന പലതും പറഞ്ഞീടാൻ
വാക്കുകൾ ശൂന്യമാണെൻ ചിത്തത്തിലെങ്കിലും
ചലിക്കുന്നുവെൻകൊതി പ്രകാശവേഗത്തിൽ
ഓടുന്ന ലോകത്തിനൊപ്പമെത്താൻ
ഒന്നും കൊതിക്കാത്തവരായ്
ഇന്നീലോകത്താരുണ്ട്?
വിങ്ങിപ്പൊട്ടിക്കൊണ്ടിരിക്കും കൊതിയെ
ചാക്കിലടച്ചുവെയ്ക്കുന്നു ചിലർ
കാണുന്നു ഞാനീ കൊച്ചുമനസ്സിൽ
കൊതികൊണ്ട് കൊതിയുറ്റും വായനക്കാരെ
അന്നുഞാൻ കൊതിച്ചിരുന്നു,
ഒട്ടിയവയറിൻ കഠിനം ശമിപ്പിക്കാൻ
ഇത്തിരി വറ്റും ചമ്മന്തിയും
കൂട്ടിന് മണക്കമുള്ളതും കാന്താരിയും
ഇന്നാ കാലം മാറി, രൂപം മാറി
കൊതിതൻ സ്വഭാവം മാറി
കൊതി വളർന്ന് വളർന്ന്
എവറസ്റ്റോളം പന്തലിച്ചു
എസി കാറും ഇന്റർനെറ്റും
ഇമെയിലും ഇ-കൊമേഴ്സും
എൻ മനസ്സിൽ പ്രതിഷ്ഠ നേടി
ജീവിതമാം തിരശ്ശീലയിൽ
c ഒരു BigBang ആയി മാറി
കണ്ടു ഞാനെൻ പവിത്ര നേത്രത്താൽ
ഊഴിതൻ മായാവിലകൾ
അർക്കകിരണങ്ങളാൽ ഒരുവശം ശോഭിക്കവേ
മറുവശം തമസ്സിൽ വെന്തെരിയുന്നു
സമ്പന്നർ വാഴുന്ന പല നഗരങ്ങളിലും
ദരിദ്രർ ചിരിക്കുന്നു വിഭ്രാന്തി കൊണ്ട്
നാണയത്തുട്ടിൻ ഒരു വശം
സന്തോഷാശ്രു പൊഴിക്കവേ,
മറുവശം പീഡനം കൊണ്ട്
അലയടിക്കുന്ന ദാരുണ കാഴ്ച!
എന്നാൽ ഞാനോ?
കൊതിയുടെ സാക്ഷാത്കാരത്തിനായി
മിഴിയടക്കുന്നു നിരക്കുമേൽ
സുഖലോലുപതയുടെ കനകമെത്തയിൽ
കൂർക്കംവലിച്ചുറങ്ങവേ, ഞാൻ
അറിയുന്നില്ല എൻ സഹോദരങ്ങളെ,
അവരുടെ ദീനയാതനകളെ
പതിതൻ വേർപാടിൽ വാവിട്ടുകരയുന്ന
പത്നിമാരെ, മഹിളാമണികളെ,
മരണമാം നിദ്രയിൽ നിന്ന് അച്ഛനെ
വിളിച്ചുണർത്താൻ ശ്രമിക്കുന്ന കുഞ്ഞുങ്ങളെ,
ഈ രോദനം കണ്ടില്ലെന്നുനടിക്കുവാൻ
ഞാനെന്താ മനുഷ്യനല്ലേ? പറയൂ..
ഞാനെന്താ മനുഷ്യനല്ലേ!
അന്യന്റെ വളപ്പിലെ 'മുരുക്കിൻ മൊട്ട്'
നാളെ എന്നിലും വിരിയില്ലെന്നാരുകണ്ടു!

തീക്ഷ്ണമാം എൻ അന്തരംഗത്തിലിപ്പോൾ
വാക്കുകളുടെ ചിന്തകളുടെ പ്രവാഹം
മനസ്സിലാക്കുന്നു ഞാനീ മാതൃഭൂമിയെ
അജ്ഞതൻ വികാരങ്ങളെ
എങ്കിലും
എൻകൊതി നശിക്കുന്നില്ല!
അവ വളരുന്നു, വളരുന്നു,
വളർന്നുകൊണ്ടേയിരിക്കുന്നു;
ദരിദ്രജനതയുടെ ക്ഷേമത്തിനായി
ഐശ്വര്യത്തിനായി അവ ചിന്തിക്കുന്നു,
മനസ്സാം സിംപിൾ പെൻഡുലം
ഇന്ന് ഇലാസ്റ്റിക് മൂഡിൽ വന്നിരിക്കുന്നു
എന്നിട്ടും..
ഞാൻ കൊതിക്കുന്നു.

# ഞാൻ പാവം കറുത്തവൻ



സിബി ജോർജ്ജ് പി.
രണ്ടാംവർഷ ബി.കോം

ഇന്നാണ് ഞാൻ വീണ്ടും മഴയത്തിറങ്ങിയത്
ഒരുതരം കുളിരാണ്
ഒരുപാട് നാളായി ഞാനും മഴയുമൊന്ന്
കിന്നരിച്ചിട്ട്
പ്രണയിച്ചിട്ട്, വാരിപ്പുണർന്നിട്ട്.
ഒരുപാട് നേരം മഴകൊണ്ടുനിന്നു
ഒടുവിൽ അമ്മയുടെ വഴക്ക്.
ഓലമേഞ്ഞ ഇറയത്തിലേക്ക് കയറിനിന്നു
മേലൊട്ടിയിരുന്ന മഴത്തുള്ളികൾ,
എന്നോട് അലിഞ്ഞുചേർന്നു, വിട്ടുപോയി-
എന്തോ... വല്ലാത്തൊരു ചൂടാണിപ്പം
മഴകൊള്ളുമ്പോഴും, കൊണ്ടുകഴിയുമ്പോഴും
കാരണം
അന്ന് ഇതുപോലൊരു മഴ നനയുമ്പോഴാണ്
അവളോട് ഞാൻ
ഇഷ്ടമാണെന്ന് പറഞ്ഞതും
അവൾ എന്നോട് ഇഷ്ടമല്ലെന്നുപറഞ്ഞതും.





സന്ദീപ് നാരായണൻ
മൂന്നാം വർഷ ബി.കോം.

# അകലെ അകലെ

ചുറ്റിപ്പിണഞ്ഞുകിടക്കും ഈ
കലാലയത്തിൻ വീഥിയിൽ
ഏകനായ് അലയുന്നു ഞാൻ
കാലം എന്നെ വരിഞ്ഞുമുറുക്കി
ഇടുങ്ങിയ ജീവിതപാതയിലൂടെ
വലിച്ചിഴക്കുന്നു...
നോവുന്ന ഹൃദയത്തിൻ
ജാലകം തുറന്നുഞാൻ
വെറുതേ കാത്തിരിപ്പൂ നിനക്കുവേണ്ടി.
അരികിൽ വരില്ലെന്നറിഞ്ഞിട്ടും
കാത്തിരിപ്പൂ ഞാൻ
വേനലും മഴയും തളിർകാറ്റും
തലോടിയൊളിച്ചതറിയാതെ..
പൊട്ടിച്ചിതറിയ ജനൽച്ചില്ലുകൾ
പെറുക്കിമാറ്റാതെ
രക്തമൊലിക്കും കാഴ്ചയും കണ്ട്
നീ വരുന്നതും നോക്കി
പടിക്കൽ കാത്തിരുന്ന്
ജീവിതം ബലികഴിച്ചു ഞാൻ.







നീനു പി. സണ്ണി
രണ്ടാംവർഷ മാത്സ്

# ഇരുൾപ്പരപ്പിൽ

പവിത്രതയും നന്മകളായിരുന്നു
തിന്മകൾക്കു വളക്കൂറുള്ള മണ്ണിൽ
നട്ടുനനച്ച നന്മകൾക്ക് മുളപൊട്ടിയില്ല
ജാതിഭേദവും മതദ്വേഷവും
ഉറഞ്ഞുതുള്ളുന്നു
സദാചാരവും, സ്നേഹവും
വ്യഭിചരിക്കപ്പെടുന്നു

വേദനകൊണ്ട് പുളയുമ്പോൾ
വിലാപകാവ്യങ്ങളെഴുതിയ,
അക്ഷരങ്ങളെ ചാട്ടവാറാക്കിയ,
വാക്കുകളെ വഴിവിളക്കുകളാക്കിയ
നേർവഴി തെളിച്ച തൂലികയും നിലച്ചു.
ഇനി!

ഈ കലിപൂണ്ട ഭൂമിയിൽ
പേടിച്ചുവിറച്ച്
മനോരോഗികളായ്
ഹൃദ്രോഗികളായി
ഇങ്ങനെ കഴിയാം.



ഫാസിൽ കെ.പി
രണ്ടാംവർഷ ബി.കോം

# ഗാന്ധി

ഗാന്ധി
നന്മയുടെ,
വിശുദ്ധിയുടെ,
പര്യായം.

സത്യത്തിൽ പാകപ്പെടുത്തിയ
മൂർച്ചയുള്ള വാക്കുകൾ!
നന്മയിൽ ചാലിച്ച
സ്നേഹവചസ്സുകൾ!

അക്ഷരങ്ങളെ പൂജിച്ച മഹാൻ
കഴിവുള്ളാത്ത കർമ്മങ്ങൾക്കും,
തുപ്പുകൊണ്ടുപോലും
അസാധ്യമാകാത്ത വാക്കുകൾക്കും
ഏക അവകാശി



# എലിമിനേഷൻ




പാഠം പഠിക്കാത്തതിന്
ക്ലാസ്സിൽ നിന്ന്

ചുഴിഞ്ഞുനോക്കുന്ന
ചോദ്യങ്ങൾക്ക്
ഉത്തരം മുട്ടിയപ്പോൾ
ബിരുദത്തിൽ നിന്ന്

നിവർത്തികേടുകൊണ്ട്
ചിരിക്കാൻ മറന്നപ്പോൾ
സൗഹൃദത്തിൽ നിന്ന്.

ഭാര്യയുടെ സ്വാതന്ത്ര്യത്തിന്
കൂച്ചുവിലങ്ങിട്ടപ്പോൾ
കുടുംബത്തിൽനിന്ന്.

വീടും പുരയിടവും
ഭാഗംവെച്ചപ്പോൾ
രേഖയിൽനിന്നും.



ജോയ്സി ബോബൻ
രണ്ടാംവർഷ ബി.കോം.





ശ്രീകല
രണ്ടാംവർഷ മാത്സ്

# സാക്ഷി

പൂപ്പലുകെട്ടിയ മുഷിഞ്ഞ
ചാരുകസേരയിൽ
തിളങ്ങുന്ന കണ്ണുകളുള്ള
മനുഷ്യന്റെ മുറുക്കാൻ ഗന്ധമുള്ള
ഉപദേശങ്ങൾ നിലച്ചു.

അകത്തെ മുറുമുറുപ്പുകളും
പക്ഷപാതങ്ങളും
ചെവിയിലേക്ക്
ഇരച്ചുകയറുമ്പോൾ
പൊട്ടാതെ സൂക്ഷിച്ച
ഹൃദയത്തിൽ കൈചേർത്ത്
വിദൂരതയിലേക്ക് നോക്കുന്ന
ശൂന്യമായ നേത്രങ്ങളുമായ്
അയാൾ ഇരുന്നു.
മക്കൾ നൽകിയ
മൗനവ്രതവുമായ്.



# प्यार की यह लम्हें

कभी कभी इन यादों में
नज़रें चुपके चलता हूँ।
यह मेरी नज़रें मुस्कुराके चली कहीं से कहीं।।
जरा भी मुझके उसकी ख्यालआता भी नही था।
पर अब सताती हो पल-पल में।
कहीं उन पलें को इकट्ठा करके आवे तो
तभी मैं उसकी नज़रों में खो जाऊंगी ।।
मेरी ख्यालों के आँगन में,
कोई सपनें के डीप जलाएं
तो ही मैं उसे पाऊंगी जत खोजाऊँगी।
वह जाती है पर नजर न आते,
वह हस्ती है पर आवास न आते।
टूट न जाएं उन सारी सपनें
साँसों बिठाकर खो भी जाऊं
उन नजरों को तो देखा तक नही
पर यह कैसा प्यार है कहो ना..?
कल रहे न रहे मौसम यह प्यार का
कल रुके ना रुके प्यार बहार का
फूलों के सीने में ठंडी आग है
चंद की रोशनी में उसकी मुस्कुराहट है।

नव्य कृष्णन
द्वितीय वर्ष सी.ऐस





# ലൈഫ് ഈസ് ബ്യൂട്ടിഫുൾ

ജീവിതം
ഒന്നുകൊണ്ടും ഉപമിക്കാനാ
ആരാലും നിർവ്വചിക്കാനാ
ബീജസംഗമത്തിലൂടെലെടു
ഈ ജീവിതം മണ്ണലിയുമെന്ന
യാഥാർത്ഥ്യം
ഇതിനിടിലാണ്
സ്വപ്നം കാണലും
പട്ടിണികിടക്കലും
വിയർപ്പൊഴുക്കലും
ആസ്വദിക്കലും
എല്ലാംകഴിഞ്ഞൊടുവിൽ
നിഴലുപോലുമില്ലാത്ത
ഒരു ലോകത്തിൽ
നാം കണ്ടുമുട്ടുമോ?



ഫെർഡിനാന്റ് ജോസഫ്
രണ്ടാം വർഷ ബി.കോം.



# Me and My Spects

*MG College*
*48 Steps*
*Near Auditorium*
*I am busy with my girl friend*
*Suddenly*
*I heard a sound*
*Oh my god.. that is bell*
*Class started*
*I leave her there, because*
*Class is important, more than her*
*Again, because*
*I want to study well, then only*
*I will get a job,*
*Again then only*
*I will get her married*
*So dear friends,*
*Study well, Love well.*



Sanjay Krishnan
Ist C.S.

# മുഹമ്മദ് ഉൽഹഖ്

ഗുജറാത്ത്,
ഉൽഹഖും, ഭാര്യയും രണ്ട് മക്കളും
ഇരുമ്പുരുക്ക് ഫാക്ടറിയിലെ
ഫിനിഷിങ് സെക്ഷനിലാണ് ഉൽഹഖ്
ഇടവേളയിലെപ്പോഴോ
റേഡിയോ വാർത്തകേട്ട് ഞെട്ടി.
ആരോടും ഒന്നും പറയാതെ,
ഇറങ്ങിയോടി.
ദുരന്തസ്ഥലത്തെത്തി.
ഒരു ഭ്രാന്തനെപ്പോലെ മുറവിളിയിട്ട്
ഉൽഹഖ് തിരഞ്ഞുകൊണ്ടിരിക്കുന്നു....
ഒടുവിൽ,
താൻ രാവിലെ മുത്തംകൊടുത്ത ഭാര്യയെയും
തനിക്ക് മുത്തം തന്ന മക്കളെയും
ആ കലാപകാരികൾ
കൊന്നൊടുക്കി എന്ന യാഥാർത്ഥ്യം
ഉൽഹഖ് മനസ്സിലാക്കുമ്പോഴേക്കും
അയാളും മരണത്തോടടുത്തിരുന്നു.
വിധി !
ഇന്നും ഉൾഹഖ് കാത്തിരിക്കുന്നു.
ആ കലാപകാരികളെ
തൂക്കിലേറ്റുന്ന വാർത്തകേൾക്കാൻ



നീതു
രണ്ടാംവർഷ മാത്സ്



# प्यार की भीख



नमीर पी. सी.
द्वितीय वर्ष बी.कॉ.

दिन की उजालों से सजाय है मैंने।
रात की नहाई में सवारा है मैंने।
चान्दनी सी ताज़गी से जताया है मैंने।
उस हूर की हर एक आदा को।

पल भर की पहेली थी वो।
यादें की  शहज़ादी थी वो।
मधुवन की मसीहा थी वो।
मेरे बिन आधूरी थी वो।

बिच रास्ते का वो छाँव थी।
कोई नया एक अंदाज थी।
किसी का भेजा वरदान थी।
वो नशा तो कुछ और थी।

नाट्य का वो श्रृंगार थी।
किसी सितार का ताल थी।
अपने दिल का वो हार थी।
कभि मिली एक अरमान थी।

अंजारी वो नादान थी।
लाड़लों का मासूम थी।
किसी परी की रूप थी।
अपने दिल का वो नाम थी।

सात आजुबों सा सान था।
धने धटा का नाज़ था।
मिल गगन का प्यार था।
मीन दिल का वो चाह था।
प्यार ही प्यार का हर बात था।

ज़िन्दकी के कशिश का ललकार था।
अहंकार और धिक्कार था।
पर प्यार का वो इन्तज़ार था।
इन्कार में भी इजहार का एहसास था।
जी जिगर का वो मेल था।
अपने आप का पेहचना था।
आर्जू माँगा है रब से।
इम्तहान भी लिया है पल ने।
हर दुहाई चाहा है दिल ने।
**प्यार की इस भीख में।**



വൈശാഖ് കെ.പി.
രണ്ടാംവർഷ ബി.കോം.

# നിനക്കറിയില്ല നീ നമുക്കെന്താണെന്ന്!!



ഞാനും, എന്റെ മറ്റു കൂട്ടുകാരും
ഒരുവാക്ക് കൊണ്ടുപോലും വേദനിപ്പിക്കാത്ത
ഒരു കൂട്ടുകാരനുണ്ടെനിക്ക്.
നമുക്കിടയിൽ തമാശയിൽ പോലും വേദനിപ്പിക്കാത്ത
അവനെ,
നമ്മളറിയാതെ വേദനിപ്പിച്ചതെന്തെന്നറിയില്ല.
ലോലമാം മനസ്സിന് സഹിക്കവയ്യാതെ
നാട്ടുകാരും വീട്ടുകാരും കൂട്ടുകാരുമറിയാതെ
അവനെങ്ങെന്നറിയാതെ ഇറങ്ങി നടന്നു...
വഴിയോരങ്ങളിലെ മരങ്ങളേയും
ചീറിപ്പായുന്ന വാഹനങ്ങളേയും
അലഞ്ഞ് നടക്കുന്ന നാൽക്കാലികളെയും
മദ്യത്തിന്റെ ലഹരിയിൽ മൃഗങ്ങളായ
മനുഷ്യർക്കിടയിലൂടെയും
യാത്രക്കിടയിൽ അവന്റെ കണ്ണുകൾ അലഞ്ഞു.
നാട്ടുകാർക്കിടയിലും വീട്ടുകാർക്കിടയിലും,
കൂട്ടുകാർക്കിടയിലും കൂടുന്ന ഫോൺ ബില്ലുകൾ.
അവന്റെ അമ്മയുടെ ഫോൺ കോൾ
നൊമ്പരങ്ങളും പരിഭവങ്ങളും നിറഞ്ഞ വാക്കുകൾ
അമ്മയുടെ കണ്ണു നിറയുന്നത് ഞാനനുഭവിച്ചറിഞ്ഞു.
അവനെങ്ങോട്ട് പോയി? അവനെന്തിന് പോയി?
ആരോരുമറിയില്ല.
ഒരു നിമിഷം
ലക്ഷ്യസ്ഥാനത്തെത്താൻ ചീറിപ്പായുന്ന വാഹനമാണോ?
അലക്ഷ്യമായ് നടക്കുന്ന മൃഗങ്ങളാണോ?
എല്ലാം മറന്ന് മദ്യത്തിന്റെ അടിമയായ മനുഷ്യനാണോ
തന്റെ ജീവിതം?
ദിവസങ്ങൾക്കകം, പരാജയപ്പെട്ടിടത്തുനിന്നും
വിജയതീക്ഷ്ണമായ് വീണ്ടും പോരാടാനിറങ്ങി
അലക്സാണ്ടർ ചക്രവർത്തിയെ പോലെ അവൻ തിരിച്ചെത്തി.
എന്നാലും എന്റെ കൂട്ടുകാരാ...
ഞാൻ ഇന്നും തിരയുന്നു..
ആ വേദനയ്ക്കുണ്ടായ കാര്യം!



[illegible]



## [illegible]

[illegible]

[illegible]

## ജീവിതം



[illegible]



[illegible]



# SREE SAI
## TRAVELS & SERVICES

#D27-28, 2nd Floor, Thavakkal Complex, Iritty, Kannur Dist. Kerala-670 703
E-mail: sreesaitravelservices@gmail.com
jrcmurthy2001@gmail.com










- Domestic & Internatinoal Air Ticketing
- Visa, Passport, Emigration
- All India India / Bus ticket Booking
- Holiday Packages & Tours
- DTP/Job Works
- Photocopy
- Lamination
- Spiral Binding

ശ്രീസായി ടൂർസ് & ട്രാവൽസ്
തവക്കൽ കോംപ്ലക്സ്- ഇരിട്ടി

ആശംസകളോടെ....

സ്കൂൾ, കോളേജ്
വിദ്യാർത്ഥികൾക്കാവശ്യമായ
എല്ലാവിധ സാധനങ്ങളും
ഓഫീസ് സ്റ്റേഷനറി സാധനങ്ങളും
അപേക്ഷാ ഫോറങ്ങളും
മിതമായ നിരക്കിൽ

Ph: 0490-2491671, 2492020
Mob: 9496112244
9747184777

# ശ്രീ ഏജൻസീസ്

മെയിൻ റോഡ്-ഇരിട്ടി



ഇന്ത്യൻ റെയിൽവേ അംഗീകൃത ടിക്കറ്റ് റിസർവേഷൻ

ഫോൺ : 0490-2492020

വിമാന ടിക്കറ്റ് റിസർവ്വ് ചെയ്യാൻ സൗകര്യം

യുനീനോർ ഫ്രാഞ്ചൈസി

ലേബർഇന്ത്യ അംഗീകൃത വിതരണക്കാർ

എം.ടി.എസ്. അംഗീകൃത വിതരണക്കാർ

ഞങ്ങളുടെ സഹോദര സ്ഥാപനം:

## നിർമ്മല ബുക്സ്

പുതിയ ബസ് സ്റ്റാന്റ്-ഇരിട്ടി. ഫോൺ : 2493444

അതുശരി.
കവിതമാത്രന്നാ വിചാരിച്ചത്?
കവികൾ മാത്രമല്ല
കൊച്ചു ലേഖകൻമാരും ഉണ്ട് ഇവിടെ.
ശാസ്ത്രവും, സിനിമയും,
രാഷ്ട്രീയവും ഭീകരവാദവും,
ക്യാമ്പസും ഒക്കെ ചിന്തകൾക്ക്
വിഷയമാകുന്ന യുവത്വങ്ങൾ.
അവർക്കും ഉണ്ട്
ചിലതെല്ലാം പറയാൻ.

ചിലപ്പോൾ ഒരു ലേഖനത്തിന്റെ
കെട്ടും മട്ടും ആധികാരികതയും
ഇല്ലായിരിക്കാം.
പക്ഷേ, എം.ജി.യിലെ കൂട്ടുകാർക്ക്
അനുഭവത്തിന്റെ ചൂടുപകരാൻ
നാളേക്ക് ഒരു 'ഓർമ്മ' നൽകാൻ
അവർകുറിച്ചിട്ട അക്ഷരങ്ങൾകൊണ്ട്
ഈ ഓർമ്മ പുസ്തകത്തിൽ
മഷി പുരട്ടുകയാണ്.

## പേരുകൾ



47 ബലികുഴീരങ്ങളേ......
49 നാനോ ടെക്നോളജി നാളെയുടെ ശാസ്ത്രം
52 ദീർഘവീക്ഷണം
53 ഗാന്ധിസം
55 Kill your depression..Please
57 അഭിരുചികളെ ദരിദ്രമാക്കുന്ന വ്യവസായ സംസ്കാരം
58 സമാധാന സുഗന്ധം
60 Humanity the Spirit of Life
61 കലാലയ രാഷ്ട്രീയം
63 ഇന്ത്യൻ ടീം ഏതു രാജ്യത്തിന്റേത്
65 കാശിട്ട് കാശുവാരുന്നവർ
69 വിദ്യാർത്ഥി രാഷ്ട്രീയം
70 നന്മയെ കൊണ്ടാടുക
71 വിവാഹ യൂത്ത് ഒരു തുറന്ന ചർച്ചവേണം
73 സർവ്വകലാശാല പറഞ്ഞതും, ക്ലാസ്മേറ്റ്സ് പോലുള്ളവ പറയാത്തതും

ആ...ആ....ആ.....

# ബലികുഴീരങ്ങളേ......

ആ...ആ...ആ.....



"**അയ്യോ**, അമ്മേ... എന്റെ നടു" ദൈവത്തിന്റെ സ്വന്തം നാട്ടിൽ ഒരു ലോംഗ് ട്രിപ്പ് കഴിഞ്ഞ് ഇറങ്ങിയ യാത്രക്കാരന്റെ നെടുവീർപ്പാണ്. ബസിൽ നിന്നുകൊണ്ട് യാത്ര ചെയ്താലോ നൃത്തം പഠിക്കാനുള്ള കാശ് ലാഭിക്കുകയും ചെയ്യാം.

ഇതാണ് കേരളത്തിലെ റോഡുകളുടെ ഇന്നത്തെ അവസ്ഥ. കുണ്ടും കുഴികളുമായി നിറഞ്ഞു കവിഞ്ഞ് റോഡേതാ, സൈഡേതാ എന്ന് തിരിച്ചറിയാൻ പറ്റാത്തവിധം അധഃപതിച്ച റോഡിലൂടെ യാത്ര ചെയ്യുന്ന കേരളത്തിലെ സാധാരണക്കാരായ നമ്മൾ എന്തൊരു ത്യാഗികളാണ്. റോഡിൽ വാഴവെക്കലും, ഞാറു നടലും ഇന്നത്തെ ജീവിതചര്യയായി മാറിയിരിക്കുകയാണ്. റോഡിൽ കുഴികണ്ടാൽ വിളിക്കണമെന്ന് പറഞ്ഞ മന്ത്രിയുടെ വാക്കുകൾ.. ആ നമ്പർ എപ്പോഴും എൻഗേജ്ഡ് ട്യൂൺ മാത്രം ശബ്ദിക്കുമ്പോൾ അതിന്റെ ആവശ്യകത തന്നെ ചോദ്യം ചെയ്യപ്പെടേണ്ടതാണ്.

നമ്മൾ അടച്ച നികുതികൊണ്ടാണ് അധികാരികളെ, നിങ്ങൾക്ക് സർക്കാർ ശമ്പളം തരുന്നതെന്ന അടിസ്ഥാനപരമായ കാര്യം ഓർമ്മയിൽ ഉണ്ടായാൽ, വാങ്ങുന്ന ശമ്പളത്തിന് കുറച്ചെങ്കിലും ഉത്തരവാദിത്വ ബോധം ഉണ്ടായാൽ, ഈ റോഡിന്റെ അവസ്ഥ ഇങ്ങനെ പരിതാപകരമാവുമായിരുന്നില്ല. കോൺട്രാക്ടർമാർക്ക് ഒത്താശ ചെയ്തു കൊടുത്ത് റോഡിലെ കുഴിയുടെ വീതിയും നീളവും കൂടുന്നതുപോലെ സ്വന്തം കീശയുടെ നീളവും വീതിയും കൂട്ടുന്ന അധികാരികൾ എന്ത് ന്യായം പറഞ്ഞാലും അതൊന്നും സമ്മതിച്ചുതരാൻ പറ്റില്ല. കാരണം, 50 ആണ്ടുകൾക്ക് മുമ്പ് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ കീഴിലായിരുന്ന ഇന്ത്യയിൽ വെള്ളക്കാർ നിർമ്മിച്ച റോഡുകൾ ഇന്നും നമ്മുടെ നാട്ടിൽ തലയുയർത്തി നിൽപ്പുണ്ട്.

ഇനി നമുക്ക് നമ്മുടെ ചുറ്റുപാടുമുള്ള റോഡുകളുടെ പൊതുവായ അവസ്ഥയെക്കുറിച്ചൊന്നു പരിശോധിക്കാം. ഇരിട്ടിയാണല്ലോ നമ്മുടെ അടുത്ത ടൗൺ. അവിടെനിന്നും തലശ്ശേരിയിലേക്കുള്ള യാത്രയെക്കുറിച്ച് ആദ്യം. ഇരിട്ടിയിൽനിന്ന് യാത്രതുടങ്ങിയാൽ 19-ാംമൈൽ, ഉരുവച്ചാൽ, തൊക്കിലങ്ങാടി തുടങ്ങിയ സ്ഥലങ്ങളിലൂടെയൊക്കെ മുന്നോട്ട് പോവുമ്പോൾ ഇതിനേക്കാൾ നല്ലത് ഒരു തോണിയാണെന്ന് അറിയാതെയെങ്കിലും മനസിൽ തോന്നിപ്പോകും.

ഇനി കണ്ണൂരേക്കുള്ള യാത്രയെടുത്താൽ തമ്മിൽ ഭേദം ഇതാണെന്നു



# വക്രവാർത്ത

**കുഴിയുടെ ഫോട്ടോ മൊബൈലിൽ പകർത്തിയ യുവാവിനെ ഫോട്ടോഗ്രാഫർമാർ മർദ്ദിച്ചു.**

കണ്ണൂർ: കേരളത്തിലെ റോഡിലെ കുണ്ടുംകുഴിയും വെബ്സൈറ്റിൽ രേഖപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിരിക്കെ, കുഴികൾ രേഖപ്പെടുത്താൻ ഔദ്യോഗിക അംഗീകാരം ലഭിച്ച ഫോട്ടോഗ്രാഫർമാർ നോക്കിനിൽക്കെ, കുഴിയുടെ ഫോട്ടോ എടുക്കാൻ എത്തിയ ഫോട്ടോഗ്രാഫറുടെ വണ്ടി കുഴിയിൽ വീണ് പൊക്കാൻ ശ്രമിക്കുമ്പോൾ, വഴിയേപോയ യുവാവ് തന്റെ മൊബൈലിൽ പകർത്തുന്നതു കണ്ട ഫോട്ടോഗ്രാഫർമാർ യുവാവിനെ മർദ്ദിക്കുകയായിരുന്നു. ചൊവ്വ സ്വദേശി റിനിഷ് (23)നെയാണ് ഫോട്ടോഗ്രാഫർമാർ മർദ്ദിച്ചത്.

മൊബൈൽ ക്യാമറകൾനിരോധിക്കണമെന്ന് ആവശ്യപ്പെട്ട് വൈകിട്ട് 5 മണിക്ക് ഫോട്ടോഗ്രാഫർമാർ ടൗണിൽ പ്രകടനം നടത്തി. കുണ്ടും കുഴിയും ഞങ്ങൾക്ക്.. എന്ന് അവർ ഉറക്കെ മുദ്രാവാക്യം മുഴക്കി. റബ്ബറൈസ്ഡ് റോഡുകൾക്കെതിരെയും പ്രകടനം മുഴക്കി. കേരളത്തിൽ കുണ്ടും കുഴിയും കുറഞ്ഞുവരുന്നതിൽ അസോസിയേഷൻ ആശങ്ക രേഖപ്പെടുത്തി.

പറയാം...


ഇനി ഇരിട്ടിയിൽ നിന്നും മലയോര മേഖലയിലേക്ക് യാത്ര ചെയ്യാം... കൂട്ടുപുഴ, തളിപ്പറമ്പ്, കീഴ്പ്പള്ളി, ആറളം, കരിക്കോട്ടക്കരി തുടങ്ങിയ റൂട്ടുകൾ. ഇതിൽ തളിപ്പറമ്പ് റൂട്ട് ഒഴികെ ബാക്കിയൊന്നും ഗതാഗതയോഗ്യമല്ല എന്നുതന്നെ പറയാം. ഈ റൂട്ടുകളിലൂടെ ഒരു വാഹനം കടന്നുപോകുന്നുണ്ടെങ്കിൽ വഴിയാത്രക്കാരന്റെ കാര്യം ചിന്തിക്കാനേ വയ്യ. യാത്ര കഴിഞ്ഞിറങ്ങിയാൽ വേഗം തന്നെ ഒരു ഗുരുക്കളേയോ മറ്റോ കാണേണ്ട അവസ്ഥയിലായിട്ടുണ്ടാവും.

കുണ്ടും കുഴികളും നിറഞ്ഞ റോഡുകളുടെ അവസ്ഥ ഇങ്ങനെ പോയാൽ നമ്മുടെ അവസ്ഥയെന്താവും. ഈ റോഡുകളൊക്കെ ഇപ്പോൾ പാച്ച്‌വർക്കും മറ്റും നടത്തും. കാരണം തെരഞ്ഞെടുപ്പ് അടുത്തുവരുന്നതല്ലേ. എന്നിട്ടോ? കഴിഞ്ഞാൽ വീണ്ടും പഴയപടിതന്നെ.

ഈ ദുരവസ്ഥയ്ക്ക് മാറ്റം വരണം അതിന് നമ്മുടെ അധികാരികൾ മനസ്സുവെക്കണം. അഴിമതി നടത്താൻ മാത്രമായി റോഡ് വികസനത്തെ കാണാതെ സ്വന്തം ആവശ്യമായി കണ്ട് പ്രവർത്തിച്ചാൽ അത് ഈ നാടിനു മൊത്തത്തിൽ ഗുണകരമാവും. ടൂറിസം പോലുള്ള വരുമാനോപാധികൾക്ക് താങ്ങും തണലുമാവാൻ സാധിക്കും...

ഇങ്ങനെ ഗുണങ്ങളേറെ ഉണ്ടെന്നിരിക്കെ, കേവലം നേരംപോക്കായി മന്ത്രിസ്ഥാനവും, രാഷ്ട്രീയപ്രവർത്തനവും ഉദ്യോഗവും മാറുമ്പോൾ ആധുനിക സാങ്കേതികവിദ്യയുടെ വിവരസാങ്കേതിക മേഖലയുടെ അത്യുജ്ജ്വലമായ പ്രവർത്തന പദ്ധതികൊണ്ടു കുണ്ടും കുഴിയും അടയ്ക്കാമെന്ന അതിബുദ്ധിപരമായ പ്രവർത്തനങ്ങളും പ്രഖ്യാപനങ്ങളും നടന്നത് ഈ സാക്ഷര കേരളത്തിലാണല്ലോ എന്നോർക്കുമ്പോൾ ദൈവമേ.... പെരുവിരലിന്റെ അറ്റത്തുനിന്ന് ആ സാധനം കേറാതെ എന്നെ കാത്തുകൊള്ളണേ... എന്ന ഒറ്റ പ്രാർത്ഥനേ ഉള്ളൂ...

കുണ്ടും കുഴിയും രേഖപ്പെടുത്താൻ വെബ്സൈറ്റ് ഏർപ്പെടുത്തിയ ഏക ജനത കേരളമായിരിക്കും. അഭിമാനിക്കാം നമുക്ക്.



സോണിഷ്
ഒന്നാംവർഷ ഗണിതം






# നാനോ ടെക്നോളജി നാളെയുടെ ശാസ്ത്രം

റോസ്മി വിൽസൻ.
ഒന്നാംവർഷ ബി.എസ്.സി.

"ബ്രിട്ടാനിക്ക എൻസൈക്ലോപീഡിയ എന്ന ബൃഹത്തായ ഗ്രന്ഥ ശേഖരത്തിലെ മുഴുവൻ വിവരങ്ങളും ഒരു മൊട്ടുസൂചിയുടെ മുനയിൽ ഒതുക്കാം. ഒരു പഞ്ചസാരത്തരിയുടെ വലിപ്പമുള്ള വസ്തുവിൽ കോടിക്കണക്കിന് കാര്യങ്ങൾ രേഖപ്പെടുത്തിവയ്ക്കാം. ഒരു കൂറ്റൻ വ്യവസായ സ്ഥാപനത്തിനുവേണ്ട മുഴുവൻ യന്ത്രങ്ങളും ഒരു ഹാൻഡ്ബാഗിലൊതുക്കാം. ചുരുക്കത്തിൽ ലോകത്തെ ഒരു മണൽത്തരിയിലൊതുക്കാം..." വർഷം 1959, ഡിസംബർ 29 കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയാണ് വേദി. അമേരിക്കൻ ഫിസിക്കൽ സൊസൈറ്റിയുടെ വാർഷിക സമ്മേളനത്തിൽ നോബേൽ സമ്മാന ജേതാവ് റിച്ചാർഡ് ഫെയിൻമാൻ സംസാരിക്കുകയാണ്. കേൾവിക്കാരോ പ്രസസ്തരായ ശാസ്ത്രജ്ഞർ. പരമാണു തലത്തിൽ പദാർത്ഥങ്ങൾക്ക് സംഭവിക്കുന്ന അവിസ്മരണീയമായ മാറ്റങ്ങളെക്കുറിച്ച് സംസാരിക്കുകയായിരുന്നു ഫെയിൻമാൻ. കേട്ടിരുന്നവർക്ക് അതൊരു തമാശയായേ തോന്നിയുള്ളൂ. മഹാനായ ഈ മനുഷ്യന്റെ ബുദ്ധിക്ക് എന്തോ കുഴപ്പം പറ്റിയിട്ടുണ്ട് എന്നുവരെ അവർ ചിന്തിച്ചു. പക്ഷേ വരാനിരിക്കുന്ന ലോകത്തെ മാറ്റിമറിക്കുന്ന ഒരു പുതിയശാസ്ത്ര ശാഖ അവിടെ ഉടലെടുക്കുകയായിരുന്നു.ആ ശാസ്ത ശാഖയാണ് നാനോ ടെക്നോളജി.

ലളിതമായി പറഞ്ഞാൽ ദ്രവ്യത്തെ അവയുടെ പരമാണുതലത്തിൽ കൈകാര്യം ചെയ്യുന്ന സാങ്കേതിക വിദ്യയാണ് നാനോ ടെക്നോളജി. ഇത് ശാസ്ത്രത്തിന്റെ എല്ലാ മേഖലകളുമായും അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. ഒരു നാനോമീറ്റർ $10^{-9}$ മീറ്റർ എന്നാൽ മീറ്ററിന്റെ 100 കോടിയിൽ ഒരംശമാണ്. നമ്മുടെ തലമുടി നാരിന്റെ വ്യാസം 2 ലക്ഷം നാനോമീറ്ററാണ്. നാലോ അഞ്ചോ ആറ്റങ്ങൾ അടുക്കിവച്ചാൽ അതിന്റെ നീളം ഒരു നാനോ മീറ്ററാണ്. പ്രകൃതിയിലെ എല്ലാ വസ്തുക്കളും രൂപപ്പെടുന്നത് തന്മാത്രകൾ ചേർന്നാണ്. ഒരു പദാർത്ഥത്തിന്റെ എല്ലാ ഗുണങ്ങളോടും കൂടിയ ഏറ്റവും ചെറിയ കണികയാണ് തന്മാത്ര എന്നാൽ




ആറ്റങ്ങൾക്ക് തന്മാത്രയുടെ ഗുണങ്ങളില്ല. അതിനാൽ തന്നെ ആറ്റോമിക ഘടനയിലെ മാറ്റത്തിലൂടെ നമുക്ക് പദാർത്ഥത്തിന്റെ സ്വഭാവം തന്നെ മാറ്റാം. എന്നാൽ ഇപ്രകാരം ആറ്റങ്ങൾ സംയോജിപ്പിച്ച് പുതിയ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന പ്രക്രിയ വളരെ സങ്കീർണ്ണവും കാര്യക്ഷമത കുറഞ്ഞ രൂപത്തിലുമാണ് നടക്കുന്നത്. ആറ്റങ്ങളെ ഒന്നൊന്നായി പെറുക്കിയെടുത്ത് കൈകാര്യം ചെയ്യുമ്പോൾ അത് ഭൗതിക, രാസ, ജൈവ, വൈദ്യുത, കാന്തിക മാറ്റങ്ങൾക്ക് വിധേയമാകാം. അതുകൊണ്ടുതന്നെ സ്വർണ്ണം വെള്ളി, പ്ലാറ്റിനം തുടങ്ങിയ വിലപിടിച്ച പദാർത്ഥങ്ങളെ ഇന്നത്തെ വിലയുടെ നൂറിലൊന്നു ചിലവിൽ ഉണ്ടാക്കാൻ സാധിക്കും. ഉരുക്കിന്റെ ആറിരട്ടി ശക്തിയും ആറിലൊന്നു ഭാരവുമുള്ള നാനോ ട്യൂബുകൾ കണ്ടുപിടിച്ചതോടെ ലോകം ഈ ശാസ്ത്രത്തിനു മുമ്പിൽ അമ്പരന്നുനിൽക്കുകയാണ്.

ചുഴിഞ്ഞു നോക്കിയാൽ മാങ്ങ തേങ്ങയാകുന്ന കഥയാണ് നാനോ ടെക്നോളജിയുടേത്. പരമാണു തലത്തിൽ പദാർത്ഥങ്ങൾക്ക് ആശ്ചര്യകരമായ സ്വഭാവ മാറ്റങ്ങളാണുള്ളത്. ഉദാഹരണത്തിന് ചെമ്പ് ട്രാൻസ്പെരന്റായും, രാസപ്രക്രിയകളിൽ തീർത്തും നിഷ്ക്രിയമായ പ്ലാറ്റിനം വീറുറ്റ രാസത്വരകമായും അലൂമിനിയം പോലുള്ള സ്റ്റേബിൾ വസ്തുക്കൾ എളുപ്പം തീ പിടിക്കുന്നവയായും അന്തരീക്ഷ താപത്തിൽ ഘനരൂപങ്ങളായ അതായത് സ്വർണ്ണംപോലുള്ളവ ദ്രാവകങ്ങളായും വിദ്യുത് ചാലകങ്ങളില്ലാത്ത സിലിക്കണായും, മറ്റു ചാലകങ്ങളായും തീരുന്നു. ഇങ്ങനെ തുറന്നുകിട്ടുന്ന പ്രകൃതിയുടെ വിസ്മയകരമായ പുതിയ മുഖം സയൻസിന്റെ വിവിധ തലങ്ങളിൽ നൽകുന്നത് അനന്ത സാധ്യതകളാണ്. നാനോ മാനിപ്പുലേറ്റർ എന്ന പ്രക്രിയയിലൂടെ ആറ്റങ്ങളെയും തന്മാത്രകളേയും കാണാനും ചലിപ്പിക്കാനും സ്പർശിക്കാനുമൊക്കെ സാധിക്കുന്നു. ഇതാണ് നാനോ ടെക്നോളജി ഇത്രയും വികസിക്കാൻ കാരണമായത്.

രണ്ടായിരാമാണ്ട് നാനോയുഗമെന്നാണ് അറിയപ്പെടുന്നത്. കമ്പ്യൂട്ടർ കൂടുതൽ ശക്തമായിക്കൊണ്ടിരിക്കുന്ന കാലത്ത് നാനോ ലോകം അത്ഭുതങ്ങൾ കാണിക്കുന്നത് സിലിക്കണിനു പകരം ഡി.എൻ.എ. ഉപയോഗിച്ച് നിർമ്മിക്കുന്ന കമ്പ്യൂട്ടറുകളാണ്.ഡി.എൻ.എ. കമ്പ്യൂട്ടറുകൾ. മറ്റു കമ്പ്യൂട്ടറുകളുടെ നിർമ്മാണത്തിൽ സംഭവിക്കുന്നതുപോലെ മലിനീകരണം സംഭവിക്കുന്നില്ല. എന്നു മാത്രമല്ല ജീവജാലങ്ങൾ നിലനിൽക്കുന്നിടത്തോളം കാലം അസംസ്കൃത വസ്തുവായ ഡി.എൻ.എ.ക്ക് ക്ഷാമമുണ്ടാവില്ല. അവയുടെ വലുപ്പം ഇന്നത്തെ കമ്പ്യൂട്ടറുകളെ അപേക്ഷിച്ച് വളരെ കുറവായിരിക്കും. ഇപ്പോഴത്തെ കമ്പ്യൂട്ടറിന്റെ മെമ്മറിയിലുള്ളതിന്റെ ആയിരക്കണക്കിനു മടങ്ങ് വിവരങ്ങൾ ഡി.എൻ.എ. കമ്പ്യൂട്ടറുകളിൽ ഉൾക്കൊള്ളാനാവും. കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കാനാവശ്യമായ ഊർജ്ജവും ഡി.എൻ.എ. തന്മാത്രകൾകൊണ്ട് നൽകാൻ സാധിക്കും. അങ്ങനെ പുറമേനിന്നുള്ള ഊർജ്ജം വേണ്ടാ എന്ന അവസ്ഥയും വരാം. സമാന്തരമായി നിരവധി കണക്കുകൂട്ടലുകൾ ഒരേ സമയം നടത്തുവാൻ കഴിയുന്നതിനാൽ ഇവയുടെ പ്രവർത്തന വേഗതയും കൂടുതലായിരിക്കും.

ഒന്നും പൂജ്യവും ഉൾപ്പെടുന്ന ബൈനറി ഡിജിറ്റ് അഥവാ ഡിജിറ്റുകളാണ് ഇന്നത്തെ കമ്പ്യൂട്ടറിന്റെ അടിസ്ഥാനം. ഇതിനു പകരം ആറ്റങ്ങളെ ഉൾപ്പെടുത്തി ഒന്നോ പൂജ്യമോ അവയ്ക്കിടയിലുള്ള മൂല്യമോ ഉപയോഗിച്ച് ക്വാണ്ടം ബിറ്റുകൾ വഴി പ്രവർത്തിക്കുന്നവയാണ് നാനോ കമ്പ്യൂട്ടർ. യാന്ത്രികമായി പ്രവർത്തിക്കുന്ന വളയങ്ങളിലൂടെ ഇലക്ട്രോണുകളെ സ്വീകരിച്ചും വിട്ടുകൊടുത്തും സ്വയം നിയന്ത്രിക്കുന്ന തന്മാത്രാ സ്വിച്ചിലൂടെയാണ് ക്വാണ്ടം കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുക. ബഹുരാഷ്ട്ര കമ്പ്യൂട്ടർ നിർമ്മാണ കമ്പനിയായ ഹ്യൂലെറ്റ് പാക്കാർഡ് (എച്ച്പി) ഇത്തരമൊരു സ്വിച്ച് വികസിപ്പിക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. സിലിക്കോൺ തന്മാത്രകൾ പരമാവധി ഒഴിവാക്കി, ആ സ്ഥാനത്ത് തന്മാത്രകളെ ഉൾപ്പെടുത്തിയാണ് ഈ മോളിക്യൂലാർ സ്വിച്ച് വികസിപ്പിച്ചിരുന്നത്. സൂക്ഷ്മമായ നാനോ കണികകളുടെ രൂപത്തിൽ മഷി പതിപ്പിച്ചാൽ വ്യക്തതയും കൃത്യതയും കൂടുമെന്ന കണ്ടെത്തലാണ് നാനോ ടെക്നോളജിയെ ഫോട്ടോസ്റ്റാറ്റ് മെഷീനിൽ എത്തിച്ചത്. എച്ച്.പി. കമ്പനിയുടെ കൂക്ക് എന്ന പ്രിന്ററിൽ ഈ സാങ്കേതിക വിദ്യ ഉപയോഗിച്ചിട്ടുണ്ട്.

നാനോ ടെക്നോളജിയുടെ സാധ്യതകളെ ഉപയോഗിക്കാൻ ശ്രമിച്ചതിന്റെ ഭാഗമായി ഐ.ബി.എം. കമ്പനി കണ്ടുപിടിച്ചതാണ് മില്ലിപീഡ് ചിപ്പ്. അസാധാരണമായ സംഭരണ ശേഷിയുള്ളതാണ്. മഹാത്മാഗാന്ധിയുടെ ചിത്രത്തോടു കൂടിയ ഒരു രൂപ




യുടെ സ്റ്റാമ്പിന്റെ അത്രയും വലിപ്പമുള്ള ഉപരിതലത്തിൽ 200 സീഡി റോമിലെ അത്രയും വിവരങ്ങൾ ശേഖരിക്കാമെന്നതാണ് മില്ലീപീഡ് ചിപ്പിന്റെ പ്രത്യേകത.

ടെലഫോൺ, ഫാക്സ്, ഇ-മെയിൽ മുതലായവ ഇന്ന് വിവരങ്ങൾ കൈമാറാൻ ഉപയോഗിക്കുന്നു. അതുപോലെ വസ്തുക്കളെ അയക്കാൻ കഴിഞ്ഞാലോ. ആ വിദ്യയാണ് ടെലിപോർട്ടേഷൻ എന്നറിയപ്പെടുന്നത്. ആ വസ്തുവിനെ അപ്രത്യക്ഷമാക്കി അതിന്റെ കൃത്യമായ ആറ്റോമിക് ഘടന മറ്റൊരു സ്ഥലത്തേക്ക് അയച്ച് അവിടെ ആ വസ്തുവിനെ പുനസൃഷ്ടിക്കുന്ന പ്രക്രിയയാണിത്. നാനോ ടെക്നോളജി സമഗ്രമായി വികസിച്ചാൽ ഇത് അസാധ്യമല്ല എന്നാണ് ശാസ്ത്രജ്ഞർ കരുതുന്നത്. പ്രകാശത്തിന്റെ കണങ്ങളായ ഫോട്ടോണുകളെ ഇങ്ങനെ അയക്കാൻ ഇപ്പോൾ കഴിഞ്ഞിട്ടുണ്ട്. 1998ൽ കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ശാസ്ത്രജ്ഞരാണ് ഇതിൽ വിജയിച്ചത്. ഏറ്റവും ചെറിയ മനുഷ്യനെ അയക്കണമെങ്കിൽ പോലും 10[illegible] ആറ്റങ്ങളുടെ വിശദാംശങ്ങളാണ് അയക്കേണ്ടിവരിക.

കൃത്രിമോപഗ്രഹങ്ങളിലെ കമ്പ്യൂട്ടറിന്റെ വലുപ്പം കുറയ്ക്കുന്നതിന്റെ ഭാഗമായി നാനോ കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനാവും. കമ്പ്യൂട്ടർ സർക്യൂട്ടിന്റെ പ്രധാനമായ ഇന്റർ ഗ്രേറ്റഡ് സർക്യൂട്ടിൽ (ഐ.സി.) കാർബൺ നാനോ ട്യൂബുകൾ ഉപയോഗിച്ച് ഇവ പ്രാവർത്തികമാക്കാമെന്ന് നാസയുടെ നാനോ ടെക്നോളജി വിഭാഗം കണ്ടെത്തിയിട്ടുണ്ട്. സ്വാശ്രയ ബഹിരാകാശ വാഹനം നിർമ്മിക്കാനും നാനോ ഇലക്ട്രോണിക്സ് സഹായിക്കുമെന്നാണ് നാസയുടെ പ്രതീക്ഷ. വളരെ ചെറിയ സെൻസറുകളും ആശയവിനിമയോപകരണങ്ങളും വിക്ഷേപണ രംഗത്തു തന്നെ മാറ്റങ്ങൾ വരുത്താൻ സഹായിക്കും. പ്രവർത്തനചെലവ് കുറഞ്ഞ ഉപഗ്രഹങ്ങളും ബഹിരാകാശ നിലയങ്ങളും നിർമ്മിക്കാനാവും. ബഹിരാകാശ സഞ്ചാരിയുടെ ആരോഗ്യ നിരീക്ഷണത്തിനുള്ള നാനോ സെൻസറുകൾ ഉണ്ടാക്കാൻ കഴിയും.

നാനോ ലോകത്ത് ഇന്ന് അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന വസ്തുവാണ് ഡയാറ്റം. ഒറ്റക്കോശം മാത്രമുള്ള ആൽഗയാണ് ഡയാറ്റം. ഭക്ഷ്യച്ചങ്ങലയിലെ ഏറ്റവും താഴത്തെ കണ്ണിയാണിത്. വെള്ളവും വെളിച്ചവും ഉള്ള ഏത് പരിസ്ഥിതിയിലും ഇവയ്ക്ക് വളരാനാകും. ലോകത്തിലെ ജീവനുള്ള വസ്തുക്കളുടെ നാലിലൊന്ന് ഡയാറ്റമാണ്. ഓഹിയോ സർവകലാശാലയിലെ കെൻ സാൻഡ്ഹേഗേ നടത്തിയ അസാധാരണമായ ഒരു പരീക്ഷണമാണ് ഡയാറ്റത്തിന്റെ അത്ഭുത ശേഷി വെളിപ്പെടുത്തിയത്. ഡയാറ്റത്തിന്റെ കവചം മഗ്നീഷ്യത്തിൽ മുക്കിയപ്പോൾ, അതിലെ സിലിക്കോൺ നീങ്ങി പകരം അതേരൂപത്തിൽ മഗ്നീഷ്യം സ്ഥാപിക്കപ്പെട്ടു എന്നു പറഞ്ഞാൽ ഒരു നിശ്ചിത രൂപത്തിൽ ഏതു വസ്തുവിനെയും മാറ്റാൻ കഴിവുള്ള ജീവനുള്ള ഒരു വസ്തുവിനെ കിട്ടിയതിനു തുല്യമായിരുന്നു ശാസ്ത്രജ്ഞർക്ക് ഇത്. ചെമ്പുകൊണ്ടുണ്ടാക്കിയ ഒരില സ്വർണ്ണത്തിൽ മുക്കിയാൽ അതിലെ ചെമ്പു മുഴുവൻ മാറി സ്വർണ്ണംകൊണ്ടുള്ള ഇലയാവുകയാണെങ്കിൽ അതിൽപരം എളുപ്പമുള്ള



പണി വേറെയെന്തുണ്ട്? ഭാവിയിൽ ഇതു സംഭവിച്ചുകൂടായ്കയില്ല.


നാനോ ബോട്ടുകൾ പോലുള്ള ചില അപകടങ്ങൾ പതിയിരിക്കുന്നുവെങ്കിലും ഇതിന്റെ നേട്ടങ്ങൾ പരിഗണിക്കുമ്പോൾ നാളെയുടെ ശാസ്ത്രം തന്നെയാണ് നാനോടെക്നോളജി.

# ദീർഘവീക്ഷണം



ഫിന്നി കുര്യൻ
ഒന്നാം വർഷ ഫിസിക്സ്

ജീവിത വിജയത്തിലേക്കുള്ള ഏറ്റവും മഹത്തായ വഴിയാണ് ദീർഘവീക്ഷണം. ഒരു ജേതാവ് വ്യത്യസ്തമായ കാര്യങ്ങളല്ല ചെയ്യുന്നത്, കാര്യങ്ങൾ വ്യത്യസ്ത രീതിയിൽ ചെയ്യുകയാണ്.ഈ ലോക ജീവിതത്തിൽ വെറുതെ ജീവിച്ച മരണത്തിന് കീഴ്പ്പെടുന്നതിലും നല്ലത്, നമ്മുടെ സമൂഹത്തിന് വേണ്ടി എന്തെങ്കിലും നന്മ ചെയ്ത് അതുമല്ലെങ്കിൽ ജീവിതത്തിൽ ഒരു ലക്ഷ്യം പൂർത്തിയാക്കി മരണത്തിനു കീഴ്പ്പെടുന്നതാണ്. ലക്ഷ്യങ്ങൾ നമ്മുടെ ജീവിതത്തെ പ്രവർത്തനോന്മുഖതയിലേക്ക് നയിക്കുന്നു. തിളങ്ങുന്ന പൂർണ്ണ ചന്ദ്രനെ ലക്ഷ്യമാക്കുക, ഒരു കൊച്ചു നക്ഷത്രമെങ്കിലുമാകാൻ നമുക്ക് കഴിയും. നാം എവിടെ നിൽക്കുന്നു എന്നതിനേക്കാൾ ഏതു ദിശയിലേക്കാണ് പ്രയാണം ചെയ്യുന്നത് എന്നതാണ് പ്രധാനം.



വിജയത്തിന് നാലുപടവുകളുണ്ട്. (1) ലക്ഷ്യം, (2) രൂപരേഖ, (3) ആത്മവിശ്വാസം, (4) നിരന്തരമായ പരിശ്രമം എന്നിവയാണവ. വിജയത്തിന്റെ പടികൾ നമ്മുടെ ജീവത്തിൽ മറ്റാരും തുറന്നുതരില്ല. നിശ്ചിതമായ രൂപത്തോടുകൂടി അതിലേക്കുള്ള പ്രയാണം ആരംഭിക്കേണ്ടത് നമ്മൾ തന്നെയാണ്. നമുക്ക് വിജയം കൊയ്യുവാനുള്ള സമയം പരിമിതമാണെങ്കിലും സമയം ഒരു തടസമാകാതിരിക്കണം. സമയം ആർക്കുവേണ്ടിയും കാത്തുനിൽക്കില്ല. അതിനാൽ അവയെ ഏറ്റവും ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുകയാണ് നാം ചെയ്യേണ്ടത്. അപ്പോൾ നമ്മുടെ ജീവിതം തന്നെ നമുക്കൊരു മത്സരമായി തോന്നും.

നമ്മുടെ ജീവിതത്തിലെ കഴിഞ്ഞ കാലത്തെ ഓർത്ത് വ്യസനിക്കാതെ, ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങളുമായി മുന്നോട്ടു നീങ്ങണം. അവിടെ നാം കാണുന്ന സ്വപ്നത്തിനുപോലും ഒരു രൂപരേഖയുണ്ടായിരിക്കണം. നാം ഒരു ദിവസം ആരംഭിക്കേണ്ടത് തന്നെ ജീവത്തിലെ സന്തോഷകരമായ ദിവസങ്ങളെ ഓർത്തുകൊണ്ടോ അല്ലെങ്കിൽ ശുഭകരമായ നല്ല ചിന്തകൾ മനസിൽ വളർത്തിയെടുത്തുകൊണ്ടോ ആയിരിക്കണം.

ഒരു വ്യക്തി ജീവിത വിജയം കരസ്ഥമാക്കി എന്നുപറഞ്ഞാൽ അതുകൊണ്ട് നാം അർത്ഥമാക്കേണ്ടത് ആ വ്യക്തിയുടെ ജീവിതം മൂലം ആരുടെയെങ്കിലും ജീവിതത്തിൽ ആശ്വാസമുണ്ടായി എന്നറിയാൻ കഴിഞ്ഞു എന്നതാണ്. ഇതാണ് യഥാർത്ഥ ജീവിത വിജയം. ഒരു ലക്ഷ്യം നേടിയതുകൊണ്ടുമാത്രം ആ പ്രയാണം കഴിയുന്നില്ല. അടുത്ത ലക്ഷ്യത്തിന് വേണ്ടി ജീവിതത്തിൽ രൂപരേഖ തയ്യാറാക്കി, അതിനു വേണ്ടി നാം പിന്നെയും പരിശ്രമിക്കണം. നമ്മുടെ ലക്ഷ്യങ്ങൾ പൂർത്തിയാകുന്നതനുസരിച്ച് പുതിയ ലക്ഷ്യങ്ങൾ കണ്ടെത്തിക്കൊണ്ടിരിക്കണം. അങ്ങനെ ലക്ഷ്യങ്ങൾ നെയ്തുകൂട്ടുന്ന ഒരാൾക്ക് ജീവിതത്തിൽ സമ്പന്നനാകുവാൻ കഴിയും.

അതുപോലെ തന്നെ വിജയവും സന്തോഷവും അഭേദ്യമായ രണ്ടു യാഥാർത്ഥ്യങ്ങളാണ്. വിജയം എന്നാൽ ആഗ്രഹിക്കുന്നത് ലഭ്യമാക്കുക എന്നതാണ്. അത് ലഭിച്ചതിലുള്ള സംതൃപ്തിയാണ് സന്തോഷം. സന്തോഷവും വിജയവുമായി ബന്ധപ്പെട്ടിരിക്കുന്നതുപോലെ തന്നെ പരിശ്രമവും വിജയവുമായി ബന്ധപ്പെട്ടിരിക്കുന്നു. പരിശ്രമം ഇല്ലാതെ ഒരിക്കലും വിജയം കൈവരിക്കാനാവില്ല. അതുപോലെ തന്നെ ജീവിതത്തിൽ ഉണ്ടാകുന്ന തടസ്സങ്ങളെ സധൈര്യം അതിജീവിച്ചവർക്ക് കൂടുതൽ ആത്മവിശ്വാസം ഉണ്ടായിരിക്കും. സഫലമായ ഒരു ഉദ്യമത്തിനുശേഷം നാം അനുഭവിക്കുന്ന സംതൃപ്തിയാണ് യഥാർത്ഥ വിജയത്തിന്റെ അളവുകോൽ.

# ഗാന്ധിസം



അബ്ദുൾ റാഷിദ് പി.വി.
ഒന്നാം വർഷ കമ്പ്യൂട്ടർ സയൻസ്

ഭാരതത്തിന്റെ രാഷ്ട്രപിതാവ് ഗാന്ധി, ലോകദൃഷ്ടിയിൽ മഹാത്മാഗാന്ധി, നിസ്വന് സ്വന്തം ബാപ്പൂജി. വെടിയുണ്ടകൾക്കു പോലും തകർക്കാനാവാത്ത യശസ്വി. കാലത്തെ അതിജീവിച്ച് ലോകമനസ്സാക്ഷിയുടെ മുൻപിൽ ഒട്ടനവധി ചോദ്യവും ഉത്തരവുമായി നിൽക്കുന്ന പ്രഹേളിക, ഗാന്ധിജി. പോർബന്തറിലൂടെ ചുവടുവെച്ച് ദക്ഷിണാഫ്രിക്കയുടെ മൂശയിൽ വാർത്തെടുക്കപ്പെട്ട് മഹാത്മാഗാന്ധിയായി വളർന്നപ്പോൾ ലോകം പറഞ്ഞു, "ഇങ്ങനെയൊരാൾ ജീവിച്ചിരുന്നു എന്ന് വിശ്വസിക്കാൻ അടുത്ത തലമുറയ്ക്ക് കഴിഞ്ഞെന്നുവരില്ല"

സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അലംഘനീയമായ നിയമങ്ങളെ മുളവടികൊണ്ട് തോണ്ടിമാറ്റി ലോകത്തിന്റെ മനസ്സാക്ഷിയായി മാറിയ ഫക്കീർ-മഹാത്മാഗാന്ധി.



ഗാന്ധിസം പ്രായോഗികമല്ലെന്ന കണ്ടെത്തലുകളും ഗാന്ധിയൻ മാതൃക ഇന്ത്യയെ കാളവണ്ടിയുഗത്തിലേക്ക് നയിക്കുമെന്ന ജല്പനങ്ങളും കെട്ടടങ്ങിയിരിക്കുന്നു. ഗാന്ധിസം പുനർവിചിന്തനം ചെയ്യപ്പെടുന്നു. പ്രകൃതിയിലെ മനുഷ്യന്റെ അസ്ഥിത്വത്തെ മറന്ന് അതിനെ നശിപ്പിച്ച് ആണവയുഗവും, കമ്പ്യൂട്ടർ സ്പെയ്സ് യുഗവും സ്ഥാപിച്ച മനുഷ്യൻ ഇന്ന് അവന്റെ ജീവിതം തന്നെ മാറ്റിയിരിക്കുന്നു.അപ്പോഴും അവന്റെ ഭീഷണമായ മുഖത്ത് പ്രത്യാശയുടെ സ്ഫുരണം ചാർത്താൻ ഗാന്ധിയൻ സങ്കൽപ്പത്തിനു കഴിയുന്നു. വറുതി മാത്രം സമ്മാനിക്കുന്ന പ്രകൃതിയുടെ മലിനീകരണവും രോഗവും അസ്വസ്ഥതയും പ്രദാനം ചെയ്യുന്ന യന്ത്രവൽകൃത നാഗരികത മനുഷ്യന് ശക്തി നൽകുന്നില്ല എന്ന തിരിച്ചറിവിലേക്ക് നമ്മെ നയിക്കുന്നു.

"എല്ലാവർക്കും ആവശ്യമായത് ഈ ഭൂമിയിലുണ്ട്. പക്ഷേ, അത്യാഗ്രഹത്തിനുള്ളത് ഇല്ല." എന്ന പ്രവചനം ഗാന്ധിയൻ സങ്കല്പങ്ങളുടെ പൂർവ്വകാലിക പ്രസക്തി വിളിച്ചോതുന്നു. സ്വാശ്രയ ഗ്രാമങ്ങളും സാംസ്കാരിക തനിമ നിലനിർത്തുന്ന ജനപഥങ്ങളും പ്രാദേശിക ഭാഷകളുടെ വികാസവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും പഞ്ചായത്തിരാജുമെല്ലാം ഈ ഗാന്ധിയൻ സങ്കല്പങ്ങളിൽ ചിറക് വിരിയുന്നു. പാശ്ചാത്യന്റെ ഭൗതികതയും പൗരസ്ത്യന്റെ ആത്മീയതയും സമഞ്ജസമായി സമ്മേളിക്കുന്നത് ഗാന്ധിസ

ത്തിലാണ്.

ആത്മാഭിമാനം വിറ്റും അപ്പം ഭക്ഷിക്കുന്നവർ, അമ്മയെ തള്ളിപ്പറഞ്ഞ് അധികാരത്തിലിരിക്കുന്നവർ, അരക്കാശിനു വേണ്ടി അപദാനസേവ നടത്തുന്നവർ സ്വാതന്ത്ര്യം വിറ്റ് അടിമത്വത്തിന്റെ കൈയ്യാമങ്ങൾ പതക്കങ്ങളാക്കുന്നവർ ഇതാണ് ഇന്നത്തെ തലമുറ. ശരിയെന്ന് തോന്നുന്നത് ഉറക്കെ പറയാൻ വാക്കുകളില്ലാത്തവർ, ശബ്ദമില്ലാത്തവർ. ചുരുക്കി പറഞ്ഞാൽ പ്രതികരണ ശേഷി നഷ്ടപ്പെട്ട് അതിന്റെ കാലിനടിയിലെ ചെരുപ്പുകൾ മാത്രമായിരിക്കുന്ന ഒരു ജനതയാണിന്നത്തേത്. അതിനാൽ തന്നെ ഗാന്ധിജി ഇനിയും ഈ ഭാരതമണ്ണിൽ അവതരിച്ചാൽ ആ പുണ്യാത്മാവിന്റെ ആയുധം തന്റെ ആ പഴയ മുളവടി തന്നെയായിരിക്കുമെന്നതിന് സംശയമില്ല. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ശാപമേശാത്ത വിവേചനവും ചൂഷണവും മർദനവുമൊന്നുമില്ലാത്ത ശാന്തിയുടെയും സമാധാനത്തിന്റെയും ഒരു സ്വതന്ത്ര ഭാരതം ഗാന്ധി സ്വപ്നം കണ്ടു. എന്നാൽ ഇന്നത്തെ അവസരവാദ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കു വേണ്ടി രാഷ്ട്രമൂല്യങ്ങൾ ബലികഴിക്കപ്പെടുന്നു.



മനുഷ്യാധ്വാനത്തിന്റെ മൂല്യത്തെ യന്ത്രശക്തികൊണ്ട് അവഹേളിക്കരുതെന്ന് പറഞ്ഞ ഗാന്ധി കാളവണ്ടിയുഗത്തിന്റെ വക്താവല്ലെന്ന് ഇന്നത്തെ യാന്ത്രിക ജീവിതത്തിന്റെ വിഹ്വലതകൾ നമ്മെ ബോധിപ്പിക്കുന്നു. തകർക്കപ്പെടുന്ന സ്വാശ്രയത്വവും അവഹേളിക്കപ്പെടുന്ന മനുഷ്യത്വവുമെല്ലാം ഇന്നത്തെ കമ്പോള വ്യാവസായിക ലോകത്തിന്റെ സംഭാവനകളാണ്. ഉദാരവത്ക്കരണവും ആഗോളവത്ക്കരണവും ഒക്കെ സാമ്രാജ്യത്വത്തിന്റെ നൂതന സമീപനങ്ങളാണ് എന്ന് നാം തിരിച്ചറിയുന്നു. "എന്റെ ജീവിതം തന്നെയാണ് എന്റെ സന്ദേശം" എന്ന ധീരോദാത്തമായ നിലപാടിലുള്ള ഗാന്ധിസം പ്രായോഗികമാകണമെന്ന് അദ്ദേഹം അടിവരയിടുന്നു.

ഗാന്ധിയൻ മൂല്യങ്ങളെ സാർവ്വലൗകിക പ്രശസ്തി ചർച്ച ചെയ്യുമ്പോൾ ഒരു ചോദ്യം ഉയർന്നുവരുന്നുണ്ട്. ആധുനിക ലോകം ഒരു കുടുംബമായി ചുരുങ്ങുന്ന ഈ ശാസ്ത്രീയ യോഗത്തിൽ സ്വാശ്രയത്വമെന്ന ഗാന്ധിയൻ അടിസ്ഥാന ദർശനം പ്രായോഗികമോ? ശാസ്ത്രത്തെ വികസിത രാജ്യങ്ങൾ ഒരു ചൂഷണോപാധിയായി ഉപയോഗപ്പെടുത്തുമ്പോൾ മാറി വരുന്ന മൂല്യബോധത്തിന്റെ വികലമായ നിലപാടുകളിലാണ് ഈ ചോദ്യത്തിന്റെ വേരുകൾ എന്ന് മനസ്സിലാക്കാം.

അഗ്നിനാളമായ്, ചാരമായ് അവിടെ നിന്നും വീണ്ടും ഉയർത്തെഴുന്നേൽക്കുന്ന ഫിനിക്സ് പക്ഷി എന്ന തീപ്പക്ഷിയെപ്പോലെ ഗാന്ധിയൻ മൂല്യങ്ങൾ ഉയർത്തെഴുന്നേൽക്കുക തന്നെ വേണം. വ്യക്തിത്വത്തെയും പ്രാദേശിക ഭാഷകളെയും സാംസ്കാരികത്തനിമയെയും ആദരിക്കാത്ത ആധുനിക ലോകത്തിന്റെ വാചാലമായ കാപട്യത്തെ ആർഷഭാരതത്തിന്റെ മൂശയിൽ കരുപ്പിടിപ്പിച്ച ഗാന്ധിയൻ മൂല്യങ്ങൾ അതിജീവിക്കുക തന്നെ ചെയ്യും.



# Kill your depression.. Please

Aswathi
IIIrd C.S.

In most of the situations in life, we are dreaming for going in one way, but the surroundings are the very big obstacles on the path. If we could not fulfill our desire, we will get depressed and most probably, we will decide to spoil our life as a revenge to the surroundings.

But we have to think in those situations we are spoiling our precious life, that will never be a loss for the surroundings.

There are two ways possible: 1) Try to make the surroundings to support us. 2) Defeat the surroundings by finind never good foal that the surroundings (situation) can support and designing the ways to active our never desire

It is our choice to choose the right path.

If we could change that surroundings, we can move to our favourate way to fulfill it. But there is some situations in which the surrounding would not have changed and remaining as the big opposition there, even though we have tried our level best to make the surroundings good. In this situations we have to defeat the surroundings.

"Move with the surroundings by Keeping truth & Sake in your right hand, run fast to achieve the pear point of your new desire"

I am dedicating here some impairing words for those friends who are going to defeat the surroundings.

It is only meant for the people who are going to fill down in the trap of depression and dilemma.

"The God have shown a path to you now/

You just believe that it is your right path to achieve the going of success. Work hard your maximum to reach at the peak point. Find out new latest things and update well.



Don't get depressed and confused. Or?
Ways are there....
Opportunities are waiting for your...
No time to waste....
It is not the time to want the losses in past...
Live in present....
Expert for a bright future...
Believe in your self....
Try to know your abilities....
Improve your resources...
Be self confident and self assured...
Try to understand that you are good...
You can do it...
RUN FAST & REACH THERE...





# അഭിരുചികളെ ദരിദ്രമാക്കുന്ന വ്യവസായ സംസ്കാരം



റോബിൻ ജോൺ
രണ്ടാംവർഷ ഫിസിക്സ്

എന്തിന്റേയും ഏതിന്റേയും ലാഭവശങ്ങളെ മാത്രം പരിഗണിച്ചുകൊണ്ട് അവയെ വ്യവസായവൽക്കരിക്കുകയും കേവലം കച്ചവടമനസ്ഥിതിയോടെ നോക്കിക്കാണുകയും ചെയ്യുന്ന ഒരു സമൂഹത്തിന്റെ കണ്ണികളാണ് നാം ഓരോരുത്തരും. മാനവിക മൂല്യങ്ങളും, അവന്റെ സംസ്കാരവും അഭിരുചികളുമെല്ലാം ഇവിടെ നിർദയം വില്പനച്ചരക്കാക്കി മാറ്റുമ്പോൾ, നമുക്ക് അന്യമാകുന്നത് അനേകം പുരുഷായുസ്സുകളിലൂടെ അവൻ നേടിയെടുത്ത സാംസ്കാരിക പൈതൃകമാണ്.

വ്യാവസായിക മേഖലകളിൽ പുരോഗതിയുടെ വെന്നിക്കൊടി പാറിച്ചുകൊണ്ട് പുരോഗതിയിൽ നിന്നും പുരോഗതിയിലേക്ക് ലോകരാഷ്ട്രങ്ങൾ മത്സരിച്ച് പായുമ്പോൾ വിസ്മരിക്കപ്പെടുന്നത് മജ്ജയും മാംസവുമുള്ള മനുഷ്യന്റെ സർഗ്ഗാത്മകമായ ചിന്തകളെയാണ്. ഇവിടെ കലയും ശാസ്ത്രവും തമ്മിലുള്ള ഒരു മത്സരമായി തെറ്റിദ്ധരിക്കപ്പെട്ടേക്കാം. എന്നാൽ അതിൽ ആശങ്കയ്ക്കുവകയില്ല. കാരണം കലയും ശാസ്ത്രവും പരസ്പര പൂരകങ്ങളാണ്.

ദൃശ്യ മാധ്യമ മേഖലകളിലുണ്ടായ വ്യവസായവൽക്കരണം അച്ചടി മാധ്യമങ്ങളുടെ പ്രചരണത്തിൽ സ്വാധീനം ചെലുത്തി. മനുഷ്യനെ വായനക്കാരനിൽനിന്നും കേവലം പ്രേക്ഷകനിലേക്കു മാത്രമായി ചുരുക്കാൻമാത്രമേ ഇതുപകരിച്ചുള്ളൂ എന്നത് വാസ്തവം. ടി.വി. കാണുക എന്നതു മാത്രം ഹോബിയാക്കി മാറ്റിയ പുതിയ തലമുറ തങ്ങളുടെ സർഗ്ഗാത്മക മനസ്സിനെ കുഴിച്ചിട്ട് അതിനു മുകളിൽ കയറിയിരിക്കുന്ന വിഡ്ഢികളായി മാറുന്നു. താൻ കാണുന്നതിനെ മാത്രം വിശ്വസിച്ചുകൊണ്ട് അനുകരണത്തിനായി ശ്രമിക്കുമ്പോൾ അവനു മുമ്പിൽ കൊട്ടിയടക്കപ്പെടുന്നത് അനുഭവ സമ്പന്നമായ ഒരു ലോകമാണ്. ഭാവനാ സമ്പന്നമായ ഈ ലോകത്തിന്റെ അനുഭവം സമൂഹത്തിൽ അവനെ തീർത്തും ദുർബലനാക്കുന്നു.

ഒരുവനിലെ കലയുടെ ആകെ തുക റിയാലിറ്റി ഷോകളാണെന്ന് വിശ്വസിക്കുന്ന ഒരു ജനസമൂഹം ഇന്ന് നമുക്കു ചുറ്റുമായി രൂപപ്പെടുന്നു. ചില ബഹുരാഷ്ട്ര കമ്പനികളുടെയും സ്ഥാപനങ്ങളുടെയും കച്ചവട മനസ്ഥി





തിയുടെ ഒരു ആധുനിക രൂപമാണിതെന്ന് പലപ്പോഴും നാം മറന്നുപോകുന്നു. വൈകുന്നേരങ്ങളിൽ സീരിയലുകൾക്കു മുമ്പിൽ അടിമപ്പെട്ടുപോയ മലയാള കുടുംബങ്ങളെ ഇന്ന് റിയാലിറ്റി ഷോകളുടെ വർണ്ണാഭമായ എപ്പിസോഡുകൾക്കു മുമ്പിൽ അത്ഭുതസ്തംബ്ധരായിരുത്താനും, എലിമിനേഷൻ എപ്പിസോഡുകൾക്കു മുമ്പിൽ വാവിട്ടു നിലവിളിക്കാനും പ്രാപ്തരാക്കിയത് ഈ കച്ചവട തന്ത്രങ്ങളാണ്.

മനുഷ്യന്റെ സർഗ്ഗാത്മക ചിന്തകളും അതിലൂടെ ഉരുത്തിരിയുന്ന കലയും എന്നും അതതു പ്രദേശങ്ങളിലെ സാംസ്കാരിക സമൂഹത്തിന് മുതൽകൂട്ടാണ്. ഇത് കലയ്ക്ക് സമൂഹത്തിലുള്ള സ്വാധീനത്തെ പ്രതിഫലിപ്പിക്കുന്നു. ഒരു കലാഹൃദയം കേവലം വ്യാവസായവൽക്കരിക്കപ്പെടുമ്പോൾ അതു സമൂഹത്തിലുണ്ടാക്കുന്ന ചലനങ്ങളും നാം വിസ്മരിച്ചുകൂടാ...

വിദ്യാഭ്യാസ മേഖലയിലെ വ്യവസായവൽക്കരണങ്ങൾ നിർധന സമൂഹങ്ങൾക്ക് വിദ്യാഭ്യാസം അന്യമാക്കിത്തീർത്തതുപോലെ സാംസ്കാരിക, കലാ മേഖലകളിലെ വ്യവസായവൽക്കരണം യഥാർത്ഥ കലാകാരൻമാരെയും ചിന്തകളെയും കൈരളിക്കന്യമാക്കിത്തീർക്കുന്നു.



കലകളെ വ്യവസായവൽക്കരിക്കപ്പെടുന്നുവെന്നു പറയുമ്പോൾ കലാകാരൻമാരുടെ പ്രതിഫലത്തെപ്പറ്റി തെറ്റിദ്ധാരണകളുമുണ്ടാകും. കലയെ പ്രൊഫഷണലായി സമീപിക്കുന്നവർ അവരുടെ പ്രതിഫല വിഷയങ്ങളിലും ശ്രദ്ധാലുക്കളായിരിക്കും. ഇത് അവരുടെ അവകാശമാണ്.

വ്യവസായവൽക്കരണങ്ങൾക്കു മുമ്പിൽ അഭിരുചികളെ അടിയറവുവെക്കുന്ന ഒരവസ്ഥാവിശേഷമാണ് ഇന്നുള്ളത്. ഇതിനെ പരിഹരിക്കാനും മറികടക്കാനുമുള്ള ഇച്ഛാശക്തി നമുക്കോരോരുത്തർക്കും ഉണ്ടായിരിക്കണം. ഒരു മാനവ സംസ്കാരത്തിന്റെ ശോഷണത്തിനെതിരായുള്ള ആദ്യ പടിയായി നമുക്കിതു കാണക്കാക്കാം.

കലകളെ വ്യവസായവൽക്കരിക്കപ്പെടുമ്പോൾ അവയെ വളർത്തുകയല്ല മറിച്ച് തളർത്തുകയാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കേണ്ടതായുണ്ട്. അതിനാൽ ശാസ്ത്രീയമായൊരു രീതിയിലുള്ള സമീപനമാണ് നമുക്കാവശ്യം. അത് ലക്ഷ്യപ്രാപ്തിയിലെത്തട്ടെ എന്ന് ആശംസിക്കാം.



# സമാധാന സുഗന്ധം

ജിംജോർജ്ജ്
രണ്ടാം വർഷ ബി.കോം.

ആൽബർട്ട് ഐൻസ്റ്റീനോട് ഒരിക്കലൊരു പത്രപ്രവർത്തകൻ ചോദിച്ചു. 'മൂന്നാം ലോക മഹായുദ്ധത്തെപ്പറ്റി താങ്കൾക്ക് വല്ലതും പറയാനാകുമോ?'

'എന്നോടു ക്ഷമിച്ചാലും മൂന്നാം ലോക മഹായുദ്ധത്തെപ്പറ്റി എനിക്കൊന്നും പറയാനാകില്ല. എന്നാൽ നാലാം ലോക മഹായുദ്ധത്തെപ്പറ്റി വല്ലതും അറിയണമെന്നുണ്ടെങ്കിൽ ഞനത് പറയാം...'

ചോദ്യം ചോദിച്ചയാൾക്ക് ഈ മറുപടി വിശ്വസിക്കാനായില്ല. മൂന്നാം ലോക മഹായുദ്ധത്തെപ്പറ്റി പറയാനാവാത്ത ഒരാൾക്ക് നാലാം ലോക മഹായുദ്ധത്തെപ്പറ്റി എന്തു പറയാനാണ് കഴിയുക?

ശരി നാലാം ലോക മഹായുദ്ധത്തെപ്പറ്റി പറഞ്ഞാലും.

ആ മഹാശാസ്ത്രജ്ഞൻ പറഞ്ഞു; 'നാലാമത് ഒരിക്കലും ഉണ്ടാവില്ല. അതിനെപ്പറ്റി അതിലധികം പറയാനില്ല. മൂന്നാമത്തതിനെ പറ്റി ഒന്നും എനിക്ക് പറയാനില്ല.'

ഒരു പുതിയ മനുഷ്യന് മാത്രമേ യുദ്ധം വേണ്ടാത്ത ഒരു ലോകത്തെ സങ്കല്പിക്കാനാവൂ. പഴയ മനുഷ്യൻ നിലനിൽപ്പിന്റെ വഴിയിൽ നിന്ന് തുടച്ചു നീക്കപ്പെടാൻ പോവുകയാണ്.

മനുഷ്യരാശി വളരെയേറെ സഹിച്ചു. വളരെയേറെ ത്യജിച്ചു. എന്നാൽ ആത്യന്തിക ഫലമോ, പരമമായ ശൂന്യതയും.

രാഷ്ട്രീയ നേതാക്കൾ രാഷ്ട്രീയങ്ങളെ തുടർച്ചയായ യുദ്ധത്തിന്റെ വഴിയിലെത്തിച്ചു. ശാസ്ത്രജ്ഞന്മാരാകട്ടെ, ഭൂമിയെ ചുരുങ്ങിയത് ഏഴു വട്ടം സംഹരിക്കാനുള്ള ഉപകരണങ്ങളും നിർമ്മിച്ച് ഇരിക്കുകയാണ്.അടുത്ത പത്ത്വർഷങ്ങൾ കൊണ്ട് ഈ ഭൂമിയെ ചുരുങ്ങിയത് എഴുപത് വട്ടം സംഹരിക്കാനുള്ള വകയായി മാറിയിരിക്കുന്ന അത്രയേറെ ന്യൂക്ലിയർ ആയുധങ്ങൾ! യുഗങ്ങളായി മനുഷ്യർ ഇപ്രകാരമാണ് നിലനിൽക്കുന്നത്. സംഹാരത്തിൽ വളരെയേറെ തത്പരരായി സ്വയം ജീവിക്കാതെ ജീവിതം ആസ്വദിക്കാതെ, അന്യരെ നശിപ്പിച്ചുകൊണ്ട്, മനുഷ്യൻ എവിടേക്കു പോകുന്നുവോ, അവിടെ മരണവും നാശവും വിതച്ചിട്ടുണ്ട്. ഇത് പൂർണ്ണമായും ചിത്തരോഗം ബാധിച്ചവരുടെ ഒരു ലോകമായിരിക്കു

ന്നു. കാരണം, മനുഷ്യൻ പല കാരണങ്ങളാലും ചിത്തരോഗികളായിരിക്കുന്നു. ലോകമിന്ന് അധികമധികം നരകമായിക്കൊണ്ടിരിക്കുകയാണ്.

എന്താണതിന്റെ കാരണം? എല്ലാ വ്യക്തികളുടെയും ഉള്ളിൽ 'എന്റേത്, എന്റേത് എന്ന ബോധമാണ് നിലനിൽക്കുന്നത്. എന്റെ വീട്, എന്നൊരാൾ പറയുമ്പോൾ, യഥാർത്ഥത്തിൽ അയാൾ ബാലിശമായിട്ടാണ് അപ്രകാരം പറയുന്നത്. ഒരു ഹിന്ദു മുഹമ്മദിയനുമായി മതത്തിന്റെ പേരിൽ പോരടിക്കുമ്പോൾ അയാളുടെ പ്രവൃത്തി ബാലിശമാകുന്നു. അതുപോലെ തിരിച്ചും. അവരെന്താണ് ചെയ്യുന്നതെന്ന് അവരറിയുന്നില്ല. അവർ യഥാർത്ഥത്തിൽ പക്വതയുള്ളവരോ വളർന്നവരോ അല്ല. കുട്ടികൾ എപ്പോഴും തർക്കിച്ചുകൊണ്ടിരിക്കും. എന്റെ അച്ഛൻ ഏറ്റവും കേമനായ ഒരാണ്, മതമേലധ്യക്ഷന്മാരും ഇതുതന്നെ പറയുന്നു. എന്റെ മതമാണേറ്റവും വലുത്. ഓരാരാധനാലയം പൊളിച്ച് മറ്റൊന്ന് നിർമ്മിക്കുവാൻ പറയുന്നതിനും ഈ കുട്ടികളുടെ അഹംബോധം തന്നെയാണോ ഉള്ളത്? എല്ലാ യുദ്ധങ്ങളും വ്യക്തികളുടെ ഉള്ളിൽ നിന്നാരംഭിക്കുന്നത്. ഊർജ്ജത്തിന്റെ എഴുപത്തഞ്ചു ശതമാനവും യുദ്ധങ്ങൾക്കായി ചെലവഴിക്കുകയാണ്. കുടുതൽ ബോംബുകളുണ്ടാക്കാൻ മനുഷ്യന്റെ ജീവിത ലക്ഷ്യം തന്നെ ഈ യുദ്ധമാണെന്നു തോന്നിപ്പോകും.



ഭീകരവാദികൾ അമേരിക്കയിൽ നടത്തിയ അക്രമണത്തെ തുടർന്ന് യുദ്ധ വിരോധികളായ കുട്ടികളും സാധാരണക്കാരുൾപ്പെടെയുള്ള എത്രയോപേർ യുദ്ധം വേണ്ട എന്നു പറഞ്ഞുകൊണ്ട് അമേരിക്കൻ പ്രസിഡണ്ടിനു കത്തുകളയക്കുകയുണ്ടായി. പ്രസിഡണ്ടിന് ആരുടെയും ഉപദേശം ആവശ്യമില്ല. എന്നുപറഞ്ഞുകൊണ്ട് ആ കത്ത് മടങ്ങുകയായിരുന്നു.

എല്ലാ പഴയ മനുഷ്യനും ഇങ്ങനെയായിരിക്കും. അവർക്ക് മനുഷ്യരാശിയിലെ ഒരെളിയ അംഗത്തിൽ നിന്നു ഒന്നും കേൾക്കാനുള്ള വിശാലതയില്ല. അതുകൊണ്ടുതന്നെ അവർ സ്നേഹവും വിവേകവും മാറ്റിവെച്ച കമ്പ്യൂട്ടർപോലുള്ള ഒരു മനസ്സുമായി ജീവിക്കുന്നു.

യുദ്ധങ്ങളില്ലാത്ത ഭയരഹിതമായ ഒരാകാശത്തിനു ചുവട്ടിൽ സമാധാനത്തോടെ സ്നേഹത്തോടെ ജീവിക്കാൻ മനുഷ്യന് അവകാശമില്ലേ?

മനുഷ്യ വംശത്തിലുള്ള ക്രോധത്തിന്റെ ആകെ ഊർജ്ജം സ്നേഹത്തിന്റെ ഊർജ്ജമായി, സമാധാനത്തിന്റെ ഊർജ്ജമായി മാറുമ്പോൾ ഭൂമിയാകെ ഒരു യഥാർത്ഥ സ്വർഗ്ഗമായി മാറുന്നു.

വ്യക്തി ജീവിതത്തിൽ കോപത്തിൽ നിന്നും ഹിംസയിൽനിന്നും മുക്തരായി ജീവിക്കുമ്പോൾ യുദ്ധമുക്തമായ ഒരു ലോകത്തിനു വേണ്ടി നാം സൂക്ഷ്മതലത്തിൽ പങ്കാളികളാവുകയാണ്...

യുഗങ്ങളായി മനുഷ്യൻ താലോലിച്ച മനോഹരമായ വികാരങ്ങളെയാണ് അണുബോംബ് നശിപ്പിച്ചത്. കൈക്കരുത്തിന്റെ നിയമമല്ലാതെ മറ്റൊന്നും യുദ്ധത്തിലില്ല. അക്രമത്തെ ആക്രമംകൊണ്ട് നേരിടാനാവില്ല. ബോംബ് ദൂരത്തെ മറ്റൊരു ബോംബ് കൊണ്ടില്ലാതാക്കാനാവില്ല. മനുഷ്യരാശിയുടെ മോചനം അക്രമരാഹിത്യത്തിലൂടെ മാത്രമായിരിക്കും.

-മഹാത്മാഗാന്ധി



# Humanity the Spirit of Life



Priyanka Bhaskaran
Ist Maths.



Why human beings are given the name so because they are the only creatures in the world where the concept of humanity works. But w--hat is happening now? Where does humanity vanished? Where we can witness brotherhood? There fourth of the people wont answer for such questions because they don't know what are the humanitarian concepts. Rest of the people will answer because they know what is humanity and they have it.

Humanity is the true spirit of life or existence being a social animal we should enter in to the problems of the society and we should try our level best to solve which problems. We must always have a voice to speak against the evil practices that is existing in the society. Education will help us to gain this voice to a greater extent.

Human beings have become so selfish that he is enclosed within a boundary. That is they don't think beyond their family. To get good education and job to marry and live happily there after are only the aims of such persons. They are not ready to enter into the society. They don't care for other. Others live or died, it doesn't matter to them. Their concern is only about their program. When they come to see a person in trouble they just ignore them. When that problem comes to them then only they will understand its consequence.

We can not blasé that everyone are like this. Still there lies a spark of hope that at least some part of the society values humanity. According to them everyone are equal. They don't tart others on the basis of caste, colour, sex, or religion. They value virtue and their aim the complete progress of the nation through destruction of social discrimination. They always lend a helping hand towards those who has nothing or none to support. Their views and ideas are not narrow they are very wide. They always stand on the side of truth and justice and are always ready to speak against injustice.

Being the youth of is our responsibility to spread the fragrance of brotherhood and create a world with a better .............so that everyone will gave virtues and there will be peace every where.

# കലാലയ രാഷ്ട്രീയം





സീനിയമോൾ
മൂന്നാം വർഷ കമ്പ്യൂട്ടർ സയൻസ്

കലാലയ രാഷ്ട്രീയം എന്ന പ്രശ്നം കേരളത്തിൽ ഏറെ വിവാദം സൃഷ്ടിക്കുന്ന ഒന്നാണ്. രാഷ്ട്രീയ ബോധം കലാലയങ്ങളെ എങ്ങനെ ബാധിക്കും എന്നതിനെപ്പറ്റി വിഭിന്നങ്ങളായ അഭിപ്രായങ്ങൾ നിലവിലിരിക്കുന്നു. നേട്ടങ്ങളുടെയും കോട്ടങ്ങളുടെയും പട്ടിക ഇരുപക്ഷക്കാർക്കും നിരത്തിവയ്ക്കാനുണ്ട്. ഈ വിഷയത്തിന്റെ നാനാവശങ്ങളെപ്പറ്റി പരിശോധിക്കുമ്പോൾ എന്തൊക്കെയാണ് സാധാരണ ഒരു വ്യക്തിക്ക് അനുഭവപ്പെടുന്നത് അതാണ് പ്രസക്തം.

രാഷ്ട്രീയം എന്നാൽ രാഷ്ട്രത്തെ സംബന്ധിക്കുന്നത് എന്നർത്ഥം. ഈ അർത്ഥത്തിൽ രാഷ്ട്രീയ ബോധം വിദ്യാർത്ഥികളിൽ പ്രീപ്രൈമറി ഘട്ടം മുതൽ ആരംഭിക്കണം. എന്നാൽ ഇവിടെ രാഷ്ട്രീയം എന്നതുകൊണ്ട് പൊളിറ്റിക്സ് എന്ന അർത്ഥമാണ് നാം വിവക്ഷിക്കുന്നത്. പൊതുവിദ്യാഭ്യാസ ഘട്ടത്തിൽ രാഷ്ട്രീയ വിശ്വാസം പ്രവർത്തനവും എത്രകണ്ട് ഉപയോഗപ്പെടും എന്നത് ചിന്തിക്കേണ്ടകാര്യമാണ്.



സ്വാതന്ത്ര്യ സമര ഘട്ടത്തിൽ വിദ്യാർത്ഥി ജനതയിൽ രാഷ്ട്രീയ ബോധം തിളച്ചുമറിച്ചു. നമ്മുടെ സ്വാതന്ത്ര്യ സമരത്തിന് അത് ശക്തി പകർന്നിട്ടുണ്ട്. ഈ അനുഭവം സ്വാതന്ത്ര്യാനന്തര ഘട്ടത്തിൽ നാം ശരിക്കും മുതലെടുത്തു. സാമൂഹിക സമരങ്ങളെക്കാൾ വിദ്യാർത്ഥി പ്രക്ഷോഭങ്ങൾക്ക് ശക്തിയും മൂർച്ചയുമുണ്ടായി. രാജ്യം ഭരിച്ചവരും സാമൂഹിക തിന്മകളെ അധരവ്യായാമംകൊണ്ട് എതിർത്തവരുമായ നേതാക്കൻമാർക്ക് വിദ്യാർത്ഥി പ്രക്ഷോഭങ്ങൾ വളരെ ഹിതകരമായി തോന്നിയിട്ടുണ്ട്. പക്ഷെ അവ നിയന്ത്രണാതീതമായി. സിംഹാസനങ്ങളെ മറിച്ചിടാൻ പര്യാപ്തമാണെന്നുവന്നപ്പോൾ മാത്രമേ എതിർചിന്തകൾ ഉയർന്നുവന്നിട്ടുള്ളൂ.

പതിനെട്ടുവയസുതികഞ്ഞവർക്ക് വോട്ടവകാശം ഉള്ള ഇന്ത്യയിൽ കലാലയ രാഷ്ട്രീയത്തിന്റെ പ്രാധാന്യം വലുതല്ലേ? എന്നത് ചിന്തിക്കേണ്ടകാര്യം തന്നെ. രാഷ്ട്രീയബോധം കലാലയത്തിൽവച്ചുണ്ടാകുന്നത് ആസന്നഭാവിയിൽ പൗരാവകാശം ഉപയോഗപ്പെടുത്തുന്നതിന് മെച്ചപ്പെട്ട ഫലങ്ങൾ ചെയ്യും. വിദ്യാർത്ഥികൾ സമൂഹത്തിന്റെ എല്ലാ അംശങ്ങളിലും ഭാഗഭാക്കാകണം.



രാജ്യത്തെപറ്റിയും ഭരണത്തെപ്പറ്റിയും സാമ്പത്തിക നയങ്ങളെപറ്റിയും ശരിയായ ബോധം ഉണ്ടാക്കുവാൻ രാഷ്ട്രീയ പ്രവർത്തനം ഉപകരിക്കും.

ജനാധിപത്യബോധവും അതിന്റെ പ്രയോഗവും മെച്ചപ്പെട്ട രീതിയിൽ വ്യക്തികളിൽ വളർന്നു വരുവാൻ രാഷ്ട്രീയ ബോധം കലാലയത്തിൽവെച്ചു തന്നെ ഉണ്ടാവണം എന്നതാണ് മറ്റൊരുകാര്യം.

സാമൂഹിക തിന്മകളെ കൂട്ടായി എതിർക്കുന്നതിനുള്ള സംഘടനാബോധം രാഷ്ട്രീയ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികൾക്കു ലഭിക്കുന്നു. നേതൃത്വ പരിശീലനം സ്വാതന്ത്ര്യബോധം, സാമൂഹികബോധം എന്നിവ രാഷ്ട്രീയ പ്രവർത്തനങ്ങളുടെ ഭാഗമായി രൂപപ്പെടുന്നു. പ്രശ്നങ്ങളേയും പ്രതിബന്ധങ്ങളെയും ധീരതയോടെ നേരിടുവാനും വെല്ലുവിളികളെ നേരിട്ട് ജീവിതം ആത്മവിശ്വാസപൂർണ്ണമാക്കുവാനും താൻ വസിക്കുന്ന രാജ്യത്തിന്റെ ഘടനയും വ്യവസ്ഥയും മനസ്സിലാക്കി വേണ്ടപോലെ പ്രവർത്തിക്കുവാനുമുള്ള കഴിവ് കലാലയ രാഷ്ട്രീയംകൊണ്ട് ഉണ്ടാകുന്നു.

എന്നാൽ കലാലയ രാഷ്ട്രീയ ം ഇന്നത്തെ നിലയിൽ അരങ്ങേറുമ്പോൾ പല പാകപ്പിഴകളും സംഭവിക്കുന്നു എന്ന് ബുദ്ധിജീവികൾ ചൂണ്ടിക്കാട്ടുന്നു.

രാഷ്ട്രീയം വിദ്യാർത്ഥികളിൽ കടന്നുകൂടുന്നത് ദോഷമല്ല. മറിച്ച് കുട്ടികളിൽ കുത്തിനിറയ്ക്കുന്ന രാഷ്ട്രീയം വികലമാണെന്നുള്ളതാണ് സാമൂഹിക തിന്മകൾക്കെതിരെയാവണം എപ്പോഴും രാഷ്ട്രീയ വിശ്വാസം നിലനിൽക്കേണ്ടത്.

നമുക്ക് രാഷ്ട്രീയ പ്രവർത്തനങ്ങളെ സ്വാഗതം ചെയ്യാം....സാമൂഹിക തിന്മയ്ക്കെതിരെ പ്രവർത്തിക്കാം..

Hareendran .N

Ph: 0490-2493145
Mob: 9447936037



PRATHIBA
BUILDING DESIGNERS
ENGINEERS & CONTRACTORS
Opp. Karunya Hospital
Main Road, IRITTY - 670 703

We Undertake : PLAN, ESTIMATE, SUPERVISION, CONTRACT , AMONIUM PRINT Etc.



# ഇന്ത്യൻ ടീം ഏതു രാജ്യത്തിന്റേത്



നിറ്റോ കെ. ആന്റണി
രണ്ടാം വർഷ ഗണിതം

സുനിൽ ഛേത്രിയുടെ പാസ് സ്വീകരിച്ച് ബൈചുംഗ് ബൂട്ടിയ വലയിലേക്ക് ഷൂട്ട് ചെയ്യുന്നു. ഗോളിയെയും മറികടന്ന് പന്ത് വലയിൽ. ആ ഗോളിന് ഇന്ത്യ കളി ജയിക്കുന്നു.. അങ്ങനെ ഇന്ത്യ ലോക കപ്പ് ഫുട്ബോൾ ചാമ്പ്യൻമാരായി. ഇങ്ങനെയൊരു വാർത്ത വായിക്കാനോ കേൾക്കാനോ നമുക്കോ നമ്മുടെ വരും തലമുറക്കോ ഭാഗ്യമുണ്ടാകുമോ, യോഗമുണ്ടാകുമോ? ഉണ്ടാകും, നമ്മൾ ആതിഥേയത്വം വഹിക്കണം. എന്നാൽ ഇന്ത്യക്കും ലോകകപ്പിൽ കളിക്കാം. അതും നടക്കുമെന്ന് പ്രതീക്ഷമാത്രം. സ്വഭിപ്രായം പറഞ്ഞാൽ അത് നടക്കില്ല. നേരാംവണ്ണം ദേശീയ ഗെയിംസ് പോലും നടത്താൻ കഴിയാത്ത ഭരണകൂടങ്ങൾ, അധികാര സ്ഥാനങ്ങൾക്കുവേണ്ടി നഴ്സറികുട്ടികളെപ്പോലും നാണിപ്പിക്കുന്ന തരത്തിൽ കലപിലകൂട്ടുന്ന അധികാരികളും ആ ഒരു സാധ്യത പോലും ഇല്ലാതാക്കും.

ബ്രസീൽ ഫുട്ബോളിലൂടെ സാംബാ നൃത്തത്തിന്റെ താളവും കാവ്യനീതിയും കാണിക്കുമ്പോൾ അർജന്റീനയ്ക്ക് ഫുട്ബോൾ പട്ടിണിമറക്കാനുള്ള ഉപാധിയാണ്. സ്പെയിൻ ഫുട്ബോളിന്റെ സൗന്ദര്യം കാണിക്കുമ്പോൾ ഇന്ത്യ ഫുട്ബോൾ ഇങ്ങനെയും കളിക്കാമെന്ന് കാണിച്ചുതരുന്നു. നമ്മൾ ഓരോരുത്തരും ബ്രസീലിനും അർജന്റീനയ്ക്കും സ്പെയിനിനും വേണ്ടി ജയ് വിളിക്കുന്നു... ഫ്ളക്സുകൾ ഉയർത്തുന്നു. ഒരു ഗതികേടേ... ബ്രസീൽ ഒരു കളി ജയിച്ചാൽ ലഡുവിതരണവും മറ്റുമായി ആഘോഷിക്കുന്ന ഇന്ത്യക്കാർ. അർജന്റീനയ്ക്കായ് ജീവിതം സമർപ്പിച്ച അരീക്കോടിലെ ഫുട്ബോൾ പ്രേമികൾ ഇവരിലാരെങ്കിലും തോറ്റാൽ ഒരു ദുരന്തം സംഭവിച്ചേക്കാം. അതു ചിലപ്പോൾ ഒരു വ്യക്തിക്കുമാത്രമായിരിക്കാം അല്ലെങ്കിൽ ഒരു കൂട്ടം വ്യക്തികൾക്കുമാവാം.

അർജന്റീന ജയിച്ചപ്പോൾ ആത്മഹത്യ ചെയ്ത ബ്രസീലിന്റെ ആരാധകൻ നമുക്കൊരു തീരാവേദനയാണ്. ഇങ്ങനെ ആർക്കോ വേണ്ടി ജയ് വിളിക്കാതെ നമുക്കുവേണ്ടി ജയ് വിളിക്കാൻ എന്തൊക്കെ ചെയ്യണം? വെറുതെയിരുന്ന് ടി.വി. ചാനലുകളിലും പത്രക്കോളങ്ങളിലും വീമ്പിളക്കിയതുകൊണ്ട് കാര്യമില്ല. അതിനുവേണ്ടി പ്രവർത്തിക്കണം. ഇതുപറയുമ്പോൾ, എനിക്ക് കിട്ടിയ ഒരു മെസ്സേജിലെ ആശയമാണ് ഓർമ്മവരുന്നത്. '2020 ലോകകപ്പിൽ ഇന്ത്യ കളിക്കുമെന്ന് മന്ത്രി വിജയകുമാർ പറയുന്നു. അപ്പോൾ ടിന്റുമോൻ എന്നാൽ ആ ടീമിന്റെ കോച്ച് ഞാനായിരിക്കുമെന്നു' പറയുന്നു. ഇതാണാശയം. 2020ൽ വേൾഡ്കപ്പ് ഇല്ല എന്ന് പോലും അറിയാത്ത മന്ത്രിമാരും അധികാരികളും ഉള്ളപ്പോൾ നമ്മുടെ സ്വപ്നം എത്രത്തോളം നടക്കും?



യൂറോപ്പിലും ലാറ്റിനമേരിക്കയിലും ജനിച്ചുവീഴുന്ന കുട്ടികൾക്കുപോലും ഫുട്ബോൾപരിശീലനം ലഭിക്കുമ്പോൾ നമ്മുടെ കുട്ടികൾക്ക് ഇതൊന്നും സാധ്യമല്ല. വിഷൻ-2010, വിഷൻ 2020 എന്നൊക്കെ പറഞ്ഞ് ഓരോ പദ്ധതികൾ കൊണ്ടുവരുന്നു... അതൊന്നും തുടർന്നുകൊണ്ടുപോകാൻ നമുക്കാവുന്നില്ല. അതു നടത്തേണ്ട ആളുകൾ അതിലൂടെ വികസിപ്പിക്കുന്നത് ഫുട്ബോളിനെയല്ല മറിച്ച് സ്വന്തം കീശകളെയാണ്. ഇന്ത്യയിലെ പ്രധാന ടൂർണമെന്റുകൾ പോലും മുറപോലെ നടത്താൻ കഴിയാത്ത അധികാരവർഗ്ഗം ഈ അവസ്ഥയുടെ പ്രധാന കാരണമാണ്.

ഇനി നമുക്ക് ഇന്ത്യയുടെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് ചിന്തിക്കാം. നടത്താൻ കഴിയാതെ മുടങ്ങിപ്പോയ നെഹ്റുകപ്പ് പുനരാരംഭിക്കുകയും രണ്ട് വർഷവും ഇന്ത്യയെക്കാൾ മുൻപന്തിയിലുള്ള രാജ്യങ്ങളെ തോൽപ്പിച്ച് കിരീടം നേടിയതും അഭിമാനാർഹമായ കാര്യമാണ്. ഇതിനൊക്കെ പുറമെ എ.എഫ്.സി. (ഏഷ്യൻ ഫുട്ബോൾ കോൺഫിഡറേഷൻ)യുടെ യൂത്ത് ചാമ്പ്യൻഷിപ്പിൽ ചാമ്പ്യൻമാരായതും കോഴിക്കോട്ടെ സെപ്റ്റ് ടീമിന്റെ ജൈത്രയാത്രയും പ്രതീക്ഷാർഹമായ കാര്യമാണ്. 126-ാം റാങ്കിലുള്ള ഉത്തരകൊറിയ ലോകകപ്പ് കളിച്ചെങ്കിൽ എന്തുകൊണ്ട് ഇന്ത്യക്കും ലോകകപ്പിൽ പന്ത് തട്ടിക്കൂടാ...?

ചിട്ടയായ പരിശീലനവും സംഘാടനവും ഉണ്ടെങ്കിൽ നമുക്കും നടക്കും. ഇപ്പോൾ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും മറ്റും ഊർജ്ജസ്വലതയോടും ഉത്തരവാദിത്തത്തോടുംകൂടി മുന്നോട്ടുകൊണ്ടുപോയാൽ നമുക്കും നമ്മുടെ അഭിലാഷം നിറവേറ്റാം

# College Union & Arts Club Inauguration





Rajmohan Unnithan









Ashima Manoj
Munch Starsinger
















## Arts Day



## Sports Day








# College Day





# കാശിട്ട് കാശുവാരുന്നവർ



ഇത് മത്സരയുഗമാണ്. എല്ലാവരും വിജയസോപാനത്തിലേക്ക് കുതിച്ചുനീങ്ങുകയാണ്. അതിനിടെ കാലിടറി വീണുപോകുന്നവർ. നേടുന്നവരും നഷ്ടപ്പെടുന്നവരും. നേടുന്നവർ വളരെ ചുരുക്കം. നഷ്ടപ്പെടുന്നവരോ അതിലേറെയും. ഏതാണ് ആ പോരാട്ട വീഥി?

അതാണ് 'ഓഹരി വിപണി' കണ്ണടച്ചു തുറക്കുന്ന വേഗത്തിൽ ആയിരങ്ങളുടെ ഉടമയെ ലക്ഷപ്രഭുവോ, കോടീശ്വരനോ ആക്കിമാറ്റുന്ന, കോടീശ്വരനെ ആത്മഹത്യാ മുനമ്പിലെത്തിക്കുന്ന, ഓഹരി വിപണി. അപകടം പതിയിരിക്കുന്നുണ്ടെങ്കിൽപോലും ഓഹരിവിപണി ഇന്നൊരു പ്രധാന നിക്ഷേപ മാർഗമായി മാറിയിരിക്കുന്നു. വലിയ നേട്ടത്തിനുവേണ്ടി ചെറിയ സാഹസങ്ങൾക്കു മടിക്കാത്തവരുടെ എണ്ണംകൂടി വരുന്നതാകാം ഇതിനൊരു കാരണം.

16-ാം നൂറ്റാണ്ടിന്റെ തുടക്കം. അക്കാലത്ത് ഇന്ത്യയിൽ നിന്ന് കുരുമുളകും മറ്റു സുഗന്ധ ദ്രവ്യങ്ങളും യൂറോപ്പിലേക്ക് എത്തിച്ചിരുന്നത് ഡച്ചുകാരായ കച്ചവടക്കാരായിരുന്നു. ഒരിക്കൽ അവർ കുരുമുളകിന്റെ വില പെട്ടന്നു കൂട്ടി ലണ്ടനിലെ ഒരുപറ്റം കച്ചവടക്കാർക്ക് ഈ വിലക്കയറ്റം അത്ര ഇഷ്ടപ്പെട്ടില്ല. അവരിൽ ചിലർ ചേർന്ന് ഒരു കമ്പനി രൂപീകരിച്ചു. ഇന്ത്യയുമായി വ്യാപാരം നടത്തുകയായിരുന്നു കമ്പനിയുടെ ലക്ഷ്യം. അതിന്റെ പ്രവർത്തനത്തിന് അവർ 125 പേരിൽ നിന്ന് പണം സ്വീകരിച്ച് ഓഹരികൾ തുടങ്ങി പിന്നീട് ലോകത്തിന്റെ ചരിത്രം തന്നെ മാറ്റിമറിച്ചു. ഏതായിരുന്നു ആ കമ്പനിയെന്നോ? ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ ട്രേഡിംഗ് കമ്പനി.

1600 കളുടെ ആദ്യകാലത്ത് ഡച്ചുകമ്പനികൾക്കും ഇതുപോലൊരു ഓഹരിയുടമകൾ ഉണ്ടായിരുന്നു. ലാഭവിഹിതമായിരുന്നു അക്കാലത്തെ ആളുകളെ ഓഹരി വാങ്ങാൻ പ്രേരിപ്പിച്ചത്. പിന്നീട് ആളുകൾ കൂടുതൽ ലാഭവിഹിതമുള്ളഓഹരികൾ അതിന്റെ യഥാർത്ഥ വിലയേക്കാൾ കൂടുതൽ തുകയ്ക്ക് മറ്റുള്ളവർക്ക് കൈമാറാൻ തുടങ്ങി. അങ്ങനെ കമ്പനിയുടെ ലാഭം കൂടുന്നതിനനുസരിച്ച് അവയുടെ ഓഹരികൾക്കും പ്രിയമേറിവന്നു. 12-ാം നൂറ്റാണ്ടുമുതൽ ഫ്രാൻസിൽ ഇത്തരം ഓഹരി ഇടപാടുകൾ ഉണ്ടായിരുന്നതായി പല ചരിത്ര പുസ്തകങ്ങളിലും സൂചനകൾ ഉണ്ട്. ഇത്തരം കച്ചവടകേന്ദ്രങ്ങൾ 'ബൂർസ്' എന്നാണ് അറിയപ്പെട്ടിരുന്നത്. 13-ാംനൂറ്റാണ്ടിൽ വെനീസിലെ ബാങ്ക് ഉടമകൾ സർക്കാരിനുവേണ്ടി ഇത്തരത്തിൽ പണം ശേഖരിച്ചിരുന്നു. നിശ്ചിത കാലത്തേക്ക് പണം നിക്ഷേപിച്ചാൽ കിട്ടുന്ന ലാഭത്തിന്റെ വിഹിതം വാഗ്ദാനം ചെയ്യുന്ന ഒരു കരാറാണ് പണത്തിനുപകരമായി നൽകിയത്. കാലാവധിക്ക് മുമ്പ് പണം വേണമെങ്കിൽ ഈ കടപ്പത്രംമറ്റൊരാൾക്കു വിൽക്കാനുള്ളസൗകര്യവും ഉണ്ടായിരുന്നു.

1602ൽ ആംസ്റ്റർഡാമിലെ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഡച്ച് ഈസ്റ്റിൻഡ്യാ കമ്പനിയുടെ ഓഹരികൾ വിൽപ്പനക്കെത്തി. ഒരു കമ്പനി ആദ്യമായി ഓഹരികൾ വിൽക്കുന്ന ഏർപ്പാട് തുടങ്ങിയത് ഇതായിരുന്നു. വളർച്ചയ്ക്കുവേണ്ടി പണം നേടാനാണ് ഓഹരികൾ വിറ്റത്. ഇങ്ങനെയാണ് ഓഹരി വിഹണി നിലവിൽ വന്നത്. വൈകാതെ ഓഹരി വിപണികൾ ലോകമെങ്ങും പ്രചാരത്തിൽ വന്നു. ലോക മഹായുദ്ധങ്ങളും സാമ്പത്തിക ഞെരുക്കങ്ങളുമെല്ലാം പല തവണ തളർത്തിയെങ്കിലും വിപണി വളർന്നുകൊ

ണ്ടായിരുന്നു.

ഏറെ അനിശ്ചിതത്വം നിറഞ്ഞതാണെങ്കിലും ഓഹരി വിപണിയിലൂടെ പ്രശസ്തരും സമ്പന്നരുമായ നിരവധിയാളുകളുണ്ട്. അവരിൽ പലരും തങ്ങളുടെ ഓഹരിസിദ്ധാന്തങ്ങളിലൂടെ പിന്നിടുവന്ന ഓഹരികച്ചവടക്കാരെ ആവേശംകൊള്ളിച്ചിട്ടുണ്ട്. ലോകത്തിലെ ഏറ്റവും വിലയ നിക്ഷേപകനെന്ന ഖ്യാതി പേറുന്ന അമേരിക്കയിലെ വാറൻ ബഫെറ്റാണ് അവരിൽ പ്രധാനി. തന്റേതായ നിക്ഷേപ തന്ത്രങ്ങളിലൂടെ സമ്പന്നനായ ബഫറ്റ് 2010 മാർച്ചിൽ ഫോബ്സ് മാസിക പുറത്തുവിട്ട അതിസമ്പന്നരുടെ പട്ടികയിൽ മൂന്നാം സ്ഥാനത്താണ്.

അമേരിക്കയിലെ ഒമാഹയിൽ ജനിച്ച അദ്ദേഹത്തെ ഓമാഹയിലെ മാന്ത്രികൻ എന്നാണു വിശേഷിപ്പിക്കുന്നത്. വ്യവസായവും രാഷ്ട്രീയവും കൈമുതലായ കുടുംബത്തിലാണ് ബഫറ്റിന്റെ ജനനം. ചെറുപ്പത്തിലേ പണം സമ്പാദിക്കാനും അത് ബുദ്ധിപൂർവ്വം നിക്ഷേപിക്കാനും ഒരു പ്രത്യേക വാസന തന്നെ ബഫറ്റിനുണ്ടായിരുന്നു. ചെറുപ്രായത്തിൽതന്നെ സ്വന്തമായി അധ്വാനിച്ച് അദ്ദേഹം പണം നേടിയിരുന്നു. ച്യൂയിംഗം, കൊക്കക്കോള, വർത്തമാന പത്രം എന്നിവ വിൽക്കുകയായിരുന്നു ബഫറ്റിന്റെ അക്കാലത്തെ പ്രധാന പരിപാടി. മുത്തച്ഛന്റെ കടയിൽ സഹായിയായി നിന്നും ബഫറ്റ് പണം സമ്പാദിച്ചിരുന്നു. ഒരു നിമിഷം പോലും ബഫറ്റ് വെറുതെയിരുന്നില്ല എന്ന ചുരുക്കം.



പതിനാലാം വയസ്സിൽബഫറ്റ് തന്റെ ആദ്യത്തെ ആദായ നികുതി റിട്ടേൺ ഫയൽ ചെയ്തു. ജീവിതം മുഴുവൻ സമ്പാദ്യത്തിനും നിക്ഷേപത്തിനും പ്രാധാന്യം നൽകിയ അദ്ദേഹത്തിന്റെ ഇപ്പോഴത്തെ ആസ്തി 2.35 ലക്ഷം കോടി രൂപയാണ്. ചെറുപ്പം മുതൽ കൈമുതലായ നിക്ഷേപ ശീലമാണ് അദ്ദേഹത്തെ അതിനു സഹായിച്ചത്. ഓഹരി നിക്ഷേപ സ്ഥാപനമായ ബർക്ക്ഷെർ ഹാത്വെയുടെ ചെയർമാനായ ബഫറ്റിന്റെ ആസ്തി 2007ൽ 1000 കോടി ഡോളർ (48000 കോടി രൂപ) മാത്രമായിരുന്നു. തകർച്ചയുടെ വക്കിലായിരുന്ന ടെക്സ്റ്റൈൽ കമ്പനിയായ ബർക്ക്ഷെറിനെ 1965ലാണു ബഫറ്റ് ഏറ്റെടുത്തത്. ഇന്ന് അമ്പതോളം സബ്സിഡിയറികളുടെ ഹോൾഡിംഗ് കമ്പനിയാണിത്. അമേരിക്കയിലാരംഭിച്ച സബ്പ്രൈം ക്രൈസിസ് ലോകവിപണിയെ കാർന്നു തിന്ന കാലഘട്ടത്തിൽ (2008-09)തകർച്ചയെ അഭിമുഖീകരിച്ച യു.എസ്. ഇൻവെസ്റ്റ്മെന്റ് ബാങ്കുകളിൽപെടുന്ന ഗോൾഡ്മാൻ സാക്സിൽ 500കോടി ഡോളറിന്റെ നിക്ഷേപം പ്രഖ്യാപിച്ചു മണിക്കൂറുകൾക്കുള്ളിൽ വാൾ സ്ട്രീറ്റിലെ ശതകോടീശ്വരനായ വാറൻ ബഫറ്റ് 78.30 കോടി ഡോളർ (ഏതാണ്ട് 3621 കോടി രൂപ) ലാഭമുണ്ടാക്കിയിട്ടുണ്ടെന്നാണു ദ ടൈംസ് ദിനപ്പത്രം റിപ്പോർട്ട് ചെയ്തത്.

ഗോൾഡ്മാൻ സാക്സിൽ വൻ നിക്ഷേപത്തിനൊരുങ്ങിയ ബഫറ്റിന്റെ നീക്കത്തെ യു.എസ്. സാമ്പത്തിക പ്രതിസന്ധിയിലെ വഴിത്തിരിവായി ഭാവിയിൽ വിലയിരിത്തിയേക്കാമെന്നും ദ ടൈംസ് പ്രവചിച്ചു.

സ്റ്റോക്ക് മാർക്കറ്റുകളിൽ പണം നിക്ഷേപിച്ച് ലാഭമുണ്ടാക്കുക മാത്രമല്ല, ബഫറ്റിന്റെ രീതി. ദീനദയാലുവായ അദ്ദേഹം തന്റെ സമ്പാദ്യത്തിന്റെ നല്ലൊരു പങ്കും പാവങ്ങളെ സഹായിക്കാനും മറ്റുമുള്ള പരോപകാര പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നു. മൈക്രോസോഫ്റ്റ് കമ്പനി ഉടമസ്ഥൻ ബിൽഗേറ്റ്സും ഭാര്യ മെലിൻഡയും ചേർന്നു രൂപീകരിച്ച സന്നദ്ധസംഘടനയായ 'ദ ബിൽ ആൻഡ് മെലിൻസ് ഗേറ്റ്സ് ഫൗണ്ടേഷന്' തന്റെ സമ്പാദ്യത്തിന്റെ 85 ശതമാനവും നൽകുമെന്നാണ് ബഫറ്റിന്റെ വാഗ്ദാനം. ബഫറ്റ് പ്രധാനമായും പിന്തുടരുന്ന രണ്ടുനിയമങ്ങളുണ്ട്. 'പണം നഷ്ടപ്പെടുത്തുകയില്ല എന്നതാണ് ഒന്നാമത്തെ നിയമ. ഒന്നാമത്തെ നിയമം മറക്കുകയില്ല എന്നതാണ് രണ്ടാമത്തെ നിയമം.'

വാറൻ ബഫറ്റിന്റെ ഇന്ത്യൻ പതിപ്പാണ് രാകേഷ് ജുൻജുൻവാല എന്ന നിക്ഷേപകൻ. നിക്ഷേപത്തിലൂടെ മാത്രം കോടീശ്വരനായ വ്യക്തിയാണ് അദ്ദേഹം തന്റെ വിദ്യാഭ്യാസകാലം മുതൽതന്നെ അദ്ദേഹം തന്റെ സമ്പാദ്യശീലവും നിക്ഷേപശീലവും തുടങ്ങിയിരുന്നു. ഓഹരിവിപണിയുമായി ബന്ധപ്പെട്ട റെയർ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ഉടമയായ

രാകേഷ് ഇന്ന് അറിയപ്പെടുന്ന ഓഹരി നിക്ഷേപകനാണ്. 1983ൽ ചെറിയ സമ്പാദ്യമവുമായി ഓഹരി വിപണിയിലെത്തിയ രാകേഷ് 2007ൽഇന്ത്യയിലെ ഏറ്റവും വലിയ ധനവാൻന്മാരുടെ പട്ടികയിലെ 51ാമനായിരുന്നു.

ലോകത്തെ എക്കാലത്തെയും വിദഗ്ധ ഓഹരി നിക്ഷേപകരിൽ ഒരാളായിരുന്നു സർ ജോൺ ടെംപിൾട്ടൺ. രണ്ടാം ലോക മഹായുദ്ധം നടക്കുന്ന കാലം. അദ്ദേഹം തന്റെ ഓഹരി ബ്രോക്കർക്ക് ഒരു നിർദേശം നൽകി ഒരു ഡോളറിൽ കുറഞ്ഞ വിലയുള്ള ഓഹരികളെല്ലാം ഓരോന്നു വാങ്ങുക. മൊത്തം നൂറു ഡോളറായിരുന്നു. അങ്ങനെ അദ്ദേഹം നിക്ഷേപിച്ചത്. കുറേക്കാലം അദ്ദേഹം ഈ ഓഹരികൾ സൂക്ഷിച്ചുവെച്ചു ഇവ അദ്ദേഹത്തിനു വൻ ലാഭം നേടിക്കൊടുത്തു. ആരും വാങ്ങാത്ത ഓഹരികൾവാങ്ങി സൂക്ഷിച്ച് ലാഭമുണ്ടാക്കുന്നതിൽ വിദഗ്ധനായിരുന്നു ഇദ്ദേഹം. ഓഹരിവിപണിയിലൂടെ നേട്ടംകൊയ്ത മറ്റൊരു നിക്ഷേപകനാണ് ഫിലിപ്പ് ഫിഷർ 40 വർഷങ്ങൾക്കുമുമ്പ് ഫിഷർ അവതരിപ്പിച്ച നിക്ഷേപ തത്വങ്ങൾ ഇപ്പോഴും ആളുകൾ പിന്തുടരുന്നു. അതാണ് ഫിഷറിന്റെ മഹത്വം. 1928ലാണ് ഇദ്ദേഹം ഓഹരി വിപണിയെത്തുന്നത്. തുടർന്നുണ്ടായ വൻ തകർച്ച വിപണിയിലെ അടിസ്ഥാനങ്ങൾ മനസ്സിലാക്കാൻ അദ്ദേഹത്തെ സഹായിച്ചു.



ഓഹരികളുടെ വിലയെ സ്വാധീനിക്കുന്ന എണ്ണിയാൽ തീരാത്ത കാരണങ്ങളുണ്ട്. ഇത്തരം കാരണങ്ങൾ മനസ്സിലാക്കി തന്ത്രപരമായി നിക്ഷേപം നടത്തുന്നവനേ ഓഹരി വിപണിയിൽ പിടിച്ചുനിൽക്കുവാൻ കഴിയൂ. വാറൻ ബഫറ്റിനെയും രാകേഷ് ജുൻജുൻവാലയെയും പോലെ. ശരിക്കും കാശിട്ടു കാശുവാരുന്നവർ. ഓഹരി വിപണിയെക്കുറിച്ചു കൂടുതൽ അറിയാതെ പെട്ടെന്നു പണം സമ്പാദിക്കാമെന്ന മോഹത്തോടെ മുന്നും പിന്നും നോക്കാതെ എടുത്തുചാടി നിക്ഷേപം നടത്തുന്ന സാധാരണ നിക്ഷേപകരുടെ എണ്ണം കൂടിവരികയാണ്. ഓഹരി വിപണിയിലെ തകർച്ച ഏറ്റവും കൂടുതൽ ബാധിക്കുന്നതും സാധാരണക്കാരായ നിക്ഷേപകന്റെ ജീവിതത്തെയാണ്. ലക്ഷക്കോടി വർധിച്ച് ഊഹക്കച്ചവടത്തിനിറങ്ങിയവരാണു തകർച്ച നേരിട്ടവരിൽ കൂടുതലും. ആത്മഹത്യയുടെ വക്കിലെത്തിയവരും ഇവരിലുണ്ട്. സമ്പാദ്യത്തിന്റെ ഒരു ഭാഗം മാത്രം വ്യക്തമായ കാഴ്ചപ്പാടോടെ ഓഹരിവിപണിയിൽ നിക്ഷേപിക്കുന്നവർക്കു മാത്രമേ പ്രതീക്ഷയ്ക്കു വകയുള്ളൂ. ചുരുക്കിപ്പറഞ്ഞാൽ ഓഹരിവിപണി സാധാരണക്കാർക്കു കളിക്കാനുള്ളതല്ല. വർഷം 50000 രൂപ സമ്പാദ്യമുണ്ട്. എന്നാൽ അതുകൊണ്ട് കുറേ ഷെയർ വാങ്ങിയേക്കാം. വില കൂടുമ്പോൾ വിറ്റുലാഭമുണ്ടാക്കാം എന്ന ലൈനും കൊണ്ടുനടന്നാൽ ബുദ്ധിമുട്ടേണ്ടിവന്നേക്കാം. വീടുപോലെ പല അത്യാവശ്യങ്ങളും നടത്തിക്കഴിഞ്ഞു, പിന്നെയും കാശുണ്ടെങ്കിലേ ഇതിലേക്കിറങ്ങാവൂ... സാധാരണക്കാർ എസ്.ഐ.പിയേ നടത്താവൂ. അതായത് സിസ്റ്റമാറ്റിക് ഇൻവെസ്റ്റ്മെന്റ് പ്ലാൻ. മാസം 1000-2000 രൂപ പോലെ ചെറിയ തുകകൾ ഇടുക. ദീർഘകാലാടിസ്ഥാനത്തിൽ.

അലസമായ രീതിയിൽ എന്തെങ്കിലും വാങ്ങി പണംകൊയ്യാമായിരുന്ന നാളുകൾ അവസാനിച്ചിരിക്കുന്നു. ഇന്നത്തെ വിപണി സാഹചര്യങ്ങൾ പരിഗണിച്ചാൽ ഏറ്റവും ഉത്തമമായ നിക്ഷേപ മാർഗ്ഗം വാല്യൂ ഇൻവെസ്റ്റിങ്ങ് അഥവാ മൂല്യാധിഷ്ഠിത ഓഹരി നിക്ഷേപം തന്നെയാണ്. ലളിതമായി പറഞ്ഞാൽ ഏറ്റവും കുറഞ്ഞ വിലയ്ക്ക് ഓഹരി തേടി നടക്കുന്ന വേട്ടക്കാരാണ് വാല്യൂ ഇൻവെസ്റ്റർ. ഒരു ബിസിനസ്സിന്റെ യഥാർത്ഥ മൂല്യത്തേക്കാൾ വളരെ കുറഞ്ഞ വിലയ്ക്ക് ബിസിനസ്സ് വാങ്ങുന്നവരാണ് ഇക്കൂട്ടർ. ഈ നിക്ഷേപശൈലിയുടെ പിതാവ് എന്ന് പൊതുവെ വിശേഷിപ്പിക്കപ്പെടുന്ന് ബെഞ്ചമിൻ ഗ്രഹാമിനെയാണ്. വാല്യൂ ഇൻവെസ്റ്റിങ്ങിലുള്ള തത്വങ്ങൾ പരിശീലിച്ച് അഗ്രഗണ്യരായി അളവറ്റ സമ്പത്ത് വാരിക്കൂട്ടിയ വാറൻ ബഫറ്റ് അടക്കം വിജയം വരിച്ച നിരവധി ഓഹരി നിക്ഷേപകരുടെ ഗുരുകൂടിയാണ് ഇദ്ദേഹം. വാല്യൂ ഇൻവെസ്റ്റിങ്ങിനു പുറമേ മറ്റ്ചില നിക്ഷേപ ശൈലികളും ഓഹരിവിപണിയുണ്ട്. അവയിൽ ചിലതാണ് ഗ്രോത്ത് ഇൻവെസ്റ്റിങ്ങ്, ടെക്നിക്കൽ ഇൻവെസ്റ്റിങ്ങ്



ഇൻഡെക്സ് ഇൻവെസ്റ്റിങ്, വിവരാധിഷ്ഠിത നിക്ഷേപം തുടങ്ങിയവ.

ഏതു കമ്പനിയുടെ വളർച്ചാസാധ്യതയ്ക്കാണോ വിപണി അർഹിക്കുന്ന പരിഗണന നൽകാത്തത് അത്തരം ഓഹരികൾ വാങ്ങുന്നവരാണ് ഗ്രോത്ത് ഇൻവെസ്റ്റർമാർ. വളരെ പെട്ടെന്ന് വരുമാന വളർച്ച നേടുമെന്ന് പ്രതീക്ഷിക്കുന്ന കമ്പനികളെയാണ് ഇവർ അന്വേഷിച്ചു നടക്കുന്നത്. ഇപ്പോൾ കമ്പനിക്കുള്ള ആസ്തിക്കോ വരുമാനത്തിനോ ഇവർ പ്രാധാന്യം നൽകുന്നില്ല. ഗ്രോത്ത് ഇൻവെസ്റ്റിങ് രീതി വളരെ വിജയകരമായി പ്രാവർത്തികമാക്കിയിട്ടുള്ള നിരവധി നിക്ഷേപകരുണ്ട്. അക്കൂട്ടത്തിൽ പ്രമുഖൻ പീറ്റർ ലിഞ്ചാണ്.

ഓഹരിവില, വ്യാപാര വ്യാപ്തി തുടങ്ങിയവ വിശകലനം ചെയ്ത് ഭാവിവില പ്രവചിക്കാമെന്നാണ് ടെക്നിക്കൽ ഇൻവെസ്റ്റർമാരുടെ പക്ഷം. ഓഹരി വിലയും വ്യാപാര വ്യാപ്തിയും ഇത്തരത്തിൽ വിശകലനം ചെയ്യാനുള്ള നിരവധി തത്വങ്ങൾ കഴിഞ്ഞ കാലങ്ങളിലുരുത്തിരിഞ്ഞുവന്നിട്ടുണ്ട്. ഇത്തരം തത്വങ്ങൾ ആധാരമാക്കിയാണു ടെക്നിക്കൽ ഇൻവെസ്റ്റർമാർ ഓഹരി വാങ്ങുന്നതും വിൽക്കുന്നതും കൈവശംവെക്കുന്നതും. ഹ്രസ്വകാല നിക്ഷേപകരാണ് പൊതുവേ ഇത്തരം രീതി അവലംബിക്കുന്നത്. ദീർഘകാല നിക്ഷേപകർ മിക്കവാറും ഈ വഴി സ്വീകരിക്കാറില്ല.

ഓഹരി വിപണിയിൽനിന്ന് അത്യാകർഷക നേട്ടം ഉണ്ടാക്കാൻ ബുദ്ധിമുട്ടാണെന്ന് കരുതുന്നവർ നിരവധിയുണ്ട്. വിപണിയെ പിന്നിലാക്കാൻ കഴിയില്ലെന്ന് വിശ്വസിക്കുന്ന ഇക്കൂട്ടർ ഒരു വിപണി സൂചികയ്ക്കൊപ്പം പോകാമെന്ന പ്രായോഗിക രീതിയാണ് പൊതുവേ സ്വീകരിക്കുക. അതുവഴി സൂചികയിലുണ്ടാവുന്ന വർധനയ്ക്കൊപ്പം വരുമാനം നേടുക എന്നതാണ് ലക്ഷ്യം. ലളിതമായി പറഞ്ഞാൽ നിഫ്റ്റി 50 സൂചികയിലെ അല്ലെങ്കിൽ സെൻസെക്സ് സൂചികയിലെ ഓഹരികൾ സൂചികയിലെ അതേ അനുപാതത്തിൽ വാങ്ങുന്നു. സൂചികയിലെ ഓഹരികളിൽ എപ്പോൾ എന്തുമാറ്റം ഉണ്ടായാലും അതനുസരിച്ച് സ്വന്തം നിക്ഷേപത്തിലും മാറ്റം വരുത്തും. ഇത്തരം നിക്ഷേപത്തെ ഇൻഡക്സ് ഇൻവെസ്റ്റിങ് എന്നുപറയുന്നു.

വിവരങ്ങൾ അഥവാ ഇൻഫർമേഷൻ ഓഹരി വിലകളെ സ്വാധീനിക്കുന്ന പ്രധാന ഘടകമാണ്. വിലയെ ബാധിക്കാവുന്ന ഇത്തരം വിവരങ്ങൾ വിപണിയിൽ എത്തുന്നതിനു മുമ്പേ വീണുകിട്ടുന്ന നിക്ഷേപകന് അവ നല്ലതോ ചീത്തയോ എന്നു ചികഞ്ഞുനോക്കി ഓഹരി വാങ്ങാനും വിൽക്കാനും കഴിയും. ഇതിനെ വിവരാധിഷ്ഠിത നിക്ഷേപം എന്നു വിളിക്കാം. ഹ്രസ്വകാലാടിസ്ഥാനത്തിൽ ഫലപ്രദമാണെന്നതിനാൽ പല നിക്ഷേപകരും ഇത്തരം വിവരങ്ങൾ ഉപയോഗപ്പെടുത്താറുണ്ട്. എന്നിരുന്നാലും യഥാർത്ഥത്തിൽ ഫലപ്രദമായ വിവരങ്ങൾ ലഭിക്കുക അത്ര എളുപ്പമല്ല. മാത്രമല്ല, ഇൻസൈഡർ ട്രേഡിങ്ങിന് ഓഹരി വിപണി നിയന്ത്രിക്കുന്ന സെബിയിൽ നിന്നു നടപടി നേരിടേണ്ടിവരികയും ചെയ്തു. ഒരു കമ്പനിയുടെ വികസനത്തെക്കുറിച്ചോ അതിന്റെ ഉള്ളിലുള്ള പ്രശ്നങ്ങളെക്കുറിച്ചോ നേരത്തേ അറിഞ്ഞാൽ ആ കമ്പനിയുടെ വില കൂടുമോ കുറയുമോ എന്നറിയാനാവും. പൊതുജനങ്ങൾക്കു കിട്ടാത്ത ഇത്തരം വിവരങ്ങൾ ഉപയോഗിച്ച് കമ്പനിയുടെ ഉന്നതസ്ഥാനങ്ങളിൽ ഇരിക്കുന്നവർ ഓഹരികൾ വാങ്ങിക്കൂട്ടുന്നതിനെയാണ് ഇൻസൈഡർ ട്രേഡിംഗ് എന്നു പറയുന്നത്.

# വിദ്യാർത്ഥി രാഷ്ട്രീയം



നിസാം
രണ്ടാം വർഷ കമ്പ്യൂട്ടർ സയൻസ്



*നിങ്ങളുടെ തലച്ചോറിൽ കിടന്ന് അജീർണ്ണം പിടിച്ച് ജീവിതകാലം മുഴുവൻ കലമ്പൽ കൂട്ടുന്ന അറിവല്ല വിദ്യാഭ്യാസം. നമുക്ക് വേണ്ടത് ജീവിതത്തെ നിർവ്വചിക്കുന്ന മനുഷ്യത്വ വിധേയമായ സ്വഭാവ വിശുദ്ധിവളർത്തുന്ന ആശയങ്ങളുടെ സ്വാംശീകരണമാണ്.*

*-സ്വാമി വിവേകാനന്ദൻ*

നമുക്ക് ഔപചാരികമായി നൽകപ്പെടുന്ന വിദ്യാഭ്യാസത്തിന്റെ പൊള്ളത്തരങ്ങളിലേക്ക് ഒന്ന് കണ്ണോടിച്ച് നോക്കൂ... പരീക്ഷയിൽ പാസ്സാകുക എന്നതുമാത്രം ലക്ഷ്യമാക്കി വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് വരുന്നവർക്കുള്ള ഒരു ഉപദേശവുമാണ് ഇത്തരത്തിലുള്ള ചിന്തകൾ മാനവികതയിൽ നിന്ന് അകറ്റുകയാണ് ചെയ്യുന്നത്. ഈ രീതിയിൽ നിന്ന് മാറി ലോകത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുള്ള ഒരു വ്യക്തിയെ പടുത്തുയർത്തുകയായിരിക്കണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

ആ ലക്ഷ്യം നിറവേറ്റണമെങ്കിൽ നമുക്ക് ലോകപരിചയമുണ്ടാവണം. സാമൂഹികതയെക്കുറിച്ച് ബോധമുണ്ടാവണം. സമൂഹത്തോടുള്ള ബാധ്യതകൾ നിറവേറ്റണം, അവകാശങ്ങൾ ചോദിച്ച് വാങ്ങണം. സർവ്വലോക സമത്വത്തിനുവേണ്ടിയുള്ള യജ്ഞത്തിൽ പങ്കാളികളാവണം, വിദ്യാർത്ഥികളെ ഇങ്ങനെയുള്ളതലങ്ങളിലൊക്കെ ഉയർത്തിക്കൊണ്ടുവരുന്നതിലാണ് വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ അനിവാര്യത ഉയർന്നുനിൽക്കുന്നത്.

ഇന്നത്തെ അഭ്യസ്ത വിദ്യർ അതിന്റെ ക്രിയാഫലം നേടുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണ്, ചരിത്രം പഠിക്കുന്നവർ ചരിത്രത്തിന്റെ മൂല്യമറിയുന്നില്ല, ദേശീയ ഐക്യം, സാമൂഹിക നീതി, വിശാല വീക്ഷണം എന്നിവയുടെ അഭാവം രാജ്യത്തിന്റെ സ്വാതന്ത്ര്യം അപകടത്തിലാക്കിക്കൊണ്ടിരിക്കുന്നു. നിയമം പഠിക്കുന്നവൻ നിയമനിഷേധിയായി മാറുന്നു. ഈ നിലയിൽ നിന്നൊക്കെ മാറ്റം വരുത്താൻ വിശാലമായ ഒരു ലോക വീക്ഷണവും, എന്തിനെയും നേരിടാനുള്ള ധൈര്യവും വിദ്യാർത്ഥിയിൽ ഉണ്ടാക്കിയെടുക്കണം. വിദ്യാർത്ഥി രാഷ്ട്രീയം ഈ തലങ്ങളിലൊക്കെ ഒരു വ്യക്തിയുടെ നീതിബോധം വളർത്തുന്നുവെങ്കിൽ അതിനെ എങ്ങനെയാണ് എതിർക്കുന്നത്? ജ്ഞാനം സമ്പാദിക്കുകയും, അതുവഴി സ്വന്തമായി ഒരു വ്യക്തിത്വം രൂപപ്പെടുത്തുകയും ചെയ്യുകയായിരിക്കണം വിദ്യാർത്ഥിയുടെ പ്രഥമ ലക്ഷ്യം. ആ വ്യക്തിത്വം രൂപപ്പെടണമെങ്കിൽ വിദ്യാർത്ഥി സമൂഹങ്ങളിലേക്ക് ഇറങ്ങിച്ചെല്ലണം. സമൂഹത്തിന്റെ ധർമ്മ-നീതി ബോധങ്ങളിൽ സജീവമായി പങ്കാളിയാവണം. ഇതിനൊക്കെ ഒരു വ്യക്തിയെ പ്രാപ്തനാക്കുന്നതിൽ വിദ്യാർത്ഥി രാഷ്ട്രീയം വഹിക്കുന്ന പങ്ക് അനന്യമാണ്.

വരും കാലങ്ങളിൽ ലോകത്തെ നീതിയിലേക്ക് നയിക്കാൻ വേണ്ടി നാളെയുടെ വാഗ്ദാനങ്ങളായി വളരുന്ന യുവതലമുറയെ തികഞ്ഞ മൂല്യബോധവും ധർമ്മചിന്തയും ഉള്ളവരായി വാർത്തെടുക്കേണ്ടതുണ്ട്. യാഥാർത്ഥ്യങ്ങളെ കൈപിടിച്ച് കാണിച്ച് കൊടുത്ത് സമത്വസുന്ദരമായ ഒരു ലോകം പടുത്തുയർത്താൻ അവരെ പ്രാപ്തരാക്കുന്നതുകൊണ്ടു തന്നെയാണ് വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ പ്രസക്തി മങ്ങാതെ നിൽക്കുന്നത്. അത് എന്നും തുടരേണ്ടതാണ്. തുടർന്നുകൊണ്ടിരിക്കുകയും ചെയ്യും.....

ലോകത്തിലെ തന്നെ എല്ലാ വിപ്ലവങ്ങളുടെയും ഉത്ഭവമെന്നു പറയുന്നത് വിദ്യാർത്ഥികളിലൂടെയായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ വിദ്യാർത്ഥികളുടെ പങ്ക് നമുക്ക് മറക്കാൻ സാധിക്കുമോ? നമ്മുടെ എല്ലാ വിഭാഗങ്ങളും സംഘടിക്കുമ്പോൾ എന്തുകൊണ്ട് വിദ്യാർത്ഥികൾക്ക് സംഘടിച്ചുകൂടാ?

*"കാലമാകുന്ന മണൽപ്പരപ്പിൽ നിങ്ങളുടെ കാൽപ്പാടുകൾ അവശേഷിക്കണമെന്നുണ്ട് നിങ്ങൾക്കെങ്കിൽ വലിച്ചിഴയ്ക്കാതിരിക്കുക നിങ്ങളുടെ കാലുകൾ"-അബ്ദുൾ കലാം.*

# നന്മയെ കൊണ്ടാടുക



ഞാൻ ഓർക്കുന്നു ഗാന്ധിജിയുടെ ജീവിതം. ലാളിത്യവും സരളവും സാധാരണത്വവും അവിടെ സവിശേഷതയണിഞ്ഞുനിൽക്കുന്നു. ഒരുകുട്ടിയും ഗാന്ധിജിയുമായുള്ള സംഭാഷണം വികാരനിർഭരമായിരുന്നു. അതേക്കുറിച്ചുള്ള ഓർമ്മപോലും സത്യം പറയട്ടെ രോമഹർഷമുളവാക്കുന്നു.

മുട്ടുമറയാത്ത മുണ്ടുടുത്ത ആ അർദ്ധനഗ്നനോട് കുട്ടി ചോദിക്കുന്നു: "ബാപ്പൂ.. അങ്ങെന്താ കുപ്പായമിടാത്തത്"?

ബാപ്പുവിന്റെ മറുപടി "എനിക്കിടാൻ കുപ്പായമില്ല കുഞ്ഞേ".

"എങ്കിൽ ഞാനൊരു കുപ്പായം തരാം"

"എനിക്ക് ഒരെണ്ണംപോര കുഞ്ഞേ"

"പിന്നെ എത്രവേണം?"

"നാല്പതുകോടി കുപ്പായം എനിക്ക് കിട്ടണം"

അന്ന് ഇന്ത്യയിൽ നാല്പത്കോടി ആളുകളുണ്ടായിരുന്നു. അവർക്കെല്ലാം ധരിക്കാനുള്ള കുപ്പായം കിട്ടുന്ന കാലത്തേ ഞാൻ കുപ്പായം ധരിക്കൂ എന്ന് അനുകമ്പാർദ്രമായി, എന്നാൽവാശിപിടിച്ചു നിൽക്കുന്ന ഗാന്ധിജിയുടെ, തന്നെപ്പോലെ ഇന്ത്യക്കാരെ മുഴുവൻ കണ്ട് കരുതിപ്പോരുന്ന ഗാന്ധിജിയുടെ വാക്കുകൾ ഹൃദയസ്പർശിയാണ്.

നീ നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്നരുളിയ യേശുവിന്റെ വചനങ്ങൾ ഞാൻ ഓർത്തുപോയി. സ്നേഹിക്കുക എന്നതിന്റെ ക്രിയാരൂപമാണ് വേദന പങ്കുവെക്കുക എന്നത്. എവിടെ മനുഷ്യന്റെ കൈകൾ ചങ്ങലകളാൽ കുരുക്കപ്പെടുന്നുവോ അവിടെ അത് സ്വന്തം കൈകളാണ് ബന്ധിക്കപ്പെട്ടതെന്ന് കാണാനും എവിടെ മനുഷ്യൻ മർദ്ദിക്കപ്പെടുന്നുവോ അവിടെ തന്റെ പുറത്താണ് അടിയേറ്റതെന്ന് വിശ്വസിച്ച് നോവുതോന്നി പുളയാനും എല്ലാവർക്കും കഴിയില്ല. ബോസ്നിയയും സൊമാലിയയും ബാഗ്ദാദും ഏഴാം കടലിനപ്പുറത്തുകിടക്കുന്ന വിദൂര ദേശങ്ങളാണ് നമുക്ക്. എന്നാൽ മഹത്വത്തിന്റെ വഴിത്താരകളിലൂടെ മഹാമനസ്സുകൾക്ക് അതെല്ലാം സ്വന്തം തറവാടുമാണെന്നുകരുതാൻ കഴിയുന്നു. ഉദാത്തചരിതന്മാർക്ക് വസുധൈവ കുടുംബകം എന്നോർക്കാൻ കഴിയും. ലോകത്തെ ഒരു പക്ഷിക്കൂടുപോലെ പരികല്പിക്കാനും. (യത്ര വിശ്വം ഭവത്യേക നീഡം) ആ മഹത്വ പരിവേഷത്തിന്റെ കടുകിടയെങ്കിലും സ്വന്തം ഹൃദയത്തിലാവാഹിക്കാൻ കഴിഞ്ഞാൽ നാം നല്ല മനസ്സുകളായി, നല്ല മനുഷ്യരായി.

പ്രവാചകൻ മുഹമ്മദ് തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ അറഫാ കുന്നിന്റെ മുകളിൽ നിന്ന് ഇങ്ങനെ മാനവരാശിയെ പ്രബോധിപ്പിച്ചു. "അയൽവാസി പട്ടിണികിടക്കുമ്പോൾ മൃഷ്ടാന്നമുണ്ണുന്നവൻ എന്റെ മതത്തിൽപ്പെട്ടവനല്ല" എന്ന്. ഒരു പിതാവിൽ നിന്നും മാതാവിൽനിന്നും ആരംഭിച്ച വിശ്വകുടുംബം അതിലെ അംഗങ്ങൾ. സാഹോദര്യേന വർത്തിക്കണമെന്നുദ്ബോധിപ്പിക്കുന്ന പ്രവാചകൻമാർ നല്ല വചസ്സുകളുടെ അനുരണനങ്ങളാണ്.


ഔന്നത്യത്തിലെ സമാനതകൾ എന്റെ വിചാരപഥത്തിൽ ഒളിമിന്നിയെത്തുന്നു. പതിനാറാം നൂറ്റാണ്ടു കാലം. ബ്രിട്ടനിലെ സട്ട്ഫെൻ എന്ന സ്ഥലത്ത് യുദ്ധം നടക്കുകയാണ്. അവിടുത്തെ സേനാപതി ഫിലിപ് സിഡ്നി പ്രശസ്തനായ ഒരു കവിയും ദാർശനികനുമായിരുന്നു. കരുത്താർന്ന പോർച്ചട്ടയണിഞ്ഞുകൊണ്ട് തന്റെ സമീപത്തുനിന്ന് യുദ്ധം ചെയ്യുന്ന സഹയോദ്ധാവിന് രക്ഷാകവചം ഉണ്ടായിരുന്നില്ല.

സഹയോദ്ധാവിനില്ലാത്ത കവചം എനിക്കും വേണ്ട എന്നുപറഞ്ഞുകൊണ്ട് അദ്ദേഹം തന്റെ പോർച്ചട്ട അഴിച്ചുമാറ്റി യുദ്ധം തുടർന്നു. യുദ്ധത്തിൽ സിഡ്നിക്ക് കാര്യമായ പരിക്കുപറ്റി ഉടനെ ഭടൻമാർ ശുശ്രൂഷക്കായി അദ്ദേഹത്തെ ക്യാമ്പിലേക്കു മാറ്റി.

മുറിവേറ്റ് ക്ഷീണിതനായിക്കിടക്കുന്ന സേനാപതി സിഡ്നിക്ക് ഒരു പാത്രത്തിൽ ദാഹജലം കൊണ്ടുവന്നു. സിഡ്നി അതുകുടിക്കാൻ പാനപാത്രം ചുണ്ടോടുചേർച്ചപ്പോൾ തന്റെ അടുത്തുകിടക്കുന്ന ആസന്നമരണനായ ഒരു ഭടനെ ശ്രദ്ധിച്ചു. ദാഹമൂർച്ഛകൊണ്ട് വിഷമിക്കുന്നുണ്ട് എങ്കിലും സിഡ്നി തന്റെ കയ്യിലിരുന്ന പാനപാത്രം ആസന്ന മരണനായ ഭടനു നൽകിക്കൊണ്ട് പറഞ്ഞു.


വെള്ളം ആ മനുഷ്യനുകൊടുക്കുക ഇപ്പോൾ ഇതിന് എന്നെക്കാൾ ആവശ്യം ആ മനുഷ്യനാണ്.

മറ്റുള്ളവരെ സഹോദരൻമാരെപ്പോലെ കാണാനും അവർക്കുവേണ്ടി എന്തെങ്കിലും ചെയ്യുക എന്നത് വലിയ മനസ്സുകളുടെ പ്രകൃതമാണ്. മറ്റുള്ളവരെ സ്നേഹിക്കുന്നതിലും സേവിക്കുന്നതിലും നിർവൃതി കൊള്ളാനും സായൂജ്യമടയാനും സാധിക്കുക എന്നത് മഹാമനസ്കതയുടെ ലക്ഷണമാണ്. അങ്ങനെയാകാൻ സാധിക്കുമെങ്കിൽ നന്ന്. ഒന്നുമില്ലെങ്കിലും മഹത്വത്തെ ആദരിക്കാനെങ്കിലും നമുക്ക് കഴിയണം.



അഭിഷേക് അബ്രഹാം
രണ്ടാംവർഷ കമ്പ്യൂട്ടർ സയൻസ്





റെജുല വി.കെ.
ഒന്നാംവർഷ ഫിസിക്സ്

# വിവാഹ ധൂർത്ത്:

## ഒരു തുറന്ന ചർച്ചവേണം

മംഗലം നടത്തി മുടിയുന്ന കുടുംബങ്ങളുടെ കഥകളും അവസ്ഥകളും മാധ്യമങ്ങളിലൂടെ അറിയാൻതുടങ്ങിയിട്ട് കാലമേറെയൊന്നുമായിട്ടില്ല. 2009-2010 കാലഘട്ടങ്ങളിലാണ് വിവാഹ ധൂർത്ത് ശ്രദ്ധിക്കപ്പെടുന്നത്. ഏഷ്യാനെറ്റ് അടക്കമുള്ള ലീഡിംഗ് ചാനലുകൾ ഇതിനെക്കുറിച്ച് സംവാദങ്ങളും മറ്റും സംഘടിപ്പിച്ചെങ്കിലും, ഒടുവിൽ ഫലം വിവാഹ ധൂർത്ത് നല്ലതാണെന്നും മോശമാണെന്നും പറഞ്ഞവർ തുല്യമായി വീതിച്ചെടുക്കുന്നതിലെത്തി.

ആവശ്യത്തിലേറെ സ്വർണ്ണവും വിപുലമായ ഭക്ഷണ സജ്ജീകരണവും ഡിജിറ്റൽ വീഡിയോ കവറേജും ഫോട്ടോഗ്രാഫിയും ഒക്കെ ഒരു ധനിക കുടുംബത്തിന് ചിലപ്പോൾ താങ്ങാൻ കഴിയുമായിരിക്കും എന്നാൽ ഇടത്തര കുടുംബത്തിന് ഇതൊന്നും സ്വപ്നംകാണാൻ കഴിയില്ല. എങ്കിലും ലോണെടുത്തും കടം വാങ്ങിയും അവരിതൊക്കെ ഉൾപ്പെടുത്തുന്നു. കടമൊക്കെ പിന്നെയും വീട്ടാം വിവാഹം ആഘോഷിക്കാനുള്ളതാണ് എന്നുപറയുന്ന ഇടത്തരക്കാർ ഏറെയാണ്. ലളിതമായി മംഗലം നടത്തുന്നവർ കുറഞ്ഞുവരികയും ചെയ്യുന്നു.

ഓരോ പ്രദേശങ്ങളിലും വ്യത്യസ്തമായ രീതിയിലാണ് വിവാഹധൂർത്ത് നടക്കുന്നത്. ഇക്കഴിഞ്ഞ ഡിസംബർ 31ന് മംഗലാപുരത്തുനടന്ന ഒരു കാസർകോടൻ കല്യാണം ശ്രദ്ധേയമാകുന്നത് സ്ത്രീധനമായി നൽകിയ സ്വർണ്ണത്തിന്റെ റെക്കോർഡിൽ മാത്രമല്ല, രംഗസജ്ജീകരണംകൊണ്ട് ഭക്ഷണകാര്യത്തിലടക്കമുള്ള വൈവിധ്യങ്ങളുടെ പേരിലും സ്വർണ്ണവില കുതിച്ചുയരുമ്പോഴും സ്നേഹസമ്പന്നനായ ആ പിതാവ് ആയിരം പവൻ (എട്ട് കിലോ) സ്വർണ്ണത്തിൽ മകളെ അണിയിച്ചൊരുക്കിയതിലുമാണ്. മറ്റൊരു കല്യാണത്തിന് വധു ധരിച്ചത് 35 പവൻ സ്വർണ്ണം തുന്നിപ്പിടിപ്പിച്ച ബ്ലൗസായിരുന്നത്രേ. പത്രത്തിന്റെ ഒരു പേജ് മുഴുവൻ പരസ്യം കൊടുത്തും ലക്ഷണക്കണക്കിന് രൂപയുടെ മദ്യം വിളമ്പിയും സിനിമയെ വെല്ലുന്ന വീഡിയോ കവറേജുകൾ നടത്തിയും ധനികർ വിവാഹമാഘോഷിക്കുന്നു.

2010ലെ ആദ്യ ഞായറാഴ്ച കാസർഗോഡു നടന്ന ഒരു പൗരപ്രമുഖന്റെ മകളുടെ വിവാ



ഹവേദി ഒരുക്കിയത് ഇരുപത് ലക്ഷംരൂപ ചെലവി ട്ടായിരുന്നു എന്ന് മാധ്യമങ്ങൾതന്നെ റിപ്പോർട്ട് ചെയ്യു കയുണ്ടായി. ഒരുമാസം മുമ്പ് തന്നെ ഈ മംഗലമാ മാങ്കത്തിന്റെ വിളമ്പരം നടന്നിരുന്നു. കാസർഗോട്ടെ പ്രമുഖ സായാഹ്ന പത്രത്തിൽ മുഴുപേജിൽ പരസ്യം. 2010ൽ ആദ്യ ഞായറാഴ്ച നടക്കുന്ന തന്റെ മകളുടെ വിവാഹ ദിവസം മഹല്ലിൽ മറ്റൊരുവിവാഹം നടത്ത രുത് എന്ന അഭ്യർത്ഥനയോടു കൂടിയായിരുന്നു. രണ്ടു ദിവസത്തെ വിവാഹ ആഘോഷത്തിൽ പതിനായിര ത്തിലേറെ പേർക്ക് സദ്യവിളമ്പി. കോഴിക്കോട്ടുനിന്നും മലപ്പുറത്തുനിന്നും വന്ന കലാകാരൻമാരും കലാകാ രികളും അതിഥികളായെത്തിയവർക്ക് കലാവിരുന്നു ട്ടി. ആരിലും നേരിയ അസ്വസ്ഥത പോലും പ്രകടമാ യില്ല. കുറ്റംപറയരുതല്ലോ കൂട്ടത്തിൽ മൂന്ന് നിർധന കളുടെ മംഗല്യസ്വപ്നവും പൂവണിയിച്ചു. അതോടെ എല്ലാം ശുഭം. ആർക്കും ഒരു പരാതിയും പറയാനാ വാത്തവിധം എല്ലാപഴുതുകളും അടഞ്ഞു.

വധുവിനേയും വരനേയും കിലോമീറ്ററുകളോളം നടത്തിച്ച് ഒടുവിൽ വധു തളർന്നുവീണത് തലശ്ശേരി യിൽനടന്ന സംഭവം. ജെ.സി.ബി. ഡ്രൈവറുടെ കല്യാണം സുഹൃത്തുക്കൾ ആഘോഷിച്ചത് വേറി ട്ടൊരു രീതിയിലാണ്. വധുവിന്റെ വീട്ടിൽനിന്നും വരന്റെ വീട്ടിലേക്ക് ജെ.സി.ബിയുടെ മണ്ണുമാന്തിയുടെ മുകളിൽ കയറ്റിനിർത്തിയാണ് കൊണ്ടുവന്നത്. മണി ക്കൂറുകളോളം പടക്കംപൊട്ടിച്ചും താലികെട്ടുന്നതിന് മുമ്പ് വരന് മദ്യംകൊടുത്തും അമ്മാവനെ അബോ ധാവസ്ഥയിലാക്കിയും വധുവരൻമാർ കിടക്കാൻപോ കുന്ന മുറിയുടെ ജനലുകളും വാതിലുകളും ഊരിക്ക ക്കൊണ്ടുപോകുകയും നാടൻ പഴായങ്ങൾ വിത രണം ചെയ്തും ഇടത്തരക്കാർ വിവാഹമാഘോഷി ക്കുന്നു.

ഇന്ന് ഇതിനെതിരെ ചില സംഘടനകളും മറ്റും രൂപംകൊണ്ടിട്ടുണ്ട്. എങ്കിലും ഇവരാൽ എത്രമാത്രം ഇവയൊക്കെ തടയാൻ പറ്റുമെന്ന് കണ്ടറിയണം.

കാരണം ഭൂരിഭാഗം ജനങ്ങളും ഇത്തരി ആഘോ ങ്ങളൊക്കെ വേണം എന്ന് വാദിക്കുന്നവരാണ്.

ഇസ്ലാം ഏറ്റവും ലളിതമെന്ന് വിശേഷിപ്പിക്കു വിവാഹം ഇന്ന് വളരെ ധൂർത്തിലാണ് നടക്കുന്ന കാസർഗോഡും കാഞ്ഞങ്ങാടും മുസ്ലീം ജമാ അത്ത കമ്മിറ്റികൾ ഇതിനെതിരെ രംഗത്തുവന്നിട്ടുണ്ട്. എല്ല മതത്തിലുമുള്ള കല്ല്യാണവും ലളിതമായി നടത്തണ എന്ന വാദവുമായി ഉൾപ്രദേശങ്ങളിൽ ചില സംഘ ടനകളും രൂപീകരിച്ചിട്ടുണ്ട്.

മംഗലംനടത്തി തകർന്നടിയുന്ന കുടുംബങ്ങളെ കുറിച്ചോർക്കാൻ വിവാഹധൂർത്ത് വേണ്ടെന്നുവെ ക്കാം. കുറച്ചൊക്കെ ആഘോഷം നല്ലതാണെന്ന് പറ യുന്നവരും കൂടി വരുമ്പോൾ വാദപ്രതിവാദങ്ങൾ ഉണ്ടാകും. ഉത്തരംകിട്ടാത്ത ചർച്ചകൾ ഇതിന്റെ കാര്യ ത്തിലും.



ചർച്ചകൾ നിറഞ്ഞൊഴുകുന്ന ക്ലാസ് മുറികൾ
അവിടെയാണ് വിശകലനങ്ങൾ നടക്കുന്നത്.
വിമർശനങ്ങൾ ഉയരുന്നത്, വിയർപ്പണിയുന്നത്.
ചോദ്യങ്ങളും ഉത്തരങ്ങളും കൊമ്പുകോർക്കുന്നത്
ഒടുവിൽ ഒരുപാട് കൂട്ടച്ചിരികൾ...
*ഒരു തർക്കം സിനിമയെക്കുറിച്ച്*

# സർവ്വകലാശാലപറഞ്ഞതും ക്ലാസ്മേറ്റ്സ് പോലുള്ളവ പറയാത്തതും




ഒരിക്കലും അവസാനിക്കാത്ത തർക്കങ്ങളും, വിവാദങ്ങളും, ചർച്ചകളുമാണ് ക്യാമ്പസിനെ കുറിച്ചും, ക്യാമ്പസ് സിനിമകളെക്കുറിച്ചും നടക്കുന്നത്. പഴയകാല ക്യാമ്പസിന്റെ ആത്മാവില്ലാത്ത ഒരു ശരീരം മാത്രമാണ് ഇന്നത്തെ ക്യാമ്പസ്. സിനിമയും കവിതയും രാഷ്ട്രീയവുമൊക്കെ യുവത്വവുമായും ക്യാമ്പസുമായും അത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു. ഒരുപാട് കോളേജ് മാഗസിനുകൾ ചർച്ച ചെയ്ത ക്ലാസ്മേറ്റ്സ് പോലുള്ള സിനിമകളെ ഉയർത്തിക്കാട്ടിയ അവസ്ഥയിൽ നിന്നും, അതിനെതിരെ ഇവിടെ വിശകലനം നടക്കുന്നു, ഒരു തർക്കത്തിനുവേണ്ടി തന്നെ.

ഇന്ത്യൻ സിനിമയിൽ മലയാള സിനിമയ്ക്ക് വലിയ പ്രാധാന്യമൊന്നും ഇല്ലെങ്കിലും ചില മലയാള സിനിമകളോട് കിടപിടിക്കാൻ മറ്റൊരു സിനിമ ഇല്ല എന്നുതന്നെ പറയാം. യുവത്വവുമായി ഏറ്റവും കൂടുതൽ സംവദിക്കുന്ന ഒരു മാധ്യമം സിനിമയാണ്. പിന്നെ എന്തുകൊണ്ടാണ് ക്ലാസ്മുറികളിൽ സിനിമകൾ ചർച്ച ചെയ്യാത്തത്. നല്ല നിരൂപണങ്ങൾ ഉണ്ടാകുമ്പോൾ, തകർന്നടിയുന്ന നമ്മുടെ സിനിമാ മേഖലയും ഉണർന്നു വരും.

ഒന്നുമില്ലെങ്കിലും ക്യാമ്പസ് സിനിമകൾ എന്ന് പേരിട്ടുവിളിക്കുന്നവയെക്കുറിച്ചെങ്കിലും ക്ലാസ്മുറികളിൽ ചർച്ചകൾ ഉണ്ടാവണം. ചർച്ചകൾക്കൊടുവിൽ ഈ സിനിമയ്ക്ക് നമ്മളറിയുന്ന ക്യാമ്പസുമായി എന്തെങ്കിലും ബന്ധമുണ്ടോ ഇല്ലയോ എന്ന ചോദ്യത്തിന് ഉത്തരമുണ്ടാവണം. സിനിമ എന്ന മാധ്യമം ഉൽപാ

ദിപ്പിക്കുന്നത് ഒരുതരം ഉത്തേജകം തന്നെ. വർണ്ണപ്പൊലിമയുള്ള കാഴ്ചവസ്തുക്കൾ കാണുമ്പോൾ തോന്നുന്ന അതേ ഉത്തേജകം. ഒരു നിമിഷത്തെ ഉല്ലാസം നൽകുന്ന ഉത്തേജകം.

1987ൽ വേണു നാഗവള്ളി സംവിധാനം ചെയ്ത, മോഹൻലാൽ പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ച 'സർവ്വകലാശാല' എന്ന സിനിമ കാണാത്ത കോളേജ് വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ അത് ജീവിതത്തിലെ ഏറ്റവും വലിയ നഷ്ടമായിരിക്കും. സർവ്വകലാശാല എന്ന സിനിമ ഒഴിച്ചു നിർത്തിയാൽ മലയാളത്തിൽ ക്യാമ്പസ് സിനിമകൾ ഇറങ്ങിയിട്ടില്ല എന്ന് ഞാൻ പറഞ്ഞാൽ, അതൊരു തർക്കമാവും. പച്ചയായ ക്യാമ്പസിന്റെ നിറ്റലും നാറ്റവും ഒപ്പിയെടുത്ത ഒരു സിനിമ എപ്പോഴെങ്കിലും നമുക്ക് മുന്നിലെത്തുമെന്ന് എന്ന് പ്രതീക്ഷിക്കാം.

മോഹൻലാൽ 'ലാൽ' എന്നപേരിൽ പഠിച്ചുതീരാത്ത വിദ്യാർത്ഥിയായി അഭിനയിച്ച ഈ സിനിമ ആസ്വദിച്ചവർ ഒരിക്കലും ഇതൊന്നുമല്ല കലാലയ സിനിമ എന്ന് പറയില്ല. ഒരു ബിരുദത്തിൽനിന്നും മറ്റൊരു ബിരുദം. ഒരു ക്ലാസ്സിൽ നിന്നും മറ്റൊരു ക്ലാസ് മുറി. ഇങ്ങനെ കലാലയത്തോടുള്ള അടങ്ങാത്ത പ്രണയവുമായി ജീവിക്കുന്ന ഒരു വിദ്യാർത്ഥിയുടെ മുഴുവൻ സൗന്ദര്യവും ഒപ്പിയെടുത്ത ഒരു സിനിമ മാത്രമേ മലയാളത്തിൽ ഇറങ്ങിയിട്ടുള്ളൂ. അത് സർവ്വകലാശാലയാണ്.

"ഈ കൊല്ലം കൂടി കഴിഞ്ഞാൽ ഞാനീ പഠിപ്പ് നിർത്തും."

"ഇല്ലേൽ നാട്ടുകാര് എന്ത് പറയും! ഇതെന്നെയിപ്പം മൂന്നാമത്തെ എം.എ.യാണ്."

"അത്രയ്ക്ക് താൽപര്യമാണോ പഠിക്കാൻ?"

"താല്പര്യം പഠിക്കുന്ന വിഷയങ്ങളോടല്ല, ആ പേരും പറഞ്ഞ് കോളേജ് വളപ്പിൽ ചുറ്റി നടക്കാലോ... അങ്ങനെ കിട്ടുന്ന ബന്ധങ്ങൾ... ഫ്രണ്ട്സ്..."

"നടുമുറ്റവും പൂജാമുറിയും ഒക്കെയുള്ള ഒരു എം.ടി. യുടെ നാലുകെട്ടാണ് എനിക്കീ കോളേജ്. ഞാനീ കോളേജിലെ കാരണവർ... ലാലേട്ടൻ."



ലാലും ശ്രീകാന്തും തമ്മിലുള്ള ഈ സംഭാഷണം നമുക്ക് നൽകുന്നത് ഒരുതരം അനുഭൂതിയാണ്.

ഒരു വിദ്യാർത്ഥിക്ക് കലാലയത്തോട് തോന്നുന്ന ഭ്രാന്തമായ പ്രണയവും ചങ്ങാതിക്കൂട്ടമില്ലാതെ ജീവിക്കാൻ പറ്റാത്ത മനസ്സും. ഉള്ളിലെവിടെയോ കാത്തു സൂക്ഷിച്ച പ്രണയവും ഒക്കെയാണ് ആ കഥാപാത്രത്തെ അനശ്വരമാക്കുന്നത്. ജഗതിയുടെ ഫാ. കുട്ടനാടും, അടൂർഭാസിയുടെ പ്രിൻസിപ്പലും, മണിയൻപിള്ളയുടെ ചക്കരയും ഒക്കെയാണ് ക്യാമ്പസിന്റെ ജീവനായി നിൽക്കുന്നത്.



കരഞ്ഞും, ചിരിച്ചും, സമരം വിളിച്ചും, കവിതകൾ മൂളിയും ക്ലാസ്മുറികൾക്ക് പുറത്താണ് വിദ്യാർത്ഥികൾ വളരേണ്ടത് എന്നും പുസ്തകങ്ങൾ വായിച്ചു വളരുകയും, പുറമെ സംഘടിതത്വത്തിന്റെ മുഷ്ടികൾ ചുരുട്ടേണ്ടവരാണ് വിദ്യാർത്ഥികൾ എന്നും ഈ സിനിമ പറയുന്നു.

ദിനംതോറും പെരുകുന്ന കലാലയത്തോടുള്ള ഒരുതരം ആർത്തിയാണ് ലാൽ എന്ന കഥാപാത്രത്തെ അനശ്വരനാക്കുന്നത്. പ്രണയവും സൗഹൃദവും രാഷ്ട്രീയവും ക്ലാസ് മുറികളും, ലൈബ്രറിയും ഹോസ്റ്റലും പിണക്കങ്ങളും, ഇണക്കങ്ങളും, അധ്യാപനവും ഒക്കെ ഇത്ര മനോഹരമായി എങ്ങനെ ഒരു സിനിമയിൽ ആവിഷ്കരിച്ചു എന്നതോർക്കുമ്പോൾ അത്ഭുതം തോന്നും. അതുപോലൊരു ലാൽ എന്ന കഥാപാത്രം, നമ്മളായിരുന്നെങ്കിൽ, നമ്മുടെ കോളേജിലും അതുപോലൊരാൾ ഉണ്ടായിരുന്നെങ്കിൽ, ഉണ്ടായിരുന്നു എന്നൊക്കെ ആഗ്രഹിച്ചുപോവുന്ന സിനിമയാണ് സർവ്വകലാശാല. തന്റെ സഹപാഠിയും തന്റെ മനസ്സിൽ പ്രണയത്തിന്റെ വിരഹവിത്തുകൾ

വിതറുകയും ചെയ്ത പെൺകുട്ടി. അതേ കോളേജിൽ തന്നെ ടീച്ചറായി വന്ന് മുന്നിൽ നിന്നിട്ടുപോലും നിഷ്കളങ്കതയോടെ ഒന്ന് പുഞ്ചിരിക്കുക മാത്രം ചെയ്യുന്ന ലാൽ എന്ന കഥാപാത്രം ഒരുതരം വീര്യമാണ് നമ്മിലേക്ക് പകർന്നു തരുന്നത്. ലാലും മാറി മാറിവരുന്ന സുഹൃത്തുക്കളും ആ ക്യാമ്പസിന്റെ ചർച്ചാമുഖമാണ്. മറ്റെന്തിനെക്കാളും സൗഹൃദത്തിന് വിലകല്പിക്കുന്ന ഒരുപറ്റം വിദ്യാർത്ഥികൾ തന്നെയാണ് ആ കലാലയത്തിന്റെ ജീവൻ എന്ന് സർവ്വകലാശാല പറയുന്നു.

വേണു നാഗവള്ളിയുടെ ആവിഷ്കാര മികവിൽ സർവ്വകലാശാല എന്ന സിനിമ ഉണ്ടാവുകയും, അതിൽ പച്ച ജീവിതത്തിന്റെ നനുത്ത സ്പർശങ്ങൾകൊണ്ട് കലാലയത്തെ പ്രണയിച്ചുമതിവരാത്ത ലാലും, കൂട്ടുകാരും ജീവിക്കുകയും കൂടി ചെയ്തപ്പോൾ അനശ്വര കലാലയ സ്നേഹത്തിന്റെ കലർപ്പില്ലാത്ത സിനിമയായി സർവ്വകലാശാല മാറി എന്നതിൽ സംശയമില്ല. ഒരു കോളേജിൽ മാറി മാറി ബിരുദമെടുക്കുന്ന വിദ്യാർത്ഥിയായും സാവധാനം എല്ലാവർക്കും പ്രിയങ്കരനായ ഏട്ടനായും പുസ്തകങ്ങളുടെ പ്രിയതോഴനായും ലാൽ അരങ്ങു തകർക്കുമ്പോൾ, ഒരു യഥാർത്ഥ ക്യാമ്പസ് സിനിമ കാണാത്തവർക്ക് അതൊരു നഷ്ടമായി താൻ ജീവനേക്കാൾ സ്നേഹിച്ച ആ കലാലയം ലാലിന് കണ്ണീരുകൊടുക്കാനും മടിച്ചില്ല. സംശയത്തിന്റെ പുറത്ത് ലാലിനെ പോലീസ് അറസ്റ്റ് ചെയ്യുകയും ഒടുവിൽ നിരപരാധിയായി പുറത്ത്വന്നപ്പോൾ ഒരു ക്യാമ്പസ് മുഴുവൻ പുറത്ത് സ്വീകരിക്കാൻ കാത്തുനിൽക്കുകയും ചെയ്യുന്നത് ഹൃദയത്തിൽ തുളച്ചുകയറുന്ന രംഗാവിഷ്കാരങ്ങൾ തന്നെ.



സർവ്വകലാശാല തരുന്ന സൂചനകളും ഓർമ്മപ്പെടുത്തലുകളും വലുതാണ്. ജാഡകളും, പുറംമോടികളും ഇല്ലാതെ, എന്താണ് ഒരു ക്യാമ്പസ് എന്ന് സിനിമ പറഞ്ഞുതീർക്കുന്നു. ആരവങ്ങളും ആക്രമങ്ങളും ഇല്ലാതെ, കള്ളത്തരങ്ങൾ കാട്ടാതെ ഇങ്ങനെയും ഒരു കലാലയ സിനിമ ഉണ്ടായിരുന്നു എന്ന് ഓർമ്മിക്കുന്നത് നല്ലത്. ചർച്ചകൾക്കും വാദങ്ങൾക്കും ഇതുപോലെ പ്രാധാന്യമുള്ള സിനിമ ഇനി ഉണ്ടാകുമോ എന്ന് കണ്ടറിയണം.

അധികാരരേണങ്ങളും, കള്ളത്തരങ്ങളുടെ നിറച്ചാർത്തും കൊണ്ട് ആലങ്കാരികമായ ഒരുപാട് ക്യാമ്പസ് സിനിമകൾ ഇറങ്ങിക്കഴിഞ്ഞു. ചർച്ച ചെയ്തും ചെയ്യാതെയും എത്രയോ സിനിമകൾ മാഞ്ഞുപോയി. ഒടുവിൽ വാർത്തകളിൽ വലിയ സ്ഥാനം നേടുകയും ഇത്തിരിയെങ്കിലും ചർച്ചകളിൽ വരികയും ചെയ്ത ഒരു കഥയാണ് ലാൽ ജോസിന്റെ ക്ലാസ്മേറ്റ്സ്.

രാഷ്ട്രീയവും സൗഹൃദവും പ്രണയവും കൂട്ടിക്കലർത്തി ഇങ്ങനെ ഒക്കെ ക്യാമ്പസ് ഉണ്ടാകുമോ എന്ന് ചിന്തിപ്പിക്കുയാണ് ക്ലാസ്മേറ്റ്സ് പറയുന്നത്. ഒരുപാട് നല്ല ക്യാമ്പസ് മുഹൂർത്തങ്ങളിലൂടെയും സിനിമ കടന്നുപോകുന്നു. എങ്കിലും, എന്താണ് ക്ലാസ്മേറ്റ്സ് പോലുള്ള സിനിമകൾ ഉത്പാദിപ്പിക്കുന്നത്? എവിടെയാണ് ആ സിനിമ പച്ചയായ ക്യാമ്പസിനെ തൊട്ടറിയാൻ ശ്രമിക്കുന്നത്?

ദൃശ്യപൊലിമയ്ക്കുവേണ്ടി വർണ്ണങ്ങൾ വാരിവിതറുകയും, ഇത്തിരി കള്ളത്തരങ്ങൾ കാണിക്കുകയും ചെയ്ത്, ഇതായിരുന്നു അന്നത്തെ ക്യാമ്പസും രാഷ്ട്രീയവും എന്ന് നമ്മെ തോന്നിപ്പിക്കുകയും വാദിക്കുകയുമാണ് ക്ലാസ്മേറ്റ്സ് പോലുള്ള സിനിമകൾ ചെയ്യുന്നത്. യഥാർത്ഥ ക്യാമ്പസിന്റെ ചിലഭാഗങ്ങൾ ഉൾപ്പെടുത്തി യാഥാർത്ഥ്യമല്ലാത്ത ഒരുതരം പൊളിറ്റിക്സാണ് സിനിമ പറയുന്നത്.

രണ്ട് വിദ്യാർത്ഥി സംഘടനകളുടെ ക്യാമ്പസ് ഇടപെടലുകളും, സുകുമാരൻ, താരാകുറുപ്പ് എന്നീ കഥാപാത്രങ്ങളുടെ (പൃഥ്വിരാജ്, കാവ്യ) പ്രണയവും കൂട്ടായ ആക്രമണങ്ങളിൽ നിന്നും തന്ത്രങ്ങളാൽ രക്ഷപ്പെടാൻ ശ്രമിക്കുന്ന സതീശൻ കഞ്ഞിക്കുഴിയും (ജയസൂര്യ) ക്ലാസ്മേറ്റ്സിന്റെ മനോഹാരിതയായിരുന്നെ



ങ്കിൽ, ഈ സിനിമയെ ഇത്രയും വിജയത്തിലെത്തിച്ച മറ്റൊരു ഘടകമുണ്ട്. മുരളി എന്ന പാട്ടുകാരന്റെയും തട്ടത്തിനുള്ളിൽ ഒരുപാട് പ്രണയം കാത്തുസൂക്ഷിച്ച റസിയയുടെയും ജീവിതത്തിന്റെ കെമിസ്ട്രി. ശരിക്കും ആഴങ്ങളിൽ ഈ സിനിമ പഠിക്കുമ്പോൾ നമുക്ക് മനസ്സിലാകും ഇത് വെറുമൊരു പ്രണയസിനിമയാണെന്ന്. പ്രണയത്തിൽ ക്യാമ്പസിനെ ഉൾപ്പെടുത്തി മുന്നേ ഇവിടെ ഇങ്ങനെയൊക്കെ ആയിരുന്നു എന്ന് നമ്മോട് വിശ്വസിക്കാനും ആണ് ക്ലാസ്മേറ്റ്സ് പറയുന്നത്.




ഒരു പ്രണയത്തിന്റെ കെമിസ്ട്രി പറഞ്ഞതിനപ്പുറം ഒരു സത്യവും ബന്ധങ്ങളും ക്ലാസ്മേറ്റ്സ് പറഞ്ഞില്ല. ഒരുപോലെ കൊട്ടിഘോഷിച്ച് ക്യാമ്പസ് സിനിമ എന്ന പേരിൽ ഇറങ്ങിയ എല്ലാ സിനിമകളുടെയും അവസ്ഥ മറ്റൊന്നല്ല. എങ്കിലും ക്ലാസ്മേറ്റ്സിലെ ചില രംഗങ്ങൾ ക്യാമ്പസിന്റെ നിത്യസ്പർശനങ്ങൾ തന്നെയാണ്.

"അളിയാ ഇന്ന് സെക്കൻഡ് ബി.എ.യിലെ സുഷമയുടെ കല്യാണമാണ്. അവൾക്കറിയൊന്നറിയില്ല. കഴിഞ്ഞ രണ്ട് വർഷമായി ഞാൻ അവളെ സ്നേഹിക്കുന്നു."

ക്ലാസ്മേറ്റ്സ് കണ്ട ആരും ഈ ഡയലോഗ് മറക്കാൻ സാധ്യതയില്ല. കവിതകളും മുളി ഒരു തുണി സഞ്ചിയും പേറി, സന്യാസിനി പാടിപ്പിച്ച് ക്യാമ്പസിൽ അലയുന്ന പഴുംതുണി എന്ന കഥാപാത്രം ശ്രദ്ധേയമാണ്. പയസ് എന്ന കഥാപാത്രത്തിന്റെ ലൈബ്രറിയെ കുറിച്ചുള്ള കാഴ്ചപ്പാടുകളും സതീശൻ, സുകുമാരൻ എന്നീ നേതാക്കൻമാരും ഈ സിനിമയുടെ മനോഹാരിതയ്ക്ക് മാറ്റുകൂട്ടി എന്നതിൽ സംശയമില്ല. തട്ടമിട്ട റസിയയും പാട്ടുകാരൻ മുരളിയും എന്നും മനസിൽ വികാരങ്ങൾ തളംകെട്ടി നിർത്തുന്ന കഥാപാത്രങ്ങൾ തന്നെ.

കോളേജ് ഇലക്ഷനും, അതുമായി ബന്ധപ്പെട്ടു നടക്കുന്ന ചില കശപിശകളും ഒക്കെയാണ് സിനിമ അല്പനേരം മുന്നോട്ടുകൊണ്ടുപോകുന്നത്. പൂർണ്ണതയിലെത്തും മുന്നേ, സിനിമയുടെ ക്ലൈമാക്സിലേക്ക് ഗതിമാറുന്ന തെരഞ്ഞെടുപ്പ് രംഗങ്ങൾ, ഒരു വിങ്ങലായി മനസിൽ നിൽക്കും. പക്ഷേ, ഒരുകലാലയ തെരഞ്ഞെടുപ്പിൽ എന്തൊക്കെയോ വർണ്ണങ്ങൾ ചേർത്ത് പൊലിമ കൂട്ടാൻ ശ്രമിച്ചത് പരാജയമാണെന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു.

ഹൃദയസ്പർശിയായ പാട്ടുകൾ കൊണ്ടും, കഥാപാത്രങ്ങൾകൊണ്ടും സിനിമ വേറിട്ടുനിൽക്കുന്നു. എങ്കിലും ഒരു പച്ചയായ ക്യാമ്പസ് സിനിമ എന്നതിൽ വിജയിച്ചില്ല. പക്ഷേ ക്യാമ്പസ് സിനിമ എന്ന് പറഞ്ഞ് ഫലിപ്പിക്കുന്നതിൽ വിജയിക്കുകയും ചെയ്തു.

ഇപ്പോൾ ഇറങ്ങുന്ന ക്യാമ്പസ് സിനിമകൾ ക്യാമ്പസുകൾക്ക് നെഗറ്റീവ് ചിന്തകൾ നൽകുന്നു എന്നതാണ് സത്യം. ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞുകൊണ്ട്, കഥയും ലക്ഷ്യവുമില്ലാതെ കൊമേഴ്സ്യൽ സിനിമകൾ പോലെ ക്യാമ്പസ് സിനിമകളും മാറുമ്പോൾ നഷ്ടപ്പെടുന്നത് സ്വർഗ്ഗതുല്യമായ ജീവിതകാലയളവുകൾ സമ്മാനിക്കുന്ന കലാലയ ജീവിതമാണ്. യുവത്വത്തിന്റെ ചൂടും ചൂരും, വിപ്ലവത്തിന്റെ ചോരത്തിളപ്പും കണ്ണീരു പൊഴിയുന്ന കവിതാ പ്രേമവും, വായിച്ചു മതിവരാത്ത ലൈബ്രറി പുസ്തകങ്ങളും വിദ്യാർത്ഥികളെ മക്കളെപ്പോലെ കണ്ട് വഴികാട്ടുന്ന അധ്യാപകരും ക്യാമ്പസിന്റെ ആത്മാവാണ്. ഇനിയും ക്യാമ്പസിലെ നഗ്നമായ സത്യങ്ങൾ പറയുന്ന സിനിമകൾ ഉണ്ടാവണം. അതിനുമേൽ ചർച്ചകൾ നടക്കണം, തർക്കങ്ങൾ വേണം. എന്നിട്ട് വേണം, അതും ഇതും പറഞ്ഞ് നമുക്കൊന്ന് പൊട്ടിച്ചിരിക്കാൻ.



വിശകലനം:

അശ്വിനി ഹരീന്ദ്രൻ
രാഖി ശ്രീധരൻ



Best Compliments From

Afsal
9446070867








# Star Sons

## Tours & Travels

**BUS STAND, MATTANUR**

Hi-Tech Luxuary Video Coach & dts Sound System

**Phone : 9447071867, 04902471867, 0490-3209030**

**Afsal : 9446070867**

Best Compliments From:

Sreenivasan
9447395178

**DotNet computers**

1300/A, Thavakkal Complex, Thalassery Road, Mattannur
Tel: 0490-2471617, E-mail: dotnetc3@gmail.com

Best Compliments From:

**MOBILE WORLD**

*Sales & Service*

Near Canara Bank, Main Road, IRITTY
Mob: 9846034031, 9746487129

Best Compliments

FLEX PRINTING
Backlit / Frontlit
Vinyl, Oneway Vision
Inshop Branding
Hoardings
GLOWSIGN
Flex Glowsign
Acrylic Glowsign
Steel / Acrylic Letters
Ink Jet
Eco Solvent

**SKYMEDIA SOLUTIONS**

Shop No. 78-82, Thavakkal Complex,
Iritty, Kannur - 670 703

Ph: 0490 - 2492777
E - mail : skymediasolution@gmail.com

DGI

ആശംസകളോടെ....

മലയോരത്തിന്റെ മുഖശ്രീക്ക് വിദ്യാദേവതയുടെ തിലകക്കുറി

**പ്രഗതി വിദ്യാനികേതൻ**

പുന്നാട് - ഇരിട്ടി - പേരാവൂർ

COURSES

Plus One (Science, Commerce, Humanities) B.A (History, Economics, English)
B.B.A (Kannur University) B.Com (Co-operation), M.A., M.Com.

കേന്ദ്രഗവ. അംഗീകൃത കമ്പ്യൂട്ടർ കോഴ്സുകളിലേക്ക് അഡ്മിഷൻ തുടരുന്നു.

COURSES

PGDCA, DCA, Teachers Training Course, Multimedia, Graphic Designing.
Indian & Foreign Accounting, Hardware, & Networking Diploma

വെയ്റ്റ്.... വെയ്റ്റ്....
ഇതാ എത്തി.
പെയ്തുതീരാത്ത മഴപോലെ
അനശ്വരമായി ഒഴുകുന്ന
ആ അനുഭവത്തെക്കുറിച്ച്
തന്നെയാണ് ഇനി പറയുന്നത്.
'പ്രണയം'
ഈ കലാലയത്തിന്റെ
പടികളിറങ്ങിയവരും
ഇവിടേക്ക് കടന്നുവരുന്നവരും
ഒരുപോലെ പറയുന്നു
പ്രണയമാണ്
പഠനകാലത്തെ
മറക്കാനാവാത്ത അനുഭവമെന്ന്
എന്തായാലും.
ഈ കുമാരൻമാർക്കും
കുമാരിമാർക്കും
എന്താണ് പറയാനുള്ളത്
എന്നുനോക്കാം....
അല്ലെങ്കിലും
പ്രണയമില്ലാത്ത മനസ്സ്
എന്ത് മനസ്സ്?
പ്രണയമുള്ള മനസ്സാണ്
മനസ്സ്.
മനസ്സിലായോ....

## പേരുകൾ



81 എന്നെ മറക്കരുത്
82 എന്റെ കഥ
പ്രണയ സന്ദേശം
84 അറേബ്യയിൽ നിന്നൊരു കത്ത്
85 സത്യവും മിഥ്യയും
ഓട്ടോഗ്രാഫ്
87 പ്രണയ കവിതകൾ

എന്നെ മറക്കരുത്

JULY 20

MONDAY

[illegible]

[illegible]

കടപ്പാട്:-
[illegible]
[illegible]



സുപ്തി കെ.
രണ്ടാംവർഷ കമ്പ്യൂട്ടർ സയൻസ്

# എന്റെ കഥ




അമ്പലപ്പറമ്പിലെ ആൽമരച്ചുവട്ടിൽ ചന്ദനം ചാർത്തി ഒളിഞ്ഞിരിക്കുകയായിരുന്നു ഞാൻ. പുസ്തകം തൂക്കി തുളസിക്കതിർചൂടി പട്ടുപാവാടയുടുത്തുവരുന്ന അവളുടെ കണ്ണുകളിൽ അവൾ എനിക്കിടംതന്നു. അവളുടെ കണ്ണുകളിൽനിന്ന് കൊതിപൂണ്ടു നിൽക്കുന്ന അവന്റെ നെഞ്ചിലേക്കും ഞാൻ കൂടുകൂട്ടി. ഒരു നോക്കുകാണാൻ കൊതിച്ച് വീർപ്പുമുട്ടുന്ന അവന്റെ നെഞ്ചിലെ ചൂടും എനിക്കിഷ്ടമായിരുന്നു.

അവരുടെ പതിഞ്ഞ സംസാരവും കുശുമ്പുകളും കേട്ട് ഞാൻ ഒരുപാട് ചിരിച്ചിട്ടുണ്ട്. അവർ ചാരിയിരുന്ന അമ്പലപ്പടവുകളും ഒളിഞ്ഞുനിന്ന മതിലുകളും നടന്നുപോയ ഇടവഴികളും എത്ര സുന്ദരമായിരുന്നു !

കിന്നരിച്ച് ഓടിയകലുന്ന നീർച്ചാലിലെ തെന്നെ കല്ലുകൾക്കുമേലെ കൈകൾകോർത്ത് പിടിച്ചവർ നടന്നു. മഴ നനഞ്ഞു കുളിരുകോരുമ്പോൾ കണ്ണിലൂടെ എന്തെല്ലാമോ പറയുന്നതും. ഒരു കൈമുറുക്കത്തിൽ ഒരായിരം സ്വപ്നങ്ങൾ കൈമാറുന്നതും. ഹാ! എന്തൊരു സുഖമായിരുന്നു!

അതെ... ആ അമ്പലപ്പടവുകളി

# പ്രണയ സന്ദേശം

അടിപൊളിയാണുഞാൻ. വൺഫോർത്രീ എന്ന് ഓമനപ്പേര്. നിങ്ങളങ്ങനെ വിളിച്ചാമതി. എനിക്ക് രൂപമില്ല! ഭാവമില്ല!! കൗമാര വിരലുകളിൽ ഞെങ്ങിഞെങ്ങി ഞാൻ ഷേപ്പില്ലാതായി.



അടിച്ച് ഷേപ്പ്മാറിയ എന്റെ സ്വഭാവം മാറി. അമ്പലത്തിൽ പോകാനും തൊഴാനും മനസ്സില്ലാതായി. മഴനനയുന്നതും വെള്ളത്തിലിറങ്ങുന്നതും എനിക്കിഷ്ടമല്ല. ആരൊടെങ്കിലും കിന്നരിക്കുന്നതും ആരെങ്കിലും കുസൃതികാട്ടുന്നതും ഇഷ്ടമല്ല. ഒരു വിരൽതുമ്പിൽനിന്ന് ഞെങ്ങിയമർന്ന് അദൃശ്യമായി അങ്ങേ വിരൽസ്പർശനത്തിനായി അക്ഷരക്കൂട്ടമായി ഞാൻ പറന്നുനടക്കുന്നു.

എനിക്കെവിടെ സമയം! ഒരേ വിരൽത്തുമ്പിൽനിന്നു തന്നെ ആരുടെ അടുത്തേക്കെല്ലാം പോയി സ്വകാര്യം പറയണം!!

എന്നെ ആരും ഉറങ്ങാൻവിടാറില്ല. പാതിരാത്രി എനിക്ക് പിടിപ്പത് ജോലിയുണ്ട്. ചിലർക്ക് ഒട്ടും നാണമില്ല. എന്തൊക്കെയാ എന്നെക്കൊണ്ട് പറയിപ്പിക്കുന്നതെന്നോ?

യുഗങ്ങളെത്ര കടന്നുപോയി! പക്ഷേ എനിക്ക് എന്നും യൗവ്വനമാണ്. എനിക്ക് പ്രായം കൂടാറില്ല. എന്നെക്കുറിച്ചു പറയുമ്പോൾ തന്നെ പ്രായം ഓടിയകലും. യൗവ്വനം പറന്നെത്തും.

യായിരുന്നു അവർ സ്വപ്നങ്ങൾ നെയ്യാൻ ഒരുമിച്ചിരുന്നത്.

പണ്ടത്തെ ചെമ്മൺ റോഡിലെ ഈ മരങ്ങൾ അവരുടെ ഓർമ്മകൾ കേട്ടാണ് വളർന്നത്. അന്ന് അവരുടെ കൗമാര യാത്രയിൽ വിടരുന്ന പുഞ്ചിരികളും, കുസൃതികളും ഇവ എന്തിനോ കുലുങ്ങിച്ചിരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഇന്നിവ വളർന്നു പൂത്തുലഞ്ഞുനിൽക്കുന്നു.

കലാലയത്തിലെ തണൽമരച്ചോട്ടിലേക്കും അവർ എന്നെ കൊണ്ടു ചെല്ലാറുണ്ട്. അവിടെ അവർ ചിലപ്പോൾ അസ്വസ്ഥരാണ്. കുശുമ്പൻമാരുടെ കമന്റുകൾ കേൾക്കുമ്പോൾ അവർ ദേഷ്യപ്പെടും. അതുകാണാനും ഉണ്ട് കേട്ടോ ഒരു സുഖം. അവിടെ ഇവർ ഒരുപാട് സ്വപ്നങ്ങൾ നെയ്തുകൂട്ടും. നാളെയെക്കുറിച്ച് ഉറക്കമില്ലാത്ത രാവുകളെക്കുറിച്ച്. കുറച്ചു നിമിഷങ്ങൾകൊണ്ട് ആയിരം കാര്യങ്ങൾ അവർ പറഞ്ഞുതീർക്കും...

വീർപ്പുമുട്ടിയ നിമിഷങ്ങളിൽ അവർ കുത്തിക്കുറിക്കുന്ന വരികൾക്ക് എന്തെന്നില്ലാത്ത സുഗന്ധം. നവാനന്ദകരമായ വശ്യമാർന്ന കള്ളക്കണ്ണുകളിലൂടെ അവർ എന്നും പങ്കുവച്ചു. താളിതേച്ച് വളർത്തിയ അവളുടെ ഇടതൂർന്ന മുടിയിൽ കരവിരുതിന്റെ കവിതരചിക്കാൻ അവനു കൊതിയായും! കള്ളൻ!! ആ നെഞ്ചിലെ ചൂടറിയാൻ കൊതിക്കുന്ന ഈ പെൺമനസ്സറിയാൻ അവനുകഴിയുന്നില്ലല്ലോ എന്ന് അല്പം നൊമ്പരത്തോടെ ആത്മഗതം ചെയ്യുന്ന പെൺകുട്ടി! അടക്കിപ്പിടിച്ച സ്വപ്നങ്ങൾ പൊട്ടിത്തെറിക്കാതിരിക്കാൻ കിണഞ്ഞു പാടുപെടുന്നതും അവർ പരസ്പരം അറിയുന്നുണ്ട്. എന്നിട്ടും!!

കലാലയത്തിന്റെ ആളൊഴിഞ്ഞ ഇടങ്ങളിൽ ഇടക്കെങ്കിലും എന്തിനോ അവൾ അവനെ കാത്തുനിൽക്കാറുണ്ട്!!

എനിക്കത്രയ്ക്ക് ഇഷ്ടമായിരുന്നു അവരുടെ കുറുമ്പുകൾ. അല്ലെങ്കിൽ അവരെ ഇളക്കിവിടുന്നതായിരുന്നു എനിക്കിഷ്ടം.

അവസാനവർഷ പരീക്ഷകഴിഞ്ഞ് പടിയിറങ്ങുമ്പോൾ അവർ വിതുമ്പാറുണ്ടായിരുന്നു. വിടചൊല്ലിപ്പിരിയുമ്പോൾ ഇടനെഞ്ചിന്റെ വേദന പങ്കിടുന്ന നിമിഷങ്ങളിൽ ഏക ആശ്വാസം എന്നെങ്കിലും എവിടെ വെച്ചെങ്കിലും കാണാം എന്ന പ്രതീക്ഷ മാത്രമായിരുന്നു.






അരുൺ സി.
ഒന്നാംവർഷ പി.ജി.

യോഗിയായാലും രാജാവായാലും കവിയായാലും കഥാകാരനായാലും എന്നെകൂടാതെ കഴിയാനാവില്ല. പണ്ട് മേഘങ്ങളും, അരയന്നങ്ങളും, പ്രാവുകളും, തോഴിമാരും എനിക്ക് കൂട്ടിനുണ്ടായിരുന്നു. പുഴകളും കാടുകളും ദേശങ്ങളും കടന്ന് രാജകുമാരനും രാജകുമാരിക്കും ഇടയിൽ എന്തെല്ലാമാണ് ഞാൻകൈമാറിയത്! ഇന്നിപ്പോ അതൊന്നുമില്ല.

നോട്ടുബുക്കിലെ കടലാസിലൂടെയോ, കൂട്ടുകാരിയുടെ ചുണ്ടിലൂടെയോ ഞാൻ എത്തേണ്ടിടത്ത് എത്തിയിരുന്നു. പെട്ടെന്നായിരുന്നു ആ മാറ്റം. ആരുടെയും സഹായമില്ലാതെ എനിക്ക് നേരിട്ട് എത്തേണ്ടിടത്തെത്താം. പെട്ടെന്നുതന്നെ. മണ്ണിന്റെ മണവും ഹൃദയത്തിന്റെ ഭാഷയും കാവ്യരൂപവും എനിക്ക് നഷ്ടമായി. മഴയും മഞ്ഞും; നിലാവും, നക്ഷത്രങ്ങളും; മേഘവും, കുളിർകാറ്റും; ചന്ദനവും, തുളസിക്കതിരും; ഹൊ എന്തൊക്കെയാണ് കൈമോശം വന്നത്?

ഇപ്പോ എങ്ങനെയെന്നോ, എവിടെയെന്നോ, എവിടെയെത്തുമെന്നോ പറയാൻ പറ്റാതായി. ഇടക്ക് പഴയ മരത്തണലിലും കുളക്കടവിലും പോകണമെന്നുതോന്നും. പക്ഷേ.. കൂടിയിരിക്കാൻ ഒരു ഹൃദയവും കഥപറയാൻ രണ്ടു കണ്ണുകളും കിട്ടണ്ടേ!

ആ കാലം പോയി. ഇനി ഇങ്ങനെ പറന്ന് നടക്കാം. അല്ലാതെന്തു ചെയ്യാൻ!!



ശരത് ടി. ദാസ്
ഒന്നാംവർഷ ബി.കോം.



വിമൽ നമ്പ്യാർ
ഒന്നാം വർഷ ബി.കോം.



# അറേബ്യയിൽ നിന്നൊരു കത്ത്

പ്രിയസഖീ!
കാത്തിരിപ്പാണു ഞാൻ
നിൻ കാഞ്ചനനൂപുര ധ്വനികളെന്നും.
നിന്നാർദ്ര നയനത്തിലെന്തേ വിഷാദം
കരിനിഴൽ തീർക്കുന്നു നിത്യം?


കരയരുതോമലേ മിഴിനീർ തുടയ്ക്കൂ...
കാലത്തിൻ പടവുകൾ
ചവിട്ടിമുന്നേറുവാൻ...
നിന്നോർമ്മകളെന്നെ തുണച്ചിടുന്നു.

നെഞ്ചിലെരിയുന്ന കദന കനലെന്റെ
മിഴികളിലഗ്നി നിറച്ചിടുന്നു....
നേട്ടങ്ങളോരൊന്നു കൊയ്തെടുക്കുമ്പോഴു-
മോമൽ സഖീ നിന്നെയോർക്കുന്നു ഞാൻ.

അറേബ്യൻ മണലാരണ്യത്തിൽ ഞാൻ
അറബിതൻ ജല്പന മേറ്റുവാങ്ങി
ക്ലേശങ്ങളേറെ സഹിച്ചുകൊണ്ട്
തുടരുന്നു ജീവിത യാത്ര നിത്യം...

എണ്ണി വാങ്ങീടും റിയാലുകൾക്കില്ല തിളക്കമെന്നാൽ
എണ്ണമറ്റീടും നിൻ സ്നേഹവചസ്സുകൾ,
സാന്ത്വനമേകുന്നു കുളിർമഴ പോൽ,
നവ ഹേമന്ദമുള്ളിൽ തളിർത്തിടുന്നു...

സുന്ദരമാം നിൻ വദന സ്മരണകൾ
മംഗള വാദ്യം മുഴക്കിടുന്നു..
മംഗല്യ ഹാരമണിയിച്ചു നിന്നെയെൻ
ജീവിത ഹാരമായ് സ്വീകരിക്കും.



# സത്യവും മിഥ്യയും

രജീഷ് കുര്യൻ
ഒന്നാംവർഷ ബി.കോം.

കാണുമ്പോൾ ചിരിച്ച്
വാക്കുകൾ നൽകി
ജീവിതം കുരിശേറ്റുന്ന
കുട്ടിത്തമല്ല
എന്റെ പ്രണയം...
കലർപ്പില്ലാത്ത സ്നേഹത്താൽ
അനാവരണം ചെയ്ത
ഒരു ജീവിതം
നിനക്ക് സമ്മാനിക്കലാണ്
എന്റെ പ്രണയം.

വർഷങ്ങൾക്കു ശേഷം കണ്ടപ്പോൾ
സുഹൃത്ത് പറഞ്ഞു.
"അവളകൊട്ടിയപ്പോഴേ
ഞാൻ രക്ഷപ്പെട്ടടേ"
ഞാൻ കണ്ണുമിഴിച്ചുപോയി.
"നിനക്ക് വേണ്ടി മാത്രമാണ്...
പ്രിയേ..ഞാൻ ജീവിക്കുന്നത്.
ഞാൻ നിനക്കൊരു ജീവിതം നൽകും"
എന്നായിരുന്നു
പണ്ട് അവൻ അവളോട് പറഞ്ഞത്



# ഓട്ടോഗ്രാഫ്



ഷാലറ്റ് തോമസ്
മൂന്നാം വർഷ കമ്പ്യൂട്ടർ സയൻസ്

"വരൂ നമുക്കിത്തിരി നേരം
ഈ സൗഹൃദത്തണലിലിരിക്കാം
കുറുമ്പും കുറുത്തക്കേടും കളിചിരിയും
നൊമ്പരങ്ങളും പങ്കുവെക്കാം
നമ്മെ ഒത്തിരിയേറെ ഓർമ്മകളിലേക്കു
കൂട്ടിക്കൊണ്ടുപോകുന്ന ഒരപൂർവ്വ
ചങ്ങാതിയാണിത്"

മീനച്ചൂടിൽ അവസാന വർഷ പരീക്ഷയും എഴുതി മടങ്ങാനായി ക്യാമ്പസ്സിന്റെ ഇരുമ്പു ഗെയ്റ്റിനരികിലെത്തി നിൽക്കുമ്പോഴുണ്ടാകുന്ന വേദന. ഒത്തിരി അനുഭവങ്ങൾ സമ്മാനിച്ച ക്യാമ്പസിനെ പിരിയാനൊരുങ്ങുമ്പോഴുള്ള സങ്കടം. പങ്കുവെയ്ക്കപ്പെട്ട സൗഹൃദത്തിന്റെ ഓർമ്മകൾ കള്ളമില്ലാതെ കോറിയിട്ട ഓട്ടോഗ്രാഫ് താളുകൾക്കിപ്പുറം വായിക്കുമ്പോൾ മനസ്സിലുണ്ടാകുന്ന വിങ്ങൽ... ഇവ പറഞ്ഞറിയിക്കുവാൻ ആർക്കുമാവില്ല. ഈ വേദനയാണ് അതിരുകളില്ലാതിരുന്ന സൗഹൃദത്തിന്റെ മധുരസ്മരണയും.

ഇന്നലെവരെയുണ്ടായിരുന്ന ചിരികൾ, വേദനകൾ, അടക്കം പറച്ചിലുകൾ അങ്ങനെ എല്ലാം ഒരു കണ്ണീർ തുള്ളിയായി മനസ്സിൽ. പിന്നീടെന്നും ആ നല്ല നാളുകളിൽ കുറിച്ചുവാങ്ങിയ 'ഓട്ടോഗ്രാഫ്' മാത്രമാകാം കൂടെയുണ്ടാവുക. ഫ്രെയിമിന് അകത്തായ നല്ലൊരു കലാലയ ജീവിതത്തിന്റെ ഓർമ്മക്കുറിപ്പുകളാണ് എന്നും ഓട്ടോഗ്രാഫുകൾ. അത് വായിക്കുമ്പോളാകാം ഒരു പക്ഷെ ഇത്ര വലിയൊരു സാഹിത്യകാരന്റെ കൂടെയായിരുന്നല്ലോ പഠിച്ചതെന്നു പോലും തിരിച്ചറിയുക. കാരണം അത്രയും സാഹിത്യഭംഗിയോടെയാണ് വാക്കുകൾ കുറിക്കപ്പെടുന്നത്.

അറിയാതെയും പറയാതെയും പറഞ്ഞും നഷ്ടമാക്കിയ പ്രണയം. തനിക്കു ചെയ്തുതന്ന കൊച്ചു സഹായങ്ങൾ, അറിയാതെ പറ്റിയ തെറ്റുകളും അമളികളും ഒരുമിച്ചുള്ള വിനോദയാത്ര, വിടപറയും മുമ്പേയുള്ള ഒത്തുകൂടൽ, പരീക്ഷയും സപ്ലിയും. അങ്ങനെ ആ കലാലയ ജീവിതത്തിന്റെ എല്ലാം ഓട്ടോഗ്രാഫിന്റെ താളുകളിൽ കുറിക്കപ്പെടുന്നു.

മേടിച്ചുകൊടുത്തിട്ടുള്ള ചോക്ലേറ്റുകളുടെ എണ്ണം അക്കമിട്ട് അവളുടെ ഓട്ടോഗ്രാഫിൽ എഴുതുമ്പോൾ മറുപടിയായി അവന് കിട്ടുക എഴുതിക്കൊടുത്തിട്ടുള്ള അസൈൻമെന്റുകളുടെ കണക്കുകളാണ് എല്ലാം ടാലി. ഒപ്പം വെഡ്ഡിംഗ് കാർഡ് അയക്കാൻ മറക്കരുതേ എന്നുള്ള കുറിപ്പും.

ക്ലാസിൽ നിന്നും എസ്കേപ്പടിച്ച് കാന്റീനിൽ പോയി സൊറപറഞ്ഞിരുന്നതും. തന്റെ മുമ്പി



ലിരിക്കുന്ന കൂട്ടുകാരനുള്ള മെസേജ് വഴിതെറ്റി സാറിന്റെ കണ്ണിൽ അവസാനിച്ചതും 31 വർഷത്തെ സർവീസിൽ ആദ്യമായാണ് ഒരു പെൺകുട്ടി ഇങ്ങനെ എന്നുള്ള സാറിന്റെ ക്ഷുഭിത മൊഴികളും ഗസ്റ്റ് മിസ്സിന്റെ അവറിലെ ആർമാദികളും ആഘോഷങ്ങളും എല്ലാം ആ താളുകളിൽ സ്ഥാനം പിടിക്കുന്നു.

ഇലക്ഷനുമുമ്പേ പ്രചാരണത്തിനായി മതിലുകളിൽ മറ്റാരുമെഴുതാതിരിക്കാൻ 'ബുക്ക്ഡ്' എന്നെഴുതുന്നതുപോലെ ഓട്ടോഗ്രാഫ് താളുകളിലും തനിക്കിഷ്ടപ്പെട്ട പേജിലെഴുതാൻ നേരത്തെ ബുക്ക് ചെയ്യുന്നവർ. പെൻസിൽ വച്ചെഴുതിയ ബുക്ക്ഡ് മായിച്ച് അവിടെ എഴുതുന്ന മറ്റൊരാൾ. അതാണ് സങ്കടപ്പെടുത്തുന്ന ആദ്യത്തെയാൾ. എല്ലാം ഓട്ടോഗ്രാഫിന്റെ സൃഷ്ടികൾ.

ഒരു കലാലയ വർഷം കൂടി ഓട്ടോഗ്രാഫ് നൽകി വിടപറഞ്ഞു. ഓട്ടോഗ്രാഫിന്റെ താളുകളിൽ പഴയതുപോലെ പേനയോടുന്നില്ല. ആധുനികതയുടെ വേഗതയിൽ ഓട്ടോഗ്രാഫ് ഓടിയെത്തിയിട്ടില്ല. പുത്തൻ സാങ്കേതിക വിദ്യകൾ ആ സ്ഥാനം കൈയടക്കിയിരിക്കുന്നു. എന്നാലും ക്യാമ്പസ് തീർത്തങ്ങു മറന്നിട്ടുമില്ല. ഒന്നോർക്കുക... പിന്നീട് വളരെ പിന്നീട് പഴയ പുസ്തകകെട്ടിനിടയിൽ പരതുമ്പോൾ ഓർമ്മയുടെ ഓളങ്ങളിലേക്കു തള്ളിവിടാൻ പ്രാപ്തമായ ഒരു കുറിപ്പടിയാണ് ഓട്ടോഗ്രാഫ്. അന്നതു വായിക്കുമ്പോൾ പോയകാലത്തിന്റെ ഗൃഹാതുരത്വവും മിസ്സിൽ എന്ന വാക്കിന്റെ ശരിയായ അർത്ഥവും മനസിൽ തോന്നണമെന്നുണ്ടെങ്കിൽ ഒന്നിനു മാത്രമേ കഴിയൂ... ഓട്ടോ ഗ്രാഫിനു മാത്രം...

" ഒരു കലാലയ വർഷം കൂടി
ഓർമ്മയിലേക്കു മറഞ്ഞു.
വക്ക് അടരുകയും നിറം
മങ്ങുകയും ചെയ്ത ഓട്ടോഗ്രാഫിന്റെ
താളുകളിലൂടെ ഇനിയൊരിക്കൽ
ഓർമ്മകൾ തിരിച്ചുവന്നേക്കാം
ഒരുപക്ഷേ കാലം ഓട്ടോഗ്രാഫിനെ
തന്നെ മറന്നേക്കാം"





# പ്രണയ കവിതകൾ



നിവേദ്
ഒന്നാം വർഷ ബി.കോം.

പ്രിയകൂട്ടുകാരി...
പാലങ്ങൾ
സിമന്റ് തൂണുകൾക്കു മേലെ
നാഗരികതയെ ചുമക്കുന്ന
ആമകൾ ആണെന്നാണ്
നീയവസാനമായി പറഞ്ഞത്...!
ഞാനോ...?
നമുക്കിടയിലെന്തിനു പാലങ്ങൾ,
നിന്റെ നീട്ടിയ കൈകൾ
എത്ര അടുത്താണ്
എന്നോ മറ്റോ.
എങ്കിലും...?
രണ്ടുവൻകരകൾക്കിടയിൽ
നീ അവനായ് സൃഷ്ടിച്ച പാലം
ജലത്തിലൂടെ മുറിച്ചുകടന്നു
ആദ്യത്തെ ജഢം
എന്റേതായിരിക്കും...?

പ്രണയം വിശുദ്ധമാക്കരുത്
പ്രണയം പണയമാക്കുക...
ദുഃഖങ്ങൾ ഇല്ലാതെ... വേദന അനുഭവിക്കാതെ
മയിൽപീലിത്തുണ്ട് നീ സൂക്ഷിക്കരുത്..
വളപ്പൊട്ട് ഓർമ്മയിൽ നീറ്റലുണ്ടാക്കരുത്
അതാണ് പ്രണയിക്കാനുള്ള നിന്റെ യോഗ്യത
നിനക്കൊന്നും നഷ്ടപ്പെടില്ല.

---

സ്വപ്നങ്ങൾ മിഥ്യായാമം പുണർന്നിയുറങ്ങുന്ന
വ്യർത്ഥ നിദ്രതൻ പൂർവ്വജന്മസ്മൃതികളാണ്
ദൃഷ്ടിയിൽ തെളിയുന്ന ശബ്ദ ചിത്രങ്ങളാണ്
വാക്കിന്റെ ഒടുങ്ങാത്ത പ്രണയപ്പകയാണ്
കത്തിനീറുന്ന പ്രണയം മൊഴിയുന്ന കഥയാണ്
താങ്ങിയെത്താനാവാത്ത വഴിതൻ മനസാണ്..
എങ്കിലുമീയന്ധത മധുരം പോലെ..
എന്നന്തരാത്മാവ് കുടിച്ചു വറ്റിക്കുമ്പോൾ
മിത്രവും ശത്രുവും വാക്കും പൊരുളും...
കാണാക്കടങ്ങളും കടൽ കോളും
കനവും കാരുണ്യവും നീമാത്രമാവുന്നതെപ്പോൾ...



നിധീഷ് കെ.വി.
ഒന്നാംവർഷ ബി.കോം.

*Best Compliments From:*

**Net City**

**IT SOLUTION**

Thulasi Malabar Heights
**New Bus Stand-IRITTY**
Ph: 0490-2494011

**INTERNET, DTP**
**ONLINE APPLICATION**

**Net City**

**Computer Sales & Service**
Thulasi Malabar Heights
**New Bus Stand-IRITTY**
netcityity@gmail.com
Mob: 9497287263

ആശംസകളോടെ...

**മാത്യു അഗസ്ത്യൻ മെമ്മോറിയൽ ലൈബ്രറി**

രജി. നം. 41/97.
എടൂർ, പി.ഒ. പായം-670 704

16-ാം വയസ്സിലേക്ക്
5000 ത്തിൽ അധികം പുസ്തകങ്ങൾ
എല്ലാദിവസവും തുറന്ന് പ്രവർത്തിക്കുന്നു.

സെക്രട്ടറി
പി.വി. ജോർജ്ജ്

ചെയർമാൻ
എം.സി. തോമസ്

Best Compliments From:

**BENHILL**

**ENGLISH SENIOR SECONDARY SCHOOL**

Benhill, Iritty P.O.-670 703
Ph: 0490-2494788
3298808, 2491676

Affiliated to CBSE, Delhi.
No. 930593

Best Compliments From:

**ELITE GLASS HOUSE**

**Main Road IRITTY-670 703,**
**Kannur Dt., Kerala**

**Ph: 0490-2491626 (O)**
**2491627 (R)**

**Dealers in:**

* Plywoods
* Mirror Glass
* Window Glass
* Plain Glass
* Novapan
* W.I. Plywoods
* Paints
* Hard Boards
* Steel Hinges
* PVC Reeper
* Bamboo Plywoods
* Aluminium Fittings

etc...



Hedge Equities
invest with an edge

EQUITIES | DEPOSITORY | MUTUAL FUNDS
DERIVATIVES | INSURANCE | COMMODITIES

**HEDGE EQUITIES LTD.**
Ist FLOOR, THAVAKKAL COMPLEX, NEAR UNION BANK, IRITTY, KANNUR
0490-2491373, 0490-3246699, 09388175042, 09020473031

Rahees(Aachi) - 9447935910
Shop: 0490 2494222

WellFit
COMPLETE CAR ACCESSORIES SHOP
Whole Sale & Retail
Thavakkal Complex Iritty, 670 703
Inside Cottachery pump, Thana, Kannur-12

**Oppening Shortly At Payyannur**

*Best Compliments From:*

*Best quality production*

# Bag Bazar

**Fancy & Stationery**

**OLD BUS STAND**

**IRITTY**

Ph:
9656219073
9745215031





*Best Compliments From:*



Ph:
9567416275

# Shine Bags

**The Whole Sale Shop**

Ladies Bags, School Bags, Travelling Bags, Belts, Caps etc..

**IIIrd Floor K. K. Trade Center,**
**New Bus Stand, Kannur, Kerala**

*Best Compliments From:*

**VIVA**
GOLD

New Busstand-IRITTY
Ph: 0490-2493860

**അറ്റ്ലസ്**
ഗോൾഡ് പാർക്ക്

New Busstand-IRITTY
Ph: 0490-2494252

ആശംസകളോടെ..!

# ഉളിക്കൽ സർവ്വീസ് സഹകരണ ബേങ്ക്

**ക്ലിപ്തം നമ്പർ സി. 107**

**ഉളിക്കൽ പി. ഒ. 670 705**

ഹെഡ്ഡോഫീസ്-ഉളിക്കൽ
ഫോൺ: 2254200

ബ്രാഞ്ചുകൾ:

| | |
|---|---|
| മെയിൻ ബ്രാഞ്ച്, ഉളിക്കൽ | ഫോൺ: 2228154 |
| പടിയൂർ | ഫോൺ: 2273006 |
| മാട്ടറ | ഫോൺ: 2226194 |
| ഈവനിംഗ് ബ്രാഞ്ച്, ഉളിക്കൽ | ഫോൺ: 2228155 |

പ്രസിഡണ്ട്:
കെ. വി. ഗോവിന്ദൻ

സെക്രട്ടറി
ജോർജ്ജ് തോലാനി

ആശംസകളോടെ....

# ചാവശ്ശേരി സർവ്വീസ് സഹകരണ ബേങ്ക്

## ലിമിറ്റഡ് നമ്പർ സി. 39

പി. ഒ. ചാവശ്ശേരി-670 702.

ഫോൺ : 0490-2433261, 2433381.

ബ്രാഞ്ചുകൾ:

**ഉളിയിൽ ശാഖ**

ഫോൺ : 2434261

**സായാഹ്ന ശാഖ : 19-ാം മയിൽ**

ഫോൺ : 2473650

- ★ കാർഷിക കാർഷികേതര വായ്പകൾ അനുവദിക്കുന്നു.
- ★ സ്വർണ്ണ പണ്ടത്തിന്റെ ഈടിൻമേൽ നിബന്ധനകൾക്ക് വിധേയമായി
  കാർഷിക വായ്പ അനുവദിക്കുന്നു.
- ★ നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ
- ★ ഇന്ത്യയിൽ എവിടേക്കും ഡി.ഡി. സൗകര്യം ലഭ്യമാണ്
- ★ ബ്രാഞ്ചുകളിൽ ലോക്കർ സൗകര്യം ലഭ്യമാണ്.

പ്രസിഡണ്ട്
കെ. വി. പവിത്രൻ

സെക്രട്ടറി
കെ.പി. സതീഷ് ചന്ദ്രൻ

ഏതു മനസ്സാണ്
കഥകേൾക്കാൻ
ഇഷ്ടമല്ലാത്തത്.
നിങ്ങൾക്കുമില്ലേ
ഒരുപാട് കഥകൾ പറയാൻ
ഇതാ ഇവിടെ
നിങ്ങളുടെ ക്ലാസ്മേറ്റുകളുടെ
കഥകൾ.

കഥകൾ പലപ്പോഴും
ജീവിതത്തിന്റെ പച്ചയായ
വിവരണമാണ്.
മനസ്സിനെ വേദനിപ്പിക്കാനോ
കണ്ണിൽ ഈറനണിയിക്കാനോ
ഹൃദയം തുറന്ന് ചിരിപ്പിക്കാനോ
കഴിഞ്ഞെങ്കിൽ
അതുതന്നെയാണ്
കഥയുടെ വിജയം!

## പേരുകൾ




95 സുന്ദരികളേ.. ഒരു നിമിഷം

96 നമ്മൾ അങ്ങനെയൊരു ഓണക്കാലത്ത്

101 വരവ് 2007–2010

102 മാംസത്തിന്റെ വില

103 ഒടുക്കത്തെ ഒരു ചിന്തയേ..

104 കുഞ്ഞിളംകാറ്റിൽ ഇളകുന്ന മനുഷ്യ മനസ്സ്

107 വിശ്വാസം അതല്ലേ എല്ലാം...

108 പലേടത്തുനിന്ന് ഒരിടത്ത് ചേർന്ന്

114 മേമനകൊല്ലി

121 പ്രായശ്ചിത്തം

**ആത്മകഥയിൽനിന്നും ഒരേട്**

# സുന്ദരികളേ.. ഒരു നിമിഷം

ഷാജു
രണ്ടാം വർഷ ബീ.കോം.

കരിക്കട്ടയേക്കാൾ കറുത്തതും, പുട്ടുംകുറ്റിയേക്കാൾ ചെറിയവനുമായ ഞാൻ, പാലിനേക്കാൾ വെളുത്തതും, മൊബൈൽ ടവറിനേക്കാൾ നീളമുള്ളതുമായ ഒരു പെണ്ണിനെ 365 ദിവസം മുമ്പ് നോട്ടമിട്ടു.

എന്റെ കഴിവും സൗന്ദര്യവും ഉപയോഗിച്ച് ഞാനവളെ ഒരു വിധം.. വളച്ചുവെച്ചു.

ഇതുകേട്ടപ്പോൾ ചങ്ങാതിമാർക്കെല്ലാം ആസൂയയും പിറുപിറുപ്പും.

പന്നികൾ.

പാരവെച്ച് പാരവെച്ച്, ആ ടവറിന്റെ റെയ്ഞ്ച് നഷ്ടപ്പെടുത്തി, കാലങ്ങൾ ഒരു പാട് കഴിഞ്ഞു.

***നിരാശ കാമുക ലോകത്തിൽ
ഒരു പ്രമാണിയായ് ഞാൻ നിന്നു.
ജീൻസു പാന്റും ടീഷർട്ടും മാറ്റി
മുണ്ടും ഷർട്ടുമണിഞ്ഞു.***

കഴിഞ്ഞവർഷം പുതിയ ഫസ്റ്റിയേഴ്സ് വന്നു.

രാഖി, സഫീദ, മേഖ, സ്നേഹ, അശ്വിനി, പ്രിയങ്ക അങ്ങനെ അങ്ങനെ..എത്രയെത്ര സുന്ദരികൾ!

ഇതിനിടയിൽ കുനിൻമേൽ കുരു എന്നപോലെ സുഹൃത്തുക്കൾ വീണ്ടും പാരയായി. കേട്ടാൽ സന്തോഷവും സങ്കടവും ഒരുപോലെ തോന്നിക്കുന്ന ഒരു വാർത്ത എന്നെ തകർത്തു കളഞ്ഞു.

എന്റെ കല്ല്യാണം കഴിഞ്ഞു..... !

എന്ന് അവൻമാർ എല്ലാവരോടും പറഞ്ഞു.

വീണ്ടും നിരാശ കാമുകൻ. ഇപ്പോൾ ഒരു പെൺകുട്ടിയും എന്നെ ശ്രദ്ധിക്കാറില്ല. എന്റെ ഒരു വിധി. പ്രിയ സുന്ദരികളേ... സത്യമായിട്ടും എന്റെ കല്യാണം കഴിഞ്ഞിട്ടില്ല. എന്റെ സങ്കടം നിങ്ങൾ മനസ്സിലാക്കണം. ഇത് സത്യം.. സത്യം... സത്യം....

പ്ലീസ്... എന്നെ വിശ്വസിക്കൂ..

എന്ന്,

സ്വന്തം

ഷാജുവേട്ടൻ






# മാവേലി.....
# താങ്കൾ അറിയുന്നുവോ ഈ കഷ്ടപ്പാട്!
# നമ്മൾ, അങ്ങനെയൊരു ഓണക്കാലത്ത്.

"അണ്ണാ... ഊ എല്ലി സിക്കത്"?

(ചേട്ടാ പൂ വിൽക്കുന്നത് എവിടെയാ)

"ഊ സിക്കത് ബോട്ടി ബസാർ"

(പൂവ് ബോട്ടി ബസാറിൽ)

"ബോട്ടി ബസാർ എല്ലി ഇറോത്"

(ബോട്ടി ബസാർ എങ്ങോട്ടാ)

"നെട്ടിക്കെ ഹോക്ബേക് എറിഡിനെ സർക്കിൾ റൈറ്റ്"

(നേരെ പോയി രണ്ടാമത്തെ സർക്കിളിൽ നിന്നും വലത്തോട്ട്)

താങ്ക്സ് അണ്ണാ....

എന്തെങ്കിലും മനസ്സിലായോ.. ആസിഫിനൊരു സംശയം. അസ്‌ലംക്ക അണ്ണൻമാരോട് ഓരോന്ന് ചോദിക്കുവാനും തലകുലുക്കുവാനും തുടങ്ങിയിട്ട് കുറേ നേരമായി. ഇതുവരെ എവിടെയും എത്തിയില്ല. അസ്‌ലംക്കയുടെ കന്നട ഉള്ളതുകൊണ്ട് ഇവിടെയ വരെയെത്തി എന്ന കാര്യം ആസിഫ് മറന്നുവോ?

ഒരു കാര്യം ചെയ്യാം. നമുക്ക് ചോദിച്ച് ചോദിച്ച് പോകാം. അക്ഷയ് പറഞ്ഞത് എല്ലാരും ശരിവെച്ചു. ബോട്ടി ബസാറും തേടി കുറേക്കൂടി മുന്നോട്ടു പോയി.

വണ്ടി അടുപ്പിക്ക്, വണ്ടി അടുപ്പിക്ക്.. അയാളോട് ചോദിച്ചു നോക്കാം.

അണ്ണാ ബോട്ടി ബസാർ എല്ലി ഇറോത്?

(ചേട്ടാ ബോട്ടി ബസാർ എവിടെയാ)

ഒൻതു കിലോമീറ്റർ റിവേഴ്സ് ഹോക് ബേക് റൈറ്റ്

(പുറകോട്ട് ഒരുകിലോമീറ്റർ പോയിട്ട് അവിടുന്ന് വലത്തോട്ട്)

ദൈവമേ ഈ അണ്ണൻമാർ നമ്മളെ പറ്റിക്കുകയാണോ? ഒരാളുപറഞ്ഞു മുന്നോട്ടുപോകണമെന്ന്, മറ്റൊരാൾ പറഞ്ഞു പുറകോട്ട് ഒരുകിലോമീറ്റർ പോകണമെന്ന്. ഏതായിരിക്കും ശരി?

സമയം ഏതാണ്ട് പത്തുമണി കഴിഞ്ഞു. ആളൊഴിഞ്ഞ ഉത്സവപ്പറമ്പുപോലെ വിജനവും വിശാലവുമായ മൈസൂർ നഗരം. തലങ്ങും വിലങ്ങും പായ് താനി വിരിച്ചതുപോലെ കുറേ റോഡുകൾ. ആ റോഡിലൂടെ ഒരു കേരള രജിസ്ട്രേഷൻ ജീപ്പ് അങ്ങോട്ടും ഇങ്ങോട്ടും ഓടുകയാണ്. പൂക്കൾ തേടി ആറു ചെറുപ്പക്കാർ ആയിരുന്നു ആ വണ്ടിയിൽ.

ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും പ്രതീകമായി. വീണ്ടുമൊരോണക്കാലം വന്നെത്തി. സ്നേഹത്തിന്റെയും നന്മയുടെയും തമ്പുരാനായ മാവേലി മന്നനെ വരവേൽക്കാൻ നാടും വീടും നഗരവുമൊരുങ്ങി.

ഇരിട്ടി മഹാത്മാഗാന്ധി കോളേജിലെ സെക്കന്റ് ബീകോം ക്ലാസ്സിൽ സ്വരൂപ ടീച്ചറുടെ ശബ്ദം.

"അല്ല മക്കളേ മറ്റന്നാള് പൂക്കള മത്സരം.. നിങ്ങളെന്ത് തീരുമാനിച്ചു, ആരാ വരക്കുന്നത്, പൂവിന്റെ കാര്യമെന്തായി?"

"വരയൊക്കെ ആർക്കെങ്കിലും വരക്കാം. പൂക്കളുടെ കാര്യാ..."



കണ്ണൂരിലും ഇരിട്ടിയിലുമെല്ലാം പൂവിന് ഭയങ്കര വിലയാ.. നമുക്ക് പുറത്തുനിന്ന് എവിടെനിന്നെങ്കിലും വാങ്ങുന്നതാ ലാഭം. റിയാസിന്റെ വണ്ടിയുണ്ട്... ഗുണ്ടൽപേട്ടിൽ പോകാം... അങ്ങനെ നൂറ് നൂറ് അഭിപ്രായങ്ങൾകൊണ്ട് ക്ലാസ്സാകെ കലപിലയായി. ഇവിടെ പൂവിന് വിലക്കുറവാണെങ്കിൽ ഗുണ്ടൽപേട്ടിൽ നിന്നു വാങ്ങുന്നതാണ് ലാഭമെന്ന് ടീച്ചർ പറഞ്ഞു.

അങ്ങനെ ഗുണ്ടൽപേട്ടിൽ നിന്ന് പൂക്കൾ വാങ്ങാൻ ഞങ്ങൾ തീരുമാനിച്ചു. "പോന്നുണ്ടെങ്കില് നാളെ രാവിലെ പത്ത് മണിക്കെങ്കിലും പോണം. എന്നാലെ രാത്രിയാകുമ്പോഴേക്കും എത്താൻ കഴിയൂ.. രാത്രി ഒമ്പത് മണി കഴിഞ്ഞാൽ വന്യമൃഗങ്ങളുള്ളതാണ് കർണാടക സർക്കാർ വണ്ടി വിടില്ല. പിന്നെ രാവിലെ ആറ് മണിക്കേ വണ്ടികൾ കടത്തി വിടൂ... അത് റിസ്കാ... " സ്റ്റുഡന്റ് എഡിറ്റർ അക്ഷയ് പ്രേംനാഥ് മുന്നറിയിപ്പു നൽകി. പിറ്റേദിവസം കോളേജിൽ കാണുമ്പോൾ കുട്ടികളെല്ലാം ചോദിച്ചു. നിങ്ങൾ ഗുണ്ടൽപേട്ടിൽ പോകുന്നുണ്ടല്ലേ... പൈസ തന്നാൽ ഞങ്ങൾക്കും പൂക്കൾ വാങ്ങുമോ? ഞങ്ങൾ ഗുണ്ടൽപേട്ടിൽ പോകുന്ന വിവരം എങ്ങനെയോ ലീക്കായിരിക്കുന്നു. "നിങ്ങളേതായാലും പോകുന്നതല്ലേ മറ്റു ക്ലാസ്സുകളിലേക്കുകൂടി വാങ്ങിക്കോ.." സ്വരൂപടീച്ചർ പറഞ്ഞു. പത്തുമണിയായപ്പോഴേക്കും റിയാസിന്റെ വണ്ടി റെഡി. പക്ഷേ പോകാനായില്ല. എല്ലാവരുടെയും പൈസയും വാങ്ങി ഉച്ചയ്ക്ക് പോയാൽമതിയെന്ന് ടീച്ചർ പറഞ്ഞു. പൈസ കലക്ട് ചെയ്യാൻ പോയ അക്ഷയുടെയും സിബിയുടെയും കീശ വീർത്തിരിക്കുന്നു. "എടാ സജീഷേ നീപോയി താഴത്തെ ക്ലാസ്സിലെ പൈസയും ലിസ്റ്റും വാങ്ങിട്ടു വാ...പോകാൻ സമയമായി" സിബി ആക്രോശിച്ചു.

തിരിച്ചുവന്ന സജീഷിന്റെയും കീശ വീർത്തിരിക്കുന്നു. "ലിസ്റ്റ് വേഗം വാങ്ങ്. പോയിട്ടു വരേണ്ടതാ...സമയം 12ആയി. റിയാസ് തിടുക്കം കൂട്ടി. ഓരോ ക്ലാസ്സിലെ പണവും ലിസ്റ്റും ഓരോരുത്തരുടെ കൈകളിലുണ്ടായിരുന്നു. സജീഷിന്റെ കൈയിൽ തേഡ് ബീകോമിന്റെയും ഫസ്റ്റ് മാത്സിന്റെയും. സിബിയുടെ കയ്യിൽ ഫസ്റ്റ് ബീകോം ഫസ്റ്റ് ഫിസിക്സ്. അക്ഷയുടെ കൈയിൽ തേഡ് മാത്സ് ഫസ്റ്റ് കമ്പ്യൂട്ടർ സയൻസ് അങ്ങനെ അങ്ങനെ...

സമയം വളരെ വൈകിയിരുന്നു. ഇന്നുതന്നെ വരാൻ കഴിയുമോ എന്ന കാര്യം സംശയത്തിലായിരുന്നു. "ഒരു കാര്യം ചെയ്യ്. ലിസ്റ്റ് വാങ്ങിയ എല്ലാവരും വണ്ടിയിൽ കയറിയാൽ വേഗം പോകാം ബാക്കി കണക്കെല്ലാം വണ്ടിയിൽനിന്നു നോക്കാം." റിയാസ് പറഞ്ഞു. അങ്ങനെ കോളേജിലേക്ക് എന്ന് പറഞ്ഞിറങ്ങിയ സിബിയെയും സജീഷിനെയും അക്ഷയെയും വണ്ടിയിൽ പിടിച്ചുകയറ്റി. കോളേജിൽനിന്നും വണ്ടി വിടുമ്പോൾ ഉച്ച കഴിഞ്ഞിരുന്നു. കണക്കുകളെല്ലാം അക്ഷയെ ഏൽപ്പിച്ചു. അങ്ങനെ അക്ഷയ് കണക്കെഴുത്തുകാരനായി. റിയാസും ആസിഫും മുതലാളിമാർ അവർ കാര്യങ്ങളെല്ലാം നടത്തിക്കൊള്ളും. പാവം സജീഷും സിബിയും തൊഴിലാളികൾ. അങ്ങനെ ഓരോ കാര്യങ്ങൾ ഓരോരുത്തർ

ഏറ്റെടുത്തു. കോളേജിലെ മുഴുവൻ ക്ലാസിലേക്കും പൂകൊണ്ടുവരാൻ വേണ്ടിയായതിനാൽ ഒരല്പം ടെൻഷൻ ഞങ്ങൾക്കുണ്ടായിരുന്നു. കാരണം പുറപ്പെടാൻ വൈകിയിരിക്കുന്നു. എങ്കിലും ഞങ്ങൾ ജോളിയായി തന്നെ യാത്ര തുടർന്നു.

പാൽച്ചുരത്തിന്റെ മനോഹാരിത ക്യാമറയിൽ പകർത്തി മുന്നോട്ടു നീങ്ങി. വണ്ടിയിലിരുന്ന് വീരാ ഭാസങ്ങൾ പറയുന്ന ആസിഫ്; ചളി പറയുന്ന സിബി; കാട്ടുവഴികളാസ്വദിക്കുന്ന സജീഷ്; പ്രണയത്തിന്റെ ഓർമ്മകൾ അയവിറക്കുന്ന റിയാസ്; കോളേജിലെ ഏതോ ക്ലാസിൽ തന്റെ ഹൃദയം പണയംവെച്ച എഡിറ്റർ അക്ഷയ്....

കേരളത്തിനു പുറത്തെ റോഡ് പരിചയവും ഒരല്പം കന്നടയും കൈമുതലായുള്ള അസ്‌ലാക്കയാണ് വണ്ടിയോടിച്ചിരുന്നത്. ജീപ്പിന്റെ സ്പീഡു കാണിക്കുന്ന മീറ്റർ തൊണ്ണൂറിനും നൂറിനുമിടയിലാണ്. നല്ല സ്പീഡ്. പെട്ടെന്നൊരു പോലീസുകാരൻ കൈനീട്ടി.

"മക്കളേ...നിങ്ങളെങ്ങോട്ടാ ഈ ഓവർസ്പീഡിൽ... വണ്ടി ഒന്നു സൈഡാക്കിച്ചിട്ടാട്ടെ!"

"സർ.. ഞങ്ങൾ എം.ജി. കോളേജിൽ നിന്നാ.. പൂ വാങ്ങാൻ പോവുകയാ..."

"ഈ പോക്കുപോയാൽ നിങ്ങൾക്കു പൂ വാങ്ങാൻ പറ്റുമെന്ന് എനിക്ക് തോന്നുന്നില്ല"

"സർ.. നാളെ ഒമ്പത് മണിക്ക് മത്സരമാ... ഇനിയിപ്പം നമ്മൾ ചെല്ലുമ്പോഴേക്കും മാർക്കറ്റടച്ചാൽ...."

"മാർക്കറ്റൊന്നും അടക്കില്ല. നിങ്ങൾ മെല്ലെ പോയാൽ മതി. സ്കൂൾ വിടുന്ന സമയമാ... റോഡിൽ നിറയെ പിള്ളേരുണ്ടാകും."

ഒരുവിധത്തിൽ തടിയൂരി. എന്നാലും ഓവർ സ്പീഡിന് നൂറ് രൂപ പിഴയടക്കേണ്ടിവരും. അസ്‌ലംകയുടെ സൗമ്യമായ പെരുമാറ്റംകൊണ്ടാണ് നൂറിലൊതുങ്ങിയത്.

വയനാട്ടിലെ പ്രശസ്തമായ മുത്തങ്ങയും കടന്ന് ഞങ്ങൾ കർണ്ണാടക അതിർത്തിയിലെത്തി. അവിടെ ദക്ഷിണേന്ത്യൻ സംസ്കാരം വിളിച്ചോതുന്ന ഒരു ക്ഷേത്രം. ക്ഷേത്രത്തെ ചുറ്റിപ്പറ്റി വാനരപ്പടയും. ഘോരമായ കർണ്ണാടക വനം. അവിടെ അനേകം വന്യമൃഗങ്ങളുണ്ട്. ഇടവിട്ടിടവിട്ട് ചെക് പോസ്റ്റുകൾ. അവിടെ ചെക്കിങ്ങിന് നിരനിരയായി പാണ്ടിലോറികൾ നിർത്തിയിട്ടിരിക്കുന്നു.

ഞങ്ങൾ അവരെയും താണ്ടി മുന്നോട്ടു നീങ്ങി. കേരളത്തിലെങ്ങും കാണാത്ത കുണ്ടും കുഴിയുമില്ലാത്ത നല്ല റോഡ്. കർണ്ണാടക സർക്കാരിനെ സമ്മതിക്കണം.

ഇതെങ്ങനെ വളവും തിരിവുമില്ലാത്ത നേരെയുള്ള റോഡ് പണിതു? ഏതായാലും ഞങ്ങൾ നല്ല സ്പീഡിലായിരുന്നു. മൂന്നു ഗീറുള്ള പഴയമോഡൽ ജീപ്പാണ്. അതിനാൽ വേഗതയ്ക്ക് ഒരുപരിധിയുണ്ട്. റോഡിനിരുവശത്തും അംബരചുംബികളായ വൻമരങ്ങൾ, മുളംകാടുകുൾ എന്നിവയാണ്. നല്ല തണുപ്പുമുണ്ട്. 'ആനകളുള്ള സ്ഥലം, പതിയെ പോകൂ.' എന്ന് പലയിടത്തും ബോർഡുകൾ എഴുതിവെച്ചിട്ടുണ്ട്.



സമയം ഏതാണ്ട് വൈകിട്ട് 6 മണി ആയിക്കഴിഞ്ഞു. വയലിൽ നിന്നും പണികയറിപ്പോകുന്ന നാട്ടുകാർ. ചിലർ കാളവണ്ടിയിലാണ് യാത്ര. വിശാലമായ പാടത്ത് ഒരു പൊട്ടുപോലെ പെറിയ പെറിയ വീടുകൾ നെല്ല്, ചോളം, പൂക്കൾ എന്നിവയാണ് അവരുടെ പ്രധാന കൃഷി എന്നു തോന്നുന്നു. കാരണം അവിടെയെല്ലാം ഇത്തരം വിളകളുടെ പാടങ്ങളാണ് കാണാൻ സാധിച്ചത്. അങ്ങനെ ഞങ്ങൾ ഗുണ്ടൽപേട്ട് ഗ്രാമത്തിൽ പ്രവേശിച്ചു.

കേരള വണ്ടി കണ്ടപ്പോൾ അവിടുത്തെ ജനങ്ങളുടെ മുഖത്ത് സന്തോഷം വിടർന്നു. രണ്ട് പേർ പൂക്കൾ വിൽക്കുന്നത് കണ്ടപ്പോൾഞങ്ങൾ അവിടെ വണ്ടി നിർത്തി. പ്ലാസ്റ്റിക് ഷീറ്റിൽ കൂട്ടിയിട്ടിരുന്ന പൂക്കൾ കണ്ടപ്പോൾ ഞങ്ങൾക്ക് വാരിയെടുക്കാൻ തോന്നി. പക്ഷെ അവിടെ രണ്ടുതരത്തിലുള്ള പൂക്കൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.. ബാക്കിയെല്ലാം തീർന്നു.

ഇനിയെന്തു ചെയ്യും? ഈ പൂക്കൾ കൊണ്ടുപോയാൽ തികയില്ലെന്നു മാത്രമല്ല രണ്ടു കളർമാത്രമു

ള്ളതും പ്രശ്നമാകും. ഞങ്ങൾക്ക് ടെൻഷനായി. വണ്ടി നേരെ മൈസൂർക്ക് വിട്ടേക്കാൻ നാട്ടുകാർ പറഞ്ഞു. അവിടെ 24 മണിക്കൂർ മാർക്കറ്റാണ്. ഞങ്ങൾക്കെന്തായാലും പൂകിട്ടുമെന്നും അവർ പറഞ്ഞു. അങ്ങനെ ഞങ്ങൾ മൈസൂരിലേക്ക് വണ്ടി വിട്ടു.

നേരം ഇരുട്ടിത്തുടങ്ങി. റോഡുകളിൽ തിരക്കേറി. വിനായക ചതുർത്ഥി ആയതിനാൽ ജനങ്ങൾ വണ്ടികളിൽ വന്ന് സംഘംചേർന്ന് ആട്ടവും പാട്ടുമായി ആഘോഷിക്കുന്നു. രാത്രി ഒമ്പത് മണിയായപ്പോൾ മൈസൂരിലെത്തി. കടകളെല്ലാം അടച്ചുതുടങ്ങി. ജനങ്ങൾ വീടുകളിലേക്ക് പോകുന്നു. ഞങ്ങൾ വണ്ടി സൈഡ് നിർത്തി. പൂകിട്ടാൻ എന്തെങ്കിലും വഴിയുണ്ടോ എന്നന്വേഷിക്കുകയാണ്. ഒടുവിൽ ഒരു മലയാളി ഹോട്ടലുടമയെ പരിചയപ്പെട്ടു. അദ്ദേഹത്തിന്റെ ഹോട്ടലിൽ നിന്നും ഞങ്ങൾ ഭക്ഷണവും കഴിച്ചു. ലോകത്തിലെ മുക്കിലും മൂലയിലും മലയാളികളുണ്ടാകുമെന്നത് എത്രമാത്രം ശരിയാണെന്ന് തോന്നിപ്പിച്ച നിമിഷങ്ങളായിരുന്നു അത്. പരിചയപ്പെട്ടുവന്നപ്പോൾ അദ്ദേഹം ഒരു മട്ടന്നൂരുകാരനായിരുന്നു. സിബിയുടെ നാട്ടുകാരൻ. ആ നല്ല മനുഷ്യൻ നമുക്കെല്ലാവർക്കും നമുക്കൊരു ഏജന്റിനെ പരിചയപ്പെടുത്തിത്തന്നു. അദ്ദേഹം വഴി രാവിലെ അഞ്ചുമണിക്കേ പൂകിട്ടുകയുള്ളൂ എന്നറിഞ്ഞു. അങ്ങനെയാണെങ്കിൽ കോളേജിലെത്താൻ പന്ത്രണ്ടുമണിയെങ്കിലുമാകും. ഒമ്പതേമുപ്പതിന്റെ മത്സരം 12 മണിയിലേക്ക് എങ്ങനാ മാറ്റിവെക്കുവാ... ആകെ ടെൻഷനായി. പക്ഷേ പൂകിട്ടുമെന്നകാര്യത്തിൽ ഉറപ്പായത് ഞങ്ങളിൽ സന്തോഷം പകർന്നു.



എങ്ങനെയും നേരം വെളുപ്പിക്കുന്നതിനായി ഞങ്ങളുടെ ചിന്ത. വണ്ടിയിലിരുന്ന് വീരവാദംപറഞ്ഞ് മുതലാളിയെപ്പോലെയിരുന്ന ആസിഫിന് പെട്ടന്നൊരു പനി. അവനെ വണ്ടിയിൽ കിടത്തി ഞങ്ങൾ അടുത്ത കാര്യത്തെക്കുറിച്ച് തീരുമാനിക്കുകയായിരുന്നു. പെട്ടന്ന് സത്യപട്ടീച്ചറുടെ ഫോൺ വന്നു. "പൂ കിട്ടിയില്ലെങ്കിൽ തിരിച്ചുപോര്.. കണ്ണൂരുന്നെങ്ങാനും വാങ്ങാം. ടീച്ചർ പറഞ്ഞു." ഞങ്ങൾ പറഞ്ഞു "നാളെ അഞ്ച് മണിക്ക് പൂ കിട്ടും. പക്ഷേ കോളേജിലെത്തുമ്പോൾ കുറച്ച് താമസിക്കും. അതുവരെ കുട്ടികളോട് സഹകരിക്കാൻ പറയണം..."

"അതൊക്കെ ഞാൻ നോക്കിക്കൊള്ളാം... നിങ്ങൾ നാളെയെത്തിയേക്കണം..."

ഒരു കടയുടെ ഷട്ടറടക്കുന്ന ശബ്ദം കേട്ടാണ് ഞങ്ങൾഅങ്ങോട്ട് നോക്കിയത്. അതൊരു മെഡിക്കൽ ഷോപ്പായിരുന്നു. അറിയാവുന്ന കന്നടപറഞ്ഞ് ഉടമയെക്കൊണ്ട് കടതുറപ്പിച്ച് ആസിഫിന് പാരസെറ്റമോൾ വാങ്ങി. വണ്ടിയിൽ വെള്ളമില്ല. ഉള്ളവെള്ളം റിയാസും ആസിഫുംകൂടി നോമ്പു തുറക്കാൻ കുടിച്ചു. അവസാനം കൈപ്പുള്ള ഗുളിക ആസിഫ് നുണച്ചിറക്കി. നല്ല തണുപ്പും, കൊതുകും നമ്മളെ വേട്ടയാടി. ഇവരങ്ങിൽ നിന്നും രക്ഷനേടാൻ ഞങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും നടന്നു. കുറേകഴിഞ്ഞപ്പോൾ വണ്ടിയിൽ തന്നെ കിടന്നുറങ്ങി.

ആരോ വിളിക്കുന്നതുകേട്ടാണ് ഞങ്ങൾ എഴുന്നേറ്റത്. മറ്റാരുമല്ല, പോലീസാണ്. സമയം ഒന്നരയോളമായി. അസമയത്ത് ഒരു കേരള വണ്ടി കണ്ടാൽ ആർക്കും സംശയമുണ്ടാകും. പോലീസുകാർ വണ്ടിയൊട്ടാകെ പരിശോധിച്ചു. ഞങ്ങൾ ഇംഗ്ലീഷിൽ കേരളത്തിൽനിന്നും പൂക്കൾ വാങ്ങാൻ വന്നതാണെന്നും നാളെ പോകുമെന്നുമെല്ലാം പറഞ്ഞു.. അവർ അസ്‌ലംക്കയുടെ ഫോൺ നമ്പർ വാങ്ങി. ഇവിടെ വണ്ടിയിടാൻ പറ്റില്ല. മാർക്കറ്റിലേക്ക് പോകാൻ പറഞ്ഞു. അങ്ങനെ വണ്ടിയുമായി ഞങ്ങൾ മാർക്കറ്റ് തേടിയലഞ്ഞു.

അങ്ങനെ മാർക്കറ്റുതേടിപ്പോയപ്പോൾ വർണ്ണപ്പൊലിമയിൽ തിളങ്ങിനിൽക്കുന്ന ഒരു കെട്ടിടം ഞങ്ങൾ കണ്ടു. ഏതൊരു മനുഷ്യമനസ്സിനെയും ആകർഷിക്കുന്ന മൈസൂർ പാലസ് ആയിരുന്നു അത്. എല്ലാവരുടെ ഉള്ളിലും അതൊന്നു സന്ദർശിച്ചാൽ കൊള്ളാ

മെന്നു തോന്നിയിരുന്നു. പക്ഷെ ആരും അങ്ങിനെ ഒരാവശ്യം ഉന്നയിച്ചില്ല. കാരണം ഞങ്ങൾ ഇന്ന് വിനോദ സഞ്ചാരികളല്ല. പൂക്കൾ തേടിയലയുന്ന വണ്ടുകൾ മാത്രമാണ്.

സമയം രാവിലെ നാലുമണിയാകാറായി. ഞങ്ങൾ ഏജന്റിനെ വിളിച്ചു മാർക്കറ്റ് കണ്ടെത്തി. പൂക്കൾ എത്തിത്തുടങ്ങിയിരിക്കുന്നു. ഞങ്ങൾ വണ്ടി മാറ്റി പാർക്കുചെയ്തു. കാരണം, കേരള വണ്ടികണ്ടാൽ പൂക്കച്ചവടക്കാർ ഭൂമിയിലില്ലാത്ത വില പറയുന്നതിനാലായിരുന്നു അത്. ഏജന്റിന്റെ സഹായത്താൽ ഒരുവിധം പൂക്കളെല്ലാം ഞങ്ങൾ വാങ്ങി. വയനാട്ടുകാരൻ മലയാളിയായിരുന്നു ആ ഏജന്റ്.

മാർക്കറ്റ് തുറന്നതേ ഉള്ളതിനാൽ പൂക്കൾക്ക് വലിയവില നൽകേണ്ടിവന്നു. എന്നിരുന്നാലും നഷ്ടമൊന്നും കണക്കാക്കാതെ പൂക്കൾ വാങ്ങി വണ്ടി വിട്ടു.

അതിവേഗതയിൽതന്നെയായിരുന്നു ഞങ്ങളുടെ തിരിച്ചുള്ളയാത്ര. പട്ടണങ്ങളെയും ഗ്രാമങ്ങളെയും അതിവേഗതയിൽത്തന്നെ ഞങ്ങൾ വണ്ടികടന്നുപോയി. അസ്‌ലംക്കയുടെ നിർദ്ദേശപ്രകാരം ഒരു പത്തുരൂപാകെട്ട് ഞങ്ങൾ കൈവശംവച്ചിരുന്നു. വളരെ വേഗത്തിലുള്ള ഞങ്ങളുടെ യാത്രയ്ക്ക് തടയിടാനെന്നമട്ടിൽ ട്രാഫിക് ലൈറ്റ് ചുവപ്പായി. അസ്‌ലംക്ക വണ്ടി നിർത്തി. പക്ഷെ ഒരല്പം മുന്നോട്ട് കയറിയാണ് വണ്ടി നിന്നത്. ട്രാഫിക് പോലീസുകാരൻ വന്ന് ചൂടാകാൻ തുടങ്ങി. അസ്‌ലംക്ക പറഞ്ഞതനുസരിച്ച് റിയാസ് പത്തുരൂപയെടുത്ത് പോലീസുകാരന് കൊടുത്തു. അപ്പോൾ അയാൾ ഞങ്ങളെ വിട്ടുപോയി. ആ പത്തുരൂപാകെട്ടിന്റെ ആവശ്യം അപ്പോഴാണ് ഞങ്ങൾക്ക് മനസ്സിലായത്.

വണ്ടിനിറയെ പൂക്കളാണ്. ഞങ്ങൾ വണ്ടിയിലിരുന്ന് കണക്കനുസരിച്ച് ഒരോക്ലാസിനും വേണ്ട പൂക്കൾ പായ്ക്കറ്റിലാക്കുന്നു. പൂക്കളുംകൊണ്ട് അഭിഷേകം. പൂക്കളുടെ മണമടിച്ച് ഓക്കാനംവരെ വന്നു. കർണ്ണാടകം കഴിയാനായി. ഇനി നിരനിരയായി പത്തുപതിനഞ്ചോളം ചെക്കുപോസ്റ്റുകളാണ്. ഓരോ ചെക്ക്പോസ്റ്റിലെത്തുമ്പോഴും പോലീസുകാരൻ വരും, എത്തിനോക്കും, ഞങ്ങൾ പത്തുരൂപാകൊടുക്കും.

നേരംവെളുത്തു. കുട്ടികൾസ്കൂളിൽ പോകുന്നു. പൂക്കൾകണ്ട് ഞങ്ങളുടെ വണ്ടിയെ അവർ നോക്കുന്നുണ്ട്. ഫോൺ തുരുതുരെ ശബ്ദിക്കുന്നു. കോളേജിൽ മത്സരം തുടങ്ങാനായി. ഇപ്പം വരും ഇപ്പം വരും എന്നു പറഞ്ഞു പറഞ്ഞു റിയാസ് മടുത്തു. ഞങ്ങൾ പാൽച്ചുരം ഇറങ്ങുകയാണ്. ശക്തമായ കാറ്റും മഴയും അതിശക്തമായ കോടമഞ്ഞും യാത്രയെ ദുഷ്കരമാക്കി തീർത്തു. എങ്കിലും ഞങ്ങളുടെ വണ്ടി അതിവേഗതയിൽത്തന്നെ ചുരമിറങ്ങി. കേരളത്തിലെ കുണ്ടും കുഴിയും നിറഞ്ഞ റോഡിന്റെ പരിമിതി ഏറ്റവും അനുഭവപ്പെട്ട നിമിഷമായിരുന്നു അത്.

കൊട്ടിയൂരെത്തിയപ്പോൾ വണ്ടി വലിയൊരു ചെളിക്കുഴിയിൽവീണു. അതിവഴിപോയ ഓട്ടോറിക്ഷക്കാരന്റെയും അതിലിരിക്കുന്ന സ്ത്രീയുടെയും മേൽ നിറയെ ചെളിവെള്ളം തെറിച്ചു. അവർ ഒറ്റപാട് ചീത്തവിളിച്ചു. പക്ഷെ അവരുടെ ചീത്തവിളി കേൾക്കാനോ, അവരെ ചീത്തവിളിക്കാനോ ഞങ്ങൾക്ക് നേരമില്ലായിരുന്നു. അങ്ങനെ പോലീസുകാർക്ക് കൈക്കൂലികൊടുത്തു. വഴിയാത്രക്കാരായ സകലരുടെയും ചീത്തവിളിയും കേട്ട് 11.30ന് എം.ജിയിലെത്തി, വളരെ സ്നേഹത്തോടെ എല്ലാവർക്കും പൂക്കൾ വിതരണം ചെയ്തു.


ഇനി നഷ്ടക്കണക്കുകൾ മാത്രം. ഊണും ഉറക്കവുമില്ലാതെ പൂക്കൾ തേടിയലഞ്ഞു ഒന്നുംനേടാനായില്ല. പക്ഷെ ഞങ്ങൾ കച്ചോടം പഠിച്ചു. പൂക്കച്ചോടം.

പൂക്കൾ കിട്ടാതെ അക്ഷമരായ വിദ്യാർത്ഥികളെ ആശ്വസിപ്പിച്ച അധ്യാപകർക്കും യൂണിയൻ അംഗങ്ങൾക്കും പൂക്കൾ വാങ്ങാൻ ഞങ്ങളെ സഹായിച്ച മലയാളികളായ ഹോട്ടലുടമയ്ക്കും ഏജന്റിനും, അതിലുമുപരി കേരളത്തിലെ കുണ്ടുംകുഴിയും നിറഞ്ഞ റോഡിലും കർണ്ണാടകത്തിലെ നല്ല റോഡിലും കാറ്റിലും മഴയിലും കോടമഞ്ഞിലും ധൈര്യം കൈവിടാതെ അതിവിദഗ്ധമായി വളയംപിടിച്ച അസ്‌ലംകായ്ക്കും. ഒരായിരം നന്ദി.

അക്ഷയ്, ആസിഫ്, റിയാസ്, സജീഷ് & സിബി.



## പറ്റുപുസ്തകത്തിൽനിന്ന്



റിയാസ് കെ.
രണ്ടാം വർഷ ബി.കോം.

# വരവ് 2007 – 2010

90 ............ ഞാൻ ക്ലാസിൽ കയറിയ ദിവസം
150 ........... കോളേജ് പ്രവർത്തി ദിവസം
150/150 .... കാർപ്പോർച്ചും എന്റെ ബൈക്കും
................. കണ്ടുമുട്ടിയ ദിവസം
3/80 .......... എന്റെ കണക്ക് മാർക്ക്
750 ........... എന്റെ കാന്റീൻ പറ്റ്
120 ........... എന്റെ അറ്റന്റൻസ് ഫൈൻ
40000 ....... തെക്ക് വടക്ക് നടന്ന ദൂരം കിലോമീറ്ററിൽ
1 ................ എന്റെ ലൈബ്രറി പ്രവേശം
3.30– 4.30 ബസ് സ്റ്റോപ്പും, ബസ്സും, പെൺകുട്ടികളും...
................ ആൺകുട്ടികളെ ശ്രദ്ധിക്കാറില്ല
4.30 – 5.30 ഞാനും ഗ്രൗണ്ടും കുറേ തെണ്ടികളും
1/7 ........... റിലീസിംഗ് ഡേ.. കോളേജ് അവധി.
................ ഇങ്ങനെ ഒരുപാട് സമ്പാദിച്ചു എന്നിട്ടും
കുറ്റംപറയാനും നുള്ളിനോവിക്കാനും
കുറേ യോഗ്യൻമാർ.
................ എനിക്കിതെങ്കിലുമുണ്ട് സമ്പാദ്യം.
................ ആ യോഗ്യൻമാർക്കോ?

മിനിക്കഥ

# മാംസത്തിന്റെ വില



മുഹമ്മദ് അനസ്
ഒന്നാം വർഷ കമ്പ്യൂട്ടർ സയൻസ്

അവൾ ആ മുഖം ഒന്നുകൂടി സൂക്ഷിച്ചു നോക്കി. അതെ, ഇതവൻ തന്നെ..! തന്റെ ജീവിതം എന്നെന്നേക്കുമായി അനാഥമാക്കിയ തന്റെ സഹോദരൻ സുമേഷ്... ഇല്ല! ഇതെനിക്ക് സഹിക്കാനാവില്ല. എല്ലാം തകർത്ത ഇവൻ ഒടുവിൽ ഇവിടെയും... അതും ഒരിക്കലും... സംഭവിക്കാൻ പാടില്ലാത്ത... അവൾ വിതുമ്പി വിതുമ്പിക്കരഞ്ഞുകൊണ്ടിരുന്നു.

ആ സംഭവം അവൾ ഇന്നുമോർക്കുന്നു.. തന്റെ വിവാഹത്തലേന്ന്, തന്റെ സ്വപ്നങ്ങൾ മുഴുവൻ തല്ലിക്കെടുത്തിക്കൊണ്ട്.. പകലന്തിയോളം മണ്ണിനോടും മഴയോടും വെയിലോടും പടപൊരുതി തനിക്കായ് അച്ഛൻ സമ്പാദിച്ചുവെച്ച സ്വർണ്ണാഭരണങ്ങൾ മോഷ്ടിച്ചു നാടുകടന്ന സഹോദരൻ. ഇതറിഞ്ഞ് ഹൃദയം പൊട്ടിമരിച്ച അച്ഛൻ. മനസ്സിന്റെ താളം തെറ്റി ആത്മഹത്യ ചെയ്ത അമ്മ. ഒടുവിൽ ചെമ്മീൻ ഫാക്ടറിയിൽ ജോലിക്കാരനെ ആവശ്യമുണ്ടെന്ന പരസ്യം കണ്ട് സുഹൃത്തുക്കളിൽ നിന്നും ബന്ധുക്കളിൽ നിന്നും കടം വാങ്ങി സ്വരൂപിച്ച തുകയുമായി യാത്രചെയ്ത ഞാൻ എത്തിപ്പെട്ടത് ബോംബെ നഗരത്തിലെ ചുവന്ന തെരുവിൽ. അവിടെ പഞ്ചനക്ഷത്ര ഹോട്ടലിലെത്തുന്ന സമ്പന്നൻമാരുടെ കാമവെറി തീരുമ്പോൾ ഇരുളിന്റെ മൂടുപടം നീക്കി തന്നെ കൊത്തിവലിച്ച കഴുകന്റെ മുഖം വെറുതെ ഒന്നു നോക്കുക.. ഇതവളുടെ പതിവായിരുന്നു. ഇത്തവണ അതു സംഭവിച്ചു. തന്റെ സ്വന്തം സഹോദരൻ ആളറിയാതെ.. തന്റെ സഹോദരിയുടെ മാംസം കൊത്തിവലിച്ചിരിക്കുന്നു. അവൾ തന്റെ കട്ടിലിരിനിരികിലെ ടീപ്പോയിലിരുന്ന മദ്യക്കുപ്പിയെടുത്ത് തലയ്ക്കടിച്ച് സഹോദരന്റെ വയറ്റിൽ കുത്തിയിറക്കി... തന്റെ തലയ്ക്ക് മീതെ കറങ്ങുന്ന ഫാൻ ഓഫാക്കി, തന്റെ ചുരീദാറിന്റെ ഷാളിൽ അവൾ കെട്ടിഞാന്നു.. രണ്ടു ജീവിതം ഇവിടെ അവസാനിക്കുമ്പോൾ നാം എന്തു മനസ്സിലാക്കിയോ ഇല്ലയോ എന്ന ചോദ്യം മാത്രം ബാക്കിയാവുന്നു.




മിനിക്കഥ



# ഒടുക്കത്തെ ഒരു ചിന്തയോ...



കഥ, തിരക്കഥ, സംഭാഷണം-ഞാൻ
സംവിധാനം-എന്റെ ഭാര്യ ആമിന.
ഒരു സിനിമ എടുക്കാൻ തോന്നിപ്പോയേ....
ചായേം കടിയും-പൾസർ ബിജു
ഹെയർഡ്രസ്സിംഗ്, പഞ്ചാര വിൽപന-പഞ്ചാര അക്ഷയ്.
അടിവാങ്ങൽ, കൊടുക്കൽ, കുട്ടത്തല്ല്-കരിപ്പെട്ടി ഫ്രെഡ്ഡി
പാട്ടെഴുത്ത്, തൊള്ളതുറക്കൽ, ഭരണിപ്പാട്ട്-മൃഗം ഷാജു
പങ്കൽ, എണ്ണപൈസ, ഗതാഗതം-സ്വിഫ്റ്റ് പ്രേമൻ
കേന്റീൻ, തിരുഞ്ഞുകളിയും മാടിക്കെട്ടും, ക്ലാസിൽഎത്തിനോട്ടം-പോക്കിരി റിയാസ്.
കുളി, പല്ലുതേപ്പ്, അണിഞ്ഞൊരുങ്ങൽ-പച്ചാളം സിബി
മൂൺവാക്, ക്യാറ്റ് വാക്, മദനനൃത്തം-ഡാൻസ് മാസ്റ്റർ റോമി ഭവശരാഖി
കളവ്, പോക്കറ്റടി, പിടിച്ചുപറി-മരുമകൻ അരുൺ
കടം, ഭാസി-ചൊക്കു വിജേഷ്
അടിക്കുമ്പം ചിരിക്കൽ, ഓടുമ്പം കരയൽ-നവരസം പാച്ചി
പുല്ലുവടി, വീമ്പടി, ചളിയടി-ആസിഫ് സി.ബാലൻ
ക്ലൈമാക്സ്-എം.ജി.യിലെ ഒരു ദിനം ഇവരാൽ സമ്പന്നമാണ്...



ടോമകിർ
(ലെവിൻ ടോം)
മൂന്നാം വർഷ ഫിസിക്സ്



# കുഞ്ഞിളംകാറ്റിൽ ഇളകുന്നമനസ്സ്

ഡെയ്ന ജോയി
രണ്ടാംവർഷ കമ്പ്യൂട്ടർ സയൻസ്

രംഗം -1

സാധാരണപോലെ അന്നും തിരിച്ചുള്ള യാത്ര മടുപ്പിക്കുന്നതായിരുന്നു. ക്രിസ്തുമസ് അവധി കഴിഞ്ഞ് ബഷീർ കോട്ടയത്തേക്കുള്ള യാത്ര വൈകുന്നേരം 5.30ന് ആരംഭിച്ചു.

കോട്ടയത്തുള്ള ഒരു ഹോട്ടലിലെ കുക്കാണ് ബഷീർ. അവിടെ വരും ആഴ്ചകളിലെ പ്രത്യേക ഗസ്റ്റുകളെ സ്വീകരിക്കുന്നതിനുവേണ്ടി ഇപ്പോൾ അദ്ദേഹത്തെ തിരിച്ച് വിളിച്ചിരിക്കുന്നു.

രംഗം-2

കണ്ണൂർ റെയിൽവേ സ്റ്റേഷൻ. 5.30. മലബാർ എക്സ്പ്രസ്. കൃത്യസമയത്ത് തന്നെ അദ്ദേഹം ട്രെയിനിൽ സ്ഥാനം പിടിച്ചു. ഇരുന്നിടത്ത് പെട്ടിയൊക്കെ ഒതുക്കി അദ്ദേഹം തന്റെ സ്ഥിരം ശീലമായ പുസ്കവായനയിലേക്ക് പ്രവേശിച്ചു. വായനയിൽ മുഴുകിയാൽ പിന്നെ ദൂരങ്ങളെ അയാൾ തോൽപ്പിക്കും. ദൂരം മറന്ന് വായനയിൽ മുഴുകും. ട്രെയിനിന്റെ കാതടപ്പിക്കുന്ന ശബ്ദം പോലും അദ്ദേഹത്തെ അസ്വസ്ഥനാക്കിയില്ല.

പതിവിന് വിപരീതമായി അന്ന് വായന അദ്ദേഹത്തെ മടുപ്പിക്കുന്നു. അതിനുള്ളകാരണം എന്തെന്ന് അദ്ദേഹത്തിന് മനസ്സിലായില്ല. അദ്ദേഹം പുസ്തകം അടച്ച് അടുത്തിരുന്നവരെ നിരീക്ഷിച്ചു. രണ്ടുകുട്ടികളും മാതാപിതാക്കളും അടങ്ങുന്ന ഒരു കുടുംബം. അദ്ദേഹം ആ കുട്ടികളുടെ കുസൃതി കണ്ട് എന്തോ ഓർക്കുന്നതായി ജനലിലൂടെ നോക്കിയിരുന്നു. എന്തായിരുന്നു മനസ്സിൽ എന്ന് നമുക്ക് അറിയില്ല കാരണം ബഷീർ നമുക്ക് തികച്ചും അപരിചിതൻ.

രംഗം-3

പെട്ടെന്ന് അയാൾ ചിന്തകളിൽ നിന്ന് തെന്നിമാറി. പിന്നെ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടത് സാമാന്യം കാണാൻ കൊള്ളാവുന്ന ഒരു പെൺകുട്ടി പുസ്തകം വായിച്ച് ഇരിക്കുന്നതാണ്. അദ്ദേഹത്തിന് അവളോട് സംസാരിക്കണം എന്ന് തോന്നി. സംസാരിക്കാനുള്ള വിഷയം അദ്ദേഹത്തെ ഒരു പ്രശ്നത്തിലാക്കി. അദ്ദേഹം പെട്ടെന്ന് പെൺകുട്ടിയുടെ കൈയിൽ ഇരുന്ന ബുക്ക് മേടിച്ച് തന്റെ കൈയ്യിലുള്ള ബുക്ക് അവളുടെ നേരെ നീട്ടി അവൾക്ക് അയാളുടെ അധികാരം ഇഷ്ടപ്പെട്ടില്ലെന്ന് തോന്നി. എന്നിരുന്നാലും സാമാന്യമര്യാദയുടെ പേരിൽ അവൾ ബുക്ക് മേടിച്ചു. ബഷീർ മനസ്സിൽ ആശ്വസിച്ചു.



രംഗം-4

പിന്നീട് അദ്ദേഹം വായനയിൽ ശ്രദ്ധിക്കുന്നുണ്ടെന്ന് വരുത്തിത്തീർത്തു. വായന അദ്ദേഹത്തെ മുഷിപ്പിച്ചു എന്നുതന്നെ നമുക്ക് മനസ്സിലാക്കാം. പിന്നീട് അയാൾ അവളുടെ ഡീറ്റെയിൽസ് ചോദിച്ച് അറിഞ്ഞു.

അവൾ കൃപാതറിൻ. വടകരയിൽ താമസം. ട്രിവാൻഡ്രം മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. സ്റ്റുഡന്റ്.

രംഗം-5

ഇനി കത്രീനയുടെ യാത്രാവിശേഷങ്ങൾ. എന്നും യാത്രയിൽ അയാൾക്ക് ധാരാളം ഫ്രണ്ട്സിനെ ലഭിക്കാറുണ്ട്. ആ രീതിയിൽ അവൾ ബഷീറിനെ കണ്ടു. നിഷ്കളങ്കതയോടെ ബഷീറുമായി സംഭാഷണത്തിൽ ഏർപ്പെട്ടു.

രംഗം-6

ബഷീർ-വായന വളരെ ഇഷ്ടമാണോ?
കാതറിൻ-സമയം കളയാൻ വായിക്കും
ബഷീർ-ഏത് തരം കഥകളാണ് ഇഷ്ടം? എന്തെങ്കിലും എഴുതുമോ? കഥയോ കവിതയോ മറ്റോ?
(മറുപടി ഒരു പരിഹാസമായിരുന്നു)
കാതറിൻ-ഞാൻ എഴുതാനോ?
(നോട്ട് എഴുതും എന്ന് പറയണമെന്ന് അവളുടെ കുസൃതി നിറഞ്ഞ മനസ്സ് ആഗ്രഹിച്ചു.. പക്ഷെ)
ബഷീർ-കവിതകളോട് എങ്ങനെ?
കാതറിൻ-എനിക്ക് കവിത വായിച്ചാൽ മനസ്സിലാവില്ല. അതുകൊണ്ട് എനിക്ക് ഇഷ്ടമല്ല. നോവലുകളാണ് ഇഷ്ടം.

ബഷീറിന് താല്പര്യം കവിതകളായിരുന്നു. അയാൾ സുഗതകുമാരിയുടെയും മറ്റും ആരാധകനായിരുന്നു. എന്നാൽ കാതറിൻ ഇതിൽനിന്നും വളരെ വ്യത്യസ്തയാണ്. കാരണം അവൾക്ക് ആകെ അറിയാവുന്ന കവിതകൾ പാഠപുസ്തകങ്ങളിലെ കവിതകൾ മാത്രമായിരുന്നു. എക്സാമിനെ ഭയന്നാണ് അവൾ അത് വായിച്ചിരുന്നത്. അവൾക്ക് കവിത ഇഷ്ടമല്ല എന്ന വസ്തുത അയാളെ ചെറുതായൊന്നു ചൊടിപ്പിച്ചു. അയാൾ അല്പം സ്വാതന്ത്ര്യം കൈയടക്കിക്കൊണ്ട് പറഞ്ഞു. നിന്നെ കൊണ്ട് ഞാൻ കവിത ഇഷ്ടപ്പെടുത്തും അവൾ അതിനെ വെറും തമാശമട്ടിൽ തള്ളിക്കളഞ്ഞു.

രംഗം-7

അദ്ദേഹം തന്റെ സാഹിത്യം നിറഞ്ഞ ഭാണ്ഡത്തിന്റെ കെട്ടുകൾ അഴിച്ച് തുടങ്ങി. അദ്ദേഹം തന്റെ കദനകഥ അവളോട് വിശദീകരിക്കാൻ തുടങ്ങി.

അയാൾക്ക് ഒരു പ്രണയം ഉണ്ടായിരുന്നു. പ്രണയിനി ബഷീറിനെ ഉപേക്ഷിച്ച് പോയി. അവൾ മനസ്സിൽ പറഞ്ഞു-നിരാശാകാമുകൻ.

രംഗം-8

ബഷീർ വിഷയങ്ങൾ വേഗം മാറാൻ കഴിയുന്ന ആളെപോലെ അവൾക്ക് തോന്നി കാരണം പിന്നീടുള്ള അയാളുടെ സംസാരത്തിൽ സുഗതകുമാരി എങ്ങനെയോ വന്നുപെട്ടു. അയാൾക്ക് സുഗതകുമാരിയുടെ കവിതകളാണ് ഇഷ്ടം അതിന് അയാൾ കാണുന്ന ഒരു കാര്യം അവരുടെ കവിതകളിൽ അവൾ ഒരു യഥാർത്ഥ കൃഷ്ണനെ അന്വേഷിക്കുകയാണെന്ന്. ഈ കണ്ടെത്തൽ അയാൾ സുഗതകുമാരിയെ കത്തിലൂടെ അറിയിച്ചിട്ടുണ്ടുപോലും. അതിന് അയാൾക്ക് മറുപടിയും കിട്ടിയെന്ന്. എന്റെ സ്വകാര്യതയിൽ കൈകടത്തരുത്. എന്നിരുന്നാലും അയാളുടെ സംസാരം സുഗതകുമാരിയെ ന്യായീകരിച്ചായിരുന്നു. ഒരു ദേഷ്യമോ പരാതിയോ ഇല്ലാതെ.

രംഗം-9

അവൾ ഉള്ളിൽ ചിരിച്ച്കൊണ്ടിരുന്നു. കാരണം സുഗതകുമാരിയുടെ ഒരു കവിതപോലും അവൾ കണ്ടിട്ടില്ല. പിന്നെയല്ലേ കവിതയിലെ വിഷയങ്ങൾ. കത്തിന്റെ കഥ അവൾ വിശ്വസിച്ചില്ല. അവൾ ആ കുഞ്ഞിനെ ചിരിച്ച് തള്ളി. യാത്രയിൽ ആദ്യമായാണ് ഇങ്ങനെ ഒരാളെ പരിചയപ്പെടുന്നത്. കവികൾ ഭ്രാന്തന്മാരാണ് എന്ന് പറയുന്നത് ബഷീറിന്റെ കാര്യത്തിൽ കവികൾക്കും തോന്നിത്തുടങ്ങി. ബഷീർ പറയുന്നത് കാതറിൻ കാര്യമായ് പരിഗണിക്കുന്നില്ല എന്ന് അയാൾക്ക് മനസ്സിലായി. അയാൾ കാതറിന്റെ കൈയിൽ ഇരുന്ന ബുക്ക് അടച്ച് വച്ചു.

അവൾ വന്ന ദേഷ്യം കടിച്ചമർത്തി. പിന്നീട് അവൾക്ക് കേട്ടിരിക്കേണ്ടിവന്നത് ഭീകരമായിരുന്നു. പാവം കാതറിൻ.

രംഗം-10

ബഷീർ-കാതറിന് പ്രണയം ഉണ്ടോ?
കത്രീന-ചോദ്യത്തിന്റെ പൊരുൾ മനസ്സിലാക്കാതെ ഇല്ല.
ബഷീർ വിശ്വസിക്കാത്ത മട്ടിൽതിരിച്ചും മറിച്ചും ചോദിച്ചു. അത് അയാൾക്ക് രസിക്കുന്നില്ലെന്ന് മനസ്സിലാക്കിയപ്പോൾ അദ്ദേഹം സംസാരത്തിന്റെ ഗതി തന്നെ തിരിച്ച് വിട്ടു.

അയാൾ തന്റെ ഉദ്ദേശ്യം അവളുടെ മുമ്പിൽ വ്യക്തമാക്കി. ജീവിതത്തിൽ ഒരു കൂട്ടുകാരിയെ അയാൾ കാതറിനിൽകണ്ടുപോലും. ഇങ്ങനെ ഒരാളെ അന്വേഷിക്കുകയായിരുന്നു അയാളെന്ന്.

കാതറിൻ പാവം വളരെ ബുദ്ധിമുട്ടുന്നു. അവൾ അയാളിൽ നിന്ന് ഇങ്ങനെ ഒന്ന് പ്രതീക്ഷിച്ചിരുന്നില്ല. അവൾ ധൈര്യം കൈവിടാതെ പറഞ്ഞു. ബഷീറിനെ ഒരു ഫ്രണ്ട് ആയിട്ടാണ് കണ്ടത്. ഈ യാത്രയുടെ അവസാനം അവസാനിക്കുന്ന ഫ്രണ്ട്ഷിപ്പ്. പിന്നീട് കണ്ടാൽ കണ്ടു.അവൾ പറഞ്ഞു. അയാൾക്ക് രസിച്ചില്ല.

രംഗം-11

ബഷീർ എന്താണ്, ആരാണ് എന്നൊക്കെ ആയി പിന്നീട്

ബഷീർ മകന്റെ ബാപ്പ എന്ന വിളിയെപ്പറ്റി സംസാരിച്ചു. അയാളുടെ ഭാര്യ റാഷിദ. അയാളുടെ രീതികളുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു പങ്കാളി. സാഹചര്യങ്ങൾ ബഷീറിനെ റഷീദയുടെ മണവാളനാക്കിയതാണ് എന്ന് അയാൾ പറഞ്ഞു.

കാതറിന് എല്ലാം കൈവിട്ട് പോകുന്ന അവസ്ഥ. അവൾ തനിച്ചാണ് എന്ന ചിന്ത അവളെ ഭയചകിതയാക്കി. ഏതൊരു പെണ്ണിനെയും പോലെ. ഭയം പുറത്ത് കാണിക്കാതെ, തന്റെ പ്രായം മറന്ന്, രക്ഷപ്പെടാൻ ഒരു ശ്രമം എന്ന നിലയ്ക്ക് ഒരു ഉപദേശം. ദൈവം മനുഷ്യന് ഒരു പങ്കാളിയെ മാത്രമേ തരു അതിൽ നാം തൃപ്തരായിരിക്കണം. അല്ലാതെ മറ്റൊന്നിനെ കണ്ടെത്തുന്നത് പ്രകൃതി നിയമമല്ല. റാഷിദയോട് അവൾക്ക് സഹതാപം തോന്നി. പാവം ഒന്നും അറിയാതെ ഇയാളെ ഓർത്ത് ജീവിക്കുന്നു.

ഉപദേശം അയാൾ പരിഹസിച്ചു തള്ളി. തന്നെക്കാൾ പ്രായം കുറഞ്ഞ ഒരാളുടെ ഉപദേശം എന്ന് മനസ്സിൽ ഉള്ളത് കൊണ്ട് അവൾ പറഞ്ഞു ഒരു ഫ്രണ്ട് എന്ന നിലയ്ക്ക് പറഞ്ഞെന്നേയുള്ളൂ.

രംഗം-12

സ്റ്റേഷനുകൾ ഒന്നുമാറി അടുത്ത സ്റ്റേഷനിൽ എത്തിക്കൊണ്ടിരുന്നു. മനസ്സിലുണ്ടായ ഇടിമിന്നൽ കാതറിന്റെ മനസ്സിൽ തന്നെ ഇരുന്ന് പൊട്ടിക്കൊണ്ടിരുന്നു. കാതറിൻ ബുക്ക് തുറന്ന് അതിൽ കണ്ണും നട്ടിരുന്നു. പറയുന്നത് പറഞ്ഞോട്ടെ. ഉപദ്രവം ഇല്ലാതിരുന്നാൽ മതിയെന്ന പ്രാർത്ഥനയോടെ.

രംഗം-13

അയാളുടെ ചിന്തകൾ മാറിമറിഞ്ഞുകൊണ്ടിരുന്നു. കല്യാണം കഴിഞ്ഞതാണ് എന്ന് അറിഞ്ഞതുകൊണ്ടാണ് കാതറിൻ തന്നോട് അധികം സംസാരിക്കാത്തത് എന്ന് ബഷീർ വിചാരിച്ചു. അയാളുടെ ഭാവമാറ്റങ്ങൾ അവളിൽ ഉണ്ടാക്കിയ വേദന അവൾക്കല്ലേ അറിയൂ. ബഷീർ അവളോട് രഹസ്യമായി ഒന്നുകൂടി പറഞ്ഞു. I Love U. കാതറിൻ ഇതുകൂടി ആയതോടെ പകുതി ജീവൻ പോയപോലെ അവൾക്ക് അനുഭവപ്പെട്ടു.

ട്രെയ്നിന് പുറത്ത് കോരിച്ചൊരിയുന്ന മഴ. മഴയുടെ തണുപ്പ് കാതറിൻ അറിഞ്ഞതേയില്ല. അവൾക്ക് ചുട്ട് പൊള്ളുകയായിരുന്നു. ദൈവത്തെ വിളിച്ച് പ്രാർത്ഥന മാത്രം. കോട്ടയം എത്താൻ അവൾ പ്രാർത്ഥിച്ചു. ഈ കുരിശ് ഒന്ന് ഒഴിവായെങ്കിൽ. ബഷീർ ഇതറിഞ്ഞ മട്ടിൽ അവളോട് ചോദിച്ചു. താൻ ഇ ഞാൻ പ്രാർത്ഥിക്കുകയാണോ. അവൾ തെളിച്ച് ഒന്ന് ചിരിച്ചു.

ട്രിവാൻഡ്രം റെയിൽവേ സ്റ്റേഷനിൽ വെയ്റ്റ് ചെയ്യുന്ന തന്റെ ഫ്രണ്ട്സിന്റെ അടുത്തെത്താൻ അവൾ വളരെ ആഗ്രഹിക്കുന്നു.

ബഷീർ കുറേ നേരം അടങ്ങിയിരുന്നു. കാതറിന്റെ പരിഭ്രമവും ബഷീറിന്റെ അടക്കിപ്പിടിച്ച സംസാരവും അടുത്തിരുന്നവർ ശ്രദ്ധിച്ചിരുന്നോ? അറിയില്ല.

രംഗം-14

ബഷീർ തന്റെ ഉള്ളിലെ ക്രൂര മൃഗത്തെ വീണ്ടും വീണ്ടും പുറത്ത് എടുത്തുകൊണ്ടിരുന്നു. നാൽ അയാൾ അടുത്തിരുന്നവരെ ശ്രദ്ധിച്ചിരിക്കില്ല.

കാതറിൻ ചിന്തിക്കാൻ തുടങ്ങി. മനുഷ്യമനസ്സ് എത്ര വിചിത്രം. ഇളം കാറ്റിനേക്കാൾ ലോലമാണെങ്കിലും കൊടുംകാറ്റിനേക്കാൾ ശക്തി. ഇളംകാറ്റിൽ ഇളക്കുന്ന മനുഷ്യ മനസ്സ്. ബഷീർ ബാപ്പ, ഭർത്താവ് എന്നീ ഉത്തരവാദിത്വങ്ങൾ എങ്ങനെ കാറ്റിൽ പറത്താൻ കഴിയുന്നു. അയാൾ ജീവിക്കേണ്ടത് അവർക്ക് വേണ്ടിയല്ലേ. ഭർത്താവിനപ്പുറം ഒരു പിതാവാണ് അയാൾ ഇതിനെയെല്ലാം ചോദ്യം ചെയ്തുകൊണ്ടുള്ള അയാളുടെ യാത്ര എങ്ങോട്ടാണ്? അവൾക്ക് എല്ലാവരെയും പെട്ടെന്ന് ഭയം തോന്നി.

കാതറിന്റെ അവസ്ഥ വഴിയിൽ കിടന്ന പാമ്പിനെ തോളിലിട്ടത് പോലെയായി. ഫ്രണ്ട്ഷിപ്പ് വളരെ സൂക്ഷിച്ചും കണ്ടും വേണമെന്ന് അയാൾക്ക് മനസ്സിലായി. ഫ്രണ്ട്ഷിപ്പ് അത് വളരെ സൂക്ഷിക്കേണ്ട ഒന്നാണെന്ന് അവൾക്ക് ഇതിലൂടെ ബോധ്യപ്പെട്ടു.

കുട്ടിത്തം മാറാത്ത കാതറിന്റെയും ജീവിതത്തെ അതിന്റെ മൂല്യത്തോടെ മനസ്സിലാക്കാത്ത ബഷീറിന്റെയും മനസ്സ് ടിക്കറ്റെടുക്കാതെ യാത്ര ചെയ്യുന്നവന് തുല്യം. ഇത് ബഷീറിനെപോലെ ഉള്ളവരുടെ മനസ്സ്. ഇങ്ങനെ ബഷീർ എത്രപേർ?



മിനിക്കഥ




# വിശ്വാസം!

## അതല്ലേ എല്ലാം....

8ാം ക്ലാസ് മുതൽ ഞങ്ങൾ തമ്മിൽ ഇഷ്ടത്തിലായിരുന്നു. സ്കൂളിൽ പോവാൻ മടിയായിരുന്ന എന്നെ ക്ലാസിലെ മികച്ച കുട്ടിയാക്കിയത് അവളാണ്. ഈ പ്രണയത്തിലൂടെ ഞങ്ങൾ എം.ജിയിലെത്തി, അങ്ങനെ മൊബൈൽ പ്രണയമായി. അവൾക്ക് വേണ്ടി മാത്രമാണ് മാസം 2000 മിനിട്ട് ഫ്രീ ഉള്ള യൂണിനോറിന്റെ സിം ഞാൻ വാങ്ങിയത്. എത്രയെത്ര സിംകാർഡുകൾ അവൾക്കു വേണ്ടി..

കല്യാൺ ജ്വല്ലേഴ്സിന്റെ വിശ്വാസം അതല്ലേ എല്ലാം എന്ന പരസ്യം കണ്ടതിന് ശേഷം അവളെന്നെ വിളിക്കാറുപോലുമില്ല. നേരിൽ കാണുമ്പോൾ തല തിരിച്ചുകളയും. എന്റെ കല്യാൺ ജ്വല്ലേഴ്സേ എന്നോട് ഇച്ചതി വേണ്ടായിരുന്നു.



മനു ജോസഫ്
ഒന്നാംവർഷ ബി.കോം.

# പലേടത്തുനിന്ന്


സീനിയ മോൾ എം.സി.
മൂന്നാം വർഷ സി.എസ്.


നീതുമോൾ
മൂന്നാംവർഷ ഫിസിക്സ്


സിബിന സുരേന്ദ്രൻ
മൂന്നാം വർഷ സി.എസ്.


ഷിൽന കുര്യാക്കോസ്
മൂന്നാം വർഷ സി.എസ്



ജനലുകളും വാതിലുകളും അടച്ചിരിക്കുന്ന മുറി. കട്ടിലിനരികെ മെഴുകുതിരി കത്തിച്ചിരിക്കുന്നു. രണ്ടു പേർ തിടുക്കത്തിൽ ചന്ദനത്തിരിയുടെ കവർ തുറന്ന് ചന്ദനത്തിരികൾ കത്തിക്കാൻ തുടങ്ങുന്നു. മുറിയിലാകെ പരിപൂർണ്ണ നിശ്ശബ്ദത ഒരാൾ ബാഗിൽ നിന്നും എന്തോ ഒരു പൊതി പുറത്തെടുക്കുന്നു. ഇതെല്ലാം കണ്ട് ഒരു മരണവീടാണ് എന്ന് നിങ്ങൾ തെറ്റിദ്ധരിക്കേണ്ട. ഇതാണ് ഞങ്ങളുടെ ലോകം. അതേ ബാഗിൽ നിന്നും പുറത്തെടുക്കുന്ന പൊതിയിലെ പൊറോട്ടയും മീൻകറിയും തിന്നാൻ പെടുന്നപാടേ!


ഞങ്ങൾ എട്ടുപേർ. ഒരേ മനസ്സും ഭിന്ന ശരീരങ്ങളുമായി കഴിയുന്നവർ.... സൗഹൃദത്തിന് ഇത്രയും ആഴവും പരപ്പുമുണ്ടെന്ന് തിരിച്ചറിഞ്ഞവർ. സൗഹൃദത്തിന്റെ നീലക്കയത്തിൽ മുങ്ങിക്കുളിച്ചവർ. ആരാണിവരെന്ന് അറിയാൻ തിടുക്കമായോ? പറയാമെന്നേ എല്ലാ വിശദമായി പറയാം.

ആദ്യമായി.. ഞങ്ങളുടെ കൂട്ടത്തിലെ തടിച്ചി (ഞാൻ വിളിക്കുന്നതാണേ) കണ്ടപ്പനം കാളിയെന്ന മഞ്ജു മോഹൻ. ഇവളൊരു സംഭവം തന്നെ. ഒരു തലമൂത്ത കരാട്ടെക്കാരിയാ ഇവൾ. ക്യാഹ്യൂ. തടികുറയ്ക്കാൻ ഭയങ്കര ആഗ്രഹമാ ഇവൾക്ക്. അതിനായി തലകുത്തി നിൽക്കൽ, കൈകുത്തി മറിയൽ, അടുത്തു നിൽക്കുന്നവരുടെ മുതുകത്തു കയറ്റം. ഇതൊക്കെയാണിവളുടെ പ്രധാന പരിപാടികൾ. ഹെന്റമ്മോ എന്റെ മുതുക്!! ഓർക്കുമ്പോൾ തന്നെ നടുവിനൊരു വിലക്കം. കേരളമെന്നു കേട്ടാലെ തിളയ്ക്കണം ചോര നമുക്കു ഞരമ്പുകളിൽ എന്നാണല്ലോ കവി ഭാഷ്യം. പക്ഷേ നമ്മുടെ കണ്ടപ്പനം കാളിക്ക് കരാട്ടെ എന്നു കേട്ടാൽ അതിലേറെ ചോര തിളപ്പ്. പിന്നെ റൂമൊരു പോർക്കളമാക്കും ഇവൾ. തടി കുറയ്ക്കാൻ ഭക്ഷണ നിയന്ത്രണത്തിനു ഒരു വലിയ പങ്കുണ്ടല്ലോ. ഡയറ്റിംഗാ.. പക്ഷേ ഭക്ഷണം കുറക്കുക എന്നു കേൾക്കുന്നതിനേക്കാൾ വലിയൊരു സങ്കടം വേറെയില്ല ഇവൾക്ക്. ഇപ്പോൾ ഞാൻ പറഞ്ഞതിന്റെ പൊരുൾ മനസിലായില്ലേ ഇവൾ ചില്ലറക്കാരിയല്ലെന്ന്.

തിങ്കളാഴ്ച പേഴ്സ് നിറയെ പൈസയുമായി വരുന്ന ദരിദ്രവാസി 'അമേരിക്കൻ അമ്മായി' നീതു മോളാണ് അടുത്തയാൾ. തൊണ്ടിക്കാരിയായതിനാൽ 'തൊണ്ടി തെണ്ടി'യെന്നുംഞങ്ങൾ വിളിക്കാറുണ്ട്. മാത്രമല്ല ഈ സ്വഭാവവുമായി താരതമ്യം ചെയ്താലും വളരെ അർത്ഥവത്തായ പേരു തന്നെ. ഒരു രൂപ കടം ചോദിച്ചാൽ പോലും ഇവൾ ഇങ്ങനെ പറയും. പോക്കറ്റ് മണിയില്ല മോളേ... പോക്കറ്റ് മണി



ദൃശ്യ കെ.എം.
മൂന്നാംവർഷ ബി.കോം.



സോന ഒ.ടി.
ഒന്നാംവർഷ ഫിസിക്സ്



ജൂണി തോമസ്
മൂന്നാംവർഷ സി.എസ്.

മഞ്ജു മോഹൻ
മൂന്നാംവർഷ സി.എസ്.

# ഒരിടത്ത്ചേർന്ന്



യില്ല... അതുകൊണ്ടു തന്നെ കോളേജ് ജീവിതം കഴിഞ്ഞിട്ടുപോലും ഇവൾ ചെയ്യാമെന്നേറ്റ ചെലവുകൾ ഇപ്പോൾ നമുക്കു കിട്ടിയിട്ടില്ല. ദിവസവും ഇതുതന്നെ പറയുന്ന ഇവളൊരു തത്തയാണോ എന്നു പോലും സംശയിച്ചുപോകും. കാരണം തത്തയെ എന്തെങ്കിലും പറയാൻ പഠിപ്പിച്ചാൽ എപ്പോഴും അതുപോലെ തന്നെ ഉത്തരം പറയുമല്ലോ. ഇവളങ്ങനെയാ...

ദിവസവും കോളേജ് വിട്ട് കട്ടിലിൽ വന്നിരുന്ന് ഇവളിങ്ങനെ പറയും. ഹൊ ഇന്ന് വല്ലാത്ത ക്ഷീണം . ഇനി ഒരുറക്കം കഴിഞ്ഞ് എണീറ്റതാണെങ്കിലും ഇതു തന്നെ പറയും. എങ്ങിനെ ഇതു പറയാതിരിക്കും? ഷൂട്ടിംഗ് കഴിഞ്ഞ് വരുന്നല്ലേ. (നിങ്ങൾ അത്ഭുതപ്പെടേണ്ടെന്നെ സിനിമാ ഷൂട്ടിംഗ് ഒന്നുമില്ല. ഫിസിക്സ് ലാബിലെ പ്രാക്ടികൽസ് ആണ് ഉദ്ദേശിച്ചത്.) പലപ്പോഴും ഉറക്കത്തിൽ ചിരിച്ചു കാട്ടി ഈ വിരുതത്തി പലരെയും പേടിപ്പിച്ചിട്ടുണ്ട്. മറ്റു ചിലപ്പോഴാണെങ്കിൽ എണീറ്റിരുന്ന് പ്രാർത്ഥനയും നടത്തും. പഠിക്കാനുള്ള പുറപ്പാടിലാണ്. പ്രാർത്ഥന കഴിയുമ്പോഴേക്കും തലവേദനയും ക്ഷീണവുമായി വീണ്ടും സുഖമായ ഉറക്കം.

ഇനി മൂന്നാമത്തെയാൾ ദൃശ്യ കെ. കെ. താൻ സിനിമാ നടി തൃഷയാണെന്നു അവകാശപ്പെടാനും ഇവൾക്ക് മടിയില്ല. വേറാരും പറയില്ല കേട്ടോ. എന്തായാലും ആളൊരു പാവമാ ഈ ലോകത്ത് അവൾക്ക് എന്തിനോടെങ്കിലും കടപ്പാടുണ്ടെങ്കിൽ അത് ഫാനിനോടുതന്നെ. കാരണം ഫാൻ ഇല്ലാത്ത ഒരു ജീവിതം ഇവൾക്ക് ആലോചിക്കാനേ വയ്യ. രാവിലെ തണുപ്പുകാരണം ഞങ്ങൾ പുതപ്പു പുതച്ച് ഇരിക്കുമ്പോഴായിരിക്കും കുളിയും കഴിഞ്ഞ് വന്ന് അവളുടെ ഫാനിടൽ. ചൂടെടുക്കുന്നു അത്രെ. നിനക്കൊക്കെ തലയ്ക്കാ ചൂട് അതിന് ഫാൻ ഇട്ടിട്ട് കാര്യമില്ല. എന്ന് പലവട്ടം ഞങ്ങൾ പറഞ്ഞതാ പക്ഷേ മനസ്സിലാകണ്ടേ.

കോളേജ് വിട്ട് വന്നുള്ള ആ സംസാരം കേട്ടാൽ തോന്നും ഈ ലോകത്ത് ഏറ്റവും മഹത്തരമായ സബ്ജക്ട് കോമേഴ്സ് ആണെന്ന്. ടാക്സും ഓഡിറ്റിങ്ങും ബാങ്കിങ്ങും ബിസിനസും ഇങ്ങനെ കുറേ മനുഷ്യത്വമില്ലാത്ത ഇടപാടുകളേ.

ഒരുക്കത്തിന്റെ കാര്യത്തിലും വളരെ മുൻപന്തിയിലാണ്. 7.30ന് സ്റ്റാർട് ചെയ്താൽ ഏകദേശം 9 മണി ആകുമ്പോഴേക്കും കഴിയും. ഷീലേച്ചിയുടെ ഭാഷയിൽ പറഞ്ഞാൽ ഓള് പുറപ്പെടാൻ കൊറെ നേരക്കും.

ഇനി കൂട്ടത്തിലെ ഞങ്ങളുടെ ജൂനിയർ... സോന ഒ.ടി. കുട്ടു എന്നു ഞങ്ങൾ വിളിക്കാറുണ്ട്. പ്രായം

കൊണ്ട് ജൂനിയർ ആണെങ്കിലും എല്ലാ കണ്ടുപിടുത്തങ്ങൾക്കും മുമ്പന്തിയിൽ ഉണ്ടായിരുന്നു. ഓ.. ഫിസിക്സ് ആയതുകൊണ്ടായിരിക്കും. അല്ലേ. ചേച്ചി എന്നുള്ള ആ വിളികേട്ടാൽ ആരും അലിഞ്ഞുപോകും. എല്ലാം ദൈവാനുഗ്രഹമായിരിക്കാം എന്നെപ്പോലെ ഏഴ് ചേച്ചിമാരെയും ഒരുമിച്ചു കിട്ടിയില്ലേ. പിന്നെ ഉപദേശം നൽകാൻ നല്ല കഴിവാണ് കക്ഷിക്ക്. ഇവൾ ഏറ്റവും കൂടുതൽ ഉപദേശിച്ചിട്ടുള്ളത് പൊടിയെയാണ്. എങ്ങനെ ഉപദേശിക്കാതിരിക്കും?

ഭാസ്കരേട്ടന്റെ നഴ്സ് ആയും ഇവൾ കുറച്ചുകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. അങ്ങനെ ഇൻസുലിൻ ഇൻജക്ഷൻ വെയ്ക്കുന്നതിലും തന്റെ കഴിവുതെളിയിച്ചു. നഴ്സിന്റെ കഴിവുകൊണ്ടായിരിക്കാം ഭാസ്കരേട്ടനിപ്പോൾ ഇൻജക്ഷൻ വെയ്ക്കൽ ഉപേക്ഷിച്ച് ഗുളികയിലേക്ക് ചുവടുമാറ്റി.

ആതുര ശുശ്രൂഷ മാത്രമല്ല ആളൊരു സാഹിത്യകാരി കൂടിയാണ്.
ഇനിയുള്ള ഞങ്ങൾ നാലുപേർ ഉയർന്ന ചിന്താഗതിക്കാരായതുകൊണ്ടാകാം വലിയ നില (രണ്ടാംനില)യിലായിരുന്നു താമസം. തീരെ അഹങ്കാരമില്ലാത്ത പാവങ്ങൾ.

കതിരൂർ കുതിര (ഞാൻ മാളുവെന്നുവിളിക്കുന്ന) എന്ന കതിരൂർ കാരി സിബിന സുരേന്ദ്രനാണ് അടുത്ത കക്ഷി. നിങ്ങളെല്ലാവരും കതിരൂർ കുതിര എന്ന് വിളിച്ചാൽമതി. ഔദ്യോഗിക കാര്യങ്ങളിൽ എന്റെ പി.എ. ആയും കുറേ നാൾ ഉണ്ടായിരുന്നു. ഏറ്റവും ഇഷ്ടപ്പെട്ട ഹോബി ഉറക്കം.. നമ്മുടെ കണ്ടപ്പനം കാളിക്ക് ഭക്ഷണം കാണുമ്പോഴുള്ള ആ വികാരമില്ലേ അതേ വികാരമാണ് ഇവൾക്ക് കിടക്ക കാണുമ്പോൾ. സൂര്യനും, താമരയും പോലെ അമ്പിളിമാമനും ആമ്പൽ പൂവും പോലെ വെള്ളിയാഴ്ചകളിൽ ഇവൾ സങ്കടത്തോടെ പറയും. ഞാൻ പോവ്വാടി. ഇനി ഓർക്കൂട്ടിൽ കാണാം. വീട്ടിൽ ഓർക്കൂട്ടില്ലാത്ത നമ്മൾ പാവങ്ങൾ എവിടെ നോക്കാൻ.

വല്ല കോഴിക്കൂട്ടിലും മതിയോടി എന്നു ഞാനും. വസ്ത്രധാരണത്തിൽ ഭയങ്കര ശ്രദ്ധയാ ഇവൾക്ക്. അതുകൊണ്ട് ഷീലേച്ചി പറയും പേന്റ് വരെ ടോപ്പ് വരെ എന്ന് ഇപ്പോൾ ഇവളെ മനസിലായില്ല

സ്പോർട്സ്നോടുള്ള ആ കമ്പം കൊണ്ടാകണം. റൂമിൽ വന്നാൽ ഇരിക്കാറില്ല. എപ്പോഴും നടന്നുകൊണ്ടാണ് സംസാരം. അതുകഴിഞ്ഞാൽ ഉറക്കം.

ഈ മാളു ഒരു പാട്ടുകാരികൂടിയാണ്. ഐഡിയാസ്റ്റാർസിങ്ങർ തുടങ്ങിയാൽമാളുവിനും ശരതിനും (ജഡ്ജ്) പോയി പോയി എന്നുപറയാനേ നേരമുള്ളൂ. ശരത്തിന് പാട്ടിന്റെ പോരായ്മകൾ പേപ്പറിൽ എഴുതിവെക്കണം. നോക്കി വായിക്കണം. മാളുവാണെങ്കിൽ പാടുന്നതിന് ഇടക്കു തന്നെ പോയി പോയി എന്നുപറഞ്ഞുകൊണ്ടിരിക്കും. ഏഷ്യാനെറ്റ് അറിയാതെ പോയ ഒരു മികച്ച ഗായികയാണോ എന്നുപോലും സംശയിച്ചു പോകും പലപ്പോഴും ഞാൻ അതിശയത്തോടെ ചോദിച്ചിട്ടുണ്ട് എന്താ പോയതെന്ന്. ഉടനെ വളരെ കൂൾ ആയ മറുപടി 'അല്ല ഒരിത് പോയിട്ടുണ്ട്' എന്താ പോയതെന്ന് പുള്ളിക്കാരിക്കും വലിയ നിശ്ചയമില്ല.

ഇനി വല്ല എലിമിനേഷൻ റൗണ്ടും ആണെങ്കിൽ ആരൊക്കെ ഇൻ ആകും ഔട്ട് ആകും എന്നൊക്കെ മാളുവിനോടു ചോദിച്ചാൽ മതി. പാട്ടു മുഴുവൻ കണ്ട് സമയം കളയണ്ടല്ലോ.

എല്ലാവരുടെയും പൊടി ഷിതിന കുര്യാക്കോസാണ് അടുത്ത കക്ഷി. കൂട്ടത്തിലെ സാഹിത്യകാരി പക്ഷേ ഒരു കണ്ടീഷൻ സാഹിത്യമെല്ലാം രാത്രി എല്ലാവരും ഉറങ്ങിയതിന് ശേഷമേ പുറത്തുവരൂ. ഉച്ചയ്ക്കും രാവി

വശമായി. എല്ലാം നല്ലതിനെന്നു കരുതാം. ഭാവി ജീവിതത്തിൽ ഉപകാരപ്പെടുമല്ലോ.

ഓരോ സംഭവകഥകളും എന്നെയെഴുതു എന്നെയെഴുതു എന്നു പറഞ്ഞുകൊണ്ട് പേനത്തുമ്പിൽകിടന്ന് തിരക്കു കൂട്ടുന്നു. അതുകൊണ്ട് തന്നെ പരിചയപ്പെടുത്തൽ ഇവിടെ നിർത്താം.

ഒരുപാട് സിദ്ധാന്തങ്ങളുടെ പണിപ്പുരയാണിവിടം. ഷീലേച്ചിയുടെയും ഭാസ്കരേട്ടന്റെയും ജീവതമാണ് ശാസ്ത്രമെന്ന് തെളിയിച്ച കുറേ ശാസ്ത്രജ്ഞകൾ ഇവിടെയുണ്ടെന്നതാണ് സത്യം.

ഞങ്ങളെല്ലാവരും വലിയ പണിക്കാരും സഹകാരികളുമാണ്. ചെറിയ പണികളൊന്നും ഞങ്ങൾ ചെയ്യാറില്ല. എല്ലാം കരാറടിസ്ഥാനത്തിൽ മാത്രം. ചക്കപറിക്കൽ തേങ്ങപറിക്കൽ ചാമ്പയുടെ മുകളിൽ കയറി ചാമ്പങ്ങ പറിക്കൽ ടെറസിന്റെ മുകളിലെ ടാങ്ക് കഴുകൽ അങ്ങനെയങ്ങനെ.

ഞാനും ജുണിയും മാളുവും പൊടിയും വലിയ ചിന്താഗതിക്കാർ. വലിയ നിലയിലുള്ളവർ കൂടുതലും ഉറക്കപ്രിയരാണ്. താഴത്തെ കൂട്ടുകാർ അതിരാവിലെ 6 മണിക്ക് ഉണർന്ന് ഞങ്ങളെ വിളിച്ചുണർത്താൻ വരും. അവർ രാവിലെ അലാറം വയ്ക്കാറുണ്ടത്രെ. സത്യമാണോ എന്തോ ഇതൊന്നും ഞങ്ങൾ കേൾക്കാറില്ല. രാവിലെ ഇവർ വിളിക്കാൻ വരുമ്പോഴെല്ലാം കണ്ണു തുറന്നുപോയാൽ പിന്നെ ചെകുത്താൻ കുരിശുകണ്ടതുപോലെ തന്നെ.

ഹൊ! ഇവിടെ വന്നുനിന്നതോടെ ഞങ്ങൾ ആകെ കുഴഞ്ഞുപോയി. കൊട്ടിയൂർ, കീഴ്പ്പള്ളി ഭാഗത്തുനിന്നും വരുന്ന കുട്ടികൾ തലശ്ശേരി കണ്ണൂർ ഭാഷ അത്രപെട്ടെന്ന് മനസിലാവില്ല കേട്ടോ. എന്റെ അമ്മോ! ഞങ്ങൾ പെട്ടൊരു പാട്. തലശ്ശേരി കണ്ണൂർ ഭാഷകേട്ട് ഇനിയൊരു കുട്ടി ഞെട്ടരുത്. കഷ്ടപ്പാടിന്റെ ഫലമായി ഞങ്ങൾ വികസിപ്പിച്ചെടുത്ത നിഘണ്ടു നിങ്ങൾക്കായി സമർപ്പിക്കുന്നു.

സംസ്കാര സംഗ്രഹം
നിഘണ്ടു

അങ്ങോട്ട്-അങ്ങേട്ടേക്ക്
അവിടെ-ആടെ
അപ്പോൾ-അപ്പാടെ
അലക്കുക-തിരുമ്പുക
അതുമതി-അത്രേവേണ്ടു
അവൾ-ഓൾ
അവൻ-ഓൻ
അവർ-ഓർ
അവിടെ-ആടെ
അറപ്പാകുക-ഞെട്ടംപിടിക്കുക
ഇവിടെ-ഈടെ
ഉറക്കം വരുന്നു-ഉറക്ക് വരുന്നു
എടീ-എണെ
എനിക്ക്-എനക്ക്
എന്ത്-എന്തിന്
എന്തുചെയ്യുകയായിരുന്നു-എന്നാ പണിയെടുക്കുന്നേ
ഒരുങ്ങുക-പുറപ്പെടുക
കപ്പ്-പാട്ട
കളയുക-ചാടുക
കല്യാണം-മംഗലം
കുതിർത്തുവെയ്ക്കുക-പൊതിർത്തുവെയ്ക്കുക
കുറച്ച്-ലേശം
ചാടുക-തള്ളുക
ചുമ-കുര
ചുക്കിലിവല-വണ്ണാമ്പല
ചൂല്-മാച്ചി
ചെവി-ചെവിട്
തണുത്തുപോവുക-തണിഞ്ഞുപോവുക
തിണ്ണ-എറയം
തുണിവിരിച്ചിടുക-ആറിയിടുക
തോരൻ-വറവ്, ഉപ്പേരി
നമ്മൾ-ഞമ്മള്
നിങ്ങൾ-ഇങ്ങള്
പറഞ്ഞത്-പറഞ്ഞെ
ഫോട്ടോ-ഫോട്ടം
ഭാസ്കരേട്ടന്-വാസ്കരേട്ടൻ
മുണ്ടിനീര്-മിണ്ടിവീക്കം
മൂടിവയ്ക്കുക-പൊത്തിവെയ്ക്കുക.
രാത്രി-മോന്തി
വഴക്കുകൂടുക-കൂട്ടംകൂടുക
വള്ളിപ്പയർ-കൊട്ടപ്പയർ
സാറിന്-സാറിക്ക്
സീനിയ-സീനാൻ

പിന്നെ ഒന്നോ രണ്ടോ ദിവസം ഉത്തരവാദിത്വപ്പെട്ടവർ സ്ഥലത്തില്ലാതെ പോയാലും എന്നതേതിലും കെങ്കേമമായിവീടു നടത്തിക്കൊണ്ടുപോകാനും ഞങ്ങൾ റെഡി. തേങ്ങാ ചിരകൽ വിദഗ്ദയാണ് പയ്യാവൂർ പണിച്ചി. പിന്നെ പാചകക്കാരി കണ്ടപ്പുനം കാളി. അടിച്ചുവാരി വൃത്തിയാക്കാൻ വി. സി. എന്ന ഞാൻ. ഭക്ഷണത്തിനോ മറ്റു കാര്യങ്ങൾക്കോ എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ


ങ്ങളൊക്കെ കൃത്യമായി ശ്രദ്ധയിൽപെടുത്താൻ കതിരൂർ കൃതിരയും. ശേഷിക്കുന്നവരാണെങ്കിൽ സമയത്തു ഭക്ഷണം കഴിക്കാൻ കൃത്യമായി ഓർമ്മിപ്പിച്ചുകൊള്ളും.

സ്റ്റഡീ ലീവ്... പഠനത്തിന്റെ സുദീർഘങ്ങളായ ദിനങ്ങൾ. പഠിക്കണം പഠിക്കണം എന്ന് അനുപമ ടീച്ചർ ആയിരം തവണ ഞങ്ങളോട് ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. ഒരുനിമിഷം പോലും കളയരുതെന്ന് ടീച്ചറിനു നിർബന്ധമായിരുന്നു.

ഉച്ച സമയം ഏകദേശം ഒരു രണ്ടുമണിയോടടുത്തു കാണും. ഉച്ചയ്ക്കത്തെ പൊള്ളുന്ന വെയിൽ നിങ്ങൾക്കൂഹിച്ചുകൂടെ. ആരായാലും ഉറങ്ങിവീഴുന്ന നേരം. ഉച്ചയൂണ് കഴിഞ്ഞിട്ടായാൽ പറയുകയേ വേണ്ട.ഞങ്ങൾ പഠിക്കുന്നുണ്ടോ എന്ന് അന്വേഷിക്കാൻ അനുപമ ടീച്ചർ ഇടയ്ക്ക് വരുന്നുണ്ട് എന്ന് പറയാൻ തുടങ്ങിയിട്ട് കുറേ നാളായി. ഇതുവരെ ടീച്ചർ വന്നുനോക്കിയിട്ടില്ല. ഏതായാലും ഒരു ദിവസം ഞങ്ങൾ ഉച്ചയൂണു കഴിഞ്ഞുള്ള വിശ്രമത്തിലായിരുന്നു. എനിക്കാണെങ്കിൽ കണ്ണിൽ ആകെ ഇരുട്ടുകയറുന്നതുപോലെ. ആരോടും പറയാതെ ഒരു ഷോളും എടുത്ത് ഞാൻ ടെറസിലേക്കുപോയി. വെയിലടിക്കാത്ത ഒരിടത്ത് ഷോളും വിരിച്ച് ചുരുണ്ടുകൂടി. ശരീരത്തിലാകെ സിമന്റ് തരികൾ കാരിരുമ്പുപോലെ തുളഞ്ഞുകയറുന്നു. സഹികെട്ട് ഞാൻ സോണ കൊണ്ടുവന്ന പായ എടുത്തുകൊണ്ടുവന്നു. പിന്നെ അതും വിരിച്ച് സുഖമായുള്ളകിടപ്പ്. കുറച്ചു കഴിഞ്ഞപ്പോൾ മാളുവും ജൂണിയും പൊടിയും എന്റെ അടുത്ത് കിടക്കുന്നതാണ് കണ്ടത്. വീണ്ടും അറിയാതെ എപ്പോഴോ മയങ്ങിപ്പോയി. സമയം ഏകദേശം 3.30 ആയപ്പോൾ ജൂണി ഉണർന്നു. നമ്മുടെ പയ്യാവൂർ പണിച്ചി കണ്ണുതുറന്ന് എന്തൊക്കെയോ ആലോചിച്ച് കിടക്കുന്നു. പകൽക്കിനാവല്ലേ. ആർക്കറിയാം. പെട്ടെന്ന് എന്തോ കണ്ട് പേടിച്ചതുപോലെ ജൂണി 'എന്റെ മാതാവേ' എന്നുപറഞ്ഞ് ചാടിയോടി. കൂടെ ഓടുന്ന ഞങ്ങൾക്ക് ഒന്നും മനസ്സിലായില്ല. മാതാവേ എന്ന വിളികേട്ടാണ് ഞങ്ങൾക്ക് ബോധം വന്നത്. അപ്പോഴ കാര്യങ്ങളിൽ എന്തൊക്കെയോ പന്തികേടുണ്ടെന്ന് ഞങ്ങൾക്കും തോന്നി. കാരണം ജൂണി മാതാവിന്റെ വലിയ ഭക്തയാണ്. എന്തെങ്കിലും പ്രശ്നങ്ങളിൽ അകപ്പെട്ടാൽ അവൾ ആദ്യം മാതാവിനെയാ വിളിക്കുക. ജൂണിയാണെങ്കിൽ ഞങ്ങളോട് എണീക്കാൻ പറഞ്ഞ് തിരക്കിടുന്നു. കണ്ണുതുറന്ന് നോക്കിയപ്പോഴോ മുമ്പിൽ ഒരു ആൾരൂപം. ആദ്യം കരുതി ഷീലേച്ചിയാണെന്ന്. ഒരിക്കൽ കൂടി സൂക്ഷിച്ചു നോക്കിയപ്പോൾ ശരിക്കും ഞെട്ടി. അനുപമ ടീച്ചർ!.എല്ലാവരും പിടഞ്ഞെണീറ്റു. ടീച്ചറപ്പോഴും നല്ല പുഞ്ചിരിയോടെ നിൽക്കുന്നു. പലനാൾ കള്ളൻ ഒരു നാൾ പിടിയിൽ എന്ന ഭാവത്തോടെ. പക്ഷേ പിന്നീട് ഞങ്ങൾ ടീച്ചറിന്റെ മുഖത്ത് നോക്കിയിട്ടില്ല. കാരണം ടീച്ചറിന്റെ കയ്യിൽ ഒരു വലിയ കവർ ഉണ്ടായിരുന്നു. അതിൽ തലേദിവസം ഇട്ട പരീക്ഷയുടെ പേപ്പറാണോ എന്നായിരുന്നു ഞങ്ങളുടെ പേടി. സൂക്ഷിച്ചുനോക്കിയിരുന്ന മാളുവിന് കാര്യം മനസിലായി. മാത്രമല്ല, ആ കവറിൽ തലശ്ശേരി എന്നോ മറ്റോ എഴുതിയിട്ടുണ്ടായിരുന്നു. ഏതായാലും അവൾ ആദ്യം കവർ വാങ്ങി കൈക്കലാക്കി. അല്പനേരത്തെ നിശബ്ദതയ്ക്കു ശേഷം ടീച്ചർ പറഞ്ഞു. എന്നും ഇങ്ങനെയായിരിക്കും. അല്ലേ? ഞങ്ങൾ മിണ്ടിയില്ല. ഉപദേശങ്ങളൊക്കെ തന്ന് ടീച്ചർ മടങ്ങി. പക്ഷേ ഞങ്ങൾക്കേറ്റവും ഇഷ്ടപ്പെട്ടത് ടീച്ചർ കൊണ്ടുവന്ന പലഹാരങ്ങളായിരുന്നു. ഇപ്പോഴും അതിന്റെ മധുരം മാറിയിട്ടില്ല!

ഓ.. അതു മറന്നു. ഇവിടുത്തെ പ്രധാന കഥാപാത്രം ഷീലേച്ചിയെകുറിച്ച് ഒന്നും പറഞ്ഞില്ലല്ലോ. ഞങ്ങൾക്ക് നല്ല ഭക്ഷണങ്ങൾ ഉണ്ടാക്കിത്തരുന്ന ഷീലേച്ചി. ഷീലേച്ചിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് കാമ്പു തോരൻ, കുമ്പുവറവ് തുടങ്ങി തൊടിയിൽ നിന്നു കിട്ടുന്ന സാധനങ്ങളാണത്രേ. കായവറവും കൂടിയായാൽ സൂപ്പർബ്. ഷീലേച്ചി ഇടയ്ക്ക് പറയും ഇങ്ങള് എനിക്ക് സ്വന്തം മക്കളെപോലെയാണെന്ന്. ഷുഗറും ബിപിയും കൂടുതലായതിനാൽ ഉപ്പും മധുരവും കഴിക്കാൻ പാടില്ലെങ്കിലും ഏറ്റവും ഇഷ്ടം ഉപ്പുള്ളമീനും മധുരമുള്ളപഴങ്ങളും. ഒരു ചാമ്പക്ക തിന്നാൽ പോലും എല്ലാവരും കൂട്ടം കൂടും എന്ന പരാതിയുമുണ്ട് ഷീലേച്ചിക്ക്. ഒരിക്കൽ ഷീലേച്ചിക്ക് ചുമ പിടിച്ചപ്പോൾ നമ്മുടെ ജൂനിയർ ഒരു കുപ്പിയിൽ മരുന്നുകൊണ്ടുവന്നുകൊടുത്തു. സിറപ്പ് ആണെന്നാണ് പറഞ്ഞത്. എന്തായാലും അതു കുടിച്ചപ്പോൾ മുതൽ ഷീലേച്ചി ഉറക്കമോടുറക്കം. എങ്ങനുണ്ട് ഓരോരുത്തരുടെ കയ്യിലിരിപ്പ്?





# മേമനകൊല്ലി



ബിജു വർഗ്ഗീസ്
രണ്ടാം വർഷ ബി.കോം.

ജൂൺ 5. പ്രകൃതിയെ പ്രണമിക്കട്ടെ. ഇന്നു പരിസ്ഥിതി ദിനമാണ്. ശനിയാഴ്ചയാണെങ്കിലും കുട്ടികൾക്കിന്നു ക്ലാസുണ്ട്. അവർക്കിന്നു സ്കൂളുകളും പരിസരവും വൃത്തിയാക്കേണ്ടതാണ്. പൊതുജനങ്ങളും ഉണർന്നു പ്രവർത്തിക്കുന്നു. വിവിധ സംഘടനകളുടെ നേതൃത്വത്തിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നു. ഭൂമിക്കൊരു പച്ചക്കുട. അങ്ങനെ, പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ തകൃതിയായി നടക്കുന്നു. ഭൂമിക്കു ചുട്ടുപൊള്ളുമ്പോൾ ആ തീച്ചൂടു നമ്മിലോരോരുത്തരിലേക്കും പടരുമ്പോൾ, കാടും മലയും മഴയും പുഴയുമൊക്കെ കൈവിട്ടുപോകുമ്പോൾ, വീടു പോലും വാസയോഗ്യമല്ലാതാകുമ്പോൾ ഈ ദിനത്തിനു ഭയാനകമായൊരു പ്രസക്തിയുണ്ടാവുന്നു.

ഇന്നത്തെ ദിവസത്തിനു മറ്റൊരു പ്രത്യേകത കൂടിയില്ലേ? ഉണ്ട്. ഇന്നാണ് മാക്കൂട്ടം ചുരം റോഡ് ഗതാഗതത്തിനു തുറന്നുകൊടുക്കുന്നത്. അറ്റകുറ്റപ്പണികൾക്കായി രണ്ടുവർഷത്തോളമായി അടച്ചിട്ടതാണ് ഈ റോഡ്. വീരാജ്പേട്ടയ്ക്കടുത്തു മെതിയടിപ്പാറയിൽ രാവിലെ വീരാജ്പേട്ട എം.എൽ.എ.യും കർണാടക സ്പീക്കറുമായ കെ.ജി. ബൊപ്പയ്യയാണ് റോഡ് ഔദ്യോഗികമായി തുറന്നുകൊടുക്കുന്നത്. ചുരം റോഡ് അടച്ചതിനെതുടർന്നു ഉത്തര മലബാറുകാർ അനുഭവിച്ചുവന്ന കടുത്ത യാത്രാക്ലേശത്തിനു ഇതോടെ അറുതിയാകും.

എന്റെ ഫോണാണല്ലോ ശബ്ദിക്കുന്നത്. മ
മർമാണിയാ... (ശരിയാ പേർ അരുൺ ബേബി)
എന്താടാ?
എടാ, പോയാലോ?
എങ്ങോട്ട്?
കിണ്ടി. മാക്കൂട്ടത്ത് പോയാലോന്ന്.
ഓ.. ശരിയാ ഇന്നാണല്ലേ തുറക്കുന്നത്? പോകാം.
തടിയനില്ലേ... (പ്രേംജിത്ത്)
അവനിന്ന് വേറെ പ്രോഗ്രാമുണ്ട്. സജീഷുണ്ടാകും
ദിജിനോ...
അവന്റെ കാര്യം സംശയമാ...
ആരുണ്ടായാലും ഇല്ലെങ്കിലും 3 മണിക്ക് ഇരിട്ടിയിൽ

കാണണം. ഓ..കെ.?

ഓ..കെ..!

ഉത്തര മലബാറിനെ കർണാടകയുമായി ബന്ധിപ്പിക്കുന്നതാണ് മാക്കൂട്ടം ചുരം പാത. ബ്രിട്ടീഷ് കാലഘട്ടത്തിൽ കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽനിന്നും കുടക് ജില്ലയിലെ മാക്കൂട്ടത്തേക്ക് വെട്ടിത്തുറക്കപ്പെട്ട ഈ പാതയ്ക്ക് 81 കിലോമീറ്റർ ആണു നീളം. ഇതിൽ കർണാടകയുടെ അധീനതയിൽ കൂട്ടുപുഴ മുതൽ പെരുമ്പാടി വരെ വരുന്ന 20 കിലോമീറ്റർ ദൂരമാണ് മാക്കൂട്ടം ചുരം പാത. വന നിബിഡതയിൽ മലകൾക്കും അഗാധമായ കൊല്ലികൾക്കും ഇടയിലൂടെ 18 കൊടും വളവുകളോടു കൂടിയ പാതയിലെ യാത്ര അവിസ്മരണീയാനുഭവമായിരുന്നു. കാലക്രമേണ അധികൃതരുടെ അവഗണനയിൽ റോഡു തകർന്നു. പടുകുഴി തോണ്ടിയതോടെ യാത്ര അപകടകരമായി. ടാറോ, മെറ്റലോ കാണാത്തവിധം തകർന്ന അവസ്ഥയിൽ ദുരന്ത ഭീഷണി ഉയർത്തി അഞ്ചുവർഷം യാത്രക്കാരുടെ നിരന്തര മുറവിളിക്കൊടുവിൽ 15 മാസം മുമ്പാണ് റോഡ് നിർമ്മാണം തുടങ്ങിയത്. ഏറ്റവും വാണിജ്യ പ്രാധാന്യമുള്ള റൂട്ടായിട്ടും ആറേകാൽ വർഷത്തോളം ഇതുവഴി വാഹനഗതാഗതമുണ്ടായിരുന്നില്ല. റോഡ് പണിക്കുവേണ്ടി ഗതാഗതം നിരോധിച്ചതു 15 മാസം മുമ്പാണെങ്കിലും അതിനും അഞ്ചുവർഷം മുമ്പേ വാഹനങ്ങൾ സ്വമേധയാ ഈ റൂട്ട് ഉപേക്ഷിച്ചിരുന്നു. 90 കിലോമീറ്റർ അധികം സഞ്ചരിച്ചു മാനന്തവാടി വഴിയോ മുത്തങ്ങ വഴിയോ ആണു കണ്ണൂർ ഭാഗത്തു നിന്നുള്ള വാഹനങ്ങൾ അന്നു മുതൽ കർണാടകയിലേക്കു പോകുന്നത്.

റോഡിന്റെ ഗുണഭോക്താക്കളിലേറെയും മലയാളികളായതുകൊണ്ടാവാം കർണാടകയിൽ മാറിമാറിവന്ന സർക്കാരുകൾ ചുരം പാതയെ അവഗണിക്കുകയായിരുന്നു. ഒടുവിൽ വീരാജ്പേട്ട കേന്ദ്രമായി നാട്ടുകാർ കർമസമിതിയുണ്ടാക്കി രംഗത്തിറങ്ങിയതോടെയാണു അറ്റകുറ്റപ്പണിക്കു വഴി തെളിഞ്ഞത്. കോടതിയുടെ സമയോചിതമായ ഇടപെടലും സഹായകമായി. കർണാടകയുടെ സ്റ്റേറ്റ് ഹൈവേ 91ൽ പെടുത്തിയാണ് ഇനി പാതയുടെ നിയന്ത്രണം. പച്ചക്കറി, പഴം, പൂക്കൾ, മാംസം, കാപ്പി, കുരുമുളക്, തേയില, വൈക്കോ ൽ ഉൾപ്പെടെ കർണാടകയിൽ ഉൽപ്പാദിപ്പിക്കുന്ന വസ്തുക്കളുടെ പ്രധാന വിപണിയും ഉത്തരകേരളമാണ്. കേരളത്തിൽ നിന്ന് വെളിച്ചെണ്ണ, തേങ്ങ, മത്സ്യം, ചെങ്കല്ല്, തുടങ്ങിയവ കുടകിലേക്കും എത്തുന്നു. ഇക്കാരണങ്ങളാൽ വാണിജ്യ-ഗതാഗത രംഗത്തും ഈ റോഡിന് ഏറെ പ്രാധാന്യമുണ്ട്. തീർത്ഥാടന പ്രാധാന്യം വേറെ. ഇരു സംസ്ഥാനങ്ങളുടെയും ചെക്ക് പോസ്റ്റുകൾ മുഖേനയുള്ള വരുമാന നഷ്ടം മാത്രം ആറുകോടി രൂപ വരുമെന്നാണു കണക്ക്.



സമയം മൂന്നായിട്ടും അവരെ കാണുന്നില്ല.. സജീഷിനെ ഒന്നു വിളിച്ചുനോക്കാമെന്നു കരുതി.

എടാ.. എവിടെയാ?

ഞാൻ വീട്ടിലാ... കുളിക്കാൻ പോകുന്നു...

നീ അവിടെ കുളിച്ചോണ്ടുനില്ല്... മൂന്നു മണിയായി. അതിനു മുന്നേ എന്നല്ലേ പറഞ്ഞത്?

ആരു പറഞ്ഞു...?

മർമാണി പറഞ്ഞു.

നീയിങ്ങുവാ.. എന്നിട്ട് ബാക്കി പറയാം.

   Women Cell conducted a oneday women expowerment Seminar in the College on 24.02.2010 on the eve of International Women's day.
   **Smt.Mumtaz Beegum** – President Peravoor Grame Panchayath inaugurated the Seminar. The programme had two sessions.

Session I:**"Social responsibilities of Women" By Mumtaz Beegum**

Session II: **'Wellness of Mind'** by **Dr.Vineetha Tom**, Department of Psychiatry, Kuthuparamba.

All women staff and students attended the Seminar.

Congratulations to the co-oridnator and Members of Women Cell.

**Medi Care Centre**

The College Medi Care centre looks after the general health facilities in the College. It organizes health awareness programmes. Facilitates for first aid and also it organizes health related community activities, as extention programmes, for the public. The programmes organized under the auspices of the centre during the academic year are :

1. **Awareness Seminar Against VIRAL FEVER.**
   Medi-Care Centre organized an awareness seminar against VIRAL FEVER on 24/07/2009. Dr G. Sivaramakrishnan from Govt. Health [Homeo] department delivered class on this topic.
2. **Homeo Preventive Medicine Distribution against VIRAL FEVER for Students.**
   Medi-Care Centre organized homeo preventive medicine distribution on 24/07/2009. Dr G. Sivaramakrishnan from Govt. Health [Homeo] department inaugurated the event.
3. **Homeo Preventive Medicine Distribution against VIRAL FEVER for Public.**

Medi-Care Centre organized homeo preventive medicine distribution on 31/07/2009. Students of the College distributed the Homeo Preventive medicines to the families of the locality.

4. **Blood group detection camp**

Medi Care Centre organized a free blood group detection camp in the college on 06/08/2009. More than 132 students utilized this facility to detect their blood group. Technicians from St. Mary's Bio Lab Iritty gave technical support for the programme.

5. **Awareness Seminar Against H1N1 FEVER.**

Medi-Care Centre organized an awareness seminar against H1N1 FEVER on 26/08/2009. Dr P.P Raveendran from Govt. Health Department delivered class on H1 N1 Fever.

6. **Awareness Programme Against LYMPHATIC FILARIASIS.**

Medi-Care Centre organized an awareness seminar against LYMPHATIC FILARIASIS on 10/11/2009. Dr P.P Raveendran from Govt. Health Department delivered class.

7. **Preventive Medicine Distribution against LYMPHATIC FILARIASIS.**

Medi-Care Centre organized free preventive medicine distribution on 11/11/2009. Mrs. Anees A V, L.H.I from Govt. Health department inaugurated the event.

8. **Awareness Programme Against Diabetics.**

In connection with world Daibetes day college Medi-Care Centre organized 'Define Diabetics' competition in college. Students of our college participated in the programme. Mr. Jim George [ II BCom ] was the winner of the programme.

9. **Free Wheel Chair Distribution Mission**

Medi-Care centre have distributed 375 wheel chairs till now. Due to its wide publicity patients in the nearby areas contacting centre directly or through doctors for the same. Around 20 applications for the wheel chairs are sent for the confirmation. This is a continuing project.

10. **Blood Donors Forum**

Medi – Care Centre maintaining a blood donors forum. Alumni from 2006 and on going batch students and teachers and non-teaching staff are members of the blood donors forum. During this year blood donors forum members attended 12 calls for blood.

11. **First Aid Kit**

Medi-Care Centre maintaining a First Aid kit in the Centre. I take this opportunity to congratulate the co-ordinator and members of Medicare Centre for their commitment to organize such programmes.

**Board of Examinations**

Board of Examinations conducted Internal Examination systematically and regularly. They prepared the Examination Calendar and organizes terminal and Model Examinations. Our College has a very strong internal examination and continuous evaluation system. Congratulation to the co-ordinator and members of Board of Examinations.

**Tutorial System**

Our College initiates a very effective tutorial system. Each tutor maintains the personal and academic details of students under his/her care. Remedial coaching classes are also arranged under the guidance of College Tutorial System.

**N.S.S.**

During this academic year College NSS Units organized many programmes under the regular and special camping programmes.

NSS 7 days special camping programme was held at Perumpunna L.P.School from 18th to 25th December 2009. Various activities have been organized under special camping programme.

The regular activities organized under the aegis of NSS Units No.30 and 63 are detailed below :

1. Grean and clean campus – 'Nammudemaram Padhathi' on 08.06.2009.
2. 'Adolescence' problems and solutions on 1999-2009
3. NSS its relevance programme for 24.09.2009.
4. Ground cleaning by NSS Volunteers 25.09.2009
5. Gandhi Jayanthi celbrations on 02.10.2009
6. 'Roads safety' programme 05.12.2009
7. Legal Literacy Seminar in association with KELSA on 09.12.2009
8. 'Human Rights Day' programme on 12.12.2009

**Following NSS Volunteers attended the following programmes :**

Neenu.P.Sunny, Varsha.S., Bincy Baby, Manju.P.Joseph, Premjith Padmanabhan, Sibi George, Biju Varghese and Sajesh Kurian participated in the one day workshop on 'Preventive Asepects of Mansoon related epidemics' at Pariyaram Medical College on 25.06.2009.

Jineesh.P.V. and Gireesh.T.P. participated in a NSS Residential Camp, at Palayad held from 10th to 13 October 2009.

Unnikrishnan V.B. attended 5 days state level residential camp held from 04th to 08th November 2009 at Thiruvananthapuram.

Linsha.P. has been selected to attend the Pre republic day parad camp at Bangalore, representing Kannur University.

Prasoon V.C. and Mithun Viswanath attended a seminar on 'carrier Guidance' Kannur University on 05.02.2010.

Prasoon V.C. and Deepu.M. attended a one day workshop at Kannur University on 05th March 2010.

Congratulation to aprogramme Officers.

**Book Club**

College Book Club functions with a view to inculcate Literary habits in students. It conducts various programmes in this direction. During the year the book Club published a manuscript Magazine titled **'Darpanam'**.

**College Students Union**

College students Union election was held on 21.08.2009. **Dr.Aneesh Kumar.K.** (HOD Statistics) and **Smt.Sandhya.C.V.**, Lecturer in Physics acted as Returning Officer and Asst.Returning Officer respectively. **Dr.Meera.M.** was appointed as advisor to College Union and **Mr.Bijumon.R.**, Staff Editor and **Dr.Swarupa**.R. Fine Arts Advisor for the year 2009-2010.

The following are office bearers of College students union 2009-2010.

1. **Mr.Rihesh Raveendran :Chairman**
2. **Ms.Seeniya Mol.M.C. :Vice Chairman**
3. **Mr. Avinash Sreenivasan : Secretary.**
4. **Ms. Linsha.P. : Joint Secretary**
5. **Mr. George.C.Thomas : U.U.C.**
6. **Mr. Nameer.P.C. : Secretary-Fine Arts.**
7. **Mr. Akshai Premnath : Chief Student Editor.**
8. **Mr.Asif.C. : General Captain.**

The formal inauguration of College Union was held on 6th October 2009 **Sri.Rajmohan Unnithan** Film actor inaugurated the Union 2009-2010 and **Ashima Manoj**, Play back singer inaugurated the activities of Arts Club in the same function.

The following activities have been organized under the auspices College Union during the year.

1. **Onam Celebrations**
2. **'Sahithyolsav' 2009** – Inaugurated by noted journalist **M.Abdul Rahman.**

**Miss.Seeniya.M.C.**, III Computer Science become **Sahithya Prathibha** and **Mr.Dhanesh.V.** (III B.Sc. Computer Science) adjudged **Chithra Prathibha.**

3. **College Kalolsavam 2009-2010**

**'Sarga Saparya' - 2009**

College Kalolsavam Sarga Saparya – 2009 was inaugurated by noted cine artist **Sri.Mamukoya.** Students participated in the competition on Houses basis. Cristel white became the champions.

**Reshma.K.** II B.Com and **Sajeesh Kurian**, II B.Com became **Kalathilakam** and **Kalaprathibha** awards respectively.

4. One day workshop on creative Arts.
5. "Empower the Power with in you' Programme for girl students.
6. Film Workshop
7. 'Road Safety show'
8. Kayikolsav 2010.
9. X'mas New Year programmes etc.

Congratulation to the College Union office bearers and staff advisor Mrs.Meera.M. and Staff Editor Bijumon.R. and Dr.Swarupa.R., Fine Arts Advisor for their interest in organizing such programmes.

**College Magazine 2009.**

The College magazine 2009 – **'Nidarsakam'** was released on 06.08.2009 in a solemn function attended by M.G.College family. Noted writer **Sri.Thaha Madayi** was the Chief Guest. Principal Dr.M.J.Mathew presided on the function. Staff Editor Dr.Swarpa.R. welcomed the gathering. Student Editor Sandeep Narayanan proposed the vote of thanks. Reji Paikkattu, Dr.Ajitha.V. Mohanan.K. offered felicitations.

**Tourism Club**

College tourism Club functions with the aim of creating tourism awareness among the youth. The club in association with DTPC (District Tourim Promotion Council) of Government of Kerala organizing its activities. Students are given opportunites to participate in tourism camps organizes by DPTC and other Government agencies, periodically. It also conducted painting exhibition, 'Clean Campus' programme etc. during the year.

**College Info Bank**

College Info Bank acts as information centre of the College. It collects and keeps detailed reports alongwith. Photographs and supporting documents, of all activities and programmes organize in the College.

**Committee for College Calendar, Hand Book Prospects etc.**

This committee ensures the modification of College calendar & Handle book prospectus, Teachers diary, Progress reports, Bio-data fee back form, etc. time to time. The committee modified all such publications during the year.

Congratulations to the committee

**Sports and games**

In sports and games our boys and girls had an active participation in this year also our teams participated in the following University championships.

1. **Chess**
2. **Soft ball (Men)**
3. **Softball (Women)**
4. **Athletics**
5. **Swimming**
6. **Volleyball (Men)**

Our **soft ball team (Men)** had won II Place in the Kannur University softball championship. Our volleyball team had won IV Place in the Kannur University volleyball championship.

**Nikhil.M.**, III B.Sc. Physics won selected to the Kannur University chess team. **Nitto.K.Antony** of II Semester Mathematics student won II Place in 200 Mtrs and 50 mts strokes in swimming in the Kannur University swimming competition. 17 students our College became eligible for sports grace marks of Kannur University for their mentorious performance in sports and games euring the year.

Annual sports meet of the College. 'Olimpia 2010' was conducted on 11.02.2010 **Miss.V.Soumya**, International Volleyball player and the Captain of Indian volleyball team, inaugurated the sports meet of the College. Students had and active participation in the Meet competition were conducted on department basis. Department of Commerce emerged winner of the Meet. **Sujeesh.P.P.** and **Saniya Joseph** became individual champions of the meet in Men and Women sections respectively.

I congratulate the Department of Physical Education Teacher and students for active involvement and interest in organizing such activities in the College.

**Councils and Meetings**

The Principal convene official staff Meetings (Teaching and Non Teaching Staff) College council meetings, departmental meetings and the meetings of the various academic and co-curricular committees regularly. Meetings of the students Parents and Alumni are also convened periodically. This provided opportunity to the Faculty and other stake holders to participate in the decision making process of the College.

I take this occasion to thank College Manager Sri.K.P.Noorudheen, Ex.Minister and all members in the governing board for their unreserved support and patronage.

May I express my gratefulness to all teaching administrative staff students and parents for their immense support at all times and on all occasions – In times of crises and times of celebrations. As the academic year is coming to a close I cannot but recall with deep feelings of gratitude their unstinted cooperation to me and loyalty to the College. The College is very thankful to the Alumni, Friends well wishers for their support and patronage.

A balanced emphasis on curricular and co-curricular activities in addition to a healthy and conducive learning climate make Mahatma Gandhi College an Institution with a difference. Let us together put our best Foot forward.....

Thank You.

**Dr.M.J.Mathew**
**Principal**



# കോളേജ് യൂണിയൻ റിപ്പോർട്ട്

ആദരണീയരായ ഗുരുനാഥൻമാരെ,
പ്രിയപ്പെട്ട സഹോദരി സഹോദരൻമാരെ,

വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് സാക്ഷാത്കാരം ഇരിട്ടി എന്ന മലയോര മേഖലയിലെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് സാക്ഷാത്കാരം ഇരിട്ടി മഹാത്മാഗാന്ധി എന്നവണ്ണം, ഒരു മാതൃകാ കലാലയമായി പ്രവർത്തിക്കുന്ന ഇരിട്ടി മഹാത്മാഗാന്ധി കോളേജിലെ വിദ്യാർത്ഥികളുടെ കൂട്ടായ ശ്രമമാണ് ഈ യൂണിയന്റെ വിജയം. ഒരു പാട് കാര്യങ്ങൾ ചെയ്തു എന്ന അഹങ്കാരമൊന്നും ഞങ്ങൾക്കില്ല. എങ്കിലും ഒരു പാട് കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചു. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കുറച്ച് കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്.

മാതൃരാജ്യത്തിലും അടിമകളെപ്പോലെ കഴിയേണ്ടിവരുന്ന പലസ്തീൻ ജനതയും, പ്രപഞ്ചശക്തിയെ ശാസ്ത്രത്തിന് കീഴടക്കാൻ കഴിയില്ല എന്ന് തെളിയിച്ച കോപ്പൻഹേഗൻ കാലാവസ്ഥാ വ്യതിയാന ചർച്ചകളും, ആഗോളവത്കരണവും അമേരിക്കയ്ക്കെതിരെയുള്ള നിലയ്ക്കാത്ത കൊലവിളികളും, ചന്ദ്രനിൽ വെള്ളമുണ്ടോ എന്ന് അന്വേഷിക്കുന്നതിന് കോടികൾ ചെലവഴിക്കേണ്ട പുത്തൻ ടെക്നോളജിയും, കുതിച്ചുയരുന്ന തൊഴിലില്ലായ്മയും, അതിലും മുകളിലെത്തുന്ന വിലക്കയറ്റവും, മഴയ്ക്ക് പകരം ചുട്ടുപൊള്ളുന്ന വെയിലും, വെയിലിനു പകരം തിമിർത്ത് പെയ്യുന്ന മഴയും ഉണ്ടാകുന്ന കാലമാറ്റവും, വിദ്യാഭ്യാസ കച്ചവടത്തിനെതിരെ പോരാട്ടങ്ങൾ നടത്തിയവർ വാലും ചുരുട്ടി ഇരിക്കുന്നതും, ഒരിക്കലും നേരാവാത്തവിധം തകർന്ന ടിഞ്ഞ വിദ്യാഭ്യാസ വ്യവസ്ഥകളും, ഒരു രാജ്യത്തെ മുഴുവൻ കബളിപ്പിക്കുന്ന പഴഞ്ചൻ പ്രത്യയശാസ്ത്രത്തിന്റെ അവകാശവാദികളും ഇതിനെയൊക്കെ കുറിച്ച് അല്പമെങ്കിലും പഠിച്ചിരിക്കുന്നത് നല്ലത്.

കലാലയ വിദ്യാർത്ഥി യുവജന സമൂഹം എന്നും ചിന്തിക്കേണ്ടവരാണ്. അനീതികൾക്കെതിരെ പോരാടേണ്ടവരാണ്. തെറ്റ് ചെയ്തത് ഗുരുനാഥൻ ആണെങ്കിൽപോലും അതിനെതിരെ വിമർശിക്കുവാനും, സത്യത്തെ സംരക്ഷിക്കുവാനും കരുത്തുള്ളവരാകണം. ഗ്രേഡിങ്ങ് സമ്പ്രദായവും ഇന്റേണൽ മാർക്ക് സിസ്റ്റവും വിദ്യാർത്ഥികളെ അധ്യാപകരുടെ അടിമകളാക്കും എന്ന് ചിന്തിച്ചിരുന്നവർക്ക് എതിരെ ആരും ആരുടെയും അടിമകളല്ല എന്ന് തെളിയിക്കുന്നവരാവണം.

21-8-2009 തിയ്യതി നടന്ന കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ എല്ലാവർഷത്തെയും പോലെ, ജനാധിപത്യ സംരക്ഷകരായ എം.ജി. യുടെ സമാധാനവും സാഹോദര്യവും കാത്തുസൂക്ഷിക്കുന്ന കരുത്തരായ വിദ്യാർത്ഥികളുടെ കൈകളിൽ യൂണിയന്റെ സാരഥ്യം എം.ജി.യിലെ വിദ്യാർത്ഥികൾ ഏൽപ്പിച്ചു. പിറകിൽനിന്നു ചതിച്ചവരെയും പരദൂഷണം പറഞ്ഞവരെയും മുന്നിൽനിന്ന് സ്നേഹത്തോടെ വഴികാട്ടിത്ത

നവരെയും ഏത് തകർച്ചയിലും ഉറച്ച വിശ്വാസമായി ഞങ്ങളുടെ കൂടെ നിന്ന എം.ജി.യിലെ വിദ്യാർത്ഥി സമൂഹത്തെയും യൂണിയൻ എന്നും ഓർക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു.

ഇന്ത്യാ മഹാരാജ്യത്തിന്റെ വികസനത്തിനുവേണ്ടി തങ്ങളുടെ കുടുംബത്തെ മുഴുവൻ സൗജന്യമായി എഴുതിക്കൊടുത്ത ഗാന്ധി കുടുംബത്തെ നമിച്ചുകൊണ്ട്, ഇന്ത്യൻ യുവത്വത്തിന് ഒരു ദിശാബോധം നൽകിയ രാഹുൽ ഗാന്ധിയുടെ ആദർശങ്ങളെ നെഞ്ചിലേറ്റിക്കൊണ്ട് ഈ യൂണിയൻ ചെയ്ത പ്രവർത്തനങ്ങളുടെ ഒരു വിവരണമാണ് ഇവിടെ അവതരിപ്പിക്കുന്നത്.

എം.ജി.യുടെ സമാധാനവും സ്നേഹവും സാഹോദര്യവും വിദ്യാഭ്യാസ ഉയർച്ചകളും കാത്തുസൂക്ഷിക്കാൻ വിദ്യാർത്ഥികളാൽ നിയോഗിതരായ കരുത്തരായ യൂണിയൻ സാരഥികൾ:-

ചെയർമാൻ -റിഹേഷ് രവീന്ദ്രൻ
വൈസ് ചെയർമാൻ -സീനിയാമോൾ
ജനറൽ സെക്രട്ടറി -അവിനാഷ് ശ്രീനിവാസൻ
ജോ. സെക്രട്ടറി -ലിൻഷ പി.
യു.യു.സി. -ജോർജ് സി. തോമസ്
എഡിറ്റർ -അക്ഷയ് പ്രേംനാഥ്
ഫൈൻ ആർട്സ് സെക്രട്ടറി-നമീർ പി.സി.
ജനറൽ ക്യാപ്റ്റൻ -ആസിഫ്. സി.

**അസോസിയേഷൻ ഭാരവാഹികൾ:-**

ഗണിതം-രാഹുൽ ടി.ആർ.
ഭൗതികം -ജിബിൻ
കംപ്യൂട്ടർ -അനീസ്
കൊമേഴ്സ് -നിധീഷ്

**ക്ലാസ് പ്രതിനിധികൾ**

ഒന്നാം വർഷം ബി.കോം-രാഹുൽ ടി.ആർ.
(ഫസ്റ്റ് ഇയർ റപ്രസെന്റേറ്റീവ്)
രണ്ടാം വർഷ ബി.കോം-ഫാസിൽ
(സെക്കന്റ് ഇയർ റപ്രസെന്റേറ്റീവ്)
മൂന്നാം വർഷ ബി.കോം-ഷെരീഫ്
(തേഡ് ഇയർ റപ്രസെന്റേറ്റീവ്)
ഒന്നാംവർഷം എം.എസ്.സി.- അരുൺ സി.
(പി.ജി. പ്രതിനിധി)

**യൂണിയൻ ജനറൽ കൗൺസിൽ**

യൂണിയൻ ചെയർമാൻ റിഹേഷ് രവീന്ദ്രന്റെ അധ്യക്ഷതയിൽ 2009 ആഗസ്ത് 26-ാം തിയ്യതി യൂണിയന്റെ ആദ്യത്തെ യോഗം നടന്നു. പ്രസ്തുത യോഗത്തിൽ യൂണിയൻ എക്സിക്യൂട്ടീവ് അംഗങ്ങളായി അരുൺ സി., രാഹുൽ ആർ, ഫാസിൽ എന്നിവരെയും യൂണിയൻ അഡൈ്വസറായി ഡോ. എം. മീരയേയും, സ്റ്റാഫ് എഡിറ്ററായി ശ്രീ. ആർ. ബിജുമോൻ സാറിനെയും തെരഞ്ഞെടുത്തു.

**യൂണിയൻ ഉദ്ഘാടനവും സത്യ പ്രതിജ്ഞയും**

'ഇന്ത്യൻ പതാകയാണ് എന്റെ രക്തം' എന്ന് ആവേശോജ്ജ്വലമായ യുവത്വത്തിന്റെ പുതിയ മുദ്രാവാക്യം സാക്ഷിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ യൂണിയന്റെ ഔപചാരികമായ ഉദ്ഘാടനം 2009 ഒക്ടോബർ 6ന് കേരള രാഷ്ട്രീയത്തിലെ കറകളഞ്ഞ നേതാവും പ്രമുഖ വാഗ്മിയും ആയ ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ നിർവ്വഹിച്ചു. പ്രസ്തുത വേദിയിൽ വച്ചുതന്നെ ആർട്സ് ക്ലബ്ബിന്റെ ഉദ്ഘാടനം മഞ്ച് സ്റ്റാർസിംഗർ ജൂനിയറിലൂടെ ജനശ്രദ്ധ ആകർഷിച്ച കൊച്ചു പാട്ടുകാരി അഷിമാ മനോജ് നിർവ്വഹിച്ചു. ആഷിമാ മനോജിന്റെ ഗാനങ്ങൾ ക്യാമ്പസ് രണ്ടു കയ്യും നീട്ടി സ്വീകരിച്ചു. ചടങ്ങിൽ റിഹേഷ് രവീന്ദ്രൻ അധ്യക്ഷനായി. അഡൈ്വസർ ഡോ. മീര എം.ആർ. സ്വാഗതവും, സ്റ്റാഫ് എഡിറ്റർ ബിജുമോൻ സാർ നന്ദിയും പറഞ്ഞ ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. എം.ജെ. മാത്യുസാർ മുഖ്യ പ്രഭാഷണം നടത്തി. ഉച്ചഭക്ഷണത്തിന് ശേഷം തലശ്ശേരി റിഥം ഓർക്കസ്ട്ര അവതരിപ്പിച്ച ഗാനമേളയും ഉണ്ടായിരുന്നു.

**ഓണാഘോഷ പരിപാടി**

യൂണിയനും, ആർട്സ് ഫോറവും സംയുക്തമായി ഓണാഘോഷ പരിപാടികൾ 2009 ആഗസ്ത് 28ന് അതിവിപുലമായി സംഘടിപ്പിച്ചു. ക്ലാസ് തലത്തിൽ നടന്ന പൂക്കള മത്സരവും ഡിപ്പാർട്ട്മെന്റ് തലത്തിൽ നടന്ന വടംവലി മത്സരവും ആഘോഷ പരിപാടികൾക്കു മാറ്റുകൂട്ടി. പൂക്കള മത്സരത്തിൽ മൂന്നാം വർഷ കമ്പ്യൂട്ടർ സയൻസ് ക്ലാസും വടം വലി മത്സരത്തിൽ ഫിസിക്സ് ഡിപ്പാർട്ട്മെന്റും ജേതാക്കളായി. ഓണാഘോഷ പരിപാടികളുമായി സഹകരിച്ച മുഴുവൻ വിദ്യാർത്ഥികളെയും അധ്യാപകരെയും യൂണിയൻ അഭിനന്ദിക്കുകയും അവരോടുള്ള നന്ദി അറിയിക്കുകയും ചെയ്തു. കോളേജ് യൂണിയനും വിമൻസ് സെല്ലും സംയുക്തമായി ഓണാഘോഷ പരിപാടികളോട് അനുബന്ധിച്ച് ഇരിട്ടിയിലെ ചക്കരക്കുട്ടൻ അനാഥാലയത്തിൽ കുട്ടികൾക്ക് ഉച്ചഭക്ഷണവും മധുരവും

നൽകി.

**സാഹിത്യോത്സവ്**

യൂണിയന്റെ പ്രവർത്തനങ്ങൾക്ക് പൊൻതൂവൽ എന്നവണ്ണം കഴിഞ്ഞ വർഷം മുതൽ ആരംഭിച്ച സാഹിത്യോത്സവം ഈ വർഷവും യൂണിയൻ സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ സാഹിത്യ പ്രവർത്ത നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിൽ യൂണിയൻ അതിയായ താല്പര്യം കാണിച്ചിരിക്കുന്നു. കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന വർണ്ണാഭമായ ചടങ്ങിൽ പ്രശസ്ത പത്രപ്രവർത്തകൻ ശ്രീ. അബ്ദുറഹ്മാൻ സാഹിത്യോത്സവം ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ചെയർമാൻ അധ്യക്ഷനായി. ആർട്സ് ഫോറം കൺവീനർ ഡോ. സ്വരൂപ ആർ. സ്വാഗതവും ആർട്സ് സെക്രട്ടറി നമീർ പി.സി. നന്ദിയും പറഞ്ഞു. യൂണിയൻ വൈസ് ചെയർമാനും മൂന്നാം വർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥിനിയുമായ സീനിയ മോൾ എം.സി. സാഹിത്യ പ്രതിഭയായപ്പോൾ അതേ ക്ലാസിലെ ധനേഷ് ചിത്രപ്രതിഭയായി.

**വുമൺസെല്ലുമായി ചേർന്ന് യൂണിയൻ സംഘടിപ്പിച്ച വിവിധ പരിപാടികൾ**

One day workshop on creative arts (Quest)

യൂണിയനും വുമൺസെല്ലും സംയുക്തമായി വിദ്യാർത്ഥിനികൾക്കായി workshop in creative arts (Quest) എന്ന പേരിൽ Fabric Paint, Glass Paint എന്നിവയെക്കുറിച്ച് പഠനക്ലാസ്സ് സംഘടിപ്പിച്ചു. വിദ്യാർത്ഥിനികളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. ശ്രീമതി. സിന്ധു രജീഷ് ക്ലാസ്സുകൾ നയിച്ചു. സീനിയ മോൾ, ലിൻഷ പി. എന്നിവർ നേതൃത്വം നൽകി.

Empower the power with in you

വിദ്യാർത്ഥിനികളുടെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ചർച്ച ചെയ്യുന്നതിനും, പരിഹാരം കാണുന്നതിനും ആവശ്യമായ രീതിയിൽ Empower the power with in you എന്നപേരിൽ യൂണിയനും വുമൺസെല്ലും ചേർന്ന് 2010 ഫെബ്രുവരി 2ന് ഏകദിന സെമിനാർ സംഘടിപ്പിച്ചു. പെരാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. മുംതാസ് ബീഗം സെമിനാർ ഉദ്ഘാടനം ചെയ്തു. Social response of women എന്ന വിഷയത്തെ ആസ്പദമാക്കി മുംതാസ് ബീഗവും Willness of mind എന്ന വിഷയത്തെ ആസ്പദമാക്കി ക്രിസ്തുരാജ് ഹോസ്പിറ്റലിലെ ഡോ. വിനീത ടോമും നയിച്ച ക്ലാസ്സുകൾ ശ്രദ്ധേയമായി.

യൂണിയനുമായി സഹകരിച്ച് പരിപാടികൾ സംഘടിപ്പിച്ച വുമൺസെല്ലിനും, കൺവീനർ മീര ടീച്ചർക്കും, വൈസ് ചെയർമാൻ സീനിയമോൾക്കും പരിപാടികൾ വൻവിജയമാക്കിത്തീർത്ത മുഴുവൻ വിദ്യാർത്ഥിനികൾക്കും യൂണിയന്റെ ഹൃദയം നിറഞ്ഞ നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

**ക്രിസ്തുമസ് ആഘോഷം**

കോളേജ് ഓഡിറ്റോറിയത്തിൽവച്ച് നടന്ന ലളിതമായ ചടങ്ങിൽവെച്ച് പ്രിൻസിപ്പൽ ഡോ. എം.ജെ. മാത്യുസാർ മധുരം വിതരണം ചെയ്തുകൊണ്ട് ക്രിസ്തുമസ് ദിനാഘോഷം ഉദ്ഘാടനം ചെയ്തു.

**പുതുവത്സരദിന പരിപാടി**

എല്ലാവർഷത്തെയും പോലെ എം.ജി.യിലെ സ്നേഹസമ്പന്നരായ വിദ്യാർത്ഥി സമൂഹവും യൂണിയനും പുതുവർഷത്തെ ആവേശപൂർവ്വമാണ് സ്വീകരിച്ചത്. പുതുവർഷ ആഘോഷ പരിപാടിയിൽ മാനേജറും, മുൻ മന്ത്രിയുമായ കെ.പി. നൂറുദ്ദീൻ അവറുകൾ സന്നിഹിതനായിരുന്നു. അതിവിപുലമായി തന്നെ ആഘോഷത്തിന്റെ ഭാഗമായി യൂണിയൻ മധുരം വിതരണം ചെയ്തു. പരിപാടിയുമായി സഹകരിച്ച മുഴുവൻ കൂട്ടുകാർക്കും അധ്യാപകർക്കും യൂണിയന്റെ നന്ദി രേഖപ്പെടുത്തുന്നു.

**യൂണിയൻ കലോത്സവം-സർഗ്ഗസപര്യ-09**

നിശബ്ദമായി കിടന്നിരുന്ന എം.ജി.യുടെ അരങ്ങിനെ നൃത്തച്ചുവടുകളുടെ മാസ്മരിക പദതാളങ്ങളെക്കൊണ്ട് തൊട്ടുണർത്തി എം.ജിയുടെ ഓരോ മുക്കിലും മൂലയിലും സംഗീതത്തിന്റെ പ്രതിധ്വനികൾ മുഴക്കി യൂണിയൻ കലോത്സവം അരങ്ങേറി. മലയാള സിനിമയിൽ തന്റെ അഭിനയമികവുകൊണ്ട് എന്നും പൊട്ടിച്ചിരികൾ സമ്മാനിച്ച പ്രശസ്ത ചലച്ചിത്രകാരൻ ശ്രീ. മാമുക്കോയ യൂണിയന്റെ കലോത്സവം സർഗ്ഗസപര്യ-09 ഉദ്ഘാടനം ചെയ്തു. മാമുക്കോയ പോലുള്ള ഒരു നടനെ ക്യാമ്പസിൽ എത്തിക്കുവാനും വിദ്യാർത്ഥികളുമായി സംവാദം സംഘടിപ്പിക്കുവാനും സാധിച്ചത് യൂണിയന്റെ നേട്ടമായി ഞങ്ങൾ കരുതുന്നു. ചടങ്ങിൽ ചെയർമാൻ റിഷേഷ് രവീന്ദ്രൻ അധ്യക്ഷനായി. പ്രിൻസിപ്പൽ ഡോ.എം.ജെ. മാത്യു സാർ മുഖ്യ പ്രഭാഷണം നടത്തി. സീനിയമോൾ, മോഹൻ കെ, എന്നിവർ ആശംസകൾഅർപ്പിച്ചു സംസാരിച്ചു. ആർട്സ് ഫോറം കൺവീനർ ഡോ. സ്വരൂപ ആർ. സ്വാഗതവും സെക്രട്ടറി നമീർ പി.സി. നന്ദിയും രേഖപ്പെടുത്തി. 2009 ഒക്ടോബർ 16, 17 തിയ്യതികളിലായി നടന്ന കലാ

ത്സവം ശരിക്കും ഒരു ഉത്സവത്തിന്റെ പ്രതീതിയാണ് വിദ്യാർത്ഥികൾക്ക് സമ്മാനിച്ചത്.

കേവലം വിരലിലെണ്ണാൻ മാത്രമുള്ള ഒരുപറ്റം വിദ്യാർത്ഥികൾ രാഷ്ട്രീയ പകപോക്കലിന്റെ പേരിൽ കലോത്സവം അടിച്ചമർത്താൻ ശ്രമിച്ചപ്പോൾ മറ്റ് മുഴുവൻ വിദ്യാർത്ഥികളും യൂണിയന്റെ കൂടെ നിൽക്കുകയും പരസ്പരം കൈകോർത്ത് പിടിച്ച് കലോത്സവം തകർക്കാൻ ശ്രമിച്ചവർക്കെതിരെ ഒരു കൊടുങ്കാറ്റായി ആഞ്ഞടിച്ചപ്പോൾ എം.ജി. കണ്ട ഏറ്റവും മികച്ച കലോത്സവമായി സർഗ്ഗസപര്യ-09 മാറുകയായിരുന്നു. നാല് ഗ്രൂപ്പുകളായി തിരിച്ച് നടന്ന വീറും വാശിയുമേറിയ മത്സരങ്ങൾക്കൊടുവിൽ, ക്രിസ്റ്റൽ വൈറ്റ് ഒന്നാം സ്ഥാനവും, റോയൽ ഗോൾഡ് രണ്ടാം സ്ഥാനവും, പേൾ സിൽവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. കലാതിലകമായി രണ്ടാം വർഷ ബീ.കോമിലെ രേഷ്മ കെ.യും, കലാപ്രതിഭയായി അതേ ക്ലാസിലെ സജീഷ് കുര്യനെയും തെരഞ്ഞെടുത്തു.

മുഴുവൻ വിജയികൾക്കും യൂണിയൻ നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. കലോത്സവത്തിന് അതിഥികളെ ഒരുക്കിത്തന്ന രാഷ്ട്രീയ നേതൃത്വത്തിനും, കലോത്സവം വിജയമാക്കാൻ ഓടിനടന്ന സ്വരൂപ ടീച്ചറിനും, രജീഷ് സാറിനും, ബിജുമോൻ സാറിനും, സെക്രട്ടറി നമീറിനും മറ്റ് യൂണിയൻ ഭാരവാഹികൾക്കും ഗ്രൂപ്പ് ലീഡർമാർക്കും വിദ്യാർത്ഥി സമൂഹത്തിനും യൂണിയന്റെ ഹൃദയത്തിൽ തട്ടിയുള്ള സ്നേഹവും കടപ്പാടും രേഖപ്പെടുത്തുന്നു.

**യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവം**

2010 ജനുവരി 28, 29, 30, 31 ഫെബ്രുവരി 1 എന്നീ തിയ്യതികളിലായി കണ്ണൂരിൽ വെച്ചു നടന്ന യൂണിവേഴ്സിറ്റി കലോത്സവത്തിൽ പങ്കാളിത്തംകൊണ്ട് ശ്രദ്ധേയമാവാൻ എം.ജി. കോളേജിനായി. മുൻ വർഷങ്ങളിലേതിൽ നിന്നും വ്യത്യസ്തമായി ഒരുപാട് പരിപാടികളിൽ പങ്കെടുക്കുകയും വിജയിക്കുകയും ചെയ്തു. ഫോട്ടോ ഗ്രാഫിയിൽ നിധിൻ ജോസ് ഒന്നാം സ്ഥാനവും, ചെറുകഥാ രചനയിൽ റോബിൻ രണ്ടാം സ്ഥാനവും ഓട്ടം തുള്ളലിൽ വർഷ മൂന്നാം സ്ഥാനവും നേടി. എം.ജി.യുടെ അഭിമാന താരങ്ങളായി. എം.ജി.യെ പ്രതിനിധാനം ചെയ്ത മുഴുവൻ മത്സരാർത്ഥികൾക്കും യൂണിയൻ നന്ദിയും കടപ്പാടും അറിയിക്കുന്നു. യൂണിവേഴ്സിറ്റി കലോത്സവ വേദികളിൽ നിറഞ്ഞ സാന്നിധ്യമാവുന്നതിനുവേണ്ടി പ്രോത്സാഹനവുമായി വിദ്യാർത്ഥികളുടെ കൂടെ നിന്ന സ്വരൂപ ടീച്ചർ, അനുപമ ടീച്ചർ, രജീഷ് സാർ, സന്ധ്യ ടീച്ചർ, സെക്രട്ടറി നമീർ, ബിജുമോൻ സാർ, പ്രിൻസിപ്പൽ മാത്യു സാർ, യൂണിയൻ ഭാരവാഹികൾ എല്ലാവർക്കും യൂണിയന്റെ നന്ദിയും കടപ്പാടും അറിയിക്കുന്നു. ഈ പ്രോത്സാഹനങ്ങൾ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിന് യൂണിയനും പ്രചോദനമായിട്ടുണ്ട്.

**ഫിലിം വർക്ക്ഷോപ്പ്**

കോളേജ് യൂണിയനും എച്ച്.ആർ.ഡി. സെല്ലും സംയുക്തമായി 2010 ജനുവരി 23ന് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് ഫിലിം വർക്ക്ഷോപ്പ് നടത്തി. പ്രശസ്ത ടെലിഫിലിം സംവിധായകൻ ദീപേഷ് കൂത്തുപറമ്പ് ക്ലാസ്സുകൾ നയിച്ചു. യൂണിയൻ നടത്തിയതിൽ വ്യത്യസ്തമായ ഒരുപരിപാടിയായിരുന്നു ഇതെന്ന് വിദ്യാർത്ഥികൾ വിലയിരുത്തി. എച്ച്.ആർ.ഡി. സെൽ കൺവീനർ ഡോ. അനീഷ്കുമാർ സാർ നേതൃത്വം നൽകി.

**വെബ്സൈറ്റ് ഉദ്ഘാടനവും റോഡ് സേഫ്റ്റി ഷോയും.**

എം. ജി. കോളേജിലെ വിദ്യാർത്ഥികളായ ശ്രീ. നിധിൻജോസ്, ജിതിൻ ജോസ്, റിതിൻ എന്നിവർ യൂണിയനുവേണ്ടി രൂപകൽപന ചെയ്ത റോഡ് സേഫ്റ്റിയെകുറിച്ചുള്ള വെബ്സൈറ്റ് ഉദ്ഘാടനവും റോഡ് സേഫ്റ്റിയെ കുറിച്ച് വീഡിയോ ഷോയും യൂണിയൻ സംഘടിപ്പിച്ചു.

**കായികോത്സവം**

ഡിപ്പാർട്ട്മെന്റ് തലത്തിൽ നടന്ന വീറും വാശിയുമേറിയ മത്സരങ്ങൾ കൊണ്ട് യൂണിയൻ സംഘടിപ്പിച്ച കായികോത്സവം ശ്രദ്ധേയമായി. വിദ്യാർത്ഥികൾക്ക് പുറമെ അധ്യാപകരും ആവേശത്തോട് കൂടി ഗ്രൗണ്ടിൽ ഇറങ്ങിയത് മത്സരത്തിനും മാറ്റ് കൂട്ടി. ഒരു പകൽ മുഴുവൻ നടന്ന ഇഞ്ചോടിഞ്ച് പോരാട്ടങ്ങൾക്കൊടുവിൽ കൊമേഴ്സ് ഡിപ്പാർട്ട്മെന്റ് ജേതാക്കളായി. മൂന്നാം വർഷ ബീ.കോമിലെ സുജീഷ് പി.പി.യും രണ്ടാം വർഷ മാത്സിലെ ഷാനിയയും വ്യക്തിഗത ചാമ്പ്യന്മാരായി. പ്രശസ്ത കായികതാരം കുമാരി സൗമ്യ കായികോത്സവം ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. എം. ജെ. മാത്യുസാർ അധ്യക്ഷനായ ചടങ്ങിൽ ഡോ. കെ.വി. ദേവദാസൻ മാസ്റ്റർ, ചെയർമാൻ റിഹേഷ് രവീന്ദ്രൻ എന്നിവർ സംസാരിച്ചു. യൂണിയൻ ജനറൽ ക്യാപ്റ്റൻ ആസിഫ് സി-ക്ക് യൂണിയന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

കായികോത്സവത്തിന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാ അധ്യാപകർക്കും അസോസിയേഷൻ സെക്രട്ടറിമാർക്കും യൂണിയൻ ഭാരവാഹികൾക്കും വിദ്യാർത്ഥികൾക്കും യൂണിയന്റെ

നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. വിജയികൾക്ക് അഭിനന്ദനങ്ങൾ നേരുന്നു.

**അസോസിയേഷൻ പ്രവർത്തനങ്ങൾ**

വളരെയധികം പ്രതിസന്ധികൾ ഉണ്ടായിട്ടും അതിനെയൊക്കെ അതിജീവിച്ച് യൂണിയന്റെ നേതൃത്വത്തിൽ എല്ലാ അസോസിയേഷനുകളും വിജ്ഞാനപ്രദമായ പരിപാടികളിലൂടെ വിദ്യാർത്ഥികളുടെ മനസ്സിൽ ഇടം പിടിക്കാൻ സാധിച്ചുവെന്നതിൽ കോളേജ് യൂണിയന് അതിയായ സന്തോഷം ഉണ്ട്.

**മാത്തമറ്റിക്സ് അസോസിയേഷൻ**

അസോസിയേഷൻ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് 'ഇന്റർ കോളേജിയറ്റ് ക്വിസ് മത്സരവും' ഹിസ്റ്ററി ഓഫ് മാത്തമാറ്റിക്സ് എന്ന പേരിൽ ഏകദിന ട്രസ്റ്റുമായി കൂടിച്ചേർന്ന് ഓട്ടോമാറ്റി തിയ്യറി എന്ന വിഷയത്തിൽ മറ്റൊരു ഏകദിന ശില്പശാലയും നടത്താൻ അസോസിയേഷന് സാധിച്ചു. പരിപാടികൾക്ക് നേതൃത്വം നൽകിയ രാഹുലിനും കൂട്ടുകാർക്കും പ്രത്യേക അഭിനന്ദനങ്ങൾ

**കമ്പ്യൂട്ടർ അസോസിയേഷൻ**

എല്ലാവർഷത്തേതും പോലെ തന്നെ കമ്പ്യൂട്ടർ അസോസിയേഷൻ വർണ്ണാഭമായ പരിപാടികളിലൂടെ വിദ്യാർത്ഥികളുടെ മനസ്സിൽ ഇടം നേടി. സോഫ്റ്റ് ഷോ എന്ന പേരിൽ ഒരു സോഫ്റ്റ് വെയർ പ്രദർശനവും ദ്വിദിന ശില്പശാലയും സംഘടിപ്പിച്ചു. പരിപാടികൾക്ക് നേതൃത്വം നൽകിയ സെക്രട്ടറി അനീസിനും കൂട്ടുകാർക്കും അഭിനന്ദനങ്ങൾ.

**ഫിസിക്സ് അസോസിയേഷൻ**

മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഫിസിക്സ് അസോസിയേഷൻ ഈ വർഷം കൂടുതൽ വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിച്ചു. Biography of world famous equitium എന്ന സയൻസ് ഡോക്യുമെന്ററിയും History of Physics through centuries എന്ന ശില്പശാലയും സംഘടിപ്പിച്ചു. ദ്വിദിന പരിപാടികൾക്ക് നേതൃത്വം നൽകിയ ജിബിൻ അഭിനന്ദനങ്ങൾ അർഹിക്കുന്നു.

**കൊമേഴ്സ് അസോസിയേഷൻ**

അസോസിയേഷൻ ഉദ്ഘാടനത്തിനോട് അനുബന്ധിച്ച് ഏകദിന ശില്പശാലയും മാജിക് ഷോയും സംഘടിപ്പിച്ചു. പരിപാടികൾക്ക് നേതൃത്വം നൽകിയ നിധീഷിന് യൂണിയന്റെ അഭിനന്ദനങ്ങൾ

ചെറിയ സമയവും, ചുരുക്കം ഫണ്ടും ഉപയോഗിച്ച് കൈ മെയ് മറന്ന് ഞങ്ങൾ കഷ്ടപ്പെട്ടിട്ടുണ്ട്. എന്നിട്ടും ഞങ്ങളെ ദ്രോഹിക്കുവാനും കുറ്റം പറയുവാനും മാത്രം ചിലർ തുനിഞ്ഞിറങ്ങി. അപ്പോഴൊക്കെയും ഞങ്ങൾക്ക് പ്രതീക്ഷയും ആവേശവുമായി ഞങ്ങൾക്കിടയിൽ പടർന്നുനിന്ന മുഴുവൻ വിദ്യാർത്ഥി സുഹൃത്തുക്കളെയും ആത്മാർത്ഥമായി സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു.

ഒരു കള്ളത്തരങ്ങളും ഇവിടെ വെച്ച് പൊറുപ്പിക്കില്ല. ഒരു സമരങ്ങളും ഇവിടെ അവസാനിക്കുന്നില്ല. എല്ലാ അഴിമതികൾക്കെതിരെയും ഞങ്ങൾ വിരൽ ചൂണ്ടും. കണ്ണടച്ച് പാലുകുടിക്കുന്ന പല പകൽ മാന്യൻമാരായ എല്ലാ കള്ളൻമാരെയും ഒരുനാൾ ഞങ്ങൾ പിടിച്ചുകൊടുക്കുക തന്നെ ചെയ്യും. എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ റിപ്പോർട്ട് വിദ്യാർത്ഥികളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം,

അവിനാഷ് ശ്രീനിവാസൻ
ജനറൽസെക്രട്ടറി.

***Best Compliments From:***

**GOD'S GRACE**
**EARTH MOVES**
HASSAY COMPLE, ULICKAL
PH: 99460402080 (MOB)
9947743496 (MOB)
0460-3201566 (OFFICE)


Mob: 9961608698
9048898313
04902493306
car care
CAR ACCESSORIES
THAVAKKAL COMPLEX - IRITTY


Ph: 0490 2494515
Mob: 9961608698
9447394706
WHEEL CARE
Wheel Alignment, Tyres
Alloywheels & Accessories
Keezhur, Iritty - 670 703


9744594939
9387819745
D2od
FASHION FOR MAN
Main Road-IRITTY, Kannur Dist.

ആശംസകളോടെ...!

# പുന്നാട് സർവ്വീസ് സഹകരണ ബേങ്ക്

## ലിമിറ്റഡ് നമ്പർ എൽ.എൽ. 57

ഹെഡ്ഡാഫീസ് : **ഇരിട്ടി.** ഫോൺ: 2493626

ബ്രാഞ്ചുകൾ

| | | |
|---|---|---|
| മെയിൻ ബ്രഞ്ച് | ഇരിട്ടി | ഫോൺ: 2493626 |
| ഈവനിംഗ് ബ്രാഞ്ച് | ഇരിട്ടി | ഫോൺ : 2494165 |
| | പുന്നാട് | ഫോൺ : 2433326 |

എല്ലാത്തരം വായ്പകളും അനുവദിക്കുന്നു.
സർക്കാർ, അർദ്ധസർക്കാർ ഉദ്യോഗസ്ഥർക്ക്
2 ലക്ഷം രൂപ വരെ വായ്പ
സ്വർണ്ണപണയവായ്പ 3 ലക്ഷം രൂപ വരെ
നിക്ഷേപങ്ങൾക്ക് 11.0% വരെ പലിശ.
ഇന്ത്യയിൽ എല്ലായിടത്തേക്കും ഡി.ഡി. സൗകര്യം
കുറഞ്ഞ വാടകയ്ക്ക് ഇരിട്ടി മെയിൻ ബ്രാഞ്ചിൽ
ലോക്കർസൗകര്യം ലഭ്യമാണ്

പ്രസിഡണ്ട്
പി.കെ. ജനാർദ്ദനൻ

സെക്രട്ടറി
കെ.സി. രാജീവ്

ആശംസകളോടെ...!

# നുച്യാട് സർവ്വീസ് സഹകരണ ബേങ്ക് ലിമിറ്റഡ്

**നമ്പർ സി. 220, മണിക്കടവ് പി. ഒ. 670 705, കണ്ണൂർ ജില്ല.**

ഹെഡ്ഡാഫീസ്-മണിക്കടവ്
ഫോൺ: 0460-2216161

ബ്രാഞ്ചുകൾ:
നുച്യാട് ഫോൺ : 2228116
മണിക്കടവ് ഫോൺ : 2217929
(സായാഹ്ന ശാഖ)

- സ്വർണ്ണപണയത്തിൽ ഉയർന്ന നിരക്കിൽ കാർഷിക കാർഷികേതര വായ്പകൾ നൽകുന്നു.
- നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശയും സുരക്ഷിതത്വും ഉറപ്പുനൽകുന്നു.
- ഇന്ത്യയിൽ എവിടേക്കും ഡി.ഡി സൗകര്യം ലഭ്യമാക്കുന്നു.

പ്രസിഡണ്ട്:
ചാക്കോ പാലക്കലോടി

സെക്രട്ടറി
കെ. എം. സേവ്യർ

Best Compliments From:

**GITD**

**3rd Floor, Platinum Centre, Opp, SBI, Fort Road, Kannur- 670 001**

Mob: 9744127832, 9961888577, E-mail: gitdknr@rediffmail.com

In association with: ***National Council for women education (NCWE)***

Reg. No. 26 Under Govt. of Kerala

Branch at: Thavakkal Complex, IRITTY

**Mango mobile**

**SALES & SERVICE**

**BUSSTAND ROAD,IRITTY- ഇരിട്ടി**

**Ph: 9846034401**



*With Best Wishes*

# MAMBARAM
# ENGLISH MEDIUM SCHOOL

**MAMBARAM (P.O) KANNUR (DIST)**

**(AFFILIATED TO CBSE DELHI NO.:930366)**

**Senior Secondary School**

**Phone : 0490-2382607. Fax : 0490-2384596, 0490-2383325**

**Manager**
**MAMABARAM P. MADHAVAN**

**Principal**
**A.C. RAGHUNATHAN M.A. B.ED.**

ആശംസകളോടെ..!

# അഴീക്കോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബേങ്ക് ലിമി.

**നമ്പർ എഫ്. 1149.**

ഹെഡ്ഡോഫീസ് : **അഴീക്കോട്.**

ഫോൺ: 2777479, 2774530

ബ്രാഞ്ചുകൾ

| | | |
|---|---|---|
| മെയിൻ ബ്രാഞ്ച് | വൻകുളത്തുവയൽ | ഫോൺ: 2777290 |
| അഴീക്കൽ ബ്രാഞ്ച് | അഴീക്കൽ | ഫോൺ: 2770346 |
| സൗത്ത് ബ്രാഞ്ച് | അഴീക്കോട് സൗത്ത് | ഫോൺ: 2742528 |
| ഈവനിംഗ് ബ്രാഞ്ച് | പൂതപ്പാറ | ഫോൺ: 2777481 |
| ഈവനിംഗ് ബ്രാഞ്ച് | മൂന്നുനിരത്ത് | ഫോൺ: 2771479 |
| ഈവനിംഗ് ബ്രാഞ്ച് | വൻകുളത്ത് വയൽ | ഫോൺ: 2774600 |

പ്രസിഡണ്ട്:
എം. എൻ. രവീന്ദ്രൻ

സെക്രട്ടറി
പി. ഗംഗാധരൻ

കടന്നുവന്നവഴികളിലൂടനീളം
പ്രഭാപൂരിതമായ
ദീപങ്ങൾമാത്രം കൊളുത്തിയ
എത്രയോ മഹാപ്രതിഭകളുണ്ട്
നമുക്കുചുറ്റും.
അവരുടെ സ്നേഹപൂർണ്ണമായ
സാമീപ്യവും വാക്കുകളും
നാളെ നമ്മുടെ ജീവിതത്തിൽ
മറക്കാനാവാത്ത ഓർമ്മകളായിരിക്കും.
ഈ ഓർമ്മപുസ്തകത്തിന്റെ
താളുകൾ ചികയുമ്പോൾ....
അവരുടെ അനുഭവങ്ങൾ
നമുക്ക് പ്രചോദനമാകട്ടെ.

## പേരുകൾ



**153 അച്ചേട്ടന്റെ കൂടെ ഇത്തിരിനേരം**

155 പറഞ്ഞതും കേട്ടതും

158 അനുഭവത്തിന്റെ തീച്ചൂളയിൽ പാകപ്പെടുത്തിയ ജീവിതം

# അപ്പേട്ടന്റെ കൂടെ ഇത്തിരിനേരം

സ്വാതന്ത്ര്യസമരസേനാനി അപ്പനായരുമായി സൗഹൃദ സംഭാഷണം

നമ്മുടെ കലാലയത്തിന്റെ പരിസരത്ത് എന്നും സുപരിചിതമായ മുഖമാണ് അപ്പേട്ടന്റേത്. പതിനഞ്ചാം വയസ്സിൽ ഗാന്ധിജിയുടെ ആദർശങ്ങളിൽ ആകൃഷ്ടനായി ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ ഇറങ്ങിത്തിരിച്ച ഒരു ഇന്ത്യക്കാരന്റെ മുമ്പിൽ ചെന്നിരുന്ന് അല്പനേരം സംസാരിച്ചതിന്റെ പൊരുൾ ഇവിടെ കുറിച്ചിടട്ടെ.

പഴയങ്ങാടിയിൽ ജനിച്ച അപ്പേട്ടൻ 1948 ലാണ് അണ്ടിക്കമ്പനിയിൽ താമസമാക്കിയത്. എല്ലാ മനുഷ്യരോടും ഒരുപോലെ സൗമ്യമായി ഒരുതരത്തിലുള്ള ദേഷ്യവും കാണിക്കാത്ത ഗാന്ധിജിയെ ഇന്നും ആദരിക്കുകയും ഗാന്ധിയൻ ആദർശങ്ങളിൽ അടിയുറച്ച് വിശ്വസിക്കുകയും ചെയ്യുന്നു അപ്പേട്ടൻ.



ഗാന്ധിജിയെക്കുറിച്ച് :- "ലണ്ടനിൽനിന്നും പഠനം കഴിഞ്ഞെത്തിയ ഗാന്ധിജിയെ ഒരു കപ്പലിന്റെ മുതലാളി -പേര് ഓർമ്മിച്ചെടുക്കാൻ പറ്റുന്നില്ല ആഫ്രിക്കയിലേക്ക് ക്ഷണിക്കുകയുണ്ടായി. അത് വെറും ഒരു ക്ഷണമായിരുന്നില്ല. ഗാന്ധിജി എന്ന വക്കീലിനെ ആയിരുന്നു അവർക്കാവശ്യം. ആഫ്രിക്കയിൽ എത്തിയ ഗാന്ധിജി, അവിടെ നിലനിന്നിരുന്ന 'കറുത്തവൻ' 'വെളുത്തവൻ' എന്ന വേർതിരിവിനെതിരെയും അടിമത്തത്തിനെതിരെയും സത്യാഗ്രഹ സമരങ്ങൾക്ക് നേതൃത്വം നൽകുകയും ജയിലിൽ കിടക്കുകയും ചെയ്തു ആ മനുഷ്യനെക്കുറിച്ച ഞാനും നിങ്ങളുമടങ്ങുന്നവർ പഠിക്കണം. അദ്ദേഹത്തിന്റെ ജീവിതമറിയണം.

"എ.കെ.ജി., ഇ.എം.എസ്. എന്നിവരൊക്കെ ഗാന്ധിജിയുടെ അനുയായികളായിരുന്നു. അഹിംസയുടെ മാർഗ്ഗത്തിൽ സഞ്ചരിക്കാൻ താല്പര്യമില്ലാത്തതുകൊണ്ട് അവർ വിട്ടുപോയി.

അഹിംസ എന്ന ദിവ്യായുധവും കയ്യിലേന്തി സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് ,സാമ്രാജ്യത്തോട് പോരാടിയ ആ മഹാത്മാവിനെ ദൈവത്തെപ്പോലെ കാണുകയും ഇന്നും അഹിംസയിലൂടെ സമരങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നുണ്ട് അപ്പേട്ടൻ.

പ്രവർത്തന മേഖലയെക്കുറിച്ചു:- കണ്ണൂർ ജില്ലയിലും പുറത്തും നടക്കുന്ന ഒട്ടുമിക്ക സത്യാഗ്രഹ പന്തലുകളിലും ക്ഷണിച്ചില്ലെങ്കിലും ഞാൻ എത്താറുണ്ട്. അപ്പോൾ സമരക്കാർക്കും ഒരാവേശമാണ്. ഇന്ത്യയിൽ സ്വാതന്ത്ര്യത്തിനുമുന്നേ തന്നെ മദ്യം നിരോധിച്ചതാണ്. പക്ഷെ ഇന്നും മദ്യവും ലഹരി പദാർത്ഥങ്ങളും സുലഭമാണ്. അതിനെതിരെ ഒരുപാട് കാലമായി ഞാനും എന്റെ സഹപ്രവർത്തകരും നിരാഹാര സമരങ്ങളും ധർണ്ണകളും ഒക്കെ സംഘടിപ്പിക്കുന്നുണ്ട്. ചിലപ്പോൾ

ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നല്ല തീരുമാനങ്ങളുണ്ടാകും. ചിലപ്പോൾ തിരിഞ്ഞുനോക്കാറില്ല.എന്തുതന്നെയായാലും ഞങ്ങൾ മദ്യത്തിനും ലഹരിപദാർത്ഥങ്ങൾക്കുമെതിരെ നിരന്തരമായി അഹിംസയുടെ പാതയിൽ സമരങ്ങൾ തുടരും.

സ്വതന്ത്ര ഇന്ത്യയുടെ ഭാവിയെക്കുറിച്ചും അപ്പേട്ടന്റെ മനസ്സിൽ ചില ആകുലതകൾ.



സ്വാതന്ത്ര്യം എന്ന വാക്കിന്റെ അർത്ഥം നമ്മൾ മനസ്സിലാക്കണം. ശരിക്കുപറഞ്ഞാൽ ഇപ്പോഴും സ്വാതന്ത്ര്യമില്ല. എല്ലാവരും പ്രശ്നക്കാരാണ്. ഇപ്പോൾ തന്നെ എത്രയെത്ര വീടുകളാണ് പൊളിച്ച് കോൺക്രീറ്റ് വീടുണ്ടാക്കുന്നത്. അതൊന്നുമല്ല രസം, വീടെടുക്കുന്നതിനുമുമ്പ് മതിലും ഗേറ്റും ഉണ്ടാക്കണം. കാരണം ചുറ്റുപാടുള്ളവരെ പേടിയാണ്. എല്ലാവർക്കും സ്വന്തംകാര്യം മതി എന്ന അവസ്ഥയിലേക്കാണ് കാലത്തിന്റെ പോക്ക്. ഇവിടെ ജനങ്ങൾക്ക് ഗവൺമെന്റിൽനിന്നും ഒരു സംരക്ഷണവും ലഭിക്കുന്നില്ല. ചുറ്റുപാടിനെകുറിച്ച് അപ്പേട്ടൻ പറഞ്ഞു.

ജീവിതത്തിൽ ഒരുപാട് നല്ലകാര്യങ്ങൾ ചെയ്യുകയും നല്ല ലക്ഷ്യത്തോടുകൂടി മുന്നേറുകയും ചെയ്താൽ മാത്രമേ നമുക്ക് ജീവിതത്തിൽ വിജയിക്കാൻ പറ്റുകയുള്ളൂ എന്നും അപ്പേട്ടൻ കൂട്ടിച്ചേർത്തു.

ഇതിനിടയിൽ ആരോ രാഷ്ട്രീയത്തെക്കുറിച്ച് തിരക്കി.

"കണ്ണൂരിലെ രാഷ്ട്രീയം ഭീകരമാണ്. കേരളം ഭരിക്കുന്നവരെ ജനങ്ങൾക്ക് ഭയമാണ്. പിന്നെ, നിങ്ങളുടെ കോളേജ് രാഷ്ട്രീയം എന്നുപറയുമ്പോൾ ഒന്നിനോടും ചേരാത്ത വ്യത്യസ്ത രാഷ്ട്രീയ പാർട്ടികളാണ് കോളേജുകളെ നാശത്തിലേക്ക് കൊണ്ടുപോകുന്നത്."




താൻ എന്നും ഗാന്ധിയൻ ആദർശങ്ങളിൽ ഊന്നിക്കൊണ്ട് ശക്തമായ സമരങ്ങളും ബോധവൽക്കരണ പരിപാടികളുമായി മുന്നോട്ടുപോകുമെന്ന് തന്റേടത്തോടുകൂടി അപ്പേട്ടൻ പറയുന്നതുകേൾക്കുമ്പോൾ വീര്യം ചോർന്നുപോകാത്ത ഒരു യഥാർത്ഥ സ്വാതന്ത്ര്യ സമര സേനാനിയെയാണ് നമ്മൾ മുന്നിൽ കണ്ടത്.

സംസാരിച്ചുകഴിഞ്ഞ വീടുവിട്ടിറങ്ങുമ്പോൾ ഞങ്ങളോടായി ആ ദേശ സ്നേഹിയുടെ ഉപദേശം. എല്ലാവരും നന്നായി പഠിക്കണം.

സൗഹൃദം പങ്കിട്ടവർ:
നിധീഷ്
വൈശാഖ്
അക്ഷയ് പ്രേംനാഥ്
അഞ്ജലി
രേഷ്മ

# പറഞ്ഞതും കേട്ടതും

കെ. തായാട്ടുമായി
നടത്തിയ അഭിമുഖം



തന്റെ ജീവിതകാലം മുഴുവൻ എഴുത്തിനായി ഉഴിഞ്ഞുവച്ച ഒരു മനുഷ്യൻ, തൊട്ടതെല്ലാം പൊന്നാക്കിയ, ഒട്ടനവധി അവാർഡുകൾ വാങ്ങിക്കൂട്ടി, അധ്യാപകനായിരിക്കെ കുട്ടികളെ പഠിപ്പിക്കാൻ പാട്ടുകളും കവിതകളും നാടകങ്ങളും എഴുതി മികച്ച അധ്യാപകനുള്ള സംസ്ഥാന-ദേശീയ അവാർഡുകൾ വാങ്ങിയ കെ. തായാട്ടുമായി മാഗസിൻ അണിയറ പ്രവർത്തകർ നടത്തിയ വർത്തമാനം-

കവിതകളെയും വിദ്യാർത്ഥികളെയും ഒരുപോലെ സ്നേഹിക്കുന്ന ഒരധ്യാപകന്റെ മുന്നിലെത്തിയപ്പോൾ ഉള്ളംതെന്നലേൽക്കുന്ന അനുഭൂതി.

നിങ്ങളെപ്പോലുള്ള മക്കളിങ്ങനെ എന്റെ മുന്നിലിരിക്കുമ്പോൾ ഞാൻ ഒരുപാട് ചെറുപ്പമായത് പോലെ തോന്നുന്നു.

പ്രായത്തിന്റെ അവശത തായാട്ട് മാഷിനെ ബാധിച്ചിട്ടുണ്ട്. സാവധാനത്തിലുള്ളസംസാരവും പറയാനുള്ളവ ഓർമ്മിച്ചെടുക്കുന്നതും കാണുമ്പോൾ മാഷുടെ അവശത മനസ്സിലാകും. എന്നാലും സംസാരം തുടങ്ങിയപ്പോൾ മാഷും ഉഷാറായി.

മാഷ് ഞങ്ങളെ പരിചയപ്പെടുന്നതിനിടയിൽ ടീച്ചർ ചായകൊണ്ടുവന്നു.

ചായകുടിക്കുന്നതിനിടയിൽ മാഷ് തന്നെ തുടങ്ങി.
"ഇങ്ങക്കെന്താ അറിയണ്ടേ... ചോദിച്ചോ..."
പറഞ്ഞുതീർന്നില്ല, എഡിറ്ററുടെ കടന്നുകയറ്റം.
അധ്യാപക ജീവിതത്തെക്കുറിച്ച്?

പന്നൂർ യു.പി.സ്കൂളിലെ ഹെഡ്മാസ്റ്ററായിരുന്നു. ഒരു കാലഘട്ടംവരെ ഞാൻ കുട്ടികളെ അടിക്കുകയൊക്കെ ചെയ്യുമായിരുന്നു. പിന്നീട് എനിക്ക് മനസ്സിലായി അടിച്ചാലൊന്നും കുട്ടികൾ നന്നാകൂലാന്ന്. അങ്ങനെ ഞാൻ കവിതകൾ എഴുതി ചൊല്ലിച്ചും, നാടകങ്ങൾ എഴുതി അഭിനയിപ്പിച്ചും ക്ലാസ്സുകൾ തുടങ്ങി. അവിടം മുതലാണ് ഞാനൊരു നല്ല അധ്യാപകനാകുന്നത്. എന്റെ കുട്ടികളാണ് എന്നെ പ്രശസ്തനാക്കിയത്. ഈ സ്കൂളിൽ പഠിപ്പിക്കുമ്പോഴാണ് എനക്ക് അവാർഡുകളൊക്കെ കിട്ടിയത്.

എല്ലാവരും മൗനം.
"ഇതെന്താ ഒന്നും മിണ്ടാത്തെ? മാഷുടെ ചോദ്യം.

മാഷുടെ മുന്നിലായത്കൊണ്ടാ ഒന്നും മിണ്ടാത്തത്. ജിനുവിന്റെ ഉത്തരം.

നിങ്ങളെ മുന്നിലായത്കൊണ്ടാ ഞാനും ഒന്നും മിണ്ടാത്തത്. മാഷുടെ ഉരുളക്കുപ്പേരി.

കുട്ടച്ചിരി.
നിപിന്റെ വായിൽ നിന്നും ചിരിച്ചുകൊണ്ടൊരു ചോദ്യം.

കവിതയാണോ, കഥയാണോ മാഷ് കൂടുതൽ എഴുതുന്നത്? എഴുത്ത് തുടങ്ങിയകാലത്തെക്കുറിച്ച്...?

കവിത, കഥ, നോവൽ, ലേഖനം, യാത്രവിവരണം എല്ലാം എഴുതും. ഇതിനൊക്കെ നല്ല പുരസ്കാരങ്ങളും കിട്ടിയിട്ടുണ്ട്. ഒരുപാട് നാടകങ്ങൾ എഴുതിയിട്ടുണ്ട്. കൂടുതലും റേഡിയോ നാടകങ്ങൾ. എസ്. എസ്.എൽ.സി. പഠിക്കുന്ന സമയത്താണ് ആദ്യമായി ഞാൻ കവിത എഴുതാൻ തുടങ്ങിയത്. അന്ന് ഞാൻ എഴുതിയ പ്രാർത്ഥനാഗീതം ഉപജില്ലയിലെ മുഴുവൻ സ്കൂളുകളിലും പ്രാർത്ഥനയായി ചൊല്ലാറുണ്ടായി

രുന്നു. എന്റെ ജീവിതം മാറ്റിമറിച്ച ഒരു പ്രചോദനമായിരുന്നു അത്. ഒരുപാട് വായിക്കുമായിരുന്നു. ആദ്യമായി ഞാൻ എഴുതിയ കവിത എന്റെ മാഷെ കാണിച്ചപ്പോ പുള്ളിക്കാരൻ പറഞ്ഞു. "നീയൊരു വലിയ കവിയാവും.." അതുപോലെ സംഭവിച്ചു.

കൂടുതലും അനുഭവങ്ങളുമായി ബന്ധപ്പെട്ട സംസാരങ്ങൾ...

ആദ്യം ഉണ്ടായിരുന്ന പേടിയൊക്കെ മാറി. മാഷ് പറയുന്ന തമാശകളും കാര്യങ്ങളും കേൾക്കുമ്പോൾ ഒരു യഥാർത്ഥ ഗുരുവിന്റെ സാന്നിധ്യം ഞങ്ങൾ അറിയുകയായിരുന്നു.

83-ാം വയസ്സിലും ഇത്രയധികം തമാശകൾ



കലർത്തി അനുഭവങ്ങൾ പറയുമ്പോൾ ഞങ്ങൾക്ക് അത്ഭുതം തോന്നി.

അങ്ങുമിങ്ങും ബന്ധമില്ലാത്ത ചോദ്യങ്ങൾ ചോദിക്കുന്നതിനിടയിൽ ഞാനും അടിച്ചു ഒരു ഗോൾ...

അങ്ങയുടെ ജീവിതത്തിലെയും, വായനയിലെയും എന്നും ഓർക്കുന്ന അനുഭവങ്ങൾ?

ഗാന്ധിജിയെ നേരിൽ കണ്ടതാണ് ജീവിതത്തിലെ സുവർണ്ണ മുഹൂർത്തം. ഗാന്ധിജിയെ നേരിട്ടു കണ്ടവരിൽ ഞാനടക്കം രണ്ടോ മൂന്നോ പേരേ ഇന്ന് കേരളത്തിൽ ജീവിച്ചിരിപ്പുള്ളൂ.

പിന്നെ വായിച്ചതിൽ എന്റെ മനസ്സിനെ പിടിച്ചുകുലുക്കിയ ഒരു കഥയുണ്ടായിരുന്നു. ഒരധ്യാപകന്റെ കഥ.

രണ്ട് ദിവസമായി പട്ടിണികിടന്ന ഒരധ്യാപകൻ, വിശപ്പ് സഹിക്കാനാവാതെ സ്കൂളിലെ കുട്ടിയുടെ ഭക്ഷണം കട്ടുതിന്ന കഥ. ശരിക്കും കരഞ്ഞുപോയി. അന്നത്തെ അധ്യാപകൻ അത്രമാത്രം ദരിദ്രരായിരുന്നു.

അന്നേ ഞാൻ ശപഥം ചെയ്തതാ ആരായാലും ഒരു അധ്യാപകനാവില്ലെന്ന്... പക്ഷേ വിധി എന്നെ ഒരധ്യാപകനാക്കി.

ഇതിനിടയിൽ വീണ്ടും മാഷ് ഏതോ ഒരു കവിത ഓർമ്മിച്ചെടുത്തു.

അക്ഷയ പാത്രം എന്ന ആദ്യമായിട്ട് പ്രതിഫലം കിട്ടിയ കവിതയെക്കുറിച്ച്.

അക്ഷയപാത്രത്തിന്റെയും പട്ടിണികിടക്കുന്ന മകൻ അമ്മയോട് ഞങ്ങൾക്കും അതുപോലൊരു അക്ഷയപാത്രം ഉണ്ടായിരുന്നെങ്കിൽ എന്ന് ചോദിക്കുന്നതുമാണ് ഇതിവൃത്തം.

നിങ്ങൾക്ക് പുരാണ കഥകളൊക്കെ അറിയാമോ.. എന്ന് മാഷ്.

അറിയാമെന്ന ധാരണയിൽ എല്ലാവരുംതലയാട്ടി.

കവിതയിലെ പ്രമേയം പറയാൻ വേണ്ടി മാഷ് ചിലതൊക്കെ ഓർത്തെടുക്കുകയാണ്.

പാണ്ഡവൻമാരുടെ പത്നിയില്ലേ... ആ....ആ..

കുന്തിയല്ലേ..? എഡിറ്ററുടെ സീരിയസ് ഉത്തരം.

ആ.. അത്തന്നെ മാഷും കുന്തിയാണെന്ന ധാരണയിൽ പറഞ്ഞു തുടങ്ങി. ഇതിനിടയിൽ ആലോചനയിൽ മുഴുകുയിരുന്ന നിപ്പിയുടെ ഉത്തരം അല്ലപ്പാ. അത് സീതയല്ലേ...

മാഷ് ആകെ വല്ലാതായി. അതൊന്നുമല്ലല്ലോ... ആകെ തെറ്റിപ്പോയി....

എഡിറ്റർ തന്നെ തിരുത്തി..പാഞ്ചാലി.

ആ.. അതന്നെ. മാഷ് പുഞ്ചിച്ചുകൊണ്ട് എഡിറ്ററുടെ മുഖത്ത് നോക്കി. -ഇവനാ തെറ്റിച്ചത്.

ഇത്രനേരം മിണ്ടാതിരുന്നു ജിനു വാചാലയായി. മാഷേ കേരളത്തിലെ വിദ്യാഭ്യാസ അവസ്ഥയെ



ക്കുറിച്ച് എന്താ അഭിപ്രായം?

അയ്യോ... അതൊന്നും പറയണ്ടാ.. ഈ മാറിമാറി വരുന്ന സർക്കാരുകൾ വിദ്യാർത്ഥികളെ ഇട്ട് കഷ്ടപ്പെടുത്തുകയല്ലേ.. നശിച്ചുകൊണ്ടിരിക്കുന്നു. മലയാളത്തെ പാടേ അവഗണിക്കുകയാണ്. പാഠ്യപദ്ധതി പോലും ഗുണകരമല്ല. എങ്ങനെ എങ്കിലും എല്ലാരേം പാസാക്കിയാമതീന്നാ ഇപ്പോഴത്തെ വിദ്യാഭ്യാസരീതി ഇനിയെങ്ങനെ ഈ പാഠ്യപദ്ധതിയൊക്കെ നല്ല നിലയിലാകും എന്ന് ഒരുപിടിയുമില്ല.

നിപിൻ വായനമരിക്കുന്നതിനെ കുറിച്ച്...?

വായനമരിക്കാനോ അതങ്ങനൊന്നും മരിക്കില്ലെടോ.. ഇപ്പോ ആരും വായിക്കുന്നില്ല, വായനയൊക്കെ കുറഞ്ഞുകൊണ്ടിരിക്കുന്നു, നിങ്ങൾ തന്നെ ഇപ്പോ എന്തൊക്കെ വായിച്ചിട്ടുണ്ട്, വായനശാലയൊക്കെ ഒന്ന് ഉഷാറാക്കണം. 'നാം പഞ്ചലപൊട്ടിച്ച കഥ' എന്ന പുസ്തകം നിങ്ങൾ വായിച്ചിട്ടുണ്ടോ?

ഒറ്റ സ്വരം.... 'ഇല്ല'

ഒരു കടലാസില് ഈ പേര് എഴുത്. എന്നിട്ട് നിങ്ങളെ പഠിപ്പിക്കുന്ന പഹയന്റേടുത്ത് കൊടുത്തിട്ട് വാങ്ങി നിങ്ങൾക്കെല്ലാം തരാം പറയണം... എന്നിട്ട് വായിക്കണം കേട്ടോ..?

ചർച്ചയിൽ തീവ്രവാദവും കടന്നുകയറി എഡിറ്റർ....

ഇപ്പം മൊത്തം അതിനെക്കുറിച്ചല്ലേ വാർത്ത. ഇന്ത്യ-പാക് വിഭജനമാണ് തീവ്രവാദത്തിന് കാരണം. ഇതെല്ലാം കുറേ കാലങ്ങളായിട്ടുള്ള കാത്തിരിപ്പല്ലേ. ഈ രണ്ടും നശിപ്പിക്കാൻ. മദനിയെപ്പോലുള്ളവരെയൊന്നും തൊടാൻ പോലും പറ്റൂല. തൊട്ടാ കാണാം പൂരം...

അധികനേരമൊന്നും ഞങ്ങളോട് സംസാരിക്കാനുള്ള അവസ്ഥയിലായിരുന്നില്ല മാഷുടെ ആരോഗ്യസ്ഥിതി. പലതും ഓർമ്മിച്ചെടുക്കാൻ വളരെ ബുദ്ധിമുട്ടുന്നത് കണ്ട് ഒരു സൗഹൃദ സംഭാഷണത്തിൽ ഒതുക്കി.

സ്വന്തം മക്കളെയും പഠിപ്പിക്കുന്ന വിദ്യാർത്ഥികളെയും ഒരുപോലെ സ്നേഹിച്ച ഒരധ്യാപകന്റെ കാഴ്ചപ്പാടുകൾക്ക് എന്തൊക്കെയോ വേദനകളും പരിഭവങ്ങളുമുണ്ട്. മലയാളത്തെ അവഗണിക്കുന്ന ഒരു വിദ്യാഭ്യാസ രീതി മാറണമെന്നും, കലാലയങ്ങളിൽ കവിത ഒരായുധമായി മാറണമെന്നും മാഷ് ആഗ്രഹിക്കുന്നു.

വാക്കുകൾ ആയുധമാക്കി, കലാലയത്തെ പ്രണയിച്ച്, അഹിംസയിലൂടെ മുന്നേറാനാണ് അദ്ദേഹം നമ്മൾക്കായി തന്ന ഉപദേശം.

ഒത്തിരിനേരം ആ മഹാപ്രതിഭയുടെ മുന്നിലിരുന്ന് സംസാരിച്ചപ്പോൾ ഇതുപോലൊരു അധ്യാപകനും എഴുത്തുകാരനും ഇന്നത്തെ കാലത്ത് കാണാനുണ്ടാകുമോ എന്നുവരെ ചിന്തിച്ചുപോയി. തായാട്ട് മാഷിന്റെ കാലിൽ തൊട്ട് അനുഗ്രഹം വാങ്ങി നടന്നകലുമ്പോൾ മാഷ് വിളിച്ചു പറഞ്ഞു-നല്ല ഉഷാറുള്ള കുട്ടികളായി വളരണം...

കുട്ടിയെഴിയുതിയത് : രമ്ന
കേട്ടതും ചോദിച്ചതും: നിപിൻ, അക്ഷയ്, ജിൻഷ,

# അനുഭവത്തിന്റെ തീച്ചൂളയിൽ പാകപ്പെടുത്തിയ ജീവിതം

മനോഹരൻ കുറ്റ്യാട്ടൂരിന്റെ കൂടെ



എന്നത്തെയുംപോലെ ഞാൻ വളരെ വൈകിയാണ് എഴുന്നേറ്റത്. മുഖം പോലും കഴുകാൻ സമയം എടുക്കാതെ ഞാൻ ടി.വി.യുടെ മുന്നിലേക്ക് നടന്നു. ചാനലുകൾ അതിവേഗത്തിൽ മാറ്റുന്നതിനിടയിൽ അമ്മയുടെ ബഹളം കേൾക്കുന്നുണ്ടായിരുന്നു. എണീറ്റു പോടാ അതിന്റെ മുന്നിൽ നിന്ന്, രാവിലെ തന്നെ കുത്തിയിരുന്നോനീ. പക്ഷെ യാദൃശ്ചികമായാണ് ഡിഡി മലയാളം ചാനലിലെ 'നിങ്ങളിൽ ഒരുവൻ' എന്നപരിപാടി ഞാൻ കാണാൻ ഇടയായത്. അതിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ എംജികോളേജിൽ നിന്നും ആ സാഹസികന്റെ അനുഭവങ്ങൾതേടി പുറപ്പെട്ടത്. കേട്ടറിവ് മാത്രമുള്ള ഒരാളെക്കുറിച്ച് സങ്കൽപങ്ങൾകൊണ്ട് ഞങ്ങൾ അദ്ദേഹത്തിന്റെ-ശ്രീ. മനോഹരൻ കുറ്റ്യാട്ടൂരിന്റെ-വീട്ടിലെത്തി.

കേട്ടറിഞ്ഞ വിഷയങ്ങളുടെ ഉടമയെ ആദ്യമായി കാണുവാനും, സംസാരിക്കുവാനും കൈവന്ന അവസരത്തിൽ ഞങ്ങൾ എല്ലാവരും വളരെ സന്തോഷത്തിലായിരുന്നു. ഒരു സാഹസികൻ മാത്രമല്ല ഒരു നല്ല ശില്പിയുമാണ് മനോഹരേട്ടൻ. ഈ ഉദ്യമം എത്രമാത്രം വിജയിക്കും എന്നതിൽ ഞങ്ങൾ സംശയാലുക്കളായിരുന്നു. പക്ഷെ വളരെ സന്തോഷത്തോടെയാണ് മനോഹരേട്ടൻ ഞങ്ങളെ സ്വീകരിച്ചത്.

അദ്ദേഹത്തിന്റെ വീടിനകത്തേക്ക് കയറിയപ്പോൾ അതൊരു ശില്പ പ്രദർശന കേന്ദ്രമായാണ് ഞങ്ങൾക്ക് തോന്നിയത്.

അദ്ദേഹത്തിന്റെ കുടുംബത്തെയും ജീവിത സാഹചര്യങ്ങളെയും കുറിച്ചാണ് ഞങ്ങൾ ആദ്യം ചോദിച്ചത്.

അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നു. ചെറിയ രീതിയിൽ ജീവിതം നയിക്കുന്ന ഒരു കുടുംബമാണ്. ഭാര്യ അനിത, മകൻ അനുരാഗ് പ്ലസ്ടു വിദ്യാർത്ഥിയാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നെങ്കിലും തന്റെ പാരമ്പര്യ തൊഴിലായ കള്ള്ചെത്ത്കൊണ്ട് ഉപജീവിതമാർഗ്ഗം നടത്തുവരുന്നു.

ഇങ്ങനെപറഞ്ഞുകൊണ്ടിരിക്കെ അദ്ദേഹം ഓരോ ശില്പങ്ങളുമെടുത്ത് ഞങ്ങൾക്ക് കാണിച്ചുതരാൻ തുടങ്ങി. ഇന്നത്തെ മറ്റുശില്പങ്ങളിൽനിന്നും വ്യത്യസ്തമായി മരത്തിന്റെ വേരുകൾ ഉപയോഗിച്ചാണ് അദ്ദേഹം കൂടുതലായും ശില്പങ്ങൾ ഉണ്ടാക്കിവരുന്നത്. മരത്തിന്റെ വള്ളി, ചിരട്ട, തേങ്ങ എന്നിവയിലും ശില്പങ്ങൾ ഉണ്ടാക്കിവരുന്നു. വീടിനുവേണ്ടി സ്ഥലം നീക്കമെടുക്കുമ്പോഴുംമറ്റുമാണ് അദ്ദേഹത്തിന് ശില്പങ്ങൾ ഉണ്ടാക്കുവാൻ ആവശ്യമായ വേരുകൾ ലഭിച്ചുപോരുന്നത്. ഇത് കൂട്ടുകാർ മുഖേനയോ സ്വന്തമായോ അദ്ദേഹം ശേഖരിച്ചുവെക്കുന്നു.

മനോഹരേട്ടൻ തന്റെ ശില്പങ്ങളെക്കുറിച്ച് പ



യുന്നത് ശ്രദ്ധിക്കുമ്പോഴും ശില്പങ്ങളിൽനിന്നും ആരും കണ്ണെടുത്തില്ല. അടുത്ത ചോദ്യം ചോദിക്കുന്നതിനു മുമ്പു തന്നെ അദ്ദേഹം തുടർന്നു. ഞാൻ എന്റെ ആശയങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുകയാണ് ശില്പങ്ങൾ ഉണ്ടാക്കുന്നതുവഴിചെയ്യുന്നത്. സ്വന്തം ജീവിതത്തിലും കൂട്ടുകാരുടെ ജീവിതത്തിലും അതിലുമപ്പുറം സമൂഹത്തിൽ നടക്കുന്നതുമായ കാര്യങ്ങളെയും പ്രവർത്തികളെയുമാണ് ശില്പങ്ങളാക്കി മാറ്റുന്നത്. ഉടനടി ഫാസിൽ ഒരു ചോദ്യവുമായി എത്തി. ശില്പങ്ങൾ ഉണ്ടാക്കുന്നതിനിടയിൽ എന്നെങ്കിലും താൻ ഉദ്ദേശിച്ച രീതിയിൽ അത് പൂർത്തിയാക്കാൻ കഴിയാതെ വന്നിട്ടുണ്ടോ?

വളരെ സന്തോഷത്തോടെയും ആത്മവിശ്വാസത്തോടെയും മനോഹരേട്ടൻ പറഞ്ഞു, ഇന്നുവരെ അങ്ങനെ ഒരു അവസ്ഥ ഉണ്ടായിട്ടില്ല എന്ന്. ശില്പങ്ങൾ ഉണ്ടാക്കുമ്പോൾ മനസ്സും ശരീരവും അത്രമാത്രം കേന്ദ്രീകരിക്കുന്നതിനാലാവാമിത്. അദ്ദേഹത്തിനീ കഴിവ് പാരമ്പര്യമായി കിട്ടിയതുമല്ല. എസ്.എസ്.എൽ.സി.ക്ക് ശേഷം അദ്ദേഹം തന്നെ വളർത്തിയെടുത്ത കഴിവായിരുന്നു ഇത്. യോഗ പരിശീലനമാണ് ഇതിനായി അദ്ദേഹത്തെ ഒരു പരിധിവരെ സഹായിക്കുന്നത് എന്ന് മനോഹരേട്ടൻ വിശ്വസിക്കുന്നു. യോഗ അഭ്യസിക്കുവാൻ പ്രത്യേകം സെന്ററുകളിലൊന്നും പോയിട്ടില്ലാത്ത മനോഹരേട്ടന് പക്ഷേ പത്തിലധികം യോഗ ഗുരുക്കൻമാരുണ്ട്. ഓരോ ഗുരുക്കൻമാരിൽനിന്നു സ്വന്തം സംശയങ്ങളും ആശയങ്ങളും മനസ്സിലാക്കി പഠിച്ചെടുത്തതാണ്.



ഉപഭോഗ സംസ്കാരം, ഭൂമിയും നിയമപുസ്തകവും വിഷം നിറയുന്നു, അമ്മത്തൊട്ടിൽ, ഫയൽ കൂമ്പാരങ്ങൾക്കുമുന്നിലിരിക്കുന്ന സർക്കാർ ഉദ്യോഗസ്ഥൻ, അടങ്ങ് എന്റെ കണ്ണേ... അങ്ങനെ ഇരുന്നൂറിൽ അധികം ശില്പങ്ങൾ ഞങ്ങൾക്ക് കാണാൻ സാധിച്ചു. ഒറീസയിൽനടന്ന പതിനഞ്ചാമത് ദേശീയ ശില്പശാലയിൽ അദ്ദേഹം 3 മാസം സമയമെടുത്ത് ഒറ്റത്തടിയിൽ പണിപൂർത്തിയാക്കിയ രഹസ്യ അറയുള്ള ഫ്ളവർ വേസിന് ഏറ്റവും നല്ല ശില്പത്തിനുള്ള അവാർഡു ലഭിക്കുകയുണ്ടായി. ശില്പകലയെയും, സാഹസികതയും ഇന്ത്യയിൽ ഉടനീളം മാത്രമല്ല, ജർമ്മനിയിലും, ശ്രീലങ്കയിലുമൊക്കെ പോകാൻ മനോഹരേട്ടന് സാഹചര്യം ഒരുക്കിയിട്ടുണ്ട്.

നേരത്തെ സൂചിപ്പിച്ചതുപോലെ സാമ്പത്തികമായി ഒരുപാട് പ്രതിസന്ധികൾ അദ്ദേഹം നേരിടുന്നുണ്ടെങ്കിലും കലയെ പണത്തിനുമുന്നിൽ അടിയറവു വെക്കാൻ ഇഷ്ടപ്പെടാത്ത ഒരാളാണ് മനോഹരേട്ടൻ. കോടികൾവിലപറഞ്ഞിട്ടും അദ്ദേഹം തന്റെ ശില്പങ്ങൾ വിൽക്കാൻ തയ്യാറായിട്ടില്ല. ഇതിൽനിന്നു തന്നെ വ്യക്തമാണ് ഈ കലാകാരന്റെ കലയോടുള്ള ആത്മാർത്ഥത. കൂട്ടത്തിൽ വേറിട്ടു നിൽക്കുന്ന സ്വരം സ്വാഭാവികമായും ശ്രദ്ധേയമാകുന്നു.

ശില്പകലയെക്കുറിച്ച് പറഞ്ഞ് സമയം പോയത് യഥാർത്ഥത്തിൽ ഞങ്ങളറിഞ്ഞില്ല. മനോഹരൻ കുറ്റ്യാട്ടൂർ എന്ന സാഹസികനെക്കുറിച്ചാണ് ഞങ്ങൾ പിന്നീട് അറിയാൻ ശ്രമിച്ചത്. ഉടനെതന്നെ അദ്ദേഹം കുറേ ഫോട്ടോകൾ കാണിച്ചുതന്നു. കാണുന്നതിനിടയിലും അതു നേരിട്ടുകാണാൻ എല്ലാവരുടെയും മനസ്സ് വല്ലാതെ കൊതിക്കുന്നുണ്ടായിരുന്നു. എന്നാൽ അത് നേരിൽകാണുന്നതിനുള്ള ഭാഗ്യം ഞങ്ങൾക്കുണ്ടായിരുന്നില്ല. കാരണം സാഹസികത അദ്ദേഹത്തിന് ഒരു സാമ്പത്തിക മാർഗ്ഗംകൂടിയായിരുന്നു. അയ്യായിരം രൂപയാണ്

അദ്ദേഹം ഇതിനുവേണ്ടി വാങ്ങിച്ചുവരുന്നത്. 'Indusions-the ultimate adventurous Show' എന്നതാണ്.

മനോഹരേട്ടൻ ഒരു ചെറിയ പുഞ്ചിരിയോടുകൂടി പറഞ്ഞു, "നിങ്ങൾക്കിതൊക്കെ ഒരു സാഹസികതയായി തോന്നിയേക്കാം പക്ഷേ.എനിക്ക് ഇതൊക്കെ ഒരു യോഗ പരിശീലനമാണ്. ഇതൊക്കെ ഒരു യോഗ ചികിത്സയാണ്." തുടർന്ന സ്ഥിരമായി ചെയ്തുവരുന്ന സാഹസികതയെക്കുറിച്ച് പറഞ്ഞു. അഞ്ചോ ആറോ വാളുകൾ വായിൽക്കൂടി ഇറക്കുക, ചെവിയിലെ ദ്വാരംകൊണ്ട് ഫുട്ബോളിൽ കാറ്റ് നിറയ്ക്കൽ, ആറിഞ്ച് നീളമുള്ള ആണി മൂക്കിൽ അടിച്ചുകയറ്റി ചുറ്റികകൊണ്ട് ഇളക്കിയെടുക്കുക, മൂക്കിലൂടെ പാൽ കുടിക്കുക. 250 വാട്സ് വൈദ്യുതി ശരീരത്തിലൂടെ കയറ്റിവിടുക... ഇവയൊക്കെ കേട്ട് ഞങ്ങൾഅമ്പരന്നു നിന്നു.



ചോദ്യങ്ങൾക്ക് വരൾച്ച അനുഭവപ്പെട്ട അവസരത്തിൽ അദ്ദേഹം പറഞ്ഞു, ഇതൊക്കെ എനിക്ക് ചെയ്യാൻ സാധിക്കുന്നത് യോഗയിലൂടെയാണ്. യോഗ പഠിക്കുന്നതുമൂലം എനിക്ക് മനസ്സ് ഏകാഗ്രമാക്കാൻ സാധിക്കും അതുകൊണ്ട് തന്നെ എനിക്ക് നിഷ്പ്രയാസം ചെയ്യാൻ സാധിക്കുന്നു. ഒരു പ്രൊഫഷണലിസ്റ്റിന്റെ ശബ്ദമായിട്ടാണ് അദ്ദേഹത്തിന്റെ വാക്കുകൾ എനിക്കു തോന്നിയത്.

ആദ്യമൊക്കെ ഭാര്യയും,.മകനും അറിയാതെയായിരുന്നു ഇതെല്ലാം ചെയ്തിരുന്നത്. പക്ഷെ ഇപ്പോൾ അപകടമൊന്നും ഇല്ല എന്നുമനസ്സിലാക്കിയ വീട്ടുകാർ തന്നെയാണ് മനോഹരേട്ടന്റെ ഇപ്പോഴത്തെ പ്രോത്സാഹനം. കൂട്ടുകാരും, നാട്ടുകാരും സഹായഹസ്തവുമായി മുന്നിൽതന്നെ നിൽക്കുന്നതുകൊണ്ട് ഇതെല്ലാം നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകുവാൻ സാധിക്കുന്നു.

ഒരു യോഗ സെന്റർ ആരംഭിക്കുക, ശില്പ പ്രദർശനം തുടങ്ങുക എന്നതൊക്കെ അദ്ദേഹത്തിന്റെ ആഗ്രഹങ്ങളായിരുന്നു. പക്ഷേ അതിനൊന്നും അദ്ദേഹത്തിന്റെ സാമ്പത്തിക നില അനുവദിച്ചില്ല എന്നു വേണം പറയാൻ. പക്ഷെ ഇപ്പോൾ അദ്ദേഹം വീടിന്റെ മുകളിൽതന്നെ ഒരു ശില്പ പ്രദർശന ശാല ഒരുക്കാനുള്ള ശ്രമത്തിലാണ്.

"മനസ്സ്. അതാണ് എല്ലാ മനുഷ്യന്റെയും ശക്തിയുടെ ഉറവിടം. മനസ്സ് ഏകാഗ്രമായാൽ, മനുഷ്യന് ഏത് കാര്യവും പ്രവർത്തനവും നിഷ്പ്രയാസം ചെയ്യാൻ സാധിക്കും" ഇതൊക്കെ പറയുന്നതിനിടയിൽ അദ്ദേഹത്തിന്റെ ഭാര്യ അനിതേച്ചി കുടിക്കാൻ ചായ കൊണ്ടുവെച്ചത്പോലും ഞങ്ങൾ മറന്നുപോയി.

അല്പം സങ്കടത്തോടെ മനോഹരേട്ടൻ പറഞ്ഞു, "എനിക്ക് കഴിവുണ്ട്, പക്ഷേ സാമ്പത്തികമില്ല. ഇതാണ് എന്നെ ജനങ്ങൾ അറിയാതെ പോയത്".

മണിക്കൂറുകൾനീണ്ട ചർച്ച. ഞങ്ങളെ അദ്ദേഹത്തിന്റെ ആശയത്തിലേക്കും സങ്കല്പങ്ങളിലേക്കുംകൊണ്ടെത്തിച്ചു. മറ്റുള്ള വ്യക്തികളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു വ്യക്തിയാണ് മനോഹരേട്ടൻ. തന്റേതായ ആശയങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനുള്ള ശ്രമത്തിനിടയിലാണ് അദ്ദേഹം.

എന്തുകൊണ്ട് ജനങ്ങൾ ഇങ്ങനെയുള്ള വ്യക്തികളെ അറിയുന്നില്ല? അറിയാൻ ശ്രമിക്കുന്നില്ല? ഇന്നത്തെ ജനങ്ങളുടെയും സമുദായത്തിന്റെയും, പ്രവർത്തനങ്ങളെയും അനീതികളെയും ജനങ്ങളിലേക്ക് തന്റേതായ ആശയത്തിലൂടെ എത്തിക്കുന്ന ഇവരെപ്പോലുള്ളവരെ നമ്മൾ മാതൃകയാക്കാൻ ബാധ്യസ്ഥരാണ്.

അക്ഷയ് പ്രേംനാഥ്
നമീർ പി.സി.
ബിജുവർഗ്ഗീസ്
ഫാസിൽ



ഇരിട്ടി ടൗണിലെ അലഞ്ഞുനടക്കുന്ന നാൽക്കാലികൾക്ക് ഇടത്താവളമാണ് ഇവിടം.
നാടും നഗരവും മോടി കൂട്ടുമ്പോൾ മലയോരത്തെ വിദ്യാർത്ഥികൾ അടക്കമുള്ള ജന
തയ്ക്കും ഇവിടെ ഈ മാലിന്യത്തിലൂടെ തന്നെ യാത്രചെയ്യണം.
ഇരിട്ടി സിറ്റി ടവറിനുമുന്നിലെ ദൃശ്യം.. വർഷങ്ങളായി ഇവിടെ ഇങ്ങനെയാണത്രേ.





രണ്ട് വർഷങ്ങൾക്ക് മുമ്പ് ഒരു നട്ടുച്ചനേരത്ത് ഞങ്ങളുടെ ക്യാമറ ഒപ്പിയെടുത്തത്
(കാണുക-ഫോസിലുകൾ, എം.ജി.മാഗസിൻ-2008)



രണ്ട് വർഷങ്ങൾക്ക് ശേഷം അതേ സ്ഥാനത്ത് ക്യാമറയുമായി എത്തിയപ്പോൾ

Union Advisor




Dr. Meera

Arts Forum Convinor



Dr. Sworoopa R.

Staff Editor



Dr. Bijumon R.

## ASSOCIATION SECRETRIES




Maths
Rahul T.R.



Computer
Anees



Commerce
Nidheesh




Physics
Jibin


## CLASS REPRESENTATIVES




Rahul
I D.C.



Fasil
II D.C.



Shareef P.
III D.C.



Arun C.
P.G.


# Union Members

Chairman



Rihesh Raveendran

General Secretary



Avinash Sreenivasan

Student Editor



Akshai Premnath

Vice Chairman



Seeniamol

Joint Secretary



Linsha P.

Fine Arts Secretary




Nameer P.C.

UUC



Goerge C. Thomas

General Captain




Asif C.

# WINNERS

## ARTS

## SPORTS

INDIVIDUAL CHAMPIONS



SAJEESH KURIAN
KALA PARATHIPBA



RESHMA K.
KALATHILAKAM



SUJEESH P.

Congratulations



NIKHIL M.
KANNUR UNIVERSITY
CHESS TEAM
MEMBER



DHANESH V. V.
CHITHRA PRATHIBHA



SEENIYAMOL M.C.
SAHITHYA PRATHIBHA



SHANIYA JOSEPH

## UNIVERSTITY WINNERS

NITHIN JOSE



PHOTOGRAPHY
IST A GRAGE

ABIN JOSEPH




SHORT STORY WRITING
MALAYALAM. IIND A GRADE

VARSHA



OTTAMTHULLAL
IIIRD A GRADE

AYYOOB T.



COMPUTER DESIGNING
IIIRD A GRADE

RAJEESH. C



EDAKKA
IIND A GRADE

# RANK HOLDERS

**Riswana N.K.**



**IInd Rank**
**B.Sc.**
**Computer Science**

**Sarath Manoharan**



**IIIrd Rank**
**B.Sc.**
**Computer Science**

**Rashida Parayil**



**IIIrd Rank**
**B.Sc. Maths**

**Rony P. Mathew**



**IIIrd Rank**
**B.Com.**
**College Union Chairma**
**2008-09**

# Magazine Working Committee




SANJAY KRISHNAN



RAJEESH KURIAN



MANU JOSEPH



SONISH



ANJALI M.K.



ASWINI HAREENDRAN



ANJALI P.



VIMAL NAMBIAR



VYSAK K. P.



SREEKALA




RIYAS K. KADAN




ALEENA THOMAS

# Soft Ball Team
## University IInd Place



Riyas. K. Kadan


Arun C.


Asif C.


Muhammed Shareef



Shenil



Nisamudheen


Sujeesh P.P.


Premjith Padmanabhan


Vijesh


Faisur Rahman



Sibi George


Rathesh N.


Rashid


Prajeesh


Shiju/Coach


Sajeer/Asst. Coach

എല്ലാം മാറ്റിവെച്ച്
ഒന്ന് മൂടിപ്പുതച്ചുറങ്ങണ-
മെന്നുണ്ടായിരുന്നു.
പക്ഷേ
ഓരോ നിമിഷവും
സ്വപ്നത്തിൽ ഈ ചൂട്ടുവെളിച്ചം
തെളിയും.
ഒന്നും എവിടെയും നിർത്തിവെക്കാതെ
ഇരുളിലേക്ക് തന്നെ ലക്ഷ്യങ്ങൾതേടി
ഇറങ്ങിനടക്കുവാൻ
വീണ്ടും വീണ്ടും മനസ്സു
പറഞ്ഞുകൊണ്ടിരിക്കും
പറയാനുണ്ട് പലതും
പക്ഷേ സ്വയം തെറ്റുങ്ങേണ്ട
നിമിഷമാണിത്.
നന്ദിയുണ്ട്
ഒരുപാട്
ഈ ഓർമ്മപുസ്തകത്തിന്‌വേണ്ടി
നടന്നുതളരുമ്പോൾ
തണലായവർക്ക്...
പരിഭവിച്ചവർക്ക്...
വഴികാട്ടിയവർക്ക്...

സ്നേഹപൂർവ്വം
അക്ഷയ് എന്ന ഞാനും
കൂട്ടുകാരും



*National leaders in competitive exams*

# CAT/MAT

# MCA Entrance
(NIMCET, CUSAT, AMRITA, KERALA)

# BANK PO/CLERICAL




Safeguard your career with an MBA from a premier B-School
Enrol with **TIME**. India's No.1 CAT trainer - we helped
put **1063*** students in the IIMs in **2009-11** batch

*Figures as validated by KPMG as on 8th May 2009.

**T.I.M.E.**
Triumphant Institute of
Management Education Pvt. Ltd.

2nd & 3rd Floor, Pearl Building
Near Makkani, South Bazar, Kannur - 2
Ph : 0497-2762155, 2701040, 3200243
E-mail : kannur@time4education.com
www. time4education.com

'Nationally reputed institute with 197 Centres across India'




Printing Park, Tly - 9388412151